No 6
5

# ശബ്ദവ്യാകരണം

# ഒന്നാം പതിപ്പിന്റെ മുഖവുര.

ഈ മധ്യമവ്യാകരണം മിഡിൽസ്കൂൾ ക്ലാസുകളുടെ ഉപയോഗത്തിലേയ്ക്കായി ചെയ്തിട്ടുള്ളതാകുന്നു. പ്രഥമവ്യാകരണത്തിൽ ശബ്ദങ്ങളുടെ വിഭാഗങ്ങളും അതുകൾക്കു രൂപഭേദത്തിനുള്ള നിമിത്തങ്ങളും മാത്രമേ കൊടുത്തിട്ടുള്ളു. ശബ്ദശോധിനിയിൽ രൂപഭേദങ്ങളെ എല്ലാം വിസ്തരിച്ചിട്ടുണ്ടു്. ഈ മധ്യമവ്യാകരണത്തിലാകട്ടെ നാമകൃതികളുടെ പ്രധാന രൂപങ്ങളെമാത്രം എടുത്തു് അതുകളുടെ രൂപനിഷ്പത്തിയെ ലഘുപ്പെടുത്തിക്കാണിച്ചിരിക്കുന്നു. പ്രക്രിയാഭാഗം ഇതിൽ വളരെ ചുരുക്കുകയും ഉള്ളതിനെ വളരെ വിസ്തരിച്ചു പടിപടിയായി കാണിക്കയും ചെയ്തിരിക്കുന്നു. സന്ധിസൂത്രങ്ങളെ എല്ലാം മുൻകൂട്ടി ഏർപ്പെടുത്തി പിന്നീടു രൂപനിഷ്പത്തി കാണിക്കുന്ന സ്ഥലങ്ങളിൽ ഓരോന്നിനേയും അനുസന്ധാനം ചെയ്യുന്നതിൽ ബാലന്മാർ പ്രയാസപ്പെടുന്നു എന്നു കാൺകയാൽ സന്ധിപ്രകരണം എന്നതു് ഇതിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. പ്രധാനസന്ധികാൎയ്യങ്ങളെ മാത്രം അവിടവിടെ കാണിക്കയാണു് ഇതിൽ ചെയ്തിട്ടുള്ളതു്. പൊതുവെ ചെയ്യാവുന്ന നിയമങ്ങളെക്കൂടി ഇതിൽ ഓരോരോ സ്ഥലത്തു ആവശ്യപ്പെട്ട ഭാഗം മാത്രമായിട്ടേ കൊടുത്തിട്ടുള്ളു. ഒരിക്കൽ പറഞ്ഞ സംഗതിയെത്തന്നെ പല പ്രാവശ്യം ആവർത്തിക്കയും വ്യത്യസ്ഥങ്ങളെ വിട്ടുകളകയും ഇതിൽ ചെയ്തിട്ടുണ്ടു്.

വിഷയത്തിലും ചില പരിഷ്കാരങ്ങൾ ഇതിൽ ചെയ്യേണ്ടിവന്നു. ശബ്ദവിഭാഗത്തിൽ നിപാതം, അവ്യയം എന്ന രണ്ടിനങ്ങളെ വേർതിരിക്കുന്ന അംശത്തിൽ ബാലന്മാൎക്കു വരാവുന്ന കുഴപ്പം ഇപ്പുസ്തകത്തിൽ പരിഹരിച്ചിട്ടുണ്ടു്. നിഷേധത്തെ അനുപ്രയോഗങ്ങളുടെ കൂട്ടത്തിൽ ചേൎത്തിരിക്കുന്നു. വിഭക്ത്യാഭാസം, സമാസം മുതലായ ഭാഗങ്ങളെ എടുത്തിട്ടില്ല. ആകാങ്ക്ഷകളുടെ വിഷയത്തെ കഴിയുന്നതും ലഘുപ്പെടുത്തിട്ടുണ്ടു്. ഇനി ഇതിൽ ഏതെങ്കിലും ഭാഗം കഠിനമായിപ്പോയി എന്നു തോന്നുന്നപക്ഷം അദ്ധ്യാപകന്മാർ ദയവുചെയ്തു ആ ഭാഗം ചൂണ്ടിക്കാണിച്ചുതന്നാൽ ആ അഭിപ്രായങ്ങളെ കൃതജ്ഞതാപൂൎവം സ്വീകരിക്കുകയും രണ്ടാംപതിപ്പിൽ ആവശ്യപ്പെട്ട ഭേദഗതികൾ ചെയ്കയും ആകാമെന്നു് ആശംസിക്കുന്നു.

൧൮-൮-൮൩, മാവേലിക്കര. A. R. Rajaraja Varma

മൂന്നാം പതിപ്പിന്റെ

# മുഖവുര

---

മദ്ധ്യമവ്യാകരണത്തിന്റെ ഒന്നാം പതിപ്പ പുറത്തായതിന്റെശേഷം ഒരുമാസകാലത്തിന്നുള്ളിൽതന്നെ രണ്ടാം പതിപ്പ് ആരംഭിക്കേണ്ടിവന്നതിനാൽ അതിൽ ഭേദഗതികളൊന്നുമേ ചെയ്യാൻ ഇട വന്നില്ല. ഈ മൂന്നാംപതിപ്പ തിടുക്കം കൂടാതെ സാവധാനത്തിൽ ചെയ്യുന്നതാകയാൽ ഭേദങ്ങൾ വല്ലതും വേണമെങ്കിൽ സൌകൎയ്യംപോലെ ചെയ്യാമെന്നു വ്യവസായികളിൽ അഗ്രഗണ്യനായ പ്രകാശനാധികൃതൻ എന്നോടുപറകയുണ്ടായി. അതനുസരിച്ചു ഞാൻ നോക്കിയതിൽ അങ്ങുമിങ്ങും സ്പഷ്ടതാധിക്യത്തിനുവേണ്ടി ചില വിവരണങ്ങൾ ചേൎക്കുകമാത്രമേ അത്യാവശ്യമെന്നു കണ്ടുള്ളു. സ്വല്പങ്ങളായ ചില തെറ്റുകളെ തിരുത്തുകയും വേണ്ടിവന്നിട്ടുണ്ട്. ഈ അവസരത്തിൽ എറണാകുളം കാളേജ് പ്രിൻസിപ്പാൾ ഇപ്പുസ്തകത്തെയും ഇതിനു കീഴും മേലുമുള്ള എന്റെ വ്യാകരണഗ്രന്ഥങ്ങളെയും ആ കാളേജിലെ എല്ലാ മലയാളം ക്ലാസുകളിലും അടുത്ത വൎഷത്തിൽ ഉപയോഗിച്ചു നോക്കാൻ നിശ്ചയിച്ചിരിക്കുന്നതായി എനിക്ക് എഴുതി അയയ്ക്കുകയുണ്ടായി. ഇക്കഴിഞ്ഞ ജൂലൈ മാസം ൨൯-ാംനു-ലെ മദ്രാസ് മെയിൽപത്രത്തിൽ ഈ വക പുസ്തകങ്ങളേത്തന്നെ ബ്രിട്ടീഷ് മലബാറിലും ഉപയോഗിപ്പാൻ ഇടയുള്ളതായി ഒരു ബുക്കനോട്ടീസും കണ്ടിരുന്നു. ഈ സ്ഥിതിയ്ക്കു ഗുണ്ടർട്ടിന്റെയും ഗാത്തുവെററിന്റെയും വ്യാകരണം പഠിച്ചിരിക്കുന്ന വാദ്ധ്യാന്മാൎക്കു ഈ പുസ്തകങ്ങൾ പഠിപ്പിക്കാൻ ആവശ്യം വരുന്നപക്ഷം അവൎക്കു കഴിയുന്നതും ശ്രമം കുറക്കേണമെന്ന ഉദ്ദേശത്തിൻപേരിൽ ഇതിൽ ഞാൻ ഉപയോഗിച്ചിട്ടുള്ള സങ്കേതികശബ്ദങ്ങളെ പൂൎവ്വവൈയാകരണന്മാരുടെ ശബ്ദങ്ങളോടും ഇംഗ്ലീഷിലെ ശബ്ദങ്ങളോടും താരതമ്യപ്പെടുത്തി ഒരു സംവാദസൂചി ഉണ്ടാക്കിച്ചേൎത്തിരിക്കുന്നു. ഈ സൂചിയിൽ സകല പദങ്ങളേയും എടുത്തുകാണിച്ചിട്ടുണ്ടെന്നു തീൎച്ച പറവാൻ ഞാൻ തയ്യാറില്ല. മദ്ധ്യമവ്യാകരണത്തിൽ ഉപയോഗിക്കാതെ കേരളപാണിനീയത്തിലും ശബ്ദശോധിനി-

യിലും മാത്രം ഉപയോഗിച്ചിട്ടുള്ളവയെക്കൂടി ഇതിൽ ചേൎത്തിട്ടുണ്ടു്. ൨ സൂചിയുടെ അവസാനത്തിൽ പ്രധാനങ്ങളായ മാററങ്ങൾക്കെല്ലാം കാരണങ്ങളും സാമാന്യം ദീൎഘമായ ഒരു വിവരണംകൊണ്ടു കാണിച്ചിട്ടുണ്ടു്. അതിനാൽ അങ്ങനെയുള്ള അദ്ധ്യാപകന്മാർ സംവാദസൂചിയും വിവരണവും ഒന്നിച്ചു വായിക്കണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

൯-ധനു ൨൩,<br>മാവേലിക്കര.

A. R. Rajaraja Varma.

## വിഷയാനുക്രമണിക.



| പുറം | വിഷയം | പുറം | വിഷയം |
|---|---|---|---|
| [illegible] | പ്രാരംഭം | 65 | പ്രയോജകരൂപം |
| 5 | ഭാഷാസ്വരൂപം | 68 | ഖിലധാതുക്കൾ |
| 8 | അക്ഷരമാല | 69 | അനുപ്രയോഗധാതു- |
| 13 | സ്വരവിഭാഗം | 72 | പറവിന [ക്കൾ |
| 14 | വ്യഞ്ജനവിഭാഗം | 73 | പേരെച്ചം |
| 15 | സ്ഥാനഭേദം | 75 | വിനയെച്ചം |
| 17 | വൎണ്ണവിഭാഗപ്പട്ടിക | 80 | കൃതിരൂപാവലി |
| 19 | ശബ്ദവിഭാഗം | 83 | വിനയെച്ചം |
| 26 | നാമവിഭാഗപ്പട്ടിക | 84 | ഭേദകം |
| ടി | രൂപഭേദം | 92 | നിപാതം |
| 27 | ലിംഗം | 96 | അവ്യയം |
| 31 | വചനം | 105 | അവ്യയവിഭാഗപ്പട്ടിക |
| 35 | വിഭക്തി | ടി | ശബ്ദവിഭാഗപ്പട്ടിക |
| 40 | സൎവ്വനാമം | 106 | വാക്യവിഭാഗം |
| 47 | കൃതി | 110 | വ്യാകരിപ്പു് |
| 50 | കൃതിവിഭാഗപ്പട്ടിക | 111 | അപോദ്ധാരം. |
| 51 | കാലം | ൧ | അനുബന്ധം-അഭ്യാ |
| 57 | പ്രകാരം | ൩ | സംവാദസൂചി [സം |
| 63 | പ്രയോഗം | ൪ | ടി. വിവരണം |

## സാങ്കേതികപദങ്ങൾക്കു്

# സംവാദസൂചി

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| അങ്കുശം | അല്പവിരാമം | A comma |
| അകർമ്മകം | ടി (തൻവിന) | Intransitive |
| അകാരികം | അബല | Weak |
| അക്ഷരം | (പദാംഗം) | A syllable |
| അംഗം | | Subordinate |
| അംഗക്രിയ, പ-റ്റുവിന കുവ്ത്തു | അപൂർണ്ണക്രിയ പററുവിനയെച്ചം | A participle |
| അംഗിക്രിയ | പൂർണ്ണക്രിയ | A Finite Verb |
| അംഗി | ——— | Principal |
| അചേതനം | അബുധി | Irrational |
| അതിഖരം | ടി | An aspirated sharp [letter |
| അർത്ഥസിദ്ധം | അന്തർഭൂതം | Understood |
| അധികരണം | (Government) | The sense of the Locative case |
| അധ്യാഹാര്യം | അധ്യാരോപം | Elliptical |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| അനാസ്ഥാവാചി | അസീമവാചി | Indefinite |
| അനുജ്ഞായകം | അനുജ്ഞ | Permissive (mood) |
| അനുനാസികം | ടി | Nasal |
| അനുപ്രയോഗം | സഹായക്രിയ | Auxiliary |
| അനുബന്ധി | ——— | Progressive |
| അന്യാർത്ഥകം | അന്യത | Pronoun of [Difference |
| അന്വയം | ടി | Construction |
| അപഗ്രഥനം | ——— | Analytical method |
| അപവാദം | ——— | An exception |
| അപോദ്ധാരം | വാക്യപരി-[ച്ഛേദനം | Analysis |
| അഭേദക്രിയ | സംബന്ധക്രിയ | Copula |
| അലിംഗബഹുവച-[നം | ——— | Plural consisting [of Masc. & Fem. |
| അവധാരണം | ടി | Restriction |

| കേരളപാണിനീയം | ഗുണ്ടട്ട് | ഇംഗ്ലീഷ് |
|---|---|---|
| അവ്യയം | ടി | A relational word, [particle |
| അംശവാചി | ഏകദേശതാ [വാചി | Meaning a few |
| ആകാംക്ഷ | ടി | Syntax |
| ആഖ്യ | ടി | Subject |
| ആഖ്യാപരിഛേദം | ——— | The complement of a subject |
| ആഖ്യാതം | ടി | Predicate |
| ആഖ്യാതപരിഛേദം | ——— | The complement of a predicate |
| ആഗമം or ഇടനില | തുണ | An augment |
| ആദേശം | ടി, മാററം | A substitute |
| ആധാരിക | സപ്തമി | TheLocative(case) |
| ആഭ്യന്തരം | ——— | Cognate(dravidian |
| ആരോപം | പുരുഷീകരണം [?] | Personification |
| ആവേദകം | പൂർണ്ണതിട്ടഭൊ [വി Farth | The perfect [tense |
| ആശംസകം | ——— | Theoptative[mood |
| ഉദ്ദേശിക; | ചതുർത്ഥി | The Dative [case] |

| കേരളപാണിനീയം | ഗുണ്ടട്ട് | ഇംഗ്ലീഷ് |
|---|---|---|
| ഉദ്ധരണി | വിശേഷണ [ചിഹ്നം | The Quotation [mark] |
| ഉപധ | ——— | A penultimate [letter] |
| ഉപസർഗ്ഗം | ടി | A sanskrit preposi- [tion |
| ഉപാധി | വിഭാഗോപാ [ധി | Principle വിഭാഗോ പാധി Principle of [division |
| ഉൽഗ്രഥനം | | The synthetical [method |
| ഉത്സർഗ്ഗം | ——— | A general rule |
| ഉഷ്മാവ് | ——— | A sibilant |
| ഓഷ്ഠ്യം | ടി | A labial |
| കണ്ഠ്യം | ടി | A cerebral |
| കർത്താ | ടി | Agent, subject |
| കർമ്മം | ടി | Object |
| കരണം | ടി | The instrumental [Relation |
| കരോതി, മററുവിന, അംഗിക്രിയ | പൂർണ്ണക്രിയ | A finite verb. |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| കാകു | ചോദ്യചിഹ്നം | The interrogation [point |
| കാരകം | ആശ്രിതാധി [കരണം | Dependence of [Nouns on verbs |
| കാരണം | ടി | Cause; the sense of [the ab' ative case |
| കാരിതം | ബലക്രിയ | A strong verb |
| കാലം | ടി | Tense |
| കൃതി | ക്രിയ | A Verb |
| കൃത്തു | ടി | A Verbal (derivative |
| ക്രിയ | ടി | An action or state |
| ക്രിയാംശം | ക്രിയാന്യൂനം | A Varbal participle |
| ക്രിയാംഗജം | —— | participial adverb |
| ക്രിയാവിശേഷണം | ടി | An adverb |
| കേവലനിപാതം | —— | A simple conjunc. (tion |
| കേവലപ്രകൃതി | —— | The simple base of a verbal root |
| കോഷ്ഠചിഹ്നം | —— | The Square Bracket |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| ഖരം | ടി | A sharp consonant |
| ഖിലധാതു | ഊനക്രിയ | A defective verb |
| ഗതി | —— | A preposition |
| ഗമ്യമാനം | —— | Implied or under- (stood |
| ഗർഭവാക്യം | തസ്യാന്തരേന്യസ്തം | A parenthetical (sentence |
| ഗുണം | —— | A quality or attri- (bute |
| ഘടകം | —— | A conjunction |
| ഘോഷം | ടി | An aspirated (sonant |
| ചക്രീതം | സമഭിഹാരവ-ർണ്ണനക്രിയ | A frequentative |
| ചില്ലു് | അർദ്ധാക്ഷരം | A final consonant (without the സംവൃതഉ |
| ചിഹ്നനം | —— | Punctuation |
| ചുട്ടെഴുത്തു | ടി | A demonstrative adjective |
| ചൂർണ്ണിക | —— | A simple sentence |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| ചോദ്യനിപാതം | ——— | The interrogative [participle |
| ചോദ്യസർവ്വനാമം | ചോദ്യപ്രതിസംജ്ഞാനാമം | An interrogative [pronoun |
| ജാതി | ——— | A class |
| തദ്ധിതം | ടി | A substantive [derivate |
| തദ്വത്തു | | A suffix in the sense [of having it |
| തന്മാത്രം | ഭാവനാമം | An absract noun |
| തൻവിനയെച്ചം | ——— | An absolute parti- [ciple |
| തത്ഭവം | ടി | A mutilated foreign [word |
| തത്സമം | ടി | An unmutilated [foreign word |
| താലവ്യം | ടി | A palatal |
| ദ്രുതം | ——— | Liable to be doubled [often in സന്ധി |
| ദേശ്യം | ——— | Provincial |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| ദ്വിത്വം | ടി | Reduplication, [doubling |
| ധർമ്മം | ——— | An abstract (act or [quality |
| ധർമ്മി | ——— | A concrete |
| ധാതു | ക്രിയാധാതു | A Verbal root |
| നടുവിനയെച്ചം | ടി ഭാവരൂപം | Infinitive |
| നാനാസർവ്വനാമം | നാനാത്വവാചി | A pronoun of (Variety |
| നാമം | ടി | Noun |
| നാമനിർമ്മായി | പുരുഷനാമം | A personal Noun |
| നാമാംഗജം | ——— | A participle adjec- (tive |
| നികീർണ്ണകർത്തൃകം | ——— | An impersonal (verb |
| നിത്യം | ——— | A compulsory rule |
| നിർദ്ദേശകം | ——— | The indicative mood |
| നിർദ്ദേശിക | പ്രഥമ | The Nominative (case |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലിഷ് |
|---|---|---|
| നിപാതം | —— | A particle, A relational word |
| നിയോജകം | വിധിനടുവിനയെച്ചം | |
| ദന്ത്യം | ടി | A dental |
| ദീർഘം | ടി | Long |
| നിരുക്തം | —— | Derivation (Etymology |
| നിരൂപികക്രിയ | —— | The demonstrative (Verb എൻ |
| നിവേദകം | —— | The perfect tense |
| നിഷേധം | ടി | Negation |
| നിഷേധകം | മറവിന | A Verb of Negation |
| പദം | ടി വാക്ക | A word |
| പരിനിഷ്ഠ | —— | Inflection |
| പരിഭാഷ | —— | A conversion |
| പാക്ഷികവിനയെച്ചം | സംഭാവനാരൂപം | The conditional (participle |
| പാരിമാണികം | —— | A quantitative (adj) |
| പിൻവിനയെച്ചം | ടി | An infinitive of purpose |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലിഷ് |
|---|---|---|
| പുരുഷൻ | ടി | Person |
| പൂജകബഹുവചനം | —— | The honorary plural |
| പൂരണം | പൂരണനാമ | An ordinal |
| പൊരുത്തം | ടി | Agreement |
| പ്രകാരം | —— | A mood |
| പ്രകൃതി | ധാതു | A root; base; stem |
| പ്രക്രിയ | —— | The process of formation |
| | വിധിനിമന്ത്രണങ്ങൾ | The imperative (mood |
| പ്രയോജകകർത്താ | —— | An indirect agent |
| പ്രയോജിക | പഞ്ചമി | The ablative (case) |
| പ്രയോജ്യകർത്താ | —— | The Direct agent |
| പ്രാർത്ഥകം | —— | The benedicative (mood |
| ബഹുലം | —— | An indiscriminate (rule |
| ബാഹ്യം | അന്യദേശ്യം | A foreign.word |
| ബിന്ദു | പൂർണ്ണവിരാമം | A fulll stop |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| ഭിത്തിക | അപൂർണ്ണവിരാമം | A colon |
| ഭേദകം | ഗുണവചനം | A qualifying word |
| മധ്യമം | ഉയിർവ്യഞ്ജനം | A Medial |
| മഹാവാക്യം | —— | A compound sentence<br>A period |
| മുൻവിനയെച്ചം | ടി | An adverbial past (participle |
| മൂർദ്ധന്യം | ടി | A cerebral |
| മൂലാക്ഷരം | —— | A simple vowel |
| മൃദു | ടി | A sonant |
| മേയനാമം | —— | A Material Noun |
| രൂപാവലി | രൂപവകകൾ | Declension or (conjugation |
| പ്രതിഗ്രാഹിക | ദ്വിതിയ | The accusative or objective (case) |
| പ്രത്യയം | ടി | A suffix |
| പ്രയോജകപ്രകൃതി | ഹേതുക്രിയ | Causal |
| വർണ്ണം | —— | A letter |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| വലയം | ആവരണചിഹ്നം | A bracket |
| വാക്യം | ടി | A sentence |
| വാചകം | —— | A phrase |
| വാചകപദം | —— | A notional word |
| വാച്യം | —— | Denotation |
| വികല്പം | —— | An optional rule |
| വിക്ഷേപണി | സംബോധനചിഹ്നം | An exaclamation point |
| വിതർക്കനിപാതം | —— | The alternative (conjunction |
| വിധായകം | —— | The potential mood |
| വിഭക്തി | ടി | A case |
| വിഭക്ത്യാഭാസം | —— | A defective case |
| വിഭാഗോപാധി | —— | The principal of (division |
| വിഭാവകം | —— | A qualitative (adjective |
| വിവൃതം | മുറുകാരം<br>നിറയുകാരം | The flatly articulated ഉ |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| വിവേചകം | ചുട്ടെഴുത്തു | A demonstrative adjective |
| രേഖ | — | A dash |
| രോധിനി | അർദ്ധവിരാമം | A semicolon |
| ലിംഗം | ടി | Gender |
| ലിപി | — | A character |
| വ്യത്യസ്തം | ടി | An irregular form |
| വ്യധികരണം | — | Differing in case relation |
| വ്യപേക്ഷകം | — | Relative as a Rel-pron. |
| വ്യവച്ഛേദകനിപാതം | — | The particularizing conjunction |
| വ്യാക്ഷേപകം | അനുകരണശബ്ദം | An interjection |
| ശബ്ദം | — | The crude base of a word |
| ശിക്ഷ | അക്ഷരകാണ്ഡം | Orthography |
| ശിഥിലം | — | Not ordinarily liable to be doubled in സന്ധി |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| ശിഥിലസമാസം | — | A loose compound |
| ശുദ്ധം | — | Pure |
| ശൃംഖല | — | A Hyphen |
| സകർമ്മകം | ടി, പുറവിന | Transitive |
| സങ്കീർണ്ണകം | — | A complex sentence |
| സചേതനം | സബുദ്ധി | Rational |
| സത്വം | — | A sabastative base |
| സന്ധായകം | — | A subordinative conjunction |
| വിശ്ലേഷം | — | An apostrophe mark |
| വിളക്കുക | ഭരിക്കുക garth | To govern |
| വിഷയവ്യാപ്തി | — | Connotation |
| വ്യക്തി | — | An individual |
| വ്യഞ്ജനം | ടി | A consonant |
| സമാനാധികരണം | ടി used in sense (സാമാനാധികരണ്യം) | Co-ordinate; in apposition |
| സമുച്ചയം | — | Copulation |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| സംജ്ഞാനാമം | —— | A proper or accidental noun |
| സംബാധിക | ഷഷ്ഠി | The genitive or Possessive case |
| സംബോധിക | സംബോധന | The vocative case |
| സംഭാവന | ടി | Condition |
| സംയോജിക | തൃതീയ | The social case |
| സംവൃതം | അരയുകാരം ഉകാരക്കുറുക്കം | The sharply articulated ഉ |
| സംസർജ്ജനം | —— | A coordinate conjunction |
| സന്ധി | ടി | Euphonic combination |
| സന്ധ്യക്ഷരം | —— | Diphthong |
| സംഹിത | ടി | A series of word linked by സന്ധി |

| കേരളപാണിനീയം | ഗുണ്ടർട്ട് | ഇംഗ്ലീഷ് |
|---|---|---|
| സവർണ്ണങ്ങൾ | —— | Cognate letters |
| സർവ്വനാമം | പ്രതിസംജ്ഞാനാമം | A Pronoun |
| സർവ്വവാചി | സർവ്വാർത്ഥമുള്ള | Meaning "all" |
| സാക്ഷി | —— | The sense of the sicial case |
| സാംഖ്യം | —— | A Numeral adjective |
| സാമാന്യനാമം | —— | A common noun |
| സാർവ്വനാമികം | —— | Pronominal adjective |
| സ്വവാചി | —— | A reflexive Pronoun |
| സ്വരം | ടി ഉയിർ | A vowel |
| സ്വാമി | —— | The sense of the dative case |
| ഹ്രസ്വം | ടി | A short vowel |

# വിവരണം

---

മലയാളഭാഷയ്ക്കു് ഒരു വ്യാകരണമുണ്ടാക്കുന്നതിലേക്കു പലരും ശ്രമിച്ചിട്ടുണ്ടു. കേരളപാണിനീയം ഉണ്ടാക്കുന്ന അവസരത്തിൽ അന്യോന്യ ഭിന്നങ്ങളായ ആറു മലയാള വ്യാകരണങ്ങൾ ഈ ഗ്രന്ഥകർത്താവിന്റെ കൈവശം ഉണ്ടായിരുന്നു. ഇവയിൽ എല്ലാറ്റിലുംവെച്ചു വ്യാകരണമെന്ന പേരിനു അർഹിക്കുന്ന ഗ്രന്ഥം റെവറൻറ് ഗുണ്ടർട്ട് സാഹിബിന്റേതാണെന്നു നിരാക്ഷേപമായിപ്പറയാം. ഈ ഗ്രന്ഥത്തിനു പ്രധാനമായി രണ്ടു ന്യൂനതകളാണുള്ളതു്; (൧) സാങ്കേതികപദങ്ങളുടേയും വാക്യരീതിയുടേയും വൈരൂപ്യം; (൨) വിഷയത്തെ ക്രമപ്പെടുത്തി ശരിയായ വിഭാഗങ്ങൾ ചെയ്യായ്കയാലുള്ള കുഴപ്പവും, ആവർത്തിയും ക്ലേശവും. ഇതിൽ രണ്ടാമത്തെ ന്യൂനത എളുപ്പത്തിൽ പരിഹരിക്കാവുന്നതാണെങ്കിലും രുചിഭേദത്താൽ അതിലും പക്ഷഭേദങ്ങൾ വരും. കേരളപാണിനീയം പാണിനിമഹർഷിയുടെ പഴയ രീതിയിലായിപ്പോയതിനാൽ പലർക്കും രസിച്ചിട്ടില്ല. അതിനാൽ ശബ്ദശോധിനി, മുതലായവ ഇംഗ്ലീഷിലെ നൂതനരീതിയിലെഴുതേണ്ടിവന്നു. നൂതനരീതിയിലും സാമ്പ്രദായഭേദങ്ങളുള്ളതിൽ 'മധ്യമവ്യാകരണം' അപഗ്രഥനപദ്ധതിയിലും 'പ്രഥമവ്യാകരണം' ഉൽഗ്രഥനപദ്ധതിയിലും ആക്കിട്ടുള്ളതിനാൽ രീതിയെപ്പറ്റിയുള്ള ആവലാധിക്കു് അവകാശമില്ലെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. ഒന്നാമതായി കാണിച്ച ന്യൂനതയെ പരിഹരിക്കുന്നതു് ഒരു വലിയ സാഹസമായിട്ടാണ് വന്നുചേരുന്നതു. സാഹിബ്ബവർകൾ മലയാളഭാഷയ്ക്കുവേണ്ടി വിലയേറിയ തന്റെ ജീവിതകാലത്തെ വ്യയംചെയ്ത ഒരു മഹാനാണ്. എന്നാലും അദ്ദേഹം ഉപയോഗിച്ചിരിക്കുന്ന മിക്ക സാങ്കേതികപദങ്ങളും മലയാളികളുടെ ചെവിയ്ക്കു് ഇമ്പമില്ലാത്തവയാണെന്നുള്ള വാസ്തവം മറയ്ക്കാവുന്നതല്ല. 'കുവകകൾ', 'നാവകകൾ' മുതലായ ഭാഷാസമാസങ്ങൾ, രൂപവകകൾ, പൂണ്ണിതിട്ടഭാവി, ഉയിർവ്യഞ്ജനം, മറളുതം, അകമാദി, വളവിഭക്തി തുടങ്ങിയ മണിപ്രവാളസംജ്ഞകൾ 'സമാനാധികരണം' (=സമാനാധികരണ്യം), ആശ്രിതാധികരണം, ത്രിപുരുഷപ്രത്യയങ്ങൾ, തസ്യാന്തരന്യാസം ഇത്യാദി സംസ്കൃതപദങ്ങൾ— ഇതെല്ലാം ഭംഗിപോരാത്തവയാണെന്നു സമ്മതിക്കയേ നിർവ്വാഹമുള്ളൂ. വ്യാകരണവിഷയത്തിൽ മലയാളം സംസ്കൃതത്തോടല്ല തമിഴിനോടാണ് യോജിക്കുന്നതു്. അതിനാൽ തമിഴ്‌വ്യാകരണത്തിലെ സാങ്കേതികപദങ്ങളെത്തന്നെ മലയാളവ്യാകരണത്തിലും ഉപയോഗിക്കുകയാണ് ന്യായം. എന്നാൽ മലയാളികൾക്കു് ഇപ്പോൾ തമിൾപ്പേരുകൾ ലേശം രസിക്കുന്നില്ല. മറവിന, വിനയെച്ചം, പേരെച്ചം, ചുട്ടെഴുത്തു മുതലായ അപരിഹാര്യപദങ്ങളെപ്പോലും അവർ സഹിക്കുന്നില്ല. സംസ്കൃതപദം എത്രതന്നെ കടുപ്പമുള്ളതായിരുന്നാലും, തമിഴ്ച്ചുവ ഇല്ലാത്തതിനാൽ അവരുടെ

നാക്കിന കഴിയുകയില്ല. യൌരോപ്യപണ്ഡിതൻ ഇസ്സംഗതി ഓൎത്തായിരിക്കാം സംസ്കൃതസംജ്ഞകളെക്കൂടി സൃഷ്ടിപ്പാൻ നിശ്ചയിച്ചതു്. എന്നാൽ അദ്ദേഹത്തിന്ന് ആ വിഷയത്തിൽ സഹായിച്ച ശാസ്ത്രിമാർ തങ്ങളുടെ കൃത്യം വേണ്ടുംവണ്ണം നിറവേററാഞ്ഞതിനാൽ മേൽകാണിച്ചമാതിരി ശരിയല്ലാത്ത സംസ്കൃതസംജ്ഞകൾ ഉത്ഭവിക്കാനിടയായതായിരിക്കണം. തെററുകളെ പിൻതുടരുന്നതു യുക്തമല്ലെന്നുള്ള വിചാരത്താൽ ഗുണ്ടർട്ടിന്റെ ചില സംജ്ഞകളെ തള്ളി പുതിയ പേരുകൾ പ്രകൃതവ്യാകരണത്തിൽ നിൎമ്മിക്കേണ്ടിവന്നു. അഭംഗിനിമിത്തവും ചില പഴയ പേരുകളെ ഉപേക്ഷിക്കേണ്ടിവന്നു. പൂൎവ്വന്മാർ സ്പർശിച്ചിട്ടില്ലാത്ത ചില അൎത്ഥവിശേഷങ്ങളെ കുറിക്കുന്നതിലേക്കായി നൂതനപദങ്ങളെ ആദ്യമായി ചേൎക്കേണ്ടതായും വന്നിട്ടുണ്ടു്. ഇക്കാരണങ്ങളാലാണ് കേരളപാണിനീയപ്രസ്ഥാനത്തിൽ നൂതനസാങ്കേതികപദങ്ങളുടെ സംഖ്യ വൎദ്ധിച്ചുകാണുന്നതു്. സാങ്കേതികപദങ്ങൾ ഭേദിച്ചതോടുകൂടി രണ്ടും രണ്ടുപ്രസ്ഥാനങ്ങളായിപ്പോയതിനാൽ ഗുണ്ടർട്ട്‌വ്യാകരണം വായിച്ചിട്ടുള്ളവൎക്കു കേരളപാണിനീയഗ്രന്ഥങ്ങൾ ദുൎഗ്രഹങ്ങളായിത്തീൎന്നതിനു പുറമെ അഴിച്ചുപഠിക്കേണ്ടിയും വന്നിരിക്കുന്നു. അതിനാൽ മുഖ്യമായി സാഹിബ്ബവർകളുടെ വ്യാകരണം പഠിച്ചു പരിചയിച്ചിരിക്കുന്ന വാദ്ധ്യാന്മാരെ സഹായിക്കാനാണ് ഈ സംവാദസൂചി ഇവിടെ കൊടുത്തിരിക്കുന്നതു്. ഇതിൽ രണ്ടാം സ്തംഭത്തിൽ സാഹിബന്മാരുടെ വ്യാകരണത്തിലുള്ള പേരുകളെ കാണിച്ചിരിക്കുന്നു. അതിനാൽ ഭേദമില്ലാത്തിടത്തു ‘ടി’ എന്ന ചിഹ്നവും കേരളപാണിനീയപദത്തിന്ന് എതിരായി ഒരു പദം മുൻവ്യാകരണങ്ങളിൽ ഇല്ലാതെവന്നിട്ടുള്ള സ്ഥലത്തു ഒരു വരയും ഇട്ടുകാണും. മൂന്നാംസ്തംഭത്തിൽ ശരിയായ ഒരൊററ ഇംഗ്ലീഷുവാക്കുള്ളിടത്തു അതും, ഇല്ലാത്തിടത്തു വാചകമായിട്ടെങ്കിലും ഒരിംഗ്ലീഷുഅൎത്ഥവും കൊടുത്തിട്ടുണ്ടു.

കേരളപാണിനീയത്തിൽ മുഖ്യമായി ചെയ്തിട്ടുള്ള ഒരു ഭേദം വിഭക്തികളുടെ പേരുമാററിയതാകുന്നു. ഇതിലേക്കുള്ള കാരണം ചതുരക്കത്തിൽ താഴെ കാണിക്കുന്നതാകുന്നു.

“അതെന്നു പ്രഥമയ്ക്കൎത്ഥം ദ്വിതീയയ്ക്കതിനെപ്പുനഃ
ചൊല്ലേണമതിനോടെന്നും ദ്വിതീയയ്ക്കൎത്ഥമായ്‌വരും
തൃതീയാഹേതുവായിക്കൊണ്ടാലോടുമേതി ചക്രമാൽ
ആയിക്കൊണ്ടു ചതുൎത്ഥീച സൎവ്വത്ര പരികീൎത്തിതാ
അതുങ്കൽനിന്നു പോക്കേക്കാൾ ഹേതുവായിട്ടു പഞ്ചമീ
ഇക്കുമിന്നുമുടെ ഷഷ്ഠിക്കതിന്റെ വെച്ചുമെന്നപി
അതുങ്കലതിൽവെച്ചെന്നും വിഷയം സപ്തമീമതാ”

എന്നുള്ള ബാലപ്രബോധനവചനപ്രകാരം സംസ്കൃതത്തിനെതിരായി മലയാളത്തിലെ വിഭക്തികൾ—

| വിഭക്തി | പ്രത്യയം | മല-ഉദാ | സംസ്കൃ-ഉദാ |
|---|---|---|---|
| പ്രഥമ | (ശബ്ദരൂപം) | അതു | തൽ |
| ദ്വിതീയ | എ | അതിനെ | തൽ |
| | ഓട് | അതിനോട് | |
| തൃതീയ | ഹേതു | അതുഹേതുവായിട്ടു | തേന |
| | ആയി | അതായി | |
| | കൊണ്ടു | അതുകൊണ്ടു | |
| | ആൽ | അതിനാൽ | |
| | ഓട് | അതിനോടു | |
| | ഊടെ | അതിലൂടെ | |
| ചതുർത്ഥിക്കു | ഉ (ആയിക്കൊണ്ടു) | അതിനു (ആയിക്കൊണ്ടു) | തസ്മൈ |
| പഞ്ചമി | ഇതിൽ നിന്നും, കൽനിന്നു | അതിൽ നിന്നു | തസ്മാൽ |
| | ഇൻപോക്കെ | അതിൻപോക്കെ | |
| | ഏക്കാൾ | അതിനേക്കാൾ | |
| | കു, ഉ് | അതിനു | |
| ഷഷ്ഠി | ഉടെ, ടേ | അതിനുടെ, അതിന്റെ | തസ്യ |
| സപ്തമി | ഇൽവെച്ചു | അതിൽവെച്ചു | |
| | ഇൽ | അതിൽ | |
| | ഇങ്കൽ | അതിങ്കൽ (അതുങ്കൽ) | തസ്മിൻ |
| | ഇൽവെച്ചു | അതിൽവെച്ചു | |

എന്നീവിധമാകുന്നു. സംസ്കൃതത്തിൽ ഒരേരൂപത്തിനു പല അർത്ഥങ്ങളായിരിക്കെ ഭാഷയിൽ ഓരോ അർത്ഥത്തിനും രൂപഭേദമുണ്ടെന്ന് ഈ പട്ടികയിൽ നിന്നു വ്യക്തമാകും. ഉദാഹരണത്തിനു തൃതീയയെ എടുത്തു നോക്കുക. തേന, എന്ന ഒരു സംസ്കൃതപദത്തിനു

| | | | |
|---|---|---|---|
| ൧ | അതു ഹേതുവായിട്ടു | എന്നു ഹേതു | Causality |
| ൨ | അതായി | എന്നു അഭേദം | Indentity |
| ൩ | അതുകൊണ്ടു | എന്നുകാരണം | Instrumantality |
| ൪ | അതിനാൽ | എന്നു കർത്താ | Agency |
| ൫ | അതിനോടു | എന്നു സാഹിത്യം | Sociality |
| ൬ | അതിലൂടെ | എന്നു ദ്വാരത | "The sense of through" |

എന്നു ആറർത്ഥമുണ്ടു. ഭാഷയിൽ ഈ ഓരോ അർത്ഥത്തെയും കാണിക്കുന്നതിനു ഓരോ രൂപവും വെവ്വേറെ ഉണ്ടു. ഈ സ്ഥിതിക്കു ഈ ആറർത്ഥങ്ങളെയും ചേർത്തു അതുകൾക്കു എല്ലാം കൂടി തൃതീയ എന്നൊരു പേരിടുന്നതെന്തിനു? സംസ്കൃതത്തിൽ ഇവ ഒരു രൂപത്തിന്റെ നാനാർത്ഥങ്ങളാകയാൽ ഈ അർത്ഥങ്ങളെല്ലാം വേർതിരിക്കാൻ മാർഗ്ഗമില്ല. അതുകൊണ്ടു ഈ ആറർത്ഥങ്ങളെയും തൃതീയ എന്നൊരു പേർകൊണ്ടുതന്നെ കുറിക്കേണ്ടിവന്നു. ഭാഷയിൽ അർത്ഥം മാറുന്നതനുസരിച്ചു രൂപവും മാറുന്ന സ്ഥിതിക്കു ഇതെല്ലാം ഒന്നിച്ചു ചേർത്തു ഒരു പേരിടുന്നതു ശരിയല്ല. ഇതുകൊണ്ടു സംസ്കൃതത്തിലെ ഒരു

വിഭക്തിരൂപത്തിന്റെ അർത്ഥം ഭാഷയിൽ പല രൂപങ്ങളെക്കൊണ്ടാണ കുറിക്കുന്നതെന്നു സ്പഷ്ടമായി. നേരെ മറിച്ചു ഭാഷയിലെ ഒരു രൂപത്തിന്റെ അർത്ഥം സംസ്കൃതത്തിൽ പല രൂപങ്ങളെക്കൊണ്ടുവേണം കുറിക്കാൻ എന്നും മേൽ കാണിച്ച പട്ടിക കാണിക്കുന്നു. അതിൽ 'ഓട്' (അതിനോട്) എന്നരൂപം സംസ്കൃതത്തിൽ ദ്വിതീയയ്ക്കും തൃതീയയ്ക്കും പകരം നിൽക്കുന്നു. അതുപോലെതന്നെ ഉ (അതിനു) എന്നതു തൃതീയയ്ക്കും ഷഷ്ഠിക്കും എതിരായിക്കാണുന്നു. അപ്പോൾ 'അതിനോട്' എന്ന രൂപത്തെ ചിലപ്പോൾ ദ്വിതീയ എന്നും ചിലപ്പോൾ തൃതീയ എന്നും പറയണം. 'അതിനു' എന്നതു ചിലപ്പോൾ ചതുർത്ഥി, ചിലപ്പോൾ ഷഷ്ഠി. ഇന്നതു എന്നു തീരുമാനിക്കണമെങ്കിൽ സംസ്കൃതത്തിൽ തർജ്ജമചെയ്തു നോക്കിയാൽ ആ ഭാഷയിൽ ഏതുവിഭക്തി വരുമോ അതെന്നു പറകയല്ലാതെ വേറെ ഒരു മാർഗ്ഗവുമില്ല.

രാമനു പുത്രൻ ഉണ്ടായി=രാമസ്യപുത്രോ ജാതഃ—ഷഷ്ഠി
രാമനു ധനംകൊടുത്തു=രാമായ ധനമദാൽ—ചതുർത്ഥി

ഇങ്ങനെ സംസ്കൃതത്തിന്റെ വാലിൽ തൂങ്ങിയിട്ടു എന്തു സാമ്രാജ്യമാണ മലയാളത്തിനു കിട്ടാനുള്ളതു?

ഇത്രമാത്രമെ ക്ലേശമുണ്ടായിരുന്നുള്ളു എന്നു വരികിലും സഹിച്ചുകൂടാമായിരുന്നു. അതുകൊണ്ടു നിൽക്കുന്നില്ല. സംസ്കൃതത്തിൽ വിഭക്തിചിഹ്നമെല്ലാം പ്രത്യയമാകുന്നു. ഭാഷയിൽ വിഭക്തിരൂപം പലമാതിരിയിലാണ ജനിക്കുന്നതു. മേൽക്കാണിച്ച തൃതീയയെത്തന്നെ എടുത്തുനോക്കാം.

(ക) ആൽ-അവനാൽ } എന്നു രണ്ടും പ്രത്യയം
(ഖ) ഓട്-അവനോട്

* (ഗ) എ കൊണ്ടു—അവനെക്കൊണ്ടു—എന്നു ദ്വിതീയയുടെ മേൽ 'കൊണ്ടു'-
(ഘ) ഇൽ ഊടെ—അവനിലൂടെ—എന്നു സപ്തമിയുടെ മേൽ 'ഊടെ' } എന്നു അവ്യയ ശബ്ദങ്ങൾ

(ങ) ആയി—അവനായി—എന്നൊരു വിനയെച്ചരൂപം.

(ച) ഹേതു—അവൻ ഹേതുവായി—എന്നൊരു വെറും സമാസം.

ഇതിൽ പ്രത്യയം ചേർത്തുണ്ടാകുന്ന (ക)-ം (ഖ)-ം രൂപങ്ങളെ മാത്രമേ വിഭക്തി എന്നു പറവാൻ ന്യായമുള്ളു. (ഗ) ദ്വിതീയയിലും, (ഘ) സപ്തമിയിലും അവ്യയം ചേർത്തുണ്ടാക്കിയതാകയാൽ ആ വിഭക്തികൾ തന്നെയെന്നു പറയേണ്ടതാണ. അല്ലെങ്കിൽ വളരെ കുഴപ്പങ്ങൾക്കിടവരും. 'എന്നെയും നിന്നെയുംകൊണ്ടു' എന്നുള്ളതിനു എങ്ങനെ വിഭക്തിചൊല്ലും? എല്ലാംകൂടി ഒരു പദം തൃതീയൈകവചനം എന്നു കല്പിക്കേണ്ടിവരുന്നില്ലയൊ? ഇനി എന്നെ നിന്നെ എന്ന രണ്ടു സർവ്വനാമങ്ങൾക്കും ചില വിശേ-

---

* നപുംസകത്തിൽ ദ്വിതീയ (കർമ്മവിഭക്തി എ) ഉപയോഗിക്കേണ്ടെന്നുള്ളതുകൊണ്ടു ആ വിഭക്തിയെ സ്പഷ്ടമായി കാണിക്കാനാണ് പുല്ലിംഗശബ്ദം ഉദാഹരണത്തിനെടുത്തതു.

ഷണങ്ങൾ ചേൎത്തു നീട്ടിയാൽ അതും ഒററപ്പദം തൃതീയൈകവചനം എന്നു പറയേണ്ടിവരും. അതിനാൽ 'അവനെക്കൊണ്ടു്' എന്ന രൂപത്തെ സംസ്കൃതപ്രകാരം തൃതീയ എന്നു പറയുന്നതു ശരിയല്ല. 'അവനെ' എന്നു ദ്വിതീയ, അതിൽ കൊണ്ടു എന്ന അവ്യയം ചേരുമ്പോൾ കരണാൎത്ഥം ജനിക്കുന്നു എന്നു മാത്രമേ ഉള്ളു. 'അവനെ' എന്നും 'കൊണ്ടു' എന്നും വെവ്വേറെ പദങ്ങളുമാണു. തം അനു തം പ്രതി ഇത്യാദി സംസ്കൃതപ്രയോഗങ്ങളും "by him, with him, ഇത്യാദി ഇംഗ്ലീഷുരൂപങ്ങളും എങ്ങനെ വേറെ പദങ്ങളായിരുന്നുകൊണ്ടു അൎത്ഥവിശേഷം ഉളവാക്കുന്നുവോ, അങ്ങനെ ഭാഷയിലും 'കൊണ്ടു', 'നിന്നു' മുതലായവ പുതിയ അൎത്ഥം ജനിപ്പിക്കുന്നു. സംസ്കൃതത്തിൽ ഈ വക അവ്യയങ്ങൾക്കു 'കൎമ്മപ്രവചനീയം' എന്നും ഇംഗ്ലീഷിൽ 'Preposition' എന്നും പേരുകൾ ഉള്ളതുപോലെ ഭാഷയിലെ ഈ വക അവ്യയങ്ങൾക്കു 'ഗതി' എന്നു പേർ കല്പിച്ചിരിക്കുന്നു. കൎമ്മപ്രവചനീയം കുറെ നീണ്ടുപോയതുകൊണ്ടാണു 'ഗതി' എന്നു ഏകദേശം അതിനൊക്കുന്ന സംജ്ഞയെ ഇവിടെ സ്വീകരിച്ചതു.

'ആയി' എന്നു (ദ്വി)-ം, 'ഹേതു' എന്നു (ന്നു)-ം അൎത്ഥങ്ങളെ ഒരു വിഭക്തിരൂപം എന്നു പറയുന്നതു അത്യന്തം അയുക്തമെന്നു പ്രഥമദൃഷ്ടിയിൽ തന്നെ സ്പഷ്ടമാകയാൽ വിശേഷിച്ചു വിവരിക്കേണ്ടതില്ല.

ഇങ്ങനെ നോക്കിവരുമ്പോൾ പ്രത്യയങ്ങളെ മാത്രമേ വിഭക്തിയായി ഗണിക്കാവൂ എന്നു ബോധപ്പെടും. പ്രകൃതിയിൽനിന്നു പിരിച്ചുപ്രയോഗിക്കുവാൻ പാടില്ലാത്തവയെ മാത്രമേ പ്രത്യയം എന്നു പറഞ്ഞുകൂടു. 'എന്നെയും നിന്നെയും കൊണ്ടു്' എന്നിടത്തു കൊണ്ടിനെ പിരിച്ചുപ്രയോഗിക്കാവുന്നതുകൊണ്ടു 'കൊണ്ടു' പ്രത്യയമല്ല. അവിടെത്തന്നെ 'എൻ ഉം നിൻ ഉം എ' (എന്നും നിന്നുമേ, അല്ലെങ്കിൽ ഞാനും നീയുമേ) എന്നു പിരിച്ചു പറഞ്ഞുകൂടാത്തതിനാൽ, 'എ' പ്രത്യയമാണു. പ്രത്യയത്തിനു ഈ ലക്ഷണം സ്വീകരിച്ചുകൊണ്ടു ആദ്യംകാണിച്ച പട്ടികയിൽ നോക്കുമ്പോൾ

എ, ഒടു, കു { ഇൽ
ഉ { ആൽ, ഉടെ, കൽ } എന്ന ആറെണ്ണമേ ഇതിൽ പ്രത്യയ—

ങ്ങളായിട്ടുള്ളു എന്നു കാണുന്നു. ഇവയോടുകൂടി പ്രത്യയമൊന്നുമില്ലാത്ത പ്രഥമയെക്കൂടി ചേൎക്കുമ്പോൾ ഏഴു വിഭക്തിപ്രത്യയങ്ങൾ ഉണ്ടെന്നാവരുന്നു. ആ സ്ഥിതിക്കു പ്രഥമമുതൽ സപ്തമിവരെ ഉള്ള സംസ്കൃതവിഭക്തിസംജ്ഞകൾ തന്നെ പോരയോ എന്നു പിന്നെയും ചോദ്യമുണ്ടു. ശരിതന്നെ; എന്നാൽ രണ്ടു ഭാഷകളിലും വിഭക്തികളുടെ ആകത്തുക യദൃച്ഛയാ ഒന്നുതന്നെ എന്നു വന്നാലും അൎത്ഥവിഷയത്തിൽ അന്യോന്യം ലേശം യോജിപ്പില്ലാതെ ഇരിക്കുന്നു. സംസ്കൃതത്തിലെ ചതുൎത്ഥിക്കു ഭാഷയിൽ ഷഷ്ഠിയാണെന്നും സംസ്കൃതത്തിലെ പഞ്ചമിക്കു ശരിയായി ഭാഷയിൽ ഒരു വിഭക്തിയേ ഇല്ലെന്നും മററും സങ്കടങ്ങൾ വന്നുചേരുന്നു. സംഖ്യാമൂലകങ്ങളായ പേരുകളിൽ ഒന്നിനെ വിട്ടുകളയുന്നതെങ്ങിനെ? പഞ്ചമി ഭാഷയിൽ ഇല്ലാത്തതിനാൽ ഷഷ്ഠിയെ പഞ്ചമിയാക്കണം. അപ്പോൾ ആറിനെ അഞ്ചാക്കി എന്നൊരു തരക്കേടു വരും. ഉപേക്ഷിക്കുക

യാണെങ്കിൽ നാലിനുമേൽ ആറാണ് സംഖ്യയെന്ന് പറയേണ്ടിവരുന്നു. എന്നുമാത്രമല്ല, അർത്ഥം വിട്ടേച്ചു പേരുമാത്രം എടുത്താൽ സംസ്കൃതവിഭക്തികളെത്തന്നെ മണിപ്രവാളകവികൾ ഭാഷാവിഭക്തിക്കു പകരം ധാരാളം ഉപയോഗിക്കുന്ന സ്ഥിതിക്കു വലിയ കുഴപ്പങ്ങൾക്ക് ഇടയാകും. അതിനാൽ ഭാഷാവിഭക്തികൾക്കു സംസ്കൃതസംജ്ഞകളെ ഉപേക്ഷിച്ചു പുതിയ പേരുകൾ ഏർപ്പെടുത്തുകയേ നിർവ്വാഹമുള്ളൂ. ഇതിലേക്കു മേൽ വിവരിച്ച കാരണങ്ങളെത്തന്നെ ഒരിക്കൽകൂടി സൌകര്യമായി ഓർമ്മിക്കാൻവേണ്ടി നമ്പർ ഇട്ടു താഴെ കൊടുത്തിരിക്കുന്നു:—

൧ സംസ്കൃതത്തിൽ ഒരു രൂപത്തിനു പല അർത്ഥങ്ങളായിരിക്കെ ഭാഷയിൽ അർത്ഥം മാറുന്നതനുസരിച്ചു രൂപവും മാറുന്നതിനാൽ ഏതാനും ചില അർത്ഥങ്ങളെച്ചേർത്ത് ഒരു പേർ വിളിക്കുന്നതിനു ന്യായമില്ല.

൨ സംസ്കൃതത്തിൽ രണ്ടു പ്രത്യയങ്ങൾ വേണ്ടിടത്തു ഭാഷയിൽ ഒരേ പ്രത്യയംതന്നെ മതി; മറിച്ചു ഭാഷയിൽ രണ്ടു വേണ്ടിടത്തു സംസ്കൃതത്തിൽ ഒന്നു മതി.

൩. സംസ്കൃതത്തിൽ പ്രത്യയംചേർത്തുമാത്രമേ വിഭക്തികൾ ഉണ്ടാകുന്നുള്ളൂ. ഭാഷയിൽ ആ അർത്ഥങ്ങളെ കാണിക്കുന്നതിനു പ്രത്യയങ്ങൾ, ഗതികൾ എന്നു പേരിട്ട അവ്യയങ്ങൾ, സമാസം ഈ മൂന്നെണ്ണങ്ങൾ ആവശ്യപ്പെടുന്നു.

൪ വിഭക്തിപ്രത്യയങ്ങളുടെ എണ്ണം രണ്ടുഭാഷയിലും ഏഴുതന്നേ ആണെങ്കിലും അർത്ഥത്തിൽ അവ യോജിക്കുന്നില്ല.

ഈ ഘട്ടത്തിൽ ഒരു സംഗതികൂടി എടുത്തുകാണിക്കേണ്ടതുണ്ട്. തമിഴ് വൈയാകരണന്മാരും സംസ്കൃതത്തെ അനുസരിച്ചു ഏഴു വിഭക്തികളെ കല്പിച്ചതല്ലാതെ മേൽ വിവരിച്ച ദോഷങ്ങളെ പുരസ്കരിച്ചു പുതിയ പേരുകൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, ഇതു മലയാളവ്യാകരണത്തിൽ പഴയ സമ്പ്രദായത്തെത്തന്നെ വെച്ചുകൊണ്ടിരിക്കണമെന്നതിലേക്കു ഒരു സാധകമാകുന്നതല്ല. മുമ്പേ പോയവർ വല്ല കാരണവശാലും ഒരു കുഴിയിൽ വീണു എന്നുവച്ചിട്ടു പിമ്പെ വരുന്നവരും ആ കുഴിയിൽത്തന്നെ വീഴുകയോ അതോ തങ്ങൾക്കു ആ അപകടം സംഭവിക്കാതെ കരുതുകയോ വേണ്ടതു? ആരുടേതായാലും തെററു പകർത്തുന്നതു ശരിയല്ലെന്നാണ് അഭിപ്രായം.

രണ്ടാമതായി പറയാവുന്ന ഒരു ഭേദഗതി ക്രിയാപദങ്ങളുടെ രൂപനിഷ്പത്തിയിൽ കാലാദികൾക്കു പുറമെ 'പ്രകാരം' എന്ന് ഒരു പുതിയ ഇനം ഉണ്ടാക്കിയതാണു. ചെയ്യണം, ചെയ്യാം, എന്ന രൂപങ്ങൾ വാസ്തവത്തിൽ—

ചെയ്യുവേണം-ചെയ്യ്‌വേണം-ചെയ്യേണം-ചെയ്യേണം-ചെയ്യണം-ചെയ്യു ആവും-ചെയ്യാവും-ചെയ്യാം.

എന്നുള്ള ഉൽപത്തിപ്രകാരം 'വേൺ' എന്ന വിധിധാതുവിന്റെയും ആവുക എന്ന അഭേദക്രിയയുടെയും ഭാവിരൂപങ്ങളുടെ അനുപ്രയോഗങ്ങളാണെന്നു

നിർവിവാദം തന്നെ. എന്നാൽ ഇവ 'ചെയ്തിടുന്നു', 'ചെയ്തുകൊള്ളുന്നു' ഇത്യാദി മററനുപ്രയോഗങ്ങളെപ്പോലെ എളുപ്പത്തിൽ കണ്ടു മനസ്സിലാക്കാവുന്നവയല്ല. ശബ്ദരൂപം കണ്ടാലറിയാത്ത വിധം തേഞ്ഞുപോയി, അർത്ഥത്തിനും മററ അനുപ്രയോഗങ്ങളെക്കാൾ വളരെ ഭേദമുണ്ടു. 'ചെയ്തുകൊള്ളുന്നു', 'ചെയ്തുപോയി', 'ചെയ്തിരിക്കും' ഇത്യാദി അനുപ്രയോഗങ്ങളെല്ലാം പ്രാക്പ്രയോഗം, ധാതുവിൻെറ അർത്ഥത്തെ ഒരു ക്രിയാവിശേഷണംപോലെ വിശേഷിപ്പിക്കുന്നതേയുള്ളു. വേൺ, ആവുക ഇതുകൾ അങ്ങനെയല്ല; വിധി, അനുജ്ഞ എന്ന പ്രധാനാർത്ഥങ്ങളെ ചേർക്കുകയാണു ചെയ്യുന്നതു. എന്നുമാത്രമല്ല, 'വേൺ' ഖിലധാതുവാണെന്നു സമാധാനപ്പെടാമെന്നിരിക്കട്ടെ. ഖിലധാതുവല്ലാത്ത ആ വകയ്ക്കും മററനുപ്രയോഗങ്ങളെപ്പോലെ എല്ലാരൂപങ്ങളിലും പ്രയോഗമില്ല. ഇതിനുംപുറമേ, മററനുപ്രയോഗങ്ങൾക്കു മേൽ 'വേൺ', 'ആവുക' കളെ നിത്യമായി. ചേർക്കാനുണ്ടു. ചെയ്തുകൊള്ളണം, ചെയ്തുകൊള്ളാം, ചെയ്തിരിക്കണം, ചെയ്തിരിക്കാം ഇത്യാദി. ഇതെല്ലാംകൊണ്ടു 'വേൺ'—'ആവുക', കളെ കേവലം അനുപ്രയോഗത്തിൻെറ നിലയിൽ വച്ചാൽ പോരെന്നു സ്പഷ്ടമാകുന്നു. ആദ്യകാലത്തിൽ ഇവ അനുപ്രയോഗങ്ങൾ തന്നെ ആയിരുന്നെങ്കിലും ക്രമേണ തേഞ്ഞുതേഞ്ഞു, അർത്ഥത്തിലും പ്രാധാന്യം ലഭിച്ചു ഇപ്പോൾ പ്രത്യയങ്ങളുടെ നിലയിൽ വന്നുചേർന്നിരിക്കുന്നു.

ചെയ്യ + അണം = ചെയ്യണം; + ആം = ചെയ്യാം.
കേൾ + അണം = കേൾക്കണം; + ആം = കേൾക്കാം.
വര് + അണം = വരണം; + ആം = വരാം.
ഇരി + അണം = ഇരിക്കണം; + ആം = ഇരിക്കാം.

ഇത്യാദി ഇത്യാദി

എന്നാൽ 'ചെയ്യവേണം', 'ചെയ്കയാം', 'പറയവേണം', 'പറകയാം' എന്നു ഇന്നും ഇവയെ പിരിച്ചു പ്രയോഗിക്കാറില്ലെന്നില്ല. പക്ഷേ അതു കവിതകളിലും മററുമല്ലാതെ സംഭാഷണഭാഷയിൽ നടപ്പില്ല. കവിതകളിൽ മാത്രം ഉപയോഗമുള്ള സമ്പ്രദായത്തെ പ്രമാണമാക്കി എടുക്കുന്നപക്ഷം 'അവനുടയ' എന്നു 'അവൻെറ' എന്നതിനു പകരം ആദികാലത്തെ രൂപം കവികൾ പ്രയോഗിക്കാറുള്ളതിനാൽ 'ഉടെ' എന്ന സംബന്ധികാ (ഷഷ്ഠി) പ്രത്യയവും പ്രത്യയമല്ലെന്നു കല്പിക്കേണ്ടിവരും. മററുഭാഷകളിലും ഈ മാതിരി തേഞ്ഞ പദങ്ങളെ പ്രത്യയങ്ങളായി സ്വീകരിച്ചിട്ടുണ്ടു. സംസ്കൃതത്തിലെ ലുട് എന്ന ലകാരം നോക്കുക.

| | | |
|---|---|---|
| ഭവിതാ— | ഭവിതാരൌ— | ഭവിതാരഃ |
| ഭവിതാസി— | ഭവിതാസ്ഥഃ— | ഭവിതാസ്ഥ |
| ഭവിതാസ്മി— | ഭവിതാസ്വഃ— | ഭവിതാസ്മഃ |

ഇതെല്ലാം തൃജന്തത്തിൽ അസധാതുവിൻെറ ലട്ടിലെ രൂപങ്ങൾ ചേർത്തുണ്ടാക്കിയതാണെന്നു ഭാഷാശാസ്ത്രനിപുണന്മാർക്കു സ്പഷ്ടമാണു. എന്നാലും

പാണിനി ലൃട്ടിനെ ഒരു ലകാരമായിട്ടല്ലയോ സ്വീകരിച്ചതു? ആയിനാൽ 'ചെയ്യണം' 'ചെയ്യാം', എന്ന രൂപങ്ങളിലെ 'അണം', 'ആം' എന്നവകളേയും പ്രത്യയങ്ങളാക്കുന്നതിനു നല്ല ന്യായമുണ്ടു.

എന്നുമാത്രമല്ല, ചെയ്യട്ടെ, ചെയ്യിൻ എന്ന രൂപങ്ങളെ അനുപ്രയോഗങ്ങളുടെ കൂട്ടത്തിൽ ഗണിക്കുന്നതിനു, ഒരു നിർവാഹവുമില്ല. ഗുണ്ടർട്ട് ഇതിനെ വിധിനിയോഗരൂപം എന്നു പറഞ്ഞതല്ലാതെ അതിനു ഒരു പ്രത്യേകസ്ഥാനവും കല്പിച്ചില്ല. ആയിനാൽ 'ചെയ്യണം', 'ചെയ്യാം', 'ചെയ്യട്ടെ', എന്ന ഈ മൂന്നുവിധം ക്രിയാപദരൂപങ്ങൾക്കു ഒരു സ്ഥാനംകൊടുക്കാൻവേണ്ടി 'പ്രകാരം', എന്നു ഒരു പുതിയ, ഇനം കല്പിക്കേണ്ടിവന്നു. ഇതു ഇംഗ്ലീഷിൽ Mood എന്ന വിഭാഗത്തിനു എതിരായിരിക്കുന്നതിനാൽ ആ ഛായപിടിച്ചു പ്രകാരം എന്ന പേരും കൊടുത്തു.

ശേഷമുള്ള പുതിയ പേരുകളെല്ലാം ഇതുപോലെ വ്യാപകങ്ങളല്ല; ഓരോ ഒററപ്പേരുകളെന്നേയുള്ളൂ. പ്രകൃതവ്യാകരണത്തിൽ പേരുകൾ കൊടുക്കുന്ന വിഷയത്തിൽ ആവശ്യപ്പെട്ട സംജ്ഞ സംസ്കൃതത്തിലുണ്ടെങ്കിൽ അതിനെത്തന്നെ ഉപയോഗിക്കുക എന്നാണ ഏർപ്പാടു ചെയ്തിട്ടുള്ളതു. അധ്യാഹാര്യം, അനുപ്രയോഗം, കരണം, കാരകം, ചർക്കരിതം, ഖിലധാതു, പൂരണപ്രത്യയം, ധാതു, ഭേദകം, മധ്യമം, രൂപാവലി, ശിക്ഷ, പരിനിഷ്ഠ, നിരുക്തം, നിപാതം, നിഷേധം, പ്രകൃതി, ലിപി, വർണ്ണം, അക്ഷരം, വിവൃതം, സംവൃതം, സർവനാമം ഇത്യാദി പദങ്ങളെ സ്വീകരിച്ചതു ഈ നിയമം അനുസരിച്ചാണ്. സംവൃതത്തിനു സായ്പന്മാരുടെ 'അരയുകാരം' എന്നു പേർ സിദ്ധിച്ചാൽ വിവൃതമായ മുററുകാരത്തിനു ഹ്രസ്വത്തിന്റെ ഒരു മാത്രയുള്ളതനുസരിച്ച്, സംവൃതമായ അരയുകാരത്തിനു അരമാത്രയേയുള്ളു എന്നു ഭ്രമം വന്നേക്കാം. എന്നാൽ വൃത്തങ്ങളിൽ അതിനു മുററുകാരംപോലെതന്നെ ഒരു മാത്ര തികച്ചു വകവച്ചിട്ടുമുണ്ടു. അതിനാൽ മാത്രയിലല്ലാ ഉച്ചാരണസമ്പ്രദായത്തിലാണു ഭേദമെന്നു കാണിപ്പാൻ പേർ മാററി, എന്നല്ല സംസ്കൃതത്തിൽ ഈമാതിരി ഒരു വ്യത്യാസമുണ്ടു; പക്ഷേ അതു ഉകാരത്തിനല്ല അകാരത്തിനാണ്, അതിനു സംവൃതവിവൃതങ്ങൾ എന്നു പേർ ഏർപ്പെട്ടിട്ടുമുണ്ടു. പ്രാചീനന്മാർ പേർ ഏർപ്പെടുത്തിട്ടുള്ളിടത്തെല്ലാം അതിനെ ഉപയോഗിക്കുകതന്നെ നന്നു എന്നുള്ള അഭിപ്രായം മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സർവനാമം എന്ന സംസ്കൃതസംജ്ഞ അത്യുത്തമമാണ്. അതനുസരിച്ചു ഇംഗ്ലീഷിലും പേർ ചെയ്കയായിരുന്നു വേണ്ടതെന്നു ഇംഗ്ലീഷുകാർ തന്നെ സമ്മതിച്ചിരിക്കെ ഇംഗ്ലീഷിലെ Pronoun എന്ന പേരിനെ തർജ്ജമചെയ്തു 'പ്രതിസംജ്ഞാനാമം', എന്നു നാമകരണം ചെയ്തതു അത്യന്തം അയുക്തമല്ലയോ? ഇംഗ്ലീഷിലെ Strong, Weak എന്ന വിഭാഗമനുസരിച്ചു 'ബലക്രിയ', 'അബലക്രിയ', എന്നു പേരിട്ടതും ഇതുപോലെ ഇംഗ്ലീഷിലെ ഭാഷാശാസ്ത്രപണ്ഡിതന്മാർക്കുതന്നെ രുചിച്ചിട്ടില്ലാത്തതിനാൽ ത്യാജ്യമായി വന്നു.

ഭാഷാവ്യാകരണത്തിനു ആവശ്യപ്പെട്ട പദം സംസ്കൃതവ്യാകരണത്തിലില്ലാതെ പോയാൽ സംസ്കൃതവൈയാകരണന്മാർ സംജ്ഞാകരണത്തിൽ ചെയ്തിട്ടുള്ള രീതിയെ അനുസരിച്ചു പേരിടുകയാണ ഇവിടെ ചെയ്തിട്ടുള്ളതു. സംസ്കൃതത്തിൽ കൎത്താ, കൎമ്മം, കരണം, കൃത്തു ഇത്യാദികളെല്ലാം കൃധാതുവിന്റെ ആവശ്യപ്പെട്ട രൂപത്തെത്തന്നെ സംജ്ഞയാക്കുക എന്ന ഏൎപ്പാടിൻ പ്രകാരം ഉത്ഭവിച്ചവയാണ. ആ ഛായ പിടിച്ചാണ ഇവിടെ കാരിതം അകാരിതം, കരോതി, കവ്ത്തു ഇത്യാദി സംജ്ഞകൾ ചെയ്തതു. 'ഭവന്തി, 'ഭവിഷ്യന്തി, 'സൽ, ഇത്യാദി സാംസ്കൃതസംജ്ഞകളുടെ അനുകരണമാണ് തദ്വത്തു, തന്മാത്രം ഇത്യാദി സംജ്ഞകളുടെ മൂലം. Subordinate, Priucipal എന്ന വിഭാഗം പലെടത്തും ആവശ്യമുള്ളതിനാൽ എല്ലായിടത്തും ഒന്നുപോലെ ഉപയോഗിക്കാവുന്ന രണ്ടു സംജ്ഞകൾ അതുകൾക്കു ആവശ്യപ്പെട്ടതുനിമിത്തം 'അംഗം, 'അംഗി, എന്ന പദങ്ങളെ സംസ്കൃതാനുസാരേണ സ്വീകരിക്കേണ്ടിവന്നു. 'അംഗക്രിയ, 'അംഗിക്രിയ, 'അംഗവാക്യം, 'അംഗിവാക്യം, 'നാമാംഗം, 'ക്രിയാംഗം, ഇത്യാദികളുടെ ഉത്ഭവം ഇതിൽ നിന്നാകുന്നു. ഇതിനാൽ 'പൂൎണ്ണക്രിയ, 'അപൂൎണ്ണക്രിയ, എന്ന പഴയ പേരുകളെ ഉപേക്ഷിക്കേണ്ടിവന്നു.

ഇനി നാമകരണപ്രസ്താവത്തിൽ ഒരു സംഗതി പ്രത്യേകിച്ചു എടുത്തുപറയേണ്ടതുണ്ട്. മലയാളം ഒരു ദ്രാവിഡഭാഷയാകയാൽ അതിന്റെ വ്യാകരണം സംസ്കൃതവ്യാകരണത്തോടല്ല, തമിഴ്വ്യാകരണത്തോടാണ് അധികം യോജിക്കുന്നതു; അതിനാൽ തമിഴ്വ്യാകരണത്തിലെ സാങ്കേതികപദങ്ങളെ ഉപയോഗിക്കയാണ ഭാഷാവൈയാകരണനു അധികം എളുപ്പവും ന്യായവും. എന്നാൽ മലയാളികൾക്കു തമിഴ്പ്പദങ്ങളല്ല, സംസ്കൃതപദങ്ങളാണ അധികപ്രിയം എന്നു വന്നുഭവിച്ചിരിക്കുന്നു. ഇതു വൈയാകരണനു ഒരു ധൎമ്മസങ്കടമാണു. ഈ ഘട്ടത്തിൽ ജനരഞ്ജന മോഹിച്ചു സംസ്കൃതപദങ്ങളെത്തന്നെ ഇവിടെ അധികം ഉപയോഗപ്പെടുത്തി എങ്കിലും സംസ്കൃതത്തിൽ ഭാഷാരീതിഭേദത്താൽ നല്ല പദമില്ലെന്നും തമിഴിലുണ്ടെന്നും വന്നിട്ടുള്ള ചില സ്ഥലങ്ങളിൽ രണ്ടുവകപ്പദങ്ങളേയും പൎയ്യായങ്ങളായി സ്വീകരിച്ചു. ആ മാതിരി സ്ഥലങ്ങളിൽ തമിഴ്പ്പദങ്ങൾ തന്നേ സ്വീകരിക്കപ്പെടേണ്ടവ എന്നാണഭിപ്രായം. അതിനു ശറിക്കുന്നവരുണ്ടെങ്കിൽ അവർ കൃത്രിമമായുണ്ടാക്കീട്ടുള്ള സംസ്കൃതപദങ്ങളെ ഉപയോഗിച്ചുകൊള്ളട്ടെ.

| | | | |
|---|---|---|---|
| തമിഴ് | സംസ്കൃതം | | |
| മുററുവിന | കരോതി | അല്ലെങ്കിൽ | അംഗിക്രിയ |
| പററുവിന | കവ്ത്തു | ടി | അംഗക്രിയ |
| വിനയെച്ചം | ക്രിയാംഗം | | |
| പേരെച്ചം | നാമാംഗം | | |
| മുൻവിനയെച്ചം | പൌൎവ്വകാലികം | | |

| | |
|---|---|
| പിൻവിനയെച്ചം | താദൎത്ഥികം |
| ചുട്ടെഴുത്തു | വിവേചകം |
| ഇടനില | ആഗമം. |

ഇത്യാദി പൎയ്യായപദങ്ങൾ ഉപയോഗിപ്പാനിടയായതു മേൽ വിവരിച്ച കാരണത്താലാകുന്നു. വിനയെച്ചം പേരെച്ചം, എന്നതുകൾക്കു ക്രിയാന്യൂനം, ശബ്ദന്യൂനം എന്നു സായിപ്പന്മാർ കൊടുത്ത പേരുകൾ സംസ്കൃതപ്രകാരം വിവക്ഷിതാൎത്ഥത്തെ കുറിക്കാത്തതിനാൽ ഉപേക്ഷിക്കപ്പെട്ടു. ക്രിയയെ കുറിക്കുന്ന ശബ്ദത്തിനു ക്രിയ എന്നുതന്നെ പേർ ചെയ്താൽ ശബ്ദത്തെയും അൎത്ഥത്തെയും വേർതിരിച്ചു കാണിക്കുന്നതിനു നിൎവ്വാഹമില്ലെന്നു വരുന്നതിനാൽ ക്രിയ എന്ന പഴയ പേർ തള്ളി കൃതി എന്നു പതിയ പേർ കല്പിച്ചിരിക്കുന്നു. ഇതുപോലെ ശേഷമുള്ളതിനും തക്ക സമാധാനമുണ്ടു്. ഓരോന്നും പ്രത്യേകം എടുത്തുപറഞ്ഞു ഈ സൂചീവിവരണത്തെ ഇതിലധികം നീട്ടിയിട്ടു ആവശ്യമില്ലെന്നു തൽക്കാലം വിരമിക്കുന്നു.

ഗ്രന്ഥകൎത്താ.

———:o:———

# മദ്ധ്യമവ്യാകരണം

## പ്രാരംഭം

ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു തന്റെ മനസ്സിൽ തോന്നുന്നതിനെ മറ്റൊരുവനെ ഗ്രഹിപ്പിക്കാൻ കഴിയും എന്നുള്ളതാകുന്നു മനുഷ്യനു പക്ഷിമൃഗാദികളേക്കാൾ ഉള്ള ഒരു വിശേഷം. ഇങ്ങനെ അൎത്ഥമുള്ള ശബ്ദം പുറപ്പെടുവിക്കുന്നതിനു സംസാരിക്കുക എന്നും, ആ ശബ്ദങ്ങളുടെ സമൂഹത്തിനു ഭാഷ എന്നും പേരുകൾ. പക്ഷിമൃഗാദികളും ശബ്ദം പുറപ്പെടുവിക്കാറുണ്ടു്. എന്നാൽ അതിനു സംസാരിക്കവയ്യാ. നിങ്ങൾക്കു വിശക്കുമ്പോൾ നിങ്ങൾ ഓടി അടുക്കളയിൽചെന്നു് 'ഊണുകാലമായോ' എന്നു ചോദിക്കുന്നു. നിങ്ങൾ വളൎത്തുന്ന പട്ടിക്കാകട്ടെ കിളിക്കാകട്ടെ, അതുപോലെ തനിക്കു വിശക്കുന്നു എന്നുള്ള സംഗതി അന്യനെ പറഞ്ഞു മനസ്സിലാക്കാൻ കഴിയുന്നില്ല. ആദ്യകാലത്തു പ്രായംചെന്നവർ സംസാരിക്കുന്നതു കേട്ടു കുഞ്ഞുങ്ങൾ ഭാഷ മനസ്സിലാക്കുന്നു. രാമൻ കൃഷ്ണനോടു "പശുവിനെ കൊണ്ടുവാ" എന്നു പറയും; അടുക്കൽ കിടക്കുന്ന കുട്ടി ഈ സംസാരം കേൾക്കും; ഉടൻ കൃഷ്ണൻ കൊണ്ടുവരുന്ന ജന്തുവിനേയും കാണും; അപ്പോൾ ആ കുട്ടിക്കു 'പശു' എന്നുള്ള ശബ്ദത്തിന്റെ അൎത്ഥഗ്രഹണം ഉണ്ടാകുന്നു. ഈ മട്ടിലാണു കുട്ടികൾ ഭാഷയെ ഗ്രഹിക്കുന്നതു്. ബാലനു പ്രവൃത്തികൾ അധികമൊന്നും ഇല്ലാത്തതിനാലും ബാല്യദശയിൽ ജിജ്ഞാസ അധികമാകയാലും ഭാഷാഗ്രഹണം കുട്ടികൾക്കു് അത്ര ശ്രമമായിത്തോന്നുകയില്ല. എത്ര ബുദ്ധികുറഞ്ഞ കുട്ടികളും മൂന്നുനാലുവയസ്സാകുമ്പോഴേക്കു തങ്ങളുടെ വീട്ടിൽ സംസാരിച്ചുവരുന്ന ഭാഷ സാധാരണ മന-

സ്സിലാക്കിക്കൊണ്ടെന്നുണ്ട്. എന്നാൽ ഈമാതിരിയിലുള്ള ഭാഷാഭ്യാസംകൊണ്ട് ഒരുവന് അത്യാവശ്യമുള്ള കാൎയ്യങ്ങൾ സംസാരിക്കാൻ മാത്രമല്ലാതെ വലിയ സംഗതികളെപ്പററി പ്രസംഗിക്കാനും മററും ശേഷിയുണ്ടാകയില്ല.

ബാലൻെറ ഭാഷാജ്ഞാനം അടുത്തുനിൽക്കുന്നവരോടു സംസാരിപ്പാനേ ഉതകുന്നുള്ളൂ. ദൂരസ്ഥന്മാരോടു സംസാരിക്കണമെങ്കിൽ എഴുത്തു പഠിക്കണം. ശബ്ദരൂപമായ ഭാഷയെ ചില അടയാളങ്ങളെക്കൊണ്ടു കടലാസിലും മററും വരച്ചുകാണിക്കുന്നതാണ് 'എഴുത്ത്' അല്ലെങ്കിൽ ലിപി. ഭാഷയെ അപ്പോൾ സംസാരിച്ചും എഴുതിയും ഉപയോഗിക്കാം. എഴുത്തിൽ ഇരിക്കുന്ന ഭാഷയ്ക്കു വരമൊഴി എന്നും, സംസാരത്തിനുള്ളതിനു വായ്മൊഴി എന്നും നാമകരണം ചെയ്യാം. വായ്മൊഴിയെക്കാൾ വരമൊഴിക്കു പ്രാധാന്യമുണ്ട്. നാം നേരെ ഒരുവനോടു സംസാരിക്കുമ്പോൾ കൈകൊണ്ടും മററും ചില ആംഗ്യങ്ങൾ കാണിച്ചിട്ടും അവനെ സംഗതി മനസ്സിലാക്കാം. എന്നു മാത്രമല്ല അവനു കാൎയ്യം മനസ്സിലാകുന്നതുവരെ പറഞ്ഞതിനെത്തന്നെ ആവൎത്തിച്ചു പറകയും മററും ചെയ്യാം. ഒരു പുസ്തകമെഴുതുന്നതിൽ ഈവക സഹായമൊന്നുമില്ല. അതിനാൽ സംഗതിയെ നല്ലവണ്ണം സ്പഷ്ടപ്പെടുത്തി തെററിദ്ധരിച്ചുപോകാൻ ഇടവരാത്ത മട്ടിൽ വൃത്തിയായി എഴുതേണ്ടിവരുന്നു. അതു ഭാഷ പഠിക്കുകയും എഴുതിപ്പരിചയിക്കുകയും ചെയ്താലേ സാധിക്കുകയുള്ളൂ. വായ്മൊഴി തൽക്കാലത്തേക്കല്ലാതെ പിൽക്കാലത്തേക്ക് ഉപകരിക്കുന്നതല്ല. പണ്ടു പണ്ടേ ജീവിച്ചിരുന്ന മഹാന്മാരുടെ വിചാരങ്ങൾ വരമൊഴിയിൽ ഇന്നും നമുക്ക് ഉപയോഗപ്പെടുന്നു.

ഭാഷകൾ പലതരമുണ്ട്. തുലുക്കൻ, ഗോസായി, ചാണ്ടിക്കാരൻ, സായ്പ് ഇവരെല്ലാം വേറേ വേറെഭാഷകളാണു സംസാരിക്കുന്നത്. ഓരോ സംഘക്കാൎക്കും ഓരോ നാട്ടുകാൎക്കും പ്രത്യേകം ഭാഷകളുണ്ട്. നാം സംസാരിക്കുന്ന ഭാഷയ്ക്കു മലയാളഭാഷ എന്നുപേർ. ഒരുഭാഷ തെററുകൂടാതെ എഴുതുകയും വായിക്കുകയും ചെയ്യണമെങ്കിൽ നാം ആ ഭാഷയുടെ നിയമങ്ങളെ എല്ലാം ഗ്രഹിക്കണം.

'വരുക' എന്നുള്ള ഒരു ക്രിയയേ കുറിക്കുന്ന ശബ്ദത്തെ നാം—'വരുന്നു', 'വന്നു', 'വരും', 'വരേണ്ട', 'വരു', 'വരിൻ', 'വാ', 'വരാൻ', 'വരുകിൽ', ഇത്യാദി പല രൂപങ്ങളായി പ്രയോഗിക്കുന്നു. 'ഇളക' എന്ന ശബ്ദം എടുത്തുനോക്കിയാൽ അതിനും ഇതുപോലെ എല്ലാവിധ രൂപങ്ങളുമുണ്ടെങ്കിലും 'ഇളകി', 'ഇളകും', 'ഇളകേണ്ട', 'ഇളകു'. 'ഇളകിൻ', 'ഇളക', 'ഇളകാൻ', 'ഇളകുകിൽ'; എന്നുള്ള രൂപങ്ങളിൽ 'വന്നു', എന്നതിനോടു യോജിച്ച 'ഇളന്നു', എന്നല്ല 'ഇളകി', എന്നാണ് കാണുന്നതു്. ഇതുപോലെ 'രാമൻ', എന്നും 'ഹരി' എന്നും ഉള്ള പദങ്ങളെ പ്രയോഗിക്കുമ്പോൾ 'രാമൻെറ', എന്ന രൂപത്തിൻെറ സ്ഥാനത്തു 'ഹരിൻെറ' എന്നു പറയാതെ 'ഹരിയുടെ' എന്നു നാം പറയുന്നു. ഈമാതിരിമാററങ്ങൾ വരുന്നതെല്ലാം ചില വ്യവസ്ഥകൾഅനുസരിച്ചാണ്. ആ വ്യവസ്ഥകളെ പ്രതിപാദിക്കുന്ന ശാസ്ത്രത്തിനു് **വ്യാകരണം** എന്നുപേർ. ഇപ്പോൾ നാം ആരംഭിക്കുന്ന പുസ്തകം മലയാളഭാഷയുടെ വ്യവസ്ഥകളെപ്പററി പ്രതിപാദിക്കുന്നതാകയാൽ ഒരു **മലയാളവ്യാകരണം** ആകുന്നു.

നാം ഒരു ഗൃഹത്തെപ്പററി ഒരു വിവരണമെഴുതുകയാണെങ്കിൽ അതു രണ്ടുവിധം ആകാം;(ക)ഗൃഹം എന്നാൽ നാലുപുറവും കൃത്രിമമായി അടവുകൾ ഉണ്ടാക്കി മേൽഭാഗവും മൂടീട്ടുള്ള ഒരു സ്ഥലമാകുന്നു. നാലുപുറവുമുള്ള അടവുകൾക്കു ഭിത്തി എന്നു പേർ; മേൽഭാഗം ചരിവായുള്ള ക്കൂരയോ വെണ്മാടമോ ആയിട്ടു് ആവാം; ഭിത്തികൾ പ്രായേണ കല്ലുകൊണ്ടോ ഇഷ്ടികകൊണ്ടോ ചമയ്ക്കപ്പെടുന്നു; മേൽക്കൂര മരംകൊണ്ടും, വെണ്മാടം കല്ലുകൊണ്ടും ഉണ്ടാക്കപ്പെടുന്നു. ഇതിൽ കല്ലുകൾ വെട്ടുകല്ലു, കരിങ്കല്ലു് എന്നുപലമാതിരിയുണ്ടു്. മരത്തിലും തേക്കു് ആഞ്ഞിലി ഇത്യാദി പല വകഭേദമുണ്ടു്. ഇവയെല്ലാം ചേക്കുന്നതും പലവിധത്തിലാവാം. (ഖ) കല്ലു, ഇഷ്ടിക മുതലായതു കെട്ടിച്ചേത്തുണ്ടാക്കുന്ന മറയ്ക്കു ഭിത്തി എന്നു പേർ; മരംകൊണ്ടും മററും മേൽഭാഗത്തെ മൂടുന്നതിനു ചെയ്യുന്ന വേലത്തരത്തിനു ക്കൂര എന്നു പേർ. ഇവരണ്ടും ചേത്തുണ്ടാക്കിയാൽ അതു ഗൃഹമായി.

ഈ രണ്ടുവിധമായുള്ള വിവരണരീതികളും പരസ്പരം വിപരീതങ്ങളാണെന്നു സ്പഷ്ടമാണല്ലോ. ആദ്യത്തേതിൽ നാം പ്രകൃതമായ വസ്തുവിനെ എടുത്ത് അഴിച്ചുനോക്കി തരംതിരിച്ച് ഓരോ ഏറ്റങ്ങളെ വീണ്ടും തരംപ്പെടുത്തി അതുകളുടെ ആഗമത്തേയും മററും കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. രണ്ടാമത്തേതിലാകട്ടെ, അഴിഞ്ഞ് അങ്ങുമിങ്ങും കിടക്കുന്ന പദാൎത്ഥങ്ങളെ എടുത്തുചേൎത്തു പ്രകൃതവസ്തുവിനെ കെട്ടിച്ചമച്ചു കാണിച്ചുകൊടുക്കുന്നു. ഈ സംഗതിതന്നെ മറെറാരുവിധത്തിൽ പറയാം. ആദ്യത്തേതിൽ നാം അംഗിയിൽനിന്ന് അംഗങ്ങളിലേക്കു പ്രവേശിക്കുന്നു. രണ്ടാമത്തേതിൽ അംഗങ്ങളെച്ചേൎത്തു അംഗിയെ നിൎമ്മിക്കുന്നു. ഇവയിൽ ആദ്യത്തെ രീതിക്ക് അപഗ്രഥനരീതി എന്നും രണ്ടാമത്തേതിന് ഉൽഗ്രഥനരീതി എന്നും പേരുകൾ. ശാസ്ത്രഗ്രന്ഥമെല്ലാം ഇവയിൽ ഏതുരീതിയിലും എഴുതാം. അതിനാൽ ഭാഷാശാസ്ത്രമായ വ്യാകരണത്തിനും രണ്ടു രീതികൾ ആവാം. ആദ്യമായി ഒരു ശാസ്ത്രത്തിൽ പ്രവേശിക്കുന്നവന് അപഗ്രഥനരീതിതന്നെയാണ് ഉത്തമം; ഒരു സ്ഥൂലജ്ഞാനമുള്ളവനാകട്ടെ ഉൽഗ്രഥനരീതി കുറച്ചുകൂടി എളുതായിത്തോന്നും. രണ്ടുരീതിയിലുമുള്ള ഗ്രന്ഥം വായിച്ചാൽ അപ്പോൾ ഒരുവനു സംഗതി പൂൎണ്ണമായി ഗ്രഹിക്കാൻ ഇടയാകുമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. അതിനാൽ അപഗ്രഥനരീതിയിൽ ചമച്ച പ്രഥമവ്യാകരണം വായിച്ചിട്ടുള്ള നിങ്ങൾക്കു ഈ മധ്യമവ്യാകരണം മറെറാരീതിയിലായാൽ അധികം ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിച്ച് ഈ പുസ്തകത്തെ ഉൽഗ്രഥനരീതിയിൽ എഴുതുന്നു.

---

## ഭാഷാസ്വരൂപം

---

ചരിത്രസംക്ഷേപം—ഭാഷയെ സംസാരിക്കുന്ന ജനങ്ങൾക്കുള്ളതുപോലെ ഭാഷയ്ക്കും വൎഗ്ഗഭേദമുണ്ട്. നാം മലയാളികളെന്ന വൎഗ്ഗത്തിൽ ചേൎന്നവരാണല്ലോ. നമ്മുടെ ഭാഷ

ദ്രാവിഡശാഖയിൽപെട്ടതാണ്. ആ ശാഖയിൽ മലയാളത്തിന്നു പുറമേ തമിഴ്, തെലുങ്ക്, കർണ്ണാടകം, തുളു എന്ന നാലു പ്രധാനഭാഷകൾ ഉണ്ട്. ഇവയെല്ലാം തങ്ങളിൽ സഹോദരസംബന്ധമാണ്. തമിഴ് ജ്യേഷ്ഠസഹോദരിയും മലയാളം കനിഷ്ഠസഹോദരിയും അത്രെ. ആദികാലത്തിൽ മലയാളഭാഷ ജ്യേഷ്ഠസഹോദരിയായ തമിഴിന്റെ സംരക്ഷണയിൽ തന്നെ ഇരുന്നു. തമിഴിന്റേതല്ലാതെ സ്വന്തമായി ഒരു അക്ഷരമാലതന്നെ മലയാളത്തിന്നു ഉണ്ടായിരുന്നില്ല. കാലക്രമേണ 'വട്ടെഴുത്ത്' 'കോലെഴുത്ത്' എന്നിങ്ങനെ തമിഴിൽനിന്ന് ഏറെ ഭേദപ്പെടാത്ത അക്ഷരമാലകൾ ഉണ്ടായി; ഈ ബാല്യസ്ഥിതിയിൽ ഇരുന്ന മലയാളത്തിൽ എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ ഇപ്പോൾ ഇല്ലെന്നുതന്നെ പറയാം; ചില വൈദിക വിഷയത്തിലുള്ള പാട്ടുകൾ മാത്രം അങ്ങുമിങ്ങും കാണുന്നുണ്ട്. പിന്നിട്ട ബാല്യദശ കഴിഞ്ഞിട്ടും മലയാളത്തിന്റെ രക്ഷാകർത്തൃസ്ഥാനം തമിഴിനുതന്നെ ആയിരുന്നതിനാൽ അതിനു സ്വാതന്ത്ര്യം കാണിക്കാൻ ഇടകിട്ടിയതില്ല. വേഷവും സമ്പ്രദായവും ആചാരവുമെല്ലാം തമിഴിനുള്ളതു തന്നെ; കവിത എല്ലാം തമിഴ്പാട്ട് അനുസരിച്ചു ചെയ്തുവന്നു. കവികൾ ആവശ്യപ്പെട്ട പദങ്ങളേയും ചമൽക്കാരരീതികളേയും തമിഴിൽനിന്നുതന്നെ സ്വീകരിച്ചുപോന്നു. ഈ കൌമാരാവസ്ഥയിൽ ഇരുന്ന കാലത്തുണ്ടായ ചില പുസ്തകങ്ങൾ ഇപ്പോഴും നടപ്പുണ്ട്. ഇക്കാലത്തെ മലയാളത്തിനു പഴയമലയാളമെന്നു പേരിടാം; ആരംഭാവസ്ഥയിലുള്ള മുൻ പറഞ്ഞതിനു ആദ്യമലയാളമെന്നും പേർ ചെയ്യാം. 'രാമചരിതം' പഴയമലയാളത്തിന്റെ ആരംഭത്തിലുണ്ടായിട്ടുള്ളതും 'കണ്ണശ്ശരാമായണം' അതിന്റെ അവസാനകാലത്തുണ്ടായിട്ടുള്ളതുമാകുന്നു.

കണ്ണശ്ശപ്പണിക്കരുടെ കാലത്തിന് ഇപ്പുറമുള്ള മലയാളമാണ് ഇപ്പോഴത്തെ മലയാളം; അതു് ഇന്നും നാം ഉപയോഗിച്ചുവരുന്ന ഭാഷയാകയാൽ അതിനു വിശേഷിച്ചു പേരൊന്നും വേണമെന്നില്ല. പൂർവ്വസ്ഥിതിയിൽനിന്നും അതു വളരെ ഭേദിച്ചതാണ്. അതിലേയ്ക്കുള്ള കാരണം സംസ്കൃതത്തിന്റെ സംസ-

ർഗ്ഗവും ആകുന്നു. പഴയമലയാളം നടപ്പായിരുന്നകാലത്തുതന്നെ ആര്യന്മാരായ നമ്പൂരിമാർ കേരളത്തിൽ കുടിപാർപ്പ് തുടങ്ങിയിരുന്നെങ്കിലും അവർ നാട്ടുഭാഷയെ ആദരിച്ചിരുന്നില്ല. കാലക്രമത്തിൽ സംസ്കൃതം സംസാരിച്ചിരുന്ന നമ്പൂരിമാരും പഴയമലയാളം സംസാരിച്ചിരുന്ന നാട്ടുകാരും തങ്ങളിൽ കൂടിക്കലൎന്നു തുടങ്ങിയപ്പോൾ രണ്ടുവൎഗ്ഗക്കാരുടേയും ഭാഷചേൎന്നു് ഉളവായ ഒരു മിശ്രഭാഷയാണു ഇപ്പോഴത്തെ മലയാളം. മലയാളഭാഷ യൌവനാരംഭം വരെ തമിഴിന്റെ അധീനത്തിലായിരുന്നുവെന്നു പറഞ്ഞല്ലൊ. അക്കാലത്താണു് സംസ്കൃതത്തിന്റെ സംബന്ധമുണ്ടായതു്. സംബന്ധം എന്നു പറഞ്ഞാൽ സാക്ഷാൽ 'സംബന്ധം' തന്നെ; ഭാൎയ്യാഭൎത്തൃഭാവസംബന്ധം; അന്നു മുതൽ മലയാളഭാഷ ജ്യേഷ്ഠസഹോദരിയായ തമിഴുമായി അകന്നുതുടങ്ങി. എന്താവശ്യം നേരിട്ടാലും ഭൎത്താവിനോടു ചോദിച്ചുവാങ്ങുകയല്ലാതെ തറവാട്ടിൽ നിന്നു എടുക്കുക എന്നുള്ളതു് ഇല്ലാതായി. വിശേഷപദങ്ങൾ, വാചകരീതി, വാക്യഭംഗി, വൃത്തവൈചിത്ര്യം, എന്നുവേണ്ട അക്ഷരമാലപോലും സംസ്കൃതത്തിന്റേതു തന്നെ എന്നായി; സംസ്കൃതത്തിലേ അക്ഷരമാലയേ സ്വീകരിച്ചതോടുകൂടി തമിഴരെക്കുറിച്ചു് അക്ഷരവ്യക്തിയില്ലാത്തവർ എന്നു പരിഹാസവും തുടങ്ങി. സംസ്കൃതത്തിന്റെ അധികാരം ഇത്രയൊക്കെയും മുഴുത്താലും വിവാഹബന്ധം മരുമക്കത്തായപ്രകാരമാകയാൽ ഗോത്രം മാറാൻ സാധിച്ചിട്ടില്ല. മലയാളം ഇന്നും ദ്രാവിഡഗോത്രത്തിൽ തന്നെ ഇരിക്കുന്നതേ ഉള്ളു. സംസ്കൃതത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടും ഇല്ലാതേയും അസംഖ്യം പദങ്ങളെ എടുത്തിട്ടുണ്ടെങ്കിലും, വൃത്തം അലങ്കാരം മുതലായ ആഡംബരങ്ങളെല്ലാം സംസ്കൃതരീതിയിൽ ആയിരുന്നാലും മലയാളഭാഷയുടെ വ്യാകരണത്തെ ഇന്നേവരെ സംസ്കൃതത്തിനു ബാധിക്കാൻ കഴിഞ്ഞിട്ടില്ല. അന്വയക്രമം, വിഭക്തിസംബന്ധം, വിശേഷണവിശേഷ്യങ്ങളുടെ നില, രൂപഭേദം ഇതെല്ലാം തമിഴുവ്യാകരണമനുസരിച്ചു തന്നെ മലയാളവ്യാകരണത്തിലും കാണുന്നു. ചുരുക്കത്തിൽ പറയുന്നതായാൽ തമിഴുവ്യാകരണത്തിലെ നിയമങ്ങളെത്തന്നെ പ്രകൃതി പ്രത്യയങ്ങളിൽ ഇന്ന ഇന്ന ഭാഗങ്ങൾ മാത്രം

മാററണം എന്നു കാണിച്ചുകഴിഞ്ഞാൽ അതായിരിക്കും ഉത്തമമായ ഒരു മലയാളവ്യാകരണം. ഈ സംഗതി എപ്പോഴും ഓൎത്തിരിക്കേണ്ടതാകുന്നു.

ദേശഭേദം—ഇനി ദേശഭേദംകൊണ്ടും ഭാഷയ്ക്കു ചില വ്യത്യാസങ്ങളുണ്ടു്. എന്നാൽ അതു സംസാരിക്കുന്ന നാട്ടാടിഭാഷയെ അല്ലാതെ ഗ്രന്ഥങ്ങളെഴുതുന്ന സാഹിത്യഭാഷയെ അധികം ബാധിച്ചിട്ടില്ല. (൧) വടക്കൻമലയാളം (൨) തെക്കൻ മലയാളം (൩) മധ്യമലയാളം എന്നു പ്രധാനമായി മൂന്നാണ് ദേശഭേദംകൊണ്ടുള്ള വ്യത്യാസം. ഇതു രുചിഭേദത്താലുണ്ടാകുന്ന വ്യത്യാസമാകയാൽ ഒന്നിനേക്കാൾ മററതു നല്ലതെന്നു പറവാനില്ല. എങ്കിലും മധ്യമലയാളമാണു നല്ലതെന്നു പണ്ടേതന്നെ സൎവ്വസമ്മതമാകുന്നു. അതിനുള്ള കാരണവും ദൂരെത്തേടേണ്ടതില്ല. തെക്കൻഭാഷ തമിഴിന്റെ ആക്രമംകൊണ്ടും വടക്കൻ ഭാഷ കൎണ്ണാടകത്തിന്റെ ആക്രമംകൊണ്ടും ദുഷിച്ചുപോയിട്ടുണ്ടു്. നടുക്കുള്ള ഭാഷയ്ക്കാകട്ടെ ഭാഷാന്തരസമ്പൎക്കമില്ലാത്തതിനാൽ ശുദ്ധിയേറും. ഈ മധ്യമലയാളം തന്നേയാണ് സാഹിത്യത്തിൽ എല്ലാദിക്കുകാരും പ്രാധാന്യേന ഉപയോഗിക്കുന്നതെന്നുവരികിലും കവികൾ സ്വാതന്ത്ര്യത്താൽ ചിലപ്പോൾ സ്വന്തനാട്ടിൽ നടപ്പുള്ള വിശേഷപ്രയോഗങ്ങളേയും ഉപയോഗിക്കും. പ്രസിദ്ധനായ കുഞ്ചൻ നമ്പ്യാർ ഭാഷയുടെശുദ്ധിയിൽ ഏറെ ദൃഷ്ടിവച്ചിട്ടില്ല; അദ്ദേഹത്തിന്റെ കൃതികളിൽ ദേശ്യപ്രയോഗങ്ങൾ ധാരാളമുണ്ടു്. സാഹിത്യഭാഷയെ അടിസ്ഥാനമാക്കിയാണ് ഈ വ്യാകരണം എഴുതീട്ടുള്ളതെങ്കിലും പ്രധാനപ്പെട്ട ചില ദേശ്യപ്രയോഗങ്ങളേയും ഇതിൽ സ്വീകരിച്ചിട്ടുണ്ടു്.

## അക്ഷരമാല

ഒരു സംഗതിയെ പൂൎണ്ണമായവിധത്തിൽ പ്രതിപാദിക്കുന്ന ശബ്ദക്കൂട്ടത്തിനു **വാക്യം** എന്നു പേർ പറയുന്നു. ആ ശബ്ദക്കൂട്ടത്തിൽ ഓരോന്നും ഒരു വാക്കു് അല്ലെങ്കിൽ പദം എ-

ന്നു പറയപ്പെടുന്നു. അക്ഷരങ്ങൾ കൂടിച്ചേൎന്നാണ് പദം ഉണ്ടാകുന്നതു്. അക്ഷരം എന്നാൽ ലിപി എന്നു പറയുന്ന ചില വരകളെക്കൊണ്ടു് എഴുതിക്കാണിക്കാവുന്ന ഒച്ച- ഒരു ഭാഷയിൽ ഉപയോഗമുള്ള എല്ലാ അക്ഷരങ്ങളും കൂടിയതിന് അതു ഭാഷയിലെ അക്ഷരമാല എന്നു പേരിട്ടിരിക്കുന്നു. മലയാളത്തിലെ അക്ഷരമാല താഴെ വിവരിക്കുന്ന പ്രകാരമാകുന്നു.—

൧ അ ഇ ഉ (ഋ) (ഌ) എ ഒ
ആ ഈ ഊ (ൠ) (ൡ) ഏ ഓ ഐ ഔ

൨ ക ച ട ത പ യ ശ ള
ഖ ഛ ഠ ഥ ഫ ര ഷ ഴ
ഗ ജ ഡ ദ ബ ല സ റ
ഘ ഝ ഢ ധ ഭ വ ഹ ഩ
ങ ഞ ണ ന മ — — —

൧ ഇതിൽ (൧) എന്നക്കമിട്ട ൰൬ അക്ഷരങ്ങളെ സ്വരം എന്നും (൨) എന്നക്കമിട്ട ൩൰൭ എണ്ണങ്ങളെ വ്യഞ്ജനം എന്നും പറയുന്നു. സ്വരം എന്നാൽ സ്വരിക്കുന്നതു് — ശബ്ദിക്കുന്നതു് — എന്നൎത്ഥം; വ്യഞ്ജനം വ്യഞ്ജിപ്പിക്കുന്നതു് — വേർതിരിച്ചു പ്രകാശിപ്പിക്കുന്നതു്. സ്വരാക്ഷരങ്ങളേ സ്വയമേ ഒററയായി ശബ്ദിക്കുന്നുള്ളു; വ്യഞ്ജനങ്ങൾ സ്വരങ്ങളെ വേർതിരിച്ചു കാണിക്കുന്നു; അല്ലാതെ, തനിയെ ശബ്ദിക്കുന്നില്ല. ഏതെങ്കിലും ഒരു സ്വരത്തിന്റെ സഹായം കൂടാതെ വ്യഞ്ജനത്തെ മാത്രമായി ഉച്ചരിക്കാൻ നിൎവ്വാഹമില്ല. സ്വരം അക്ഷരത്തിന്റെ ജീവനും വ്യഞ്ജനം ശരീരവുമാകുന്നു. ഈ സാദൃശ്യം പ്രമാണിച്ചു തമിഴർ സ്വരത്തിനു് 'ഉയിർ' എന്നും, വ്യഞ്ജനത്തിനു 'മെയ്' എന്നും പേർ കൊടുത്തിരിക്കുന്നു.

൨ സ്വരസഹായം കൂടാതെ വ്യഞ്ജനത്തിനു തനിയെ നിൽക്കാൻ പാടില്ലാത്തതിനാൽ അക്ഷരമാലയിൽ അവയെ

ആദ്യസ്വരമായ "അ*" എന്നതിനെ ചേൎത്തെഴുതുകയും ഉച്ചരിക്കുകയും ചെയ്യുന്നു. അകാരത്തെ വേൎതിരിച്ചു വ്യഞ്ജനത്തെ മാത്രം കാണിക്കേണ്ടിവരുമ്പോൾ അതിന്റെ തലയിൽ ഒരു കുത്തോ ചന്ദ്രക്കലയോ ഇടുകയാണു പതിവു—ക, പ, സ, അല്ലെങ്കിൽ ക്, പ്, സ്, ഇത്യാദി കാൺക. അതിനാൽ അക്ഷരമാലയിൽ വ്യഞ്ജനങ്ങളെല്ലാം ഉച്ചാരണസൌകൎയ്യത്തിനായി 'അകാരം' ചേൎത്തെഴുതപ്പെട്ടവയാകുന്നു. വ്യഞ്ജനങ്ങളെ മാത്രം കുറിക്കുകയാണെങ്കിൽ ക്, ഖ്, ഗ്, എന്നിങ്ങനെ തലയിൽ അടയാളം കൂട്ടിച്ചേൎത്തെഴുതേണ്ടതാകുന്നു.

൩. പദങ്ങൾ അക്ഷരങ്ങൾ ചേൎന്നുണ്ടാകുന്നുവെന്നു മുൻ പറഞ്ഞല്ലോ; അതുപോലെ അക്ഷരം വൎണ്ണങ്ങൾ ചേൎന്നുണ്ടാകുന്നു എന്നുപറയാം. ക്, ഖ്, ഗ്, ഇത്യാദികൾ വൎണ്ണങ്ങൾ; ക, ഖ, ഗ ഇത്യാദികൾ അക്ഷരങ്ങൾ. വൎണ്ണങ്ങളെ പിരിച്ചു വേറൊന്നാക്കാൻ നിവൃത്തിയില്ല; അവ അവിഭാജ്യങ്ങളായ തത്വങ്ങൾ ആകുന്നു. അതിനാൽ പിരിക്കാൻപാടില്ലാതെ ഒറ്റയായി നില്ക്കുന്ന ഒരുച്ചാരണം വൎണ്ണം എന്നു ലക്ഷണം ചെയ്യാം.

൪ മലയാളത്തിൽ അക്ഷരങ്ങളെത്തന്നെ—എന്നുപറഞ്ഞാൽ യഥാൎത്ഥത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ശബ്ദങ്ങളെ കുറിക്കുന്ന ലിപികളെത്തന്നെ എഴുതിപ്പോരുന്നതിനാൽ അധ്യേതാക്കൾക്കു ശ്രമത്തിനു വളരെ കുറവുണ്ട്. 'ക' എന്നു ശബ്ദിക്കപ്പെടുന്ന ലിപി, പദത്തിൽ സ്ഥിതിചെയ്യുമ്പൊഴും 'ക' എന്നുതന്നെ ശബ്ദിക്കപ്പെടുന്നു, 'കഥ', 'കവി' എന്നീ പദങ്ങളിലൊക്കെ 'ക' കാരത്തെ 'ക' എന്നു തന്നെയാണല്ലോ നാം ശബ്ദിക്കുന്നതു. എന്നാൽ ഇംഗ്ലീഷ്, അറബിക്കു മുതലായ ഭാഷകളിൽ ഇങ്ങനെയല്ലാ. ഇംഗ്ലീഷു അക്ഷരമാലയിൽ 'ബി' എന്നു ഒരു വിദ്യാൎത്ഥി ശബ്ദിച്ചു പരിചയമാകുന്ന ഒരു ലിപി പദത്തിൽ സ്ഥിതിചെയ്യുമ്പോൾ 'ബ' എന്നു മാത്രമേ ശബ്ദിക്കപ്പെടുന്നുള്ളു; ഇതിന്നുമ്പുറം പ, ന്, മ് എന്നു പദത്തിൽ മാത്രം ശബ്ദിക്കുന്ന ലിപികൾക്കു പേ, നൂൻ, മീം എന്നാണ് അറബിക്കു അക്ഷരമാലയിൽ പേരിട്ടിരിക്കുന്നതു. സ്വരങ്ങളിലും ഇതുപോലെ ഒന്നെഴുതി മറെറാന്നു വായി-

---

* 'അ' എന്ന സ്വരം എന്നു വളച്ചുകെട്ടിപ്പറയുന്നതിനു പകരം 'അ' കാരം എന്നാണ് സാധാരണ പറയാറ്. എല്ലാ അക്ഷരങ്ങളെയും ഇതുപോലെ 'കാരം' ചേൎത്തു പറഞ്ഞാൽ ആ നിൎദ്ദേശിക്കപ്പെട്ട അക്ഷരം എന്നൎത്ഥം ധരിക്കേണം. അകാരം, ककാരം, മകാരം ഇത്യാദി കാണുക.

ക്ക എന്നാണു ഏർപ്പാടു. ഈ അവ്യവസ്ഥകൊണ്ടു ആ ഭാഷകളെ എഴുതുവാൻ പഠിക്കുന്നതിൽ അദ്ധ്യേതാക്കൾക്കു വളരെ അനാവശ്യമായ ശ്രമം നേരിടുന്നു. ഉച്ചരിക്കുന്നതുപോലെ എഴുതുക എന്നാണ് മലയാളത്തിലെ പൊതുവായ ഏർപ്പാട്. ചുരുക്കം ചില ഉച്ചാരണവൈകല്യങ്ങളുള്ളവയിൽ പ്രധാനപ്പെട്ടവയെ താഴെ കുറിക്കുന്നു.

൫ (എ) 'ന' എന്നും 'ണ' എന്നും രണ്ടുച്ചാരണങ്ങളുള്ളതിനെ വേറെ എഴുതിക്കാണിക്കാ പതിവില്ല. 'പേപ്പട്ടി' എന്നർത്ഥമായാലും, 'എഴുതാനുള്ള സാധനം' എന്നർത്ഥമായാലും എഴുത്തിൽ രണ്ടും, 'പേനാ' തന്നെ; അർത്ഥം നോക്കി വേണ്ടതുപോലെ ഉച്ചരിക്കുകയാണ് നാം ഇപ്പോൾ ചെയ്തുവരുന്നതു. [illegible] തന്നെ 'എന്നാൽ' എഴുതിയാൽ 'ന്ന' 'ണ്ണ' എന്നുള്ള ഉച്ചാരണഭേദത്താൽ അർത്ഥം മാറിപ്പോകും. എന്നാൽ ഇതിലേക്കു ഒരു നിയമമുണ്ട്. പദത്തിന്റെ ആദിയിൽ നകാരമല്ലാതെ ണകാരമില്ല; പദമദ്ധ്യങ്ങളിലും അന്തത്തിലും ണകാരമേ ഉള്ളു, നകാരമില്ല. കൂട്ടക്ഷരങ്ങളിൽ മുൻ നിൽക്കുന്നതു ണകാരവും പിൻ നിൽക്കുന്നതു നകാരവും ആയിരിക്കും. ഉദാഹരണത്തിനു 'നയം' 'ഘനം' 'അനപായം' 'സ്വപ്നം', ഇത്യാദി പദങ്ങൾ നോക്കുക. ആ നിയമം ഗ്രഹിച്ചിരുന്നാൽ ഉച്ചാരണം തെറ്റിപ്പോകാതെ കഴിച്ചുകൂട്ടാം. ഉച്ചാരണഭേദമനുസരിച്ചു ചിഹ്നഭേദം ചെയ്യുന്നതു സൗകര്യപ്രദമായിരിക്കും.

(ബി) 'ര' 'റ' എന്നു രണ്ടു ലിപികൾ ഉണ്ടെങ്കിലും ഒറ്റയക്ഷരങ്ങളിലല്ലാതെ കൂട്ടക്ഷരങ്ങളിൽ ഇവയെ വേർതിരിച്ചെഴുതാറില്ല; 'ക്ര' എന്നതിൽ 'റ' എന്നു ഉച്ചരിക്കപ്പെടുന്ന ചിഹ്നംതന്നെ 'ഗ്ര' എന്നതിൽ 'ര' എന്ന ഉച്ചാരണത്തെ കുറിക്കുന്നു. 'ഗ്ര' 'ജ്ര' 'ഡ്ര' 'ദ്ര' 'ബ്ര' എന്ന ഈ അഞ്ചു മുദ്രകളിൽ മാത്രം 'ര' എന്നും ശേഷം എല്ലാറ്റിലും 'റ' എന്നും ഉച്ചരിക്കണമെന്നുമാത്രമേയുള്ളു.

'ര' 'റ' കൾ പിന്നിൽ വരുമ്പോഴത്തെ നിയമമാണ് ഇതു. ഇവകൾ തന്നെ മുന്നിൽ വരുമ്പോൾ നിയമം വേറെയാണ്. 'യ' 'ശ' 'ഷ' 'ഹ' എന്ന ഈ നാലക്ഷരങ്ങൾക്കുമുമ്പു 'ര' എന്നും ശേഷമെല്ലാറ്റിനും മുമ്പു 'റ' എന്നും ഉച്ചരിക്കണം. രണ്ടുതരത്തിലും ഏതാനും ഉദാഹരണങ്ങൾ:—

| പിൻവരുന്നതിനു. | മുൻവരുന്നതിനു. |
|---|---|
| ക്ര=ക്+റ | ർക്ക=റ്+ക്ക |
| പ്ര=പ്+റ | ർശ=ര്+ശ |
| ഗ്ര=ഗ്+ര | ർഷ=ര്+ഷ |
| ദ്ര=ദ്+ര | ർഹ=ര്+ഹ |

(സി) കൂട്ടക്ഷരങ്ങൾ പദങ്ങളുടെ ആദിയിലൊഴികെ എവിടെ ഇരുന്നാലും അതുകളുടെ ആദ്യാക്ഷരം ഇരട്ടിച്ചുച്ചരിക്കണം. 'ഗ്രഹണം' എന്നതിൽ 'ഗ്ര' എന്ന കൂട്ടക്ഷരം ആദിയിലാകയാൽ ഇരട്ടിച്ചുച്ചരിക്കേണ്ട; 'വിഗ്രഹം' എന്നതിൽ 'ഗ്ര' എന്നതു മദ്ധ്യമാകയാൽ ഉച്ചാരണം വിഗ്ഗ്രഹം

എന്ന് എഴുതിയാലത്തെപ്പോലെ ആകുന്നു. സാധാരണ കൂട്ടക്ഷരങ്ങൾക്കെല്ലാം ഇതാണ് നിയമം എന്നു വരികിലും 'ര' എന്നോ 'റ' എന്നോ ഉള്ള വൎണ്ണം മുൻഭാഗത്തു ചേൎന്നുവരുന്ന കൂട്ടക്ഷരങ്ങളെ മാത്രം ദ്വിതപംകൂട്ടിയും കൂടാതെയും ഉച്ചരിക്കേണ്ടതുണ്ട്. അതിനാൽ ഈ വക കൂട്ടക്ഷരങ്ങളിൽ മാത്രം സംശയനിവൃത്തിക്കായി വൎണ്ണങ്ങളെ ഇരട്ടിച്ച് എഴുതാറുണ്ട്.

| | | | |
|---|---|---|---|
| ഉദാ:—മൎക്കടം, | അവൎകൾ | അല്ലെങ്കിൽ | അവർകൾ |
| തൎക്കം | മാൎകഴി | ടി | മാർകഴി |
| ധൎമ്മം, | കാൎമേഘം | ടി | കാർമേഘം |
| നിൎമ്മലം, | നീൎമരുതു | ടി | നീർമരുതു |

(ഡി) ഗ ജ ഡ ദ ബ യ ര റ ല ഇവകളിൽ ചേൎന്നുവരുന്ന അകാരത്തെ എകാരം പോലെയാണ് ഉച്ചരിക്കാറ് പതിവ്. ഇതു മുറയ്ക്കു അകാരം തന്നെയാണെന്നും ശ്രദ്ധക്കുറവിനാൽ തെറ്റി എകാരംപോലെ ഉച്ചരിക്കുന്നതേയുള്ളു എന്നുമുള്ള ഭാവത്തിലാണ് എഴുത്തിൽ ഭേദംചെയ്യാത്തത്. 'എ' പോലെയുള്ള ഉച്ചാരണം സ്ഥിരപ്പെട്ടുപോകയാൽ ശുദ്ധമായ അകാരം ഉച്ചരിച്ചാൽ അതു തെറ്റുതന്നെ എന്നു പറയേണ്ടിയിരിക്കുന്നു.

| | |
|---|---|
| ഉദാ:—ഗജം=ഗെജം | രതം=രെതം |
| ദയ=ദെയ | ലജ്ജ=ലെജ്ജ |
| ബലം=ബെലം | റവ=റെവ |

(ഇ) തകാരം തനിയേയോ യ ര ല വ ചേരാത്ത കൂട്ടക്ഷരങ്ങളുടെ ആദിവൎണ്ണമായോ വന്നാൽ അതിനെ ല കാരംപോലെ ഉച്ചരിച്ചുവരുന്നു. തനിയേ നില്ക്കുന്ന ല കാരത്തെ ത കാരചിഹ്നംകൊണ്ടു കുറിക്കുന്നു.

ഉദാഹരണം:—ഭാഗ്യവശാൽ=ഭാഗ്യവശാല്
ഉത്സവം=ഉല്സവം
ആത്മാവു=ആല്മാവു
മരത്തിൽ=മരത്തില്

ഇതുപോലെ തനിയെ നില്ക്കുന്ന ള കാര ഴ കാരങ്ങൾക്കും ര റ കാരങ്ങൾക്കും ചിഹ്നം ഒന്നുതന്നെ.

ൾ= { ള്, ഴ്      ർ= { ര്, റ്

(എഫ്) മേൽപറയാൻപോകുന്ന സംവൃത-ഉകാരത്തെ വടക്കർ അകാരമായിട്ടും, തെക്കർ വിവൃത ഉകാരമായിട്ടും എഴുതുന്നു. വായിക്കുന്നതു എല്ലാവരും സംവൃതമായിട്ടുതന്നെ. അൎത്ഥഭേദം വരുന്ന ദിക്കിലെങ്കിലും ചിഹ്നം ചെയ്യേണ്ടതാവശ്യമാണ്. അല്ലെങ്കിൽ വടക്കരുടെ എഴുത്തിൽ 'തോട'യും 'തോടും' ഒന്നായിപ്പോകും. തെക്കർ എഴുതുന്നതിൽ 'ഉണ്ടു' എന്ന ഭൂതകാലവും 'ഉണ്ട്' എന്ന വൎത്തമാനകാലവും വേർതിരിപ്പാൻ പ്രയാസമായിവരും.

(ഝ) ഹ്ന ഹ്മ എന്ന കൂട്ടക്ഷരങ്ങളിൽ ഹ്ന, ഹ്മ എന്നെഴുതി ന ഹ, മ്ഹ എന്നു വായിക്കുന്നു. ഉദാ:—ബ്രഹ്മാ, വഹ്നി.

൯. വർണ്ണങ്ങളെ അല്ലാതെ അക്ഷരങ്ങളെയാണ് എഴുതുക എന്നുള്ളപ്പാടായതിനാലും അക്ഷരത്തിൽ ഒരു സ്വരം കൂടിയേ കഴിയൂ എന്നിരിക്കുന്നതിനാലും വ്യഞ്ജനങ്ങളിൽ ചേരുന്ന സ്വരങ്ങളെ കുറിക്കുന്നതിനു പ്രത്യേകം ചില അടയാളങ്ങൾ വേണ്ടിവന്നു. ആ അടയാളങ്ങളെ താഴെ കുറിക്കുന്നു.

| സ്വരം | ചിഹ്നം | ഉദാഹരണം |
|---|---|---|
| അ | ഇതിനു ചിഹ്നമില്ല. വ്യഞ്ജനമെല്ലാം സ്വയമേ അകാരം ചേർന്നാണല്ലോ ഇരിക്കുന്നത്. | |
| ആ | ാ | കാ |
| ഇ | ി | കി |
| ഈ | ീ | കീ |
| ഉ | ു ു ു ു ു | കു പു ശു നു രു |
| ഊ | ൂ ൂ ൂ ൂ | കൂ പൂ ശൂ രൂ |
| ഋ | ൃ | കൃ |
| ൠ | ൄ | കൄ |
| എ | െ | കെ |
| ഏ | േ | കേ |
| ഐ | ൈ | കൈ |
| ഒ | െ—ാ | കൊ |
| ഓ | േ—ാ | കോ |
| ഔ | െ—ൗ | കൌ |

൰. യ ര ല വ എന്ന വ്യഞ്ജനങ്ങളും മറ്റെല്ലാ വ്യഞ്ജനങ്ങളോടു ചേർന്നുവരുന്നവയാകയാൽ അതുകൾക്കും പ്രത്യേക ചിഹ്നങ്ങൾ ഏർപ്പെടുത്തീട്ടുണ്ട്.

| വർണ്ണം | ചിഹ്നം | ഉദാഹരണം |
|---|---|---|
| യ | ്യ | ക്യ |
| ര (പിന്നിൽ) | ്ര | ക്ര |

| | | |
|---|---|---|
| ര (മുന്നിൽ) | — | ക്ര |
| * ല, ള | ്ല | ക്ല |
| വ | ്വ | ക്വ |

---

## സ്വരവിഭാഗം

൮. സ്വരങ്ങൾക്കു ഹ്രസ്വം എന്നും ദീർഘമെന്നും രണ്ടു വക ഭേദമുണ്ട്. കുറുക്കി ഉച്ചരിക്കുന്നതു ഹ്രസ്വം; നീട്ടി ഉച്ചരിക്കുന്നതു ദീർഘം.

ഉദാ:—ഹ്രസ്വം—അ ഇ ഉ ഋ ഌ എ ഒ

ദീർഘം—ആ ഈ ഊ ൠ ൡ ഏ ഓ ഐ ഔ

'ഐ', 'ഔ', ഇതുകൾക്കു ഹ്രസ്വമില്ല. അവ എപ്പോഴും ദീർഘങ്ങളാകുന്നു. ഹ്രസ്വമായ ഉകാരത്തിനു രണ്ടുവിധം ഉച്ചാരണമുണ്ടു. 'കാറ്റ്', 'ഉലക്', 'കടലാസ്', മുതലായ പദങ്ങളിൽ ഒടുവിലത്തെ സ്വരം സംവൃത ഉകാരമാകുന്നു. 'ഗുരു' എന്നിടത്തുള്ള രണ്ടു ഉകാരങ്ങളും വിവൃതം ഒരു ഉൾവലിവോടെ ശബ്ദം അടച്ച് ഉച്ചരിക്കുന്നതു സംവൃതം; തുറന്ന് ഉച്ചരിക്കുന്നതു വിവൃതം.

---

## വ്യഞ്ജനവിഭാഗം

൯. വ്യഞ്ജനങ്ങൾ താഴെ കാണിച്ചപ്രകാരം വിഭജിക്കപ്പെട്ടിരിക്കുന്നു.

(൧) ക ഖ ഗ ഘ ങ... ...കവർഗ്ഗം

ച ഛ ജ ഝ ഞ... ...ചവർഗ്ഗം

---

* ്ല എന്നു ചിഹ്നം തമിഴിലെ -ല- ആകയാൽ ഇതു ലകാരചിഹ്നം തന്നെ എന്നു സ്പഷ്ടമാണു. എന്നാൽ ഉച്ചരിക്കുന്നതെല്ലാം ളകാരമായിട്ടാണു. ഈ ഭേദത്തിനു കാരണം സംസ്കൃതത്തിലെ 'ലളയോരഭേദഃ' എന്ന നിയമമാണു.

ട ഠ ഡ ഢ ണ ...... ടവർഗ്ഗം
ത ഥ ദ ധ ന ...... തവർഗ്ഗം
പ ഫ ബ ഭ മ ...... പവർഗ്ഗം
യ ര ല വ ...... മദ്ധ്യമം
ശ ഷ സ ഹ ...... ഊഷ്മാവ്

ണ എന്നതു നകാരത്തിന്റെയും,
റ ,, ര ,,
ള ,, ല ,,
ഴ ,, ഷ ,,
} വർഗ്ഗഭേദമായി ഗണിക്കപ്പെട്ടിരിക്കുന്നതിനാൽ അവയ്ക്കു പ്രത്യേകം വിഭാഗമില്ല.

(൨) വർഗ്ഗങ്ങളിൽ ഒന്നാം അക്ഷരത്തിനു ഖരം എന്നുപേർ.
,, രണ്ടാം ,, അതിഖരം ,,
,, മൂന്നാം ,, മൃദു ,,
,, നാലാം ,, ഘോഷം ,,
,, അഞ്ചാം ,, അനുനാസികം ,,

അതിനാൽ ക ച ട ത പ — —ഖരം
ഖ ഛ ഠ ഥ ഫ — —അതിഖരം
ഗ ജ ഡ ദ ബ — —മൃദു
ഘ ഝ ഢ ധ ഭ — —ഘോഷം
ങ ഞ ണ ന മ — —അനുനാസികം

## സ്ഥാനഭേദം

൧൦. അക്ഷരങ്ങളെ ഉച്ചരിക്കുന്നതു മുഖത്തിലുള്ള പല സ്ഥാനങ്ങളിൽകൂടിയും ശ്വാസത്തെ പുറപ്പെടുവിച്ചിട്ടാകുന്നു. അതിൽ ഏതു സ്ഥാനത്തിനു പ്രാധാന്യമോ ആ സ്ഥാനം ആ അക്ഷരത്തിന്റെ സ്ഥാനമെന്നു പറയപ്പെടുന്നു.

| സ്വരങ്ങളിൽ | വർഗ്ഗങ്ങളിൽ | മദ്ധ്യമങ്ങളിൽ | ഊഷ്മാക്കളിൽ | ഇവയ്ക്കുംസ്ഥാനം. |
|---|---|---|---|---|
| അ | കവർഗ്ഗം | — | ഹ | കണ്ഠം |
| ഇ | ചവർഗ്ഗം | യ | ശ | താലു |

| | | | | |
|---|---|---|---|---|
| ഉ | പവർഗ്ഗം | വ | — | ഓഷ്ഠം |
| ഋ | ടവർഗ്ഗം | ര | ഷ | മൂർദ്ധാ |
| ഌ | തവർഗ്ഗം | ല | സ | ദന്തം |

ഈ സ്ഥാനം പ്രമാണിച്ച അക്ഷരങ്ങളെ കണ്ഠ്യം, താലവ്യം, ഓഷ്ഠ്യം, മൂർദ്ധന്യം, ദന്ത്യം, എന്നും അതാതു സ്ഥാനത്തിൽനിന്നു പുറപ്പെടുന്നവ എന്ന അർത്ഥത്തിൽ പറയാറുണ്ട്.

| | | | | |
|---|---|---|---|---|
| എ. | ഐ. | ഇവകൾക്ക | കണ്ഠവും താലുവും ചേൎന്നു | സ്ഥാനം |
| ഒ | ഔ | ,, | കണ്ഠവും ഓഷ്ഠവും | ,, |
| വകാരത്തിനു | | | ദന്തവും ഓഷ്ഠവും | ,, |

അനുനാസികങ്ങൾക്ക് അതാതു സ്ഥാനങ്ങൾക്കു പുറമേ നാസികയും സ്ഥാനം.

൨൭. അനുനാസികങ്ങളും മദ്ധ്യമങ്ങളും കടുപ്പമില്ലാത്തവ എന്ന അർത്ഥത്തിൽ **ശിഥിലങ്ങൾ** എന്നു പറയപ്പെടുന്നു. ശേഷം അക്ഷരങ്ങൾക്കു കടുപ്പമുള്ളവ എന്ന അർത്ഥത്തിൽ **ദൃഢങ്ങൾ** എന്നും പേർ. ആ അക്ഷരങ്ങളെ ശബ്ദിച്ചു നോക്കിയാൽ ഈ പേരുകളുടെ ഔചിത്യം മനസ്സിലാകും.

൨൮. വ്യഞ്ജനങ്ങളെല്ലാം സ്വരത്തോടു ചേൎന്നു നിൽക്കുകയുള്ളു എന്നു പറഞ്ഞല്ലോ. എന്നാൽ ണ-ന-റ-ല-ള-ഴ ഇത്രയും വ്യഞ്ജനങ്ങൾ ചിലപ്പോൾ തനിയേ നിൽക്കാറുണ്ട്. ഇങ്ങനെ സ്വരസഹായംകൂടാതെ നിൽക്കുന്ന ഈ വ്യഞ്ജനങ്ങൾക്കു **ചില്ലുകൾ** എന്നു പേർ കൊടുത്തിരിക്കുന്നു. ശേഷം വ്യഞ്ജനങ്ങൾ തനിയേവന്നാൽ അവയെ സംവൃതം ചേൎത്തുച്ചരിക്കണം.

ഉദാ—മനസ =മനസ്സ്
വാക =വാക്ക്

ഈ സംവൃതം ചേരുമ്പോൾ വ്യഞ്ജനം മിക്ക ദിക്കിലും ഇരട്ടിപ്പാവുകയും ചെയ്യും. ചില്ലുകളെമാത്രം സംവൃതം കൂടാതെയും ഉപയോഗിക്കാം.

| | | |
|---|---|---|
| കൺ | അല്ലെങ്കിൽ | കണ്ണ് |
| തേൻ | ടി | തേനു് |
| മലർ | ടി | മലരു് |
| നെൽ | ടി | നെല്ലു് |
| കവിൾ (ള്) | ടി | കവിളു് |
| കീഴ് (ഴ്) | ടി | കീഴു് |

## വർണ്ണവിഭാഗപട്ടിക

| വർണ്ണങ്ങൾ | | കണ്ഠ്യം | താലവ്യം | മൂർദ്ധന്യം | ദന്ത്യം | ഓഷ്ഠ്യം | കണ്ഠതാലവ്യം | കണ്ഠോഷ്ഠ്യം |
|---|---|---|---|---|---|---|---|---|
| സ്വരം | ഹ്രസ്വം | അ | ഇ | ഋ | ഌ | ഉ | എ | ഒ |
| | ദീർഘം | ആ | ഈ | ൠ | ൡ | ഊ | ഏ ഐ | ഓ ഔ |
| വ്യഞ്ജനം | ഖരം | ക | ച | ട | ത | പ | | |
| | അതിഖരം | ഖ | ഛ | ഠ | ഥ | ഫ | | |
| | മൃദു | ഗ | ജ | ഡ | ദ | ബ | | |
| | ഘോഷം | ഘ | ഝ | ഢ | ധ | ഭ | | |
| | അനുനാസികം | ങ | ഞ | ണ | ന | മ | | |
| | മദ്ധ്യമം | — | യ | ര റ | ല | വ | | |
| | ഊഷ്മം | ഹ | ശ | ഷ ള ഴ | സ | — | | |

൧൩. ഇക്കാണിച്ച പൂർണ്ണവർണ്ണങ്ങൾക്കു പുറമേ 'അം' 'അഃ' 'ഇം' 'ഇഃ' ഇത്യാദി സ്വരങ്ങളെ ആശ്രയിച്ചുമാത്രം നി-

ല്ലുന്ന രണ്ടുച്ചാരണങ്ങൾകൂടിയുണ്ടു്. അതിൽ ആദ്യത്തതിന്ന് 'അനുസ്വാരമെന്നും', രണ്ടാമത്തേതിന്ന് 'വിസൎഗ്ഗ'മെന്നും പേരുകൾ.

പണ്ടു് മലയാളത്തിൽ തമിഴിലുള്ള അക്ഷരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. തമിഴിലാകട്ടെ—

അ. ആ. ഇ. ഈ. ഉ. ഊ. എ. ഏ. ഒ. ഓ. ഔ.

ക. ങ. ച. ഞ. ട. ണ. ത. ന. പ. മ. യ. ര. ല. വ. ഞ. റ. ള. ഴ. ഇത്രയും അക്ഷരങ്ങളേ ഉള്ളൂ. സ്വരങ്ങളിൽ ഋ ൠ ഌ ൡ എന്ന നാലും വൎഗ്ഗാക്ഷരങ്ങളിൽ മദ്ധ്യേ ഉള്ള അതിഖരമൃദുഘോഷങ്ങളും, ഊഷ്മാക്കളെല്ലാവും സംസ്കൃതത്തിൽ നിന്നു ചേൎത്തവയുമാകുന്നു. അനുസ്വാരം തമിഴിലുമുണ്ടു്; വിസൎഗ്ഗമില്ല. ഇപ്പറഞ്ഞ അക്ഷരങ്ങളിലേതെങ്കിലും ചേൎന്നിട്ടുള്ള പദം സംസ്കൃതത്തിൽ നിന്നോ മററു വല്ല ഭാഷകളിൽ നിന്നോ എടുത്തിട്ടുള്ളവയാണെന്നു നിശ്ചയിക്കാം. എന്നാൽ ഈയിടെ എഴുത്തുകാരുടെ അനാസ്ഥകൊണ്ടു ചില സംസ്കൃതാക്ഷരങ്ങൾ മലയാളപദങ്ങളിലും ചാടിക്കയറീട്ടുണ്ടു്. 'എതിൎക്കുന്നു' എന്നെഴുതേണ്ടതിന്നു പകരം 'എതൃക്കുന്നു' എന്നു ഋകാരം ചേൎത്തു മിക്കവരും എഴുതുന്നു. അതുപോലെ 'തിരുക്കൂട്ട്' ഇപ്പോൾ 'തൃക്കോട്ട' ആയി. എന്നാൽ ഇതെല്ലാം 'കൈയെഴുത്തു്' എന്നെഴുതേണ്ടതിന്നു 'കയ്യെഴുത്തു്' എന്നെഴുതുംപോലെ ഉള്ള ലിപിഭ്രമം എന്നേ ഗണിക്കാനുള്ളു. മലയാളഭാഷയിലെ പദങ്ങൾ പാതിയിലധികവും സംസ്കൃതമായിപ്പോയെങ്കിലും വ്യാകരണം ഇന്നും തമിഴിനെ അനുസരിച്ചു തന്നെയേ ഇരിക്കുന്നുള്ളു. അതിനാൽ വ്യാകരണസൂത്രങ്ങളിലെല്ലാം ദ്രാവിഡാക്ഷരങ്ങളെപ്പററിയല്ലാതെ സംസ്കൃതാക്ഷരങ്ങളെപ്പററി പറവാനുള്ള ആവശ്യം ഉണ്ടാകാറില്ല.

വൎണ്ണങ്ങൾക്കു സ്ഥാനം പറഞ്ഞകൂട്ടത്തിൽ അകാരത്തിന്നു കണ്ഠം ആണു് സ്ഥാനം പറഞ്ഞതു; എന്നാൽ അതു് സംസ്കൃതത്തിലെ ശുദ്ധമായ അകാരത്തെ ഉദ്ദേശിച്ചുമാത്രമാകുന്നു. ഭാഷയിൽ അകാരം രണ്ടുവിധമായിട്ടുണ്ടു്-എകാരംപോലെ ഉച്ചരിക്കുന്നതു് ഒന്നു്; ഒകാരംപോലെ ഉച്ചരിക്കുന്നതു മററതു്. ആദ്യത്തേതു താലവ്യം; രണ്ടാമത്തേതു ഓഷ്ഠ്യം. തമിഴിൽ 'മഴൈ', 'മറൈ' എന്നു് ഐകാരാന്തമായപദം കൎണ്ണാടകത്തിൽ 'മഴെ', 'മറെ' എന്നു് എകാരാന്തമായും മലയാളത്തിൽ 'മഴ' 'മറ' എന്നു താലവ്യാകാരാന്തമായും തീൎന്നു. ഈവിധമാണു് മലയാളത്തിൽ താലവ്യമായി അകാരം ഉത്ഭവിച്ചതു്. ഓഷ്ഠ്യം ഉച്ചാരണഭേദത്താലും മററും ഉണ്ടായതായിരിക്കണം. കൎണ്ണാടകസമ്പ്രദാ-

ത്താൽ തലശ്ശേരി മുതലായ ദിക്കുകളിൽ താലവ്യാകാരത്തെ എകാരമായിത്തന്നെ എഴുതാറുമുണ്ട്.

൩൪. ഭാഷയിലെ സ്വരങ്ങളെല്ലാം 'താലവ്യം', 'ഓഷ്ഠ്യം' എന്നു് രണ്ടായി പിരിക്കാവുന്നതാണ്, എങ്ങനെ എന്നാൽ—

(൧) താലവ്യം—അ ആ ഇ ഈ എ ഏ ഐ

(൨) ഓഷ്ഠ്യം—അ ആ ഉ ഊ ഒ ഓ ഔ

(൧) ഒരു താലവ്യസ്വരത്തിന് അടുത്തു പിമ്പായി വേറെ ഒരു സ്വരം വന്നാൽ ആ രണ്ടു സ്വരങ്ങളുടെ മദ്ധ്യേ 'യ്' കാരം ചേർക്കണം.

(൨) അതിന്മണ്ണം ഒരു ഓഷ്ഠ്യസ്വരത്തിന്റെ അടുത്തു പിമ്പായി വേറെ ഒരു സ്വരം വന്നാൽ ആ സ്വരങ്ങളുടെമദ്ധ്യേ 'വ്'കാരം ചേർക്കണം.

ഉദാ:—

(൧)
പന+ഓല=പനയോല
തേങ്ങാ+ഉര്=തേങ്ങായുര്
നെടി+അരി=നെടിയരി
തീ+ആട്ട്=തീയാട്ട്
എങ്ങനെ+എന്നാൽ=എങ്ങനെയെന്നാൽ
തേ+ഇല=തേയില
കൈ+അക്ഷരം=കൈയക്ഷരം

(൨)
തട+ഉന്നു=തടവുന്നു
ചാ+ഉന്നു=ചാവുന്നു
തിരു+ഓണം=തിരുവോണം
പൂ+അമ്പൻ=പൂവമ്പൻ
പോ+ന്നു=പോവുന്നു
നൌ+ഇന=നൌവിന

## ശബ്ദവിഭാഗം

൩൫. "നല്ല കുട്ടികൾ എളുപ്പം പാഠം പഠിക്കുന്നു" എന്ന വാക്യത്തിൽ നാലു പദങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവയിൽ ഓരോ പദവും വേറെ വേറെ ജാതിയിൽപ്പെട്ടവയാണ്. 'കുട്ടികൾ' എന്നതു് ഒരു വസ്തുവിന്റെ പേരാകുന്നു. 'നല്ല' എന്നതു് ഒന്നി-

ന്റെയും പേരല്ല. അതു് 'കുട്ടികൾ' എന്ന വസ്തുവിലുള്ള ഗുണത്തെ ചൂണ്ടിക്കാണിക്കുന്നു. "പഠിക്കുന്നു" എന്നതു് ആ വസ്തു ചെയ്യുന്ന ക്രിയയുടെ സ്വഭാവത്തെപ്പറയുന്നു. 'കുട്ടികൾ' എന്നതുപോലെ 'ആന', 'അഴക്', 'പഠിപ്പ്' എന്നിവയും ഓരോ വസ്തുക്കളുടെ പേരുകൾതന്നെ. ഇതുപോലെ 'പഠിക്കുന്നു' എന്നതിനോടു തുല്യമായി 'ഉറങ്ങുന്നു', 'കിടക്കും', 'ഇളകി', എന്നിങ്ങനെ ക്രിയയെ കുറിക്കുന്ന പദങ്ങളും; 'നല്ല' എന്നതുപോലെ 'ചീത്ത', 'വെളുത്ത', 'നീണ്ട', എന്നിങ്ങനെ വസ്തുഗുണത്തെ ചൂണ്ടിക്കാണിക്കുന്ന പദങ്ങളും 'എളുപ്പം' എന്നതുപോലെ 'പതുക്കെ' 'ഉറക്കെ' 'വേഗത്തിൽ' എന്നിങ്ങനെ ക്രിയാസ്വഭാവത്തെ ചൂണ്ടിക്കാണിക്കുന്ന പദങ്ങളും മലയാളഭാഷയിൽ അനേകമുണ്ടു്. 'കുട്ടികൾ' 'ആന' 'അഴക്' 'പഠിപ്പ്' എന്നിങ്ങനെ ഒരു വസ്തുവിന്റെ പേരായ ശബ്ദത്തെ നാമം എന്നു വ്യാകരണത്തിൽ പറയും. ഇതുപോലെതന്നെ 'പഠിക്കുന്നു', 'ഉറങ്ങുന്നു', 'കിടക്കും', 'ഇളകി', എന്നിവപോലെ ഒരു ക്രിയ അർത്ഥമായിട്ടുള്ള ശബ്ദങ്ങൾക്കു ക്രിയ എന്നും; 'എളുപ്പം', 'പതുക്കെ', 'ഉറക്കെ', എന്നിത്യാദിപോലെ ക്രിയകളെ വിശേഷിപ്പിക്കുന്ന ശബ്ദങ്ങൾക്കു് അവ്യയം എന്നും; 'നല്ല', 'ചീത്ത', 'വെളുത്ത', 'നീണ്ട' എന്നിവപോലെ ഒരു വസ്തുവിലിരിക്കുന്ന ഗുണങ്ങളെ കുറിക്കുന്ന ശബ്ദങ്ങൾക്കു ഭേദകം എന്നും പേരാണ്. ഇങ്ങനെ ആയാൽ മലയാളഭാഷയിലുള്ള സർവ്വശബ്ദങ്ങളെയും 'നാമം' 'ക്രിയ' 'ഭേദകം' 'അവ്യയം' എന്നു നാലായി വിഭാഗിക്കാമെന്നു വരുന്നു.* ഇവയുടെ ലക്ഷണങ്ങളും ഉൾപ്പിരിവുകളും മുറയ്ക്കു താഴെ കാണിക്കുന്നു.

൬൩. ഒരു വസ്തുവിന്റെ പേരായ ശബ്ദം 'നാമം' ആകുന്നു എന്നു മുൻ പ്രസ്താവിച്ചുവല്ലോ. എന്നാൽ വസ്തുക്കൾ എല്ലാം ഒരേ വർഗ്ഗത്തിൽ പെട്ടവയല്ലെന്നു പ്രയാസംകൂടാതെ ഗ്രഹിക്കാ

* അയ്യോ, ഓഹോ, ശിവശിവ, എന്നും മറ്റും വിസ്മയാദി വികാരങ്ങളെ കുറിക്കുന്ന ശബ്ദങ്ങളെ ഉൾപ്പെടുത്താതെയാണു നാലുവിധമെന്നു പറഞ്ഞിരിക്കുന്നതു. വികാരങ്ങളെ കുറിക്കുന്ന ഈ വക ശബ്ദങ്ങളെയും മറ്റും 'നിപാതം' എന്നു ഒരു വർഗ്ഗമായി ചേർത്തു മലയാളശബ്ദങ്ങൾ അഞ്ചു വകയാണെന്നു ഈ ഗ്രന്ഥത്തിന്റെ അവസാനത്തിൽ കാണും.

വുന്നതാണ്. ആയതിനാൽ നാമങ്ങളും ഒരേതരമായിരിക്കുന്നില്ല (എ) 'കുട്ടി' 'ആന' 'കതിര' 'രാമൻ' 'കൃഷ്ണൻ' മുതലായവ ഓരോ ദ്രവ്യത്തിൻെറ പേരാണ (ബി) 'അഴക്' 'നന്മ' 'മിടുക്ക്' 'വിസ്താരം' എന്നിത്യാദികൾ ദ്രവ്യത്തെ കുറിക്കുന്നവയല്ല; ഒരിക്കലും തനിയെ നില്ക്കാതെ ഓരോദ്രവ്യത്തോടു സംബന്ധിച്ചു മാത്രം നില്ക്കുന്ന ഓരോ ഗുണത്തിൻെറ പേരാണ്. (സി) ഈ രണ്ടു വകയുംകൂടാതെ 'പഠിപ്പ്' 'കളി' 'വരവ്' 'ഉറക്കം' ഇത്യാദികൾ ഒരുവൻ ചെയ്യുന്ന പണിയുടെ അല്ലെങ്കിൽ പ്രവൃത്തിയുടെ പേരാണ്. ആയതിനാൽ ഒരു വസ്തുവിൻെറ പേരായ ശബ്ദം 'നാമം' എന്നു മുൻപറഞ്ഞതിൻെറ അൎത്ഥം ഈ മൂന്നു വക വസ്തുക്കളിൽ ഏതെങ്കിലും ഒന്നിൻെറ പേരായ ശബ്ദം നാമമാകുന്നു എന്നാണ്. നാമം എന്നതു ദ്രവ്യത്തിൻെറയോ ഗുണത്തിൻെറയോ ക്രിയയുടെയോ പേരായ ശബ്ദം എന്നു നിഷ്കൃഷ്ടമായ ലക്ഷണം ചെയ്യാം. ദ്രവ്യത്തിൻെറ പേരായ നാമത്തിനു ദ്രവ്യനാമം; ഗുണത്തിൻെറ പേരായ നാമത്തിനു ഗുണനാമം; ക്രിയയുടെ പേരായ നാമത്തിനു ക്രിയാനാമം എന്നു സംജ്ഞകൾ ചെയ്യപ്പെട്ടിരിക്കുന്നു.

ദ്രവ്യം എന്നതിനു ധനം, സമ്പാദ്യം എന്നൎത്ഥമായിരിക്കാം നിങ്ങൾക്കു തോന്നുന്നത്; അതുപോലെ 'ഗുണം' എന്നതിനു നന്മ എന്നായിരിക്കും നിങ്ങൾക്കു അൎത്ഥം തോന്നുന്നതു. എന്നാൽ ഈ പദങ്ങൾക്കു ഇവിടെ അതുകളുടെ സാധാരണ അൎത്ഥമല്ല, ശാസ്ത്രീയമായ അൎത്ഥത്തിൽ ആണ് അവയെ, ഇവിടെ ഉപയോഗിച്ചിരിക്കുന്നതു. കല്ലു, മണ്ണു, വെള്ളം, ലോഹം, മരം, മൃഗം, പക്ഷി, മനുഷ്യർ മുതലായി കണ്ണിനു കാണാവുന്ന സകല വസ്തുക്കളും ദ്രവ്യമാണ്. ഇതിനു പുറമെ കണ്ണിനുകാണാൻ പാടില്ലാത്ത വായു, ആകാശം, കാലം, ദിക്കു, ആത്മാവു, മനസ്സ് ഇതുകളും കൂടി ദ്രവ്യത്തിൽ ഉൾപ്പെടുന്നു. ഇതാണ് ഇവിടെ ദ്രവ്യത്തിൻെറ അൎത്ഥം. ഓരോ ദ്രവ്യത്തിലും മനസ്സുകൊണ്ടു മാത്രം വേർപിരിക്കാവുന്ന പല എണ്ണം അതുമുണ്ടു. മരം എന്ന ദ്രവ്യത്തിൽ വണ്ണം, പൊക്കം, ഘനം, നിറം മുതലായ പല എണ്ണങ്ങളും നമുക്കു മനസ്സുകൊണ്ടു വേർപിരിച്ചു പറയാം. മനസ്സുകൊണ്ടല്ലാതെ കൈകൊണ്ടോ വല്ല ആയുധംകൊണ്ടോ ഒരു മരത്തിൻെറ വണ്ണത്തെയോ പൊക്കത്തെയോ നമുക്കു അതിൽ നിന്നു പിരിക്കാൻ സാധിക്കയില്ലല്ലോ. ഇതുപോലെ കതിര എന്ന ദ്രവ്യത്തിനു വണ്ണം, പൊക്കം, നീളം, ഘ

നം, നിറം, സുശീലം അല്ലെങ്കിൽ ദുശ്ശീലം, സാമൎത്ഥ്യം അല്ലെങ്കിൽ മടി മുതലായ പല എണ്ണങ്ങളും പിരിച്ചു പറയാവുന്നതുണ്ട്. കുതിരയുടെ നിറം ആകട്ടെ പൊക്കം ആകട്ടെ ഒന്നുമാത്രമായിട്ടു കുതിരയിൽ നിന്നു വേർപെടുത്താനും സാധിക്കയില്ല. ഇങ്ങനെ ദ്രവ്യത്തെ ആശ്രയിച്ചു നില്ക്കുന്നതും അതിൽനിന്നു മനസ്സുകൊണ്ടു മാത്രം വേർപെടുത്തി എടുക്കാവുന്നതും ആയ എണ്ണങ്ങളാണു ഗുണങ്ങൾ.

ക്രിയയുടെ സ്വരൂപം ഇതിൽ അധികം എളുപ്പത്തിൽ മനസ്സിലാകുന്നതാണു. ഉണ്ണുക, ഉറങ്ങുക, ഇരിക്കുക, അടിക്കുക, നടക്കുക, കാണുക, കേൾക്കുക മുതലായ ഓരോ പ്രവൃത്തികളെല്ലാം ക്രിയകൾ. എന്നാൽ ഉണ്ണുന്നു, ഉണ്ടു, ഉണ്ണണം, ഇരിക്കുന്നു, ഇരിക്കും, ഇരിക്കാം, ഇത്യാദി നടക്കുന്ന മട്ടിൽ പറയുമ്പോൾ അവയെല്ലാം ക്രിയയുടെ രൂപത്തിൽ മനസ്സിൽ പെടുന്നു. ഊണ്, ഉറക്കം, ഇരിപ്പ് ഇത്യാദി ആയി അതാതു ക്രിയകളെപ്പററി വേറെ വല്ല സംഗതിയും പറയുന്നിടത്തു അതുകൾ അതാതു ക്രിയകളുടെ പേരുകളായിത്തീരുന്നു. അങ്ങനെ പേരുകളായിച്ചമഞ്ഞ ക്രിയകളാണ് ക്രിയാനാമങ്ങൾ എന്നു പറഞ്ഞതു. നടക്കുന്നമട്ടിൽ ഇരിക്കുമ്പോൾ അവ കൃതി എന്ന വകുപ്പിൽ ചേരുന്നു.

ദ്രവ്യം, ഗുണം, ക്രിയ എന്നു മൂന്നിനം പറഞ്ഞതിൽ ദ്രവ്യം എന്ന ഇനത്തിലാണ് അധികം വിഷയവ്യാപ്തി. കണ്ണിനു കാണാവുന്ന വസ്തുക്കൾ മാത്രമല്ല അമൂൎത്തങ്ങളായ വായുമുതലായതും കൂടി ദ്രവ്യത്തിലാണല്ലോ ഉൾപ്പെടുന്നതു്. അതിനാൽ ദ്രവ്യനാമങ്ങൾക്കു ചില ഉൾപ്പിരിവുകൾ കൂടി ചെയ്യാറുണ്ടു്.

തെങ്ങു, കമുങ്ങു, പിലാവു, മാവു മുതലായ ദ്രവ്യങ്ങളെല്ലാം ഭൂമിയിൽ നിന്നും മുളച്ചു് ഇല, തടി, കായ്, പൂവ്, എന്നു പലവകയായിപ്പിരിഞ്ഞു ക്രമത്തിൽ വളൎന്നുവരുന്ന വസ്തുക്കളാണല്ലോ. ഇങ്ങനെയുള്ള വസ്തുക്കളെ എല്ലാം ഒന്നുചേൎത്തു നാം അവയ്ക്കു മരം എന്ന് ഒരു പേരു കൊടുത്തിരിക്കുന്നു. അതുപോലെ ജനിച്ചു ആഹാരം ഉറക്കം മുതലായ ക്രിയകൾ നടത്തി അവിടെ ഇവിടെ നടന്നു മുറയ്ക്കുവളൎന്നുവന്നു ഒടുവിൽ മരിക്കുന്ന വസ്തുക്കൾക്കു പ്രാണി എന്നൊരു പേർ പറയുന്നു. പൂച്ച, പട്ടി, പശു, മനുഷ്യൻ ഇവയെല്ലാം ഈ വകയിൽ ചേൎന്നതാണ്. ഇവിടെ മരം എന്നും പ്രാണിയെന്നും ഉള്ളതു പല എണ്ണങ്ങൾക്കും പൊതുവെ ചേരുന്ന ഒരു പേർ. തെങ്ങു കമുങ്ങു മുതലായതും പൂച്ച പട്ടി മുതലായതും ആ പൊതുപ്പേരിൽ ഉൾപ്പെടുന്ന പ്രത്യേക എണ്ണങ്ങൾ. ഇവിടത്തെ 'മരം' 'പ്രാണി' എന്നുള്ളതുകളെപ്പോലെ പൊതുപ്പേർ ആകാവുന്നതിനു ജാതി എന്നും തെങ്ങു, കമുങ്ങു പൂച്ച, പട്ടി മുതലായതുകളെപ്പോലെ പ്രത്യേകപേരുകളായതുകൾക്കു വ്യക്തി എന്നും ശാസ്ത്രീയസംജ്ഞകൾ. ഇതാണു ജാതിവ്യക്തിഭേദം. ഇതിൽ ഒരു സംഗതി ആലോചിപ്പാനുണ്ടു. തെങ്ങു, കമുങ്ങു മുതലായവ മരം എന്ന ജാതിയിലും പൂച്ച, പട്ടി മുതലായവ പ്രാണി എന്ന ജാതിയിലും ഉൾപ്പെട്ട വ്യക്തികളാണെന്നു പറഞ്ഞുവല്ലോ. എന്നാൽ ഈ വ്യക്തികളെ എടുത്തു മേലും തരംതിരിച്ചാൽ ഈ വ്യക്തികൾതന്നെ അടുത്തു കീഴിൽ ഉള്ള വ്യക്തികളെ അപേക്ഷിച്ചു ജാതിയാകും. ചെന്തെങ്ങു, കരിന്തെങ്ങു, ത്യാപ്പാണൻതെങ്ങു എന്നു തെങ്ങിനെത്തന്നെ തരം തിരിക്കുമ്പോൾ തെങ്ങുജാതി-

യും ചെമ്പോത്ത് മുതലായതു വ്യക്തികളും ആയിത്തീരുന്നു. അതുപോലെ പല
വൎഗ്ഗങ്ങളായുള്ള പട്ടികളെ പറയുമ്പോൾ പട്ടിജാതിയും ഓരോ വൎഗ്ഗവും വ്യ-
ക്തിയും ആകും. ഇങ്ങനെ പടിപടിയായി ജാതി വ്യക്തിവിഭാഗം ചെയ്യു-
മ്പോൾ ആദ്യത്തെ ഒന്നു ജാതിമാത്രവും, ഒടുവിലത്തെ ഒന്നു വ്യക്തിമാത്രവും
ആയിരിക്കും; മദ്ധ്യേ ഉള്ളവകളെല്ലാം മേലുള്ളതിനെ അപേക്ഷിച്ചു വ്യക്തിയും
കീഴ്വരുന്നതിനെ അപേക്ഷിച്ചു ജാതിയും ആകാമെന്നുവരും. ജാതിവ്യക്തിവി
ഭാഗത്തിന്റെ സ്വഭാവം ഗ്രഹിപ്പിക്കാൻവേണ്ടി ഈ സംഗതി ഇവിടെ ഇത്ര-
യും വിസ്തരിച്ചുവെന്നേയുള്ളു. വ്യാകരണത്തിൽ ഉള്ളതിലും താണതരം (കീഴിൽ
വ്യക്തികളെ ഉണ്ടാക്കി ജാതിയാക്കാൻ നിൎവ്വാഹമില്ലാത്ത) വ്യക്തികളെ മാത്ര-
മേ വ്യക്തികൾ എന്നു വകവച്ചിട്ടുള്ളു. മനുഷ്യൻ എന്നതു ജാതി; അതിലുൾ
പ്പെട്ട രാമൻ, ജോൺ, മമ്മതു മുതലായ ഒററയൊററ ആളുകൾ വ്യക്തികൾ.

൬൭. ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം, എന്നു നാ-
മങ്ങളെ മൂന്നായി തരംതിരിച്ചതിൽ ദ്രവ്യനാമങ്ങൾക്കു നാലു
അവാന്തരവിഭാഗങ്ങളുണ്ടു്. അവ സംജ്ഞാനാമം, സാമാന്യ
നാമം, മേയനാമം, സൎവ്വനാമം എന്നിവതന്നെ. രാമൻ, കൃ-
ഷ്ണൻ, ഗോവിന്ദൻ, ശങ്കു, നാണു, ഉണ്ണിക്കോരൻ എന്നും മററും
നാം ഓരോരുത്തനെ വിളിക്കുന്നു. 'മനുഷ്യൻ' എന്ന പേർ ഇവ-
രെല്ലാവൎക്കും ഒരുപോലെ ചേരും. അപ്രകാരം തന്നെ തിരു-
വനന്തപുരം, കൊച്ചി, കോഴിക്കോട്, മദ്രാസ്, ബോംബെ മു-
തലായ പേരുകൾ ഓരോ വസ്തുവിന്റെ പ്രത്യേകസംജ്ഞകളാ-
കുന്നു. പട്ടണം എന്ന പേർ ഇവയ്ക്കെല്ലാം ഒരുപോലെ ചേരും.
ഈ വാസ്തവത്തെത്തന്നെ വേറെ ഒരു പ്രകാരത്തിൽ മനുഷ്യൻ,
പട്ടണം മുതലായവ ഓരോ ജാതിയെയും, രാമൻ, തിരുവനന്ത-
പുരം മുതലായവ ജാതിയിൽ ഉൾപ്പെട്ട ഓരോ എണ്ണത്തെ
അല്ലെങ്കിൽ വ്യക്തിയെയും കാണിക്കുന്നു എന്നു പറയാം. ജാതി-
യെന്നും വ്യക്തിയെന്നുമുള്ള ഭേദങ്ങൾ കല്പിക്കുന്നതിനു സൌക-
ൎയ്യമില്ലാത്ത ചില പദാൎത്ഥങ്ങളുണ്ടു്. വെള്ളം എന്നു പറഞ്ഞാൽ
ഒരുകൈവെള്ളമോ ഒരു സമുദ്രത്തിലെ വെള്ളമെല്ലാമോ ആവാം.
ഇത്രയെന്നു അളവില്ലാത്തതിനാൽ ആകൃതിനിയമം ഇല്ലാത്ത
ഇതിനു വ്യക്തി കല്പിക്കാവുന്നതല്ല. സ്വൎണ്ണം, മണ്ണു, ആകാ-
ശം, വായു എന്നിത്യാദികളും 'വെള്ളം' എന്നതുപോലെ പരി-
ഛിന്നമായ ആകൃതിനിയമമില്ലാത്തവയാകയാൽ വ്യക്തിയി

ല്ലാത്തവയാണ്. ഈ മാതിരി വസ്തുക്കൾ രാശി (സമൂഹ) രൂപങ്ങളാകുന്നു. ഇവയെ ആണു 'മേയനാമം' എന്നുപറയുന്നതു്.

(എ) ഒരു വ്യക്തിയുടെ പേരായതു സംജ്ഞാനാമം.

ഉദാ:—രാമൻ, തിരുവനന്തപുരം, പെരിയാറ, കണ്ണൻദേവൻമല, മലയാളമനോരമ, കൊല്ലവർഷം, തിങ്കളാഴ്ച, പൂപ്പാലി, തിരുനീലകണ്ഠൻ, ഭാഷാപോഷിണി.

(ബി) ഒരു ജാതിയെ കുറിക്കുന്ന നാമം സാമാന്യനാമം

ഉദാ:—മനുഷ്യൻ, പട്ടണം, നദി, മല, വർത്തമാനക്കടലാസു, ശബ്ദം, ആഴ്ച, പശു, ആന, സഭ.

(സി) വ്യക്തിഭേദമില്ലാത്തതു മേയനാമം.

ഉദാ:—വെള്ളം, പൊൻ, വെള്ളി, ആകാശം, മഴ, മഞ്ഞു, വെയിൽ, വെളിച്ചം, ഇരുട്ടു, പൊടി.

൧൮. "രാമസ്വാമി നല്ലബുദ്ധിമാനാകുന്നു; രാമസ്വാമി ക്ലാസിൽ ഒന്നാമനാണ്; പഠിപ്പത്തിൽ രാമസ്വാമിക്കു വളരെശ്രദ്ധയുണ്ട്." ഇങ്ങനെ നാം പറക എന്നുവച്ചാൽ കേൾക്കുന്ന ആളിനു് അർത്ഥം മനസ്സിലാകുമെങ്കിലും ശ്രവണദുസ്സഹത ഉണ്ടാവാനിടയുണ്ട്. അതിനാൽ "രാമസ്വാമി നല്ല ബുദ്ധിമാനാകുന്നു; അവൻ ക്ലാസിൽ ഒന്നാമനാണ്; പഠിത്തത്തിൽ അവനു വളരെ ശ്രദ്ധയുണ്ട്" എന്നേ നാം പറയാറുള്ളു. അവൻ എന്ന ശബ്ദം രാമസ്വാമിയെക്കുറിച്ചു മാത്രമല്ല, ഏതൊരുമനുഷ്യനെക്കുറിച്ചും ഉപയോഗിക്കാവുന്നതുതന്നെ. ഇങ്ങനെയുള്ള ശബ്ദങ്ങൾ മലയാളത്തിൽ വേറെയുണ്ട്. നാം ഒരു വസ്തുവിനെപ്പററി സംസാരിക്കുമ്പോൾ അതിന്റെ പേർ ആവർത്തിക്കാതിരിപ്പാൻ ഉപയോഗിക്കുന്ന നാമംതന്നെ സർവ്വനാമം. സർവ്വത്തോടുംചേരുന്ന സർവ്വത്തിന്റെയും നാമമാവുകനിമിത്തം സർവ്വനാമം എന്നു പേരുണ്ടായി. സർവ്വനാമങ്ങൾ എണ്ണത്തിൽ അധികമില്ല. അവയ്ക്കു ഒരു പട്ടിക താഴെ ചേർക്കുന്നു.

൧ എൻ. ഉത്തമസർവ്വനാമം
൨ നിൻ. മദ്ധ്യമ ”

| | | |
|---|---|---|
| ൩ | അ | ചുട്ടെഴുത്തു് അല്ലെങ്കിൽ വിവേചകസർവ്വനാമം. |
| ൪ | ഇ | |
| ൫ | ഉ | |
| ൬ | ഒന്നു് | |
| ൭ | എ | വ്യപേക്ഷകം. |
| ൮ | യാ | |
| ൯ | ഏ | ചോദ്യസർവ്വനാമം |
| ൧൦ | ആർ | |
| ൧൧ | എന്തു് | |
| ൧൨ | ചില | നാനാസർവ്വനാമം |
| ൧൩ | പല | |
| ൧൪ | ഇന്ന | നിർദ്ദിഷ്ടവാചി. |
| ൧൫ | എല്ലാ | സർവ്വവാചി |
| ൧൬ | ഒക്ക | |
| ൧൭ | തൻ | സ്വവാചി |
| ൧൮ | മിക്ക | അംശവാചി |
| ൧൯ | മററ | അന്യാർത്ഥകം |
| ൨൦ | വല്ല | അനാസ്ഥവാചി |

## നാമവിഭാഗപ്പട്ടിക




## രൂപഭേദം

൧൯. (എ) അർത്ഥത്തിൽ വിശേഷാംശം വല്ലതും കൂട്ടി-ച്ചേർക്കുന്നതിനൊ മററൊരു പദാർത്ഥത്തോടുള്ള സംബന്ധത്തെ

കുറിക്കുന്നതിനോ മററോ ആയിട്ട് ശബ്ദങ്ങളുടെ രൂപത്തിൽ ഭേദങ്ങൾ ചെയ്യപ്പെടുന്നു. രൂപഭേദം പ്രായേണ ശബ്ദത്തിന്റെ ഒടുവിൽ ഒന്നോ രണ്ടോ അക്ഷരം കൂട്ടിച്ചേർത്താണുണ്ടാകുന്നത്. ഇങ്ങനെ കൂട്ടിച്ചേർക്കുന്ന അക്ഷരങ്ങൾക്കു 'പ്രത്യയം' എന്നു പേർ. പ്രത്യയങ്ങളെല്ലാം ആദികാലത്തിൽ അർത്ഥമുള്ള സ്വതന്ത്രപദങ്ങളായിരുന്നു. കാലക്രമത്തിൽ തേഞ്ഞുമാഞ്ഞ് അവ ഒന്നു രണ്ടു അക്ഷരങ്ങൾ മാത്രമായിത്തീർന്നിരിക്കുന്നു.

ഉദാ:—ഹരി, ഹരിയുടെ; ഇതിൽ 'ഉടെ' എന്നതു് പ്രത്യയം. ഇതു് 'ഉടയ' എന്ന ശബ്ദം, തേഞ്ഞുണ്ടായതാണ്. അതു പിന്നീടും തേഞ്ഞു 'രാമന്റെ', ഇത്യാദികളിൽ 'ടെ' (റെ) എന്നു മാത്രമായിട്ടുണ്ട്.

പ്രത്യയം ഏതിനോടു ചേർക്കുന്നോ ആ ശബ്ദസ്വരൂപത്തിനു പ്രകൃതി എന്നു പേർ. മുൻകാണിച്ച ഉദാഹരണത്തിൽ ഹരി എന്നതു പ്രകൃതി .

പ്രകൃതിയിൽ ചിലപ്പോൾ പ്രത്യയം നേരെ ചേർക്കുമ്പോൾ തങ്ങളിൽ യോജിപ്പു പോരാതെ വരികയാൽ രണ്ടിനുംമദ്ധ്യേ അർത്ഥമില്ലാത്ത ഒന്നോ രണ്ടോ അക്ഷരം ചേർക്കേണ്ടിവരും. ഈമാതിരി അക്ഷരങ്ങൾക്കു 'ഇടനില' അല്ലെങ്കിൽ 'ആഗമം' എന്നു പേർ. അതു് + ഉടെ എന്നുചേർക്കുമ്പോൾ യോജിപ്പു പോരാത്തതിനാൽ 'ഇൻ' എന്നുകൂടി ചേർത്തു അതു്+ഇൻ+ഉടെ അതിനുടെ എന്നു രൂപമുണ്ടാകുന്നു. ഇവിടെ ഇൻ എന്നു ഇടയ്ക്കു ചേർത്തതു ഇടനില അല്ലെങ്കിൽ ആഗമം.

പിന്നെ ചിലെടത്തു് ഒരക്ഷരം മാററി മറെറാരക്ഷരം ആക്കാറുണ്ടു്. ഇതിന്നു ആദേശം എന്നു സംജ്ഞ കല്പിച്ചിരിക്കുന്നു.

ഉദാ:—ധനം + ഏ = ധനത്ത് + ഏ = ധനത്തെ. ഇവിടെ അനുസ്വാരത്തിനു 'ത്ത്' എന്നു ആദേശം.

൫൯. നാമത്തിനു രൂപഭേദം വരുന്നതു ലിംഗം, വചനം, വിഭക്തി ഇതുകളെ കുറിക്കുന്നതിനാകുന്നു.

# ലിംഗം

൭൦. ജീവജന്തുക്കൾക്കു പുരുഷൻ എന്നും സ്ത്രീ എന്നും രണ്ടു ജാതികൾ ഉണ്ടു; ജീവനില്ലാത്ത ജന്തുക്കൾ ഇതിൽ രണ്ടിലും ഉൾപ്പെടാത്തതിനാൽ മൂന്നാമതു നപുംസകം എന്നൊരു ജാതി. ഇങ്ങനെ പദാൎത്ഥങ്ങളെല്ലാം മൂന്നുവകയായി പിരിയുന്നു. നാമങ്ങൾ കുറിക്കുന്ന പദാൎത്ഥങ്ങൾക്കുള്ള ജാതിഭേദം തന്നെ വ്യാകരണത്തിൽ നാമങ്ങളുടെ **ലിംഗഭേദം**.

പുരുഷജാതിയിൽ ഉൾപ്പെട്ട ഒരു വസ്തുവിൻെറ പേരായ നാമം **പുല്ലിംഗം**; സ്ത്രീജാതിയിലുള്ള ഒരു വസ്തുവിൻെറ പേരായ നാമം **സ്ത്രീലിംഗം**; സ്ത്രീപുരുഷഭേദമില്ലാത്ത ഒരു വസ്തുവിൻെറ പേരായ നാമം **നപുംസകലിംഗം**.

| | | | |
|---|---|---|---|
| ഉദാ:—അച്ഛൻ | കാള | രാജാവു | ശങ്കരൻ—പുല്ലിംഗം. |
| അമ്മ | പശു | റാണി | ചക്കി—സ്ത്രീലിംഗം. |
| കല്ലു | മരം | വീടു | കൊല്ലം—നപുംസകലിംഗം. |

൭൧. ഇതിനു പുറമെ അലിംഗം (അല്ലെങ്കിൽ സാധാരണ ലിംഗം) എന്നു് ഒന്നുകൂടിയുണ്ടെന്നു പറയാം. ഇതു സ്ത്രീപുരുഷന്മാരെ ഭേദംകൂടാതെ ഒന്നുപോലെ കുറിക്കുന്നു. ആൾ എന്നു പറഞ്ഞാൽ സ്ത്രീയോ പുരുഷനോ ആകാം. അതുപോലെ ആന എന്നു പറഞ്ഞാൽ കൊമ്പനാനയോ പിടിയാനയോ രണ്ടുമാകും. എന്നാൽ ശൂദ്രർ, ബ്രാഹ്മണർ, മനുഷ്യർ ഇത്യാദി ബഹുവചനത്തിലാണു് നാമങ്ങൾ അധികം എണ്ണവും അലിംഗങ്ങളായി ഉപയോഗിക്കപ്പെടുന്നതു്.

൭൨. സ്ത്രീപുരുഷവിഭാഗം എല്ലാ ജീവജന്തുക്കളിലും ഉണ്ടെങ്കിലും വിശേഷബുദ്ധിയുള്ള മനുഷ്യരിലും, ദേവന്മാരിലും, വീട്ടിൽ വളൎത്തുന്ന ചില മൃഗങ്ങളിലും മാത്രമേ നാം ഗണിക്കാറുള്ളു. സാധാരണ പക്ഷിമൃഗാദികളെപ്പററി സംസാരിക്കുമ്പോൾ പ്രകൃതമായ ജന്തു സ്ത്രീയോ പുരുഷനോ എന്നു നാം അന്വേഷിക്കാറില്ല. അതുകൊണ്ടു വിശേഷബുദ്ധിയില്ലാത്ത ജീവജന്തുക്കളും നപുംസകങ്ങൾ തന്നെ ആകുന്നു. ഇതുപോലെ തന്നെ

പ്രായമാകാത്ത കുഞ്ഞുങ്ങളേയും ലിംഗഭേദം വകവയ്ക്കാതെ നപുംസകങ്ങളാക്കിയാണ് സാധാരണ പറക പതിവു.

൫൬. ലിംഗഭേദം കാണിക്കുന്നതിനു മൂന്നു മാർഗ്ഗങ്ങളുണ്ട്.

(എ) ഒന്നാമത്തെമാർഗ്ഗം—സ്ത്രീക്കും പുരുഷനും വേറെ വേറെ പദങ്ങൾ ഉപയോഗിക്കുക; എങ്ങിനെ എന്നാൽ

| | |
|---|---|
| പുരുഷൻ | സ്ത്രീ |
| അച്ഛൻ | അമ്മ |
| കാള | പശു |
| ആങ്ങള | പെങ്ങൾ |
| ഭർത്താവു | ഭാര്യ |
| രാജാവു | റാണി |
| | ഇത്യാദി |

(ബി) രണ്ടാമത്തെമാർഗ്ഗം:—'ആൺ', 'പെൺ' മുതലായ ചില പദങ്ങളെ കൂട്ടിച്ചേർക്കുക

| | |
|---|---|
| പുരുഷൻ | സ്ത്രീ |
| ആൺപക്ഷി | പെൺപക്ഷി |
| കണ്ടൻപൂച്ച | ചക്കിപ്പൂച്ച |
| കൊമ്പനാന | പിടിയാന |
| പൂവൻകോഴി | പിടക്കോഴി |
| | ഇത്യാദി |

(സി) മൂന്നാമത്തെമാർഗ്ഗം:—ശബ്ദങ്ങളിൽ വേറെ വേറെ പ്രത്യയങ്ങൾ ചേർത്തു രൂപഭേദംകൊണ്ടു ലിംഗഭേദത്തെ കുറിക്കുക.

| പും. | സ്ത്രീ. | നപും. |
|---|---|---|
| കേമൻ | കേമി | കേമം |
| ജ്യേഷ്ഠൻ | ജ്യേഷ്ഠ | ജ്യേഷ്ഠം |

| | | |
|---|---|---|
| പ്രിയൻ | പ്രിയ | പ്രിയം |
| കഠിനൻ | കഠിന | കഠിനം |
| നിർദ്ദയൻ | നിർദ്ദയ | നിർദ്ദയം |

൫൪. രൂപഭേദംകൊണ്ടു ലിംഗഭേദം സംഭവിക്കുന്നതിന്റെ ദൃഷ്ടാന്തമായി മേൽ കാണിച്ചിരിക്കുന്ന (സി) അഞ്ചു പദങ്ങളും അകാരാന്തങ്ങളാണല്ലൊ. രൂപഭേദംമൂലം ലിംഗഭേദം വരുന്ന മററു പദങ്ങളെ സൂക്ഷിച്ചാൽ, അവയും അകാരാന്തങ്ങളാണെന്നു കാണാം. എന്നാൽ അകാരാന്തങ്ങളിലും എല്ലാ നാമങ്ങളും രൂപഭേദംകൊണ്ടു ലിംഗഭേദം വരാൻ കഴിയാത്തവയാണ്. 'ധാര' എന്നതു അകാരാന്തമാണെങ്കിലും അതിനു രൂപഭേദംകൊണ്ടു് ഒരു മലയാളസ്ത്രീലിംഗരൂപം സിദ്ധിക്കുന്നില്ല. താലവ്യാകാരാന്തങ്ങളായ പുല്ലിംഗനാമങ്ങളിൽ സ്ത്രീലിംഗരൂപത്തിനായി പ്രത്യയം ചേൎക്കുന്നില്ല. മലയാളത്തിൽ ഒരേ വൎണ്ണങ്ങളുള്ളതിൽ താലവ്യമല്ലാത്ത അകാരം എന്ന ഒന്നിൽ അവസാനിക്കുന്ന ശബ്ദങ്ങൾക്കു മാത്രമേ രൂപം കൊണ്ടു ലിംഗമറിവാൻ നിവ്വാഹമുള്ളു.

൫൫. താലവ്യമല്ലാത്ത അകാരത്തിൽ അവസാനിക്കുന്ന ഒരു ശബ്ദം പുല്ലിംഗത്തിൽ 'അൻ' എന്ന പ്രത്യയത്തിലും സ്ത്രീലിംഗത്തിൽ 'ഇ' എന്നതിലും നപുംസകലിംഗത്തിൽ 'അം' എന്നതിലും അവസാനിക്കും—

| ഉദാ:— | പും. | സ്ത്രീ. | നപും. |
|---|---|---|---|
| | കള്ളൻ | കള്ളി | കള്ളം |
| | ഭേമൻ | ഭേമി | ഭേമം |

അകാരം താലവ്യമായാൽ

| | | |
|---|---|---|
| തന്ത | തള്ള | (ഭ്രൂണ) |
| പിള്ള | അമ്മ | (വിഷ്ണു) |

എന്നു പ്രത്യയം ഒന്നും ചേൎക്കാതെ ശബ്ദം ഇരിക്കുന്നതുപോലെ തന്നെ ഇരിക്കയേ ഉള്ളൂ.

൫൬. ശബ്ദം പുല്ലിംഗത്തിൽ 'ത്തൻ', എന്ന പ്രത്യയം കൊണ്ടു് അവസാനിച്ചാൽ അതിന്റെ സ്ത്രീലിംഗം 'ച്ചി', എന്ന പ്രത്യയത്തിൽ അവസാനിക്കും.

ഉദാ:—പും. സ്ത്രീ.

| | |
|---|---|
| മടിയൻ | മടിച്ചി |
| തടിയൻ | തടിച്ചി |
| നുണയൻ | നുണച്ചി |

൪൭. ജാതി, തൊഴിൽ മുതലായതു കുറിക്കുന്ന ശബ്ദങ്ങൾക്ക സ്ത്രീലിംഗത്തിൽ 'ത്തി' എന്നാകുന്നു പ്രത്യയം.

ഉദാ:—പും. സ്ത്രീ.

| | |
|---|---|
| ശൂദ്രൻ | ശൂദ്രത്തി |
| വെളുത്തേടൻ | വെളുത്തേടത്തി |
| തയ്യൽക്കാരൻ | തയ്യൽക്കാരത്തി |
| അനുജൻ | അനുജത്തി |

൪൮. സംസ്കൃതത്തിൽ നിന്നു എടുക്കുന്ന പദങ്ങൾക്ക അതു ഭാഷയിലെ നിയമമനുസരിച്ചുതന്നെ ലിംഗഭേദം കാണിക്കുന്നു

ഉദാ:—പും. സ്ത്രീ.

| | |
|---|---|
| വിദ്വാൻ | വിദുഷി |
| ഭഗവാൻ | ഭഗവതി |
| ദേവൻ | ദേവി |
| ഇന്ദ്രൻ | ഇന്ദ്രാണി |
| ദ്രഷ്ടാവ് | ദ്രഷ്ട്രി |
| രാജാ | രാജ്ഞി |
| പതി | പത്നി |
| രോഗി | രോഗിണി |
| സുന്ദരൻ | സുന്ദരി |

---

## വചനം

൪൯. **വചനം** എന്നതു നാം പ്രസ്താവിക്കുന്ന വസ്തു ഒന്നോ അതിലധികമോ എന്നു കാണിക്കുന്നതിനു നാമത്തിൽ ചെയ്യുന്ന രൂപഭേദമാകുന്നു.

൫൦. ഒന്നിനെക്കുറിക്കുന്നതു **ഏകവചനം** ഒന്നിലധികം എണ്ണങ്ങളെക്കുറിക്കുന്നതു **ബഹുവചനം** എന്നു

വചനം രണ്ടുണ്ടു്. കല്ലു, കുതിര, അമ്മ ഇതെല്ലാം ഒരു എണ്ണത്തെ മാത്രം കാണിക്കയാൽ ഏകവചനങ്ങൾ; കല്ലുകൾ, കുതിരകൾ, അമ്മമാർ ഇവ അനേകം എണ്ണങ്ങളെ കുറിക്കയാൽ ബഹുവചനങ്ങൾ.

ഏകവചനത്തിനു വിശേഷരൂപമൊന്നുമില്ല; നാമത്തിന്റെ സ്വന്തരൂപംതന്നെ ഏകവചനം.

ഉദാ:—ബ്രാഹ്മണൻ കുട്ടി ആന

൫൪. ബഹുവചനം മൂന്നുമാതിരിയുണ്ടു്.

(എ) സലിംഗബഹുവചനം—ഇതു സ്ത്രീപുംനപുംസകങ്ങളിൽ ഏതിന്റെ എങ്കിലും ഒന്നിന്റെ മാത്രം ബഹുത്വത്തെ കാണിക്കുന്നു—പുംസ്ത്രീകൾക്കു 'മാർ' സലിംഗബഹുവചനം കുറിക്കുന്നു.

| ഉദാ:—പും. | സ്ത്രീ. |
|---|---|
| രാമൻ | രാമന്മാർ |
| നമ്പൂരി | നമ്പൂരിമാർ |
| തള്ള | തള്ളമാർ |
| ഭാര്യ | ഭാര്യമാർ |

നപുംസകത്തിനു 'കൾ' സലിംഗബഹുവചനം കുറിക്കുന്നു.

| | |
|---|---|
| ഉദാ:—മല | മലകൾ |
| ആന | ആനകൾ |
| മരം | മരങ്കൾ=മരങ്ങൾ * |

പുംസ്ത്രീശബ്ദങ്ങളെ ആദരവില്ലാതെ പറയുമ്പോൾ 'കൾ' തന്നെ ബഹുവചനപ്രത്യയമായി ചേക്കാറുണ്ടു്.

| ഉദാ:—ഏക. | ബഹു. |
|---|---|
| നമ്പൂരി | നമ്പൂരികൾ |
| തള്ള | തള്ളകൾ |
| ഭാര്യ | ഭാര്യകൾ |

* ഒവ്യാംവികല്പത്തിന്റെ നോട്ടു നോക്കുക.

അനാദരത്തെ സൂചിപ്പിക്കുന്ന 'കൾ' എന്നതു് 'അൻ' എന്നവസാനിക്കുന്ന പുല്ലിംഗങ്ങളോടു് ചേരുകയില്ല. 'രാമൻ' എന്നതിനു 'രാമന്മാർ' എന്നല്ലാതെ 'കൾ' ചേർന്നു് ഒരു ബഹുവചനരൂപമില്ല 'കള്ളന്മാർ' 'ക്രിസ്തിയാന്മാർ' ഇത്യാദികളും കാൺക.

(ബി) അലിംഗബഹുവചനം—ഇതു സ്ത്രീപുരുഷന്മാർചേർന്നുള്ള ബഹുവചനത്തെ കാണിക്കുന്നു. 'മാർ'എന്നതു ചേർന്ന ബഹുവചനരൂപം പുല്ലിംഗാർത്ഥമോ സ്ത്രീലിംഗാർത്ഥമോ ആണു കുറിക്കുന്നതെന്നറിയാം. 'ശൂദ്രന്മാർ' എന്നതു പുരുഷന്മാർതന്നെ. 'ശൂദ്രത്തിമാർ' എന്നതു സ്ത്രീകൾ തന്നെ. എന്നാൽ അലിംഗബഹുവചനപ്രത്യയമായ 'അർ' ചേർന്ന 'ശൂദ്രർ' എന്ന ബഹുവചനരൂപം പുരുഷന്മാരെയും സ്ത്രീകളെയും കുറിക്കും. പുല്ലിംഗമെന്നും സ്ത്രീലിംഗമെന്നും വിവേചിപ്പാൻ നിവൃത്തിയില്ലാത്തതിനാൽ ഈ രൂപത്തിനു അലിംഗബഹുവചനം എന്നു പേരുണ്ടായി.

| ഉദാ:—ഏക. | സലിംഗ ബഹുവചനം | അലിംഗ ബഹുവചനം |
|---|---|---|
| ശൂദ്രൻ | ശൂദ്രന്മാർ | ശൂദ്രർ |
| ശൂദ്രത്തി | ശൂദ്രത്തിമാർ | |
| മിടുക്കൻ | മിടുക്കന്മാർ | മിടുക്കർ |
| മിടുക്കി | മിടുക്കിമാർ | |
| പണിക്കാരൻ | പണിക്കാരന്മാർ | പണിക്കാർ |
| പണിക്കാരത്തി | പണിക്കാരത്തിമാർ | |

(സി) പൂജകബഹുവചനം പുംസ്ത്രീകളിൽ ഏതെങ്കിലും ഒന്നിനു ബഹുമാനത്തെ കൊടുക്കുന്നു. മുൻ പറഞ്ഞ പ്രത്യയങ്ങളിൽ ഒന്നോ അധികമോ ചേർച്ചപോലെ ചേർത്തു പൂജകബഹുവചനമുണ്ടാക്കാം.

ഉദാ:— (ഒരു പ്രത്യയം)

| ബഹുവചനപ്രത്യയം | | രൂപം | അർത്ഥം | |
|---|---|---|---|---|
| ഭട്ട | അർ | ഭട്ടർ | ബഹുമാനപ്പെട്ട ഭട്ടർ | |
| നിൻ | കൾ | നിങ്ങൾ* | ടി | നീ |

(രണ്ടു പ്രത്യയങ്ങൾ

അവൻ—അവർ+കൾ അവർകൾ ബഹുമാനപ്പെട്ട അവൻ

(പൂജകബഹുവചനത്തിനുമേൽ സാധാരണബഹുവചനം)

*

| | | | | |
|---|---|---|---|---|
| രാജാ | കൾ | മാർ | രാജാക്കന്മാർ | പൂജിതന്മാരായ രാജാക്കൾ |
| ഗുരു | കൾ | മാർ | ഗുരുക്കന്മാർ | പൂജിതന്മാരായ ഗുരുക്കൾ |

൫൨. സർവ്വനാമങ്ങൾക്കു ഏതാനും വിശേഷരൂപങ്ങളുണ്ട്. അവയെ താഴെ കാണിക്കുന്നു.

| | ഏക | ബഹു | | ഏക | ബഹു |
|---|---|---|---|---|---|
| ൧ | ഞാൻ | ഞങ്ങൾ, നാമ്മൾ, നാം | ൫ | അതു | അതുകൾ, അവ, അവററ |
| ൨ | നീ | നിങ്ങൾ | ൬ | എതു | എതുകൾ, എവ, എവററ |
| ൩ | താൻ | തങ്ങൾ | ൭ | ഏതു | ഏതുകൾ, ഏവ, ഏവററ |
| ൪ | ഇതു | ഇതുകൾ, ഇവ, ഇവററ | ൮ | യാതു | യാതൊന്നുകൾ |

൫൩. എത്ര എണ്ണമെന്നു സംഖ്യ ക്ലിപ്തപ്പെടുത്തിപ്പറയുന്നിടത്തു നപുംസകനാമങ്ങൾക്കു ബഹുവചനം ഉപയോഗിക്കുമാറില്ല.

ഉദാ:— പത്തുരൂപാ

നൂറു തേങ്ങാ

ആയിരം കല്ലു.

രണ്ടു കാളു

നാലു കതിര

---

* ൫൦-ാം വകുപ്പിന്റെ നോട്ടു നോക്കുക.

* അതാലവ്യസ്വരത്തിനു മുമ്പു 'കൾ' എന്നതു 'ക്കൾ' എന്നാവും. താലവ്യസ്വരത്തിനു പിമ്പു ദ്വിത്വമില്ല. പിള്ളകൾ, കൈകൾ ഇത്യാദി കാൺക.

പുല്ലിംഗമോ സ്ത്രീലിംഗമോ ആയാൽ

നാലുബ്രാഹ്മണന്മാർ
എട്ടു ദിക്പാലന്മാർ
മൂന്നു ഭാര്യമാർ

എന്നു ബഹുവചനം പ്രയോഗിക്കതന്നെ വേണം. ജീവജന്തുക്കളെ അവയുടെ സ്ത്രീപുരുഷ വിഭാഗം വകവെയ്ക്കാതെ നപുംസകങ്ങളാക്കികല്പിക്കുന്നതേ ഉള്ളുവല്ലോ. അതുകൊണ്ടു അവയെ കുറിക്കുന്ന നാമങ്ങൾക്കു് ആയിരം ആനകൾ, നാലു കുതിരകൾ, എന്നും മററും ബഹുവചനം ചേർത്താലും വിരോധമില്ല. ശുദ്ധനപുംസകങ്ങളായ ജീവനില്ലാത്ത വസ്തുക്കളെ ഒരിക്കലും 'ചെത്തുകല്ലുകൾ, 'നൂറുരൂപകൾ, എന്നും മററും ബഹുവചനം ചേർത്തു പറയരുതു്.

അകാരാന്തശബ്ദങ്ങൾക്കു (൨൪-ാം വകുപ്പു്) മാത്രമേ ലിംഗഭേദം കുറിക്കുന്നതിനു പ്രത്യയം പറഞ്ഞിട്ടുള്ളു; എങ്കിലും വേറെ വർണ്ണങ്ങളിൽ അവസാനിക്കുന്ന ശബ്ദങ്ങൾക്കും ബഹുവചനപ്രത്യയം ചേർക്കുന്ന അവസരത്തിൽ ലിംഗപ്രത്യയംകൂടി ചേർക്കാറുണ്ടു.

| | |
|---|---|
| തിരുമുല്പാടു | തിരുമുല്പാടന്മാർ |
| എളേതു് | എളേതന്മാർ |
| വക്കീൽ | വക്കീലന്മാർ |

---

## വിഭക്തി

൯൪. ഒരു നാമത്തിനു ക്രിയാപദത്തോടോ മററു നാമങ്ങളോടോ ഉള്ള സംബന്ധം കുറിക്കുന്നതിനു ആ നാമത്തിൽ ചെയ്യുന്ന രൂപഭേദമാകുന്നു വിഭക്തി.

നാമത്തിനു ക്രിയാപദങ്ങളോടുള്ള സംബന്ധത്തിനു കാരകം എന്നു ഒരു പ്രത്യേകസംജ്ഞയുണ്ടു്. കാരകങ്ങൾ—കർത്താ, കർമ്മം, കരണം, കാരണം, അധികരണം, സ്വാമി, സാക്ഷി എന്നു് ഏഴെണ്ണമാകുന്നു.

മധ്യമപു

ക്രിയ ആർ നടത്തുന്നുവോ അവൻ **കർത്താ.** കർത്താവു എതിനെ ചെയ്യുന്നു-വോ അതു **കർമ്മം.** കർത്താവിനു ക്രിയ നടത്തുന്നതിൽ ഉപകരണമായിരിക്കു-ന്നതു **കരണം.** ഹേതുതന്നെ **കാരണം.** ക്രിയയ്ക്കു ആധാരമായ സ്ഥലമോ കാലമോ **അധികരണം.** കർമ്മം എവന്നുതകുന്നു അവൻ **സ്വാമി.** ക്രിയ നടത്തുന്നതിൽ കർത്താവിനു എതിരാളിയായി നിൽക്കുന്നതു **സാക്ഷി.**

൩൫. വിഭക്തി എഴെണ്ണമുണ്ടു്. അവയുടെ പേരുകളും, ഓരോന്നിനുമുള്ള പ്രത്യയങ്ങളും, ഓരോ ഉദാഹരണവും താഴെ ചേർത്തിരിക്കുന്നു.

| | പേർ | പ്രത്യയം | ഏകവചനം | ബഹുവചനം |
|---|---|---|---|---|
| ൧ | നിർദ്ദേശിക. | (നാമരൂപംതന്നെ) | ഹരി, | ഹരികൾ |
| ൨ | പ്രതിഗ്രാഹിക. | എ. എ. | ഹരിയെ,-യേ | ഹരികളെ-ളേ |
| ൩ | സംയോജിക.. | ഒടു -ഓടു്- | ഹരിയൊടു്,-യോടു് | ഹരികളൊടു്, ളോടു |
| ൪ | ഉദ്ദേശിക. | ക്കു് | ഹരിക്കു് | ഹരികൾക്കു |
| ൫ | പ്രയോജിക. | ആൽ | ഹരിയാൽ | ഹരികളാൽ |
| ൬ | സംബന്ധിക. | ഉടെ,-ഉടേ | ഹരിയുടെ,-ുടേ | ഹരികളുടെ,-ുടേ |
| ൭ | ആധാരിക. | ഇൽ | ഹരിയിൽ | ഹരികളിൽ |

൩൬. വിഭക്തികൾ ഏഴുണ്ടു്; അവയുടെഅർത്ഥങ്ങളായ കാരകങ്ങളും ഏഴുണ്ടു്; ആ സ്ഥിതിക്കു ഒരു വിഭക്തിക്കു് ഒരു കാ-രകം അർത്ഥം എന്നു് ഏർപ്പാടു വെച്ചിരുന്നെങ്കിൽ നന്നായിരുന്നു. ഒരേവിഭക്തിക്കു രണ്ടോ മൂന്നോ കാരകം അർത്ഥമായി വ-രാറുണ്ടു്. ഇന്നവിഭക്തിക്കു് ഇന്ന കാരകം അർത്ഥമെന്നു താഴെ വിവരിച്ചിരിക്കുന്നു:—

| | | | | | |
|---|---|---|---|---|---|
| ൧ | നിർദ്ദേശിക—ഇതിന് | അർത്ഥം | കർത്താ | ഉദാ— | രാമൻ ഉറങ്ങുന്നു. |
| ൨ | പ്രതിഗ്രാഹിക | ടി | കർമ്മം | ടി | രാമൻരാവണനെക്കൊന്നു |
| ൩ | സംയോജിക | ടി | സാക്ഷി | ടി | ശിവൻ ശക്തിയോടു ചേ-രുന്നു. |
| ൪ | ഉദ്ദേശിക | ടി | സ്വാമി | ടി | ഞാൻ രാമനും ഒരു പുസ്ത-കം കൊടുത്തു. |
| | | | കരണം | ടി | വാളാൽ വെട്ടുന്നു. |
| ൫ | പ്രയോജിക | ടി | കാരണം | ടി | പാപത്താൽതാപമുണ്ടാകും |
| | | | കർത്താ | ടി | രാമനാൽ രാവണൻ കൊല്ലപ്പെട്ടു. |

| | | | |
|---|---|---|---|
| ൬ | സംബന്ധിക | നാമങ്ങളുടെ അന്യോന്യസംബന്ധം | രാമന്റെ പുസ്തകം |
| ൭ | ആധാരിക ടി | അധികരണം ടി | മടിയിൽ ഇരിക്കുന്നു. |

൩൦. നാം ഒരുവനോടു സംസാരിക്കുമ്പോൾ അവനെ നമ്മുടെ നേരെ അഭിമുഖമാക്കുന്നതിനു സംബോധന എന്നു പേർ. നിർദ്ദേശികാവിഭക്തിയെ സംബോധന അർത്ഥത്തിലും ഉപയോഗിക്കാറുണ്ട്. അങ്ങനെ ഉപയോഗിക്കുന്ന നിർദ്ദേശികയ്ക്കു സംബോധിക എന്നു പേർ.

സംബോധിക രണ്ടുമാതിരിയിലുണ്ടാക്കാം—

(ക) നാമത്തിന്റെ കടവിൽ 'ഏ' എന്നു ചേർക്കുക:

ഉദാ:—മകളേ! മനസ്സേ! അമ്മേ!

(ഖ) നാമം സ്വരാന്തമെങ്കിൽ ആ സ്വരത്തെ നീട്ടുക:

ഉദാ:—രാമാ! കൃഷ്ണാ! ദേവീ! ശങ്കൂ!

സംബോധികയുടെ സ്പഷ്ടതയ്ക്കുവേണ്ടി 'അല്ലയോ, ഹേ, എടാ, എടീ, എടോ' ഇത്യാദി അവ്യയങ്ങളെക്കൂട്ടി ഉപയോഗിക്കാറുണ്ട്.

൩൧. ൩൫-ാംവകുപ്പിൽ ഉദാഹരണത്തിനെടുത്ത ഹരിശബ്ദത്തിൽ വിഭക്തി പ്രത്യയങ്ങൾ ചേർക്കുമ്പോൾ ഏറെ വിശേഷങ്ങളൊന്നും ചെയ്യേണ്ടതില്ല. സ്വരാദി പ്രത്യയങ്ങൾക്കു മുമ്പു ഹരി എന്നതു ഇകാരമായ ഒരു താലവ്യസ്വരത്തിൽ അവസാനിക്കുന്നതിനാൽ മുമ്പു ൨൭-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള യകാരാഗമം കൂടി ചേർക്കേണ്ടതേയുള്ളു:—

ഹരി + എ = ഹരി + യ് + എ = ഹരിയെ
ഹരി + ഒട് = ഹരി + യ് + ഒട് = ഹരിയൊട്
ഹരി + ഇൽ = ഹരി + യ് + ഇൽ = ഹരിയിൽ, ഇത്യാദി.

എന്നാൽ എല്ലാ ശബ്ദങ്ങളിലും പ്രത്യയം ചേർക്കുന്നതു ഇതുപോലെ എളുപ്പമല്ല. അകാരാന്തശബ്ദങ്ങളിൽ കുറെ വിശേഷമുണ്ട്. അതിനാലാണ് അതിനെ വിട്ടു ഇകാരാന്തശബ്ദത്തെ ഉദാഹരിച്ചതു്. താലവ്യമല്ലാത്ത അകാരത്തിൽ അവസാനിക്കുന്ന ശബ്ദമെല്ലാം പുല്ലിംഗത്തിൽ അൻ എന്ന ലിംഗപ്ര-

ത്ത്യയംചേൎന്ന് നകാരാന്തമാകുമല്ലോ. ൻ എന്ന നകാരചില്ലി-ന്റ പകരം (അപ്പുറം) ആയി വിഭക്തി ചേൎക്കുമ്പോൾ താഴെ കാണിക്കുന്ന വിശേഷവിധി ചെയ്യണം.

(൧) ഉദ്ദേശികയുടെ പ്രത്യയമായ ക്ക് എന്നതു ആദി വൎണ്ണം ലോപിച്ച് 'ഉ്' എന്നു മാത്രമാകും. (൨) ഉടെ എന്ന സംബന്ധികാപ്രത്യയവും ആദ്യാക്ഷരം ലോപിച്ചു ടെ എന്നു മാത്രമായിത്തീരും.

ഉദാ:—രാമൻ + ക്ക് = രാമൻ + ഉ് = രാമനു *
രാമൻ + ഉടെ = രാമൻ + ടെ = രാമന്റെ

ൻട എന്നു ചേൎന്നുവരുമ്പോൾ ടകാരസ്ഥാനത്തു റ ആണ് എഴുതുക പതിവ്. ഉച്ചരിക്കുന്നതു ടകാരത്തിന്റേയും റകാര-ത്തിന്റേയും മദ്ധ്യേ ഉള്ള ഒരു ഉച്ചാരണംകൊണ്ടുമാണ്.

൩൯. അകാരാന്തനപുംസകലിംഗങ്ങൾ 'അം' എന്ന് അനുസ്വാരത്തിൽ അവസാനിക്കുന്നു. അവയിലും വിശേഷ വിധിയുണ്ട്:—അനുസ്വാരത്തെക്കളഞ്ഞ് അതിന്റെ സ്ഥാന-ത്തു 'ത്ത്' എന്നു ചേൎക്കണം. ഇങ്ങനെ ഒരു വൎണ്ണത്തിന്റെ സ്ഥാനത്തു മറ്റൊരു വൎണ്ണം ചെയ്യുന്നതിനു 'ആദേശംചെയ്ക' എന്നു പേർ. ൧൭-ാംവകുപ്പിൽ പറഞ്ഞതനുസരിച്ചു പറയുന്ന പക്ഷം "വിഭക്തി പ്രത്യയത്തിനു മുമ്പ് അനുസ്വാരത്തിനു ത്താദേശം വേണം" എന്ന് ഒരു സൂത്രമാക്കിപ്പറയാം.

ഉദാ:—ധനം + എ = ധനത്ത് + ഏ = ധനത്തെ
ധനം + ആൽ = ധനത്ത് + ആൽ = ധനത്താൽ
ധനം + ഇൽ = ധനത്ത + ഇൽ = ധനത്തിൽ—ഇത്യാദി.

൪൦. വ്യഞ്ജനാന്തശബ്ദങ്ങളിലും മററും വിഭക്തി പ്രത്യ-യം നേരേ ചേൎത്താൽ യോജിപ്പു പോരാതെ വരുന്നു. അതിനാൽ ശബ്ദത്തിനും പ്രത്യയത്തിനും മദ്ധ്യേ 'ഇൻ' എന്ന് ഇടനില അല്ലെങ്കിൽ ആഗമം ചേൎക്കണം.

---

* 'ഇൻ' ചേൎന്ന ശബ്ദം നകാരാന്തമായതുകൊണ്ടു മുൻവകുപ്പുപ്രകാരം 'ക്ക്' പ്രത്യയം 'ഉ്' എന്നായിപ്പോകുന്നു എന്നോൎക്കുക.

ഉദാ—
മനസ്സ് + എ = മനസ്സ് + ഇൻ + എ = മനസ്സിനെ
മനസ്സ് + ക്ക് = മനസ്സ് + ഇൻ + ക്ക് = മനസ്സ് + ഇൻ + ഉ് = മനസ്സിന്
മനസ്സ് + ഉടെ = മനസ്സ് + ഇൻ + ഉടെ = മനസ്സിന്റെ

ഉപദേശം— 'ഇൻ' ആഗമം ആധാരികയിൽ മാത്രം ചെയ്യേണ്ടു, സംയോജികയിൽ ചെയ്കയോ ചെയ്യാതിരിക്കയോ ഇഷ്ടംപോലെ ആകാം. സംബന്ധികയിലും ഉദ്ദേശികയിലും ചെയ്തേ † തീരു.

ഉദാ—മനസ്സ് + ഒടു = മനസ്സോടു അല്ലെങ്കിൽ മനസ്സിനോടു.
മനസ്സ് + ക്ക് = മനസ്സിനു; മനസ്സുക്ക് എന്നില്ല.

൪൧. ആധാരികയ്ക്കു 'കൽ' എന്നുംകൂടി ഒരു പ്രത്യയമുണ്ട്. ഈ പ്രത്യയം ചേർക്കുമ്പോൾ 'ഇൻ' ആഗമവുംകൂടി നിത്യമായിട്ടു ചേർക്കണം.

ഉദാ—ഹരി ഹരിയിങ്കൽ
ധനം ധനത്തിങ്കൽ (ധനത്തുങ്കൽ എന്നും ചിലർ എഴുതും)
മനസ്സ് മനസ്സിങ്കൽ

നപുംസകശബ്ദങ്ങളിൽ പ്രതിഗ്രാഹികയെ പ്രായേണ പ്രയോഗിക്കാറില്ല. നിർദ്ദേശികാരൂപംതന്നെ പ്രതിഗ്രാഹികയിലും ഉപയോഗിക്കുന്നു.

ഉദാ—രാമൻ പുസ്തകം വായിക്കുന്നു (പുസ്തകത്തെ എന്നർത്ഥം)
രാമൻ കൈ കഴുകുന്നു (കൈയിനെ എന്നർത്ഥം)
ആന കരിമ്പു തിന്നുന്നു (കരിമ്പിനെ എന്നർത്ഥം)

പുല്ലിംഗമോ സ്ത്രീലിംഗമോ ആയാൽ—'രാമൻ ലക്ഷ്മിയെ അടിച്ചു, കൃഷ്ണനെ ശകാരിച്ചു' എന്നു പ്രതിഗ്രാഹികാപ്രത്യയം ചേർത്തുതന്നെ പ്രയോഗിക്കണം.

---

* ചെയ്കയോ ചെയ്യാതിരിക്കയോ രണ്ടുമാകാം. എന്നുള്ള വിധിയെ വികല്പം എന്നു പറയുന്നു.

† ചെയ്തേ തീരു എന്നുള്ള വിധിക്കു 'നിത്യം' അല്ലെങ്കിൽ നിത്യവിധി എന്നു പേർ.

# സർവ്വനാമം

൭൨. സർവ്വനാമങ്ങൾക്കു മററു നാമങ്ങളെക്കാൾ ലിംഗവചനവിഭക്തികളിൽ ചില രൂപഭേദങ്ങൾ ഉണ്ടു്. അ, ഇ, ഒരു, എ, ഏ, യാ, ഇന്ന, മററ, വല്ല—ഇത്രയ്ക്കുമേ ലിംഗഭേദമുള്ളൂ. ഇവയ്ക്കു പുല്ലിംഗത്തിൽ 'വൻ' എന്നും സ്ത്രീലിംഗത്തിൽ 'വൾ', എന്നും നപുംസകത്തിൽ 'തു്', എന്നും പ്രത്യയങ്ങൾ.

| സർവ്വനാമം. | പും | സ്ത്രീ. | നപും. |
|---|---|---|---|
| ഉദാ:—അ | അവൻ | അവൾ | അതു |
| ഇ | ഇവൻ | ഇവൾ | ഇതു |
| ഒരു | ഒരുവൻ<br>ഒരുത്തൻ | ഒരുവൾ<br>ഒരുത്തി | ഒന്നു |
| എ | എവൻ | എവൾ | എതു |
| ഏ | ഏവൻ | ഏവൾ | ഏതു |
| യാ | യാവൻ | യാവൾ | യാതു(+ഒന്നു) |
| ഇന്ന | ഇന്നവൻ | ഇന്നവൾ | ഇന്നതു |
| മററ | മററവൻ | മററവൾ | മററതു |
| വല്ല | വല്ലവൻ | വല്ലവൾ | വല്ലതു |

൭൩. സർവ്വനാമങ്ങൾക്കു അലിംഗബഹുവചനവും പൂജകബഹുവചനവുമല്ലാതെ സലിംഗബഹുവചനമില്ല. പ്രത്യയങ്ങൾ മററു നാമങ്ങൾക്കു പറഞ്ഞവതന്നെ. (വകുപ്പു ൩൧)

| | പുംസ്ത്രീലിംഗങ്ങൾ. | | നപും. |
|---|---|---|---|
| ഉദാ:—സർവ്വനാമം | ഏക | ബഹു | ബഹു |
| അ | അവൻ<br>അവൾ | അവർ | അതുകൾ |
| ഇ | ഇവൻ<br>ഇവൾ | ഇവർ | ഇതുകൾ |
| ഒരു | ഒരുവൻ<br>ഒരുവൾ | ഒരുവർ | |
| എ | എവൻ<br>എവൾ | എവർ | എതുകൾ |
| ഏ | ഏവൻ<br>ഏവൾ | ഏവർ | ഏതുകൾ |

| | | | |
|---|---|---|---|
| യാ | യാവൻ<br>യാവൾ | യാവർ | യാതുകൾ |
| ഇന്ന | ഇന്നവൻ<br>ഇന്നവൾ | ഇന്നവർ | ഇന്നതുകൾ |
| മററ | മററവൻ<br>മററവൾ | മററവർ | മററതുകൾ |
| വല്ല | വല്ലവൻ<br>വല്ലവൾ | വല്ലവർ | വല്ലതുകൾ |

| സർവ്വനാമം | ഏക | ബഹു | നപും |
|---|---|---|---|
| ചില | — | ചിലർ | ചിലതുകൾ |
| പല | — | പലർ | പലതുകൾ |
| എൻ | ഞാൻ | ഞങ്ങൾ | — |
| നിൻ | നീ | നിങ്ങൾ | — |
| തൻ | താൻ | തങ്ങൾ | — |

൭൨. അ, ഇ, എ, ഏ, യാ ഇതുകൾക്കു നപുംസക ബഹുവചനത്തിലും എൻ, തൻ ഈ രണ്ടിനും അലിംഗബഹുവചനത്തിലും മുൻ കാണിച്ചതിനപ്പുറമേ വിശേഷരൂപങ്ങളുണ്ടു്. എങ്ങനെ എന്നാൽ—

ഉദാ:—

| സർവ്വനാമം | നപുംസകബഹുവചനം | | | |
|---|---|---|---|---|
| അ | അവ | അവററ | അവററകൾ | അവററു് |
| ഇ | ഇവ | ഇവററ | ഇവററകൾ | ഇവററു |
| എ | എവ | എവററ | എവററകൾ | എവററു് |
| ഏ | ഏവ | ഏവററ | ഏവററകൾ | ഏവററു് |
| യ | യാവ | യാവററ | യാവററകൾ | യാവററു്. |

അലിംഗബഹുവചനം

| | | | | | |
|---|---|---|---|---|---|
| എൻ | എങ്ങൾ | നമ്മൾ | നമ്മു | നാം | നോം |
| തൻ | താങ്കൾ | തമ്മൾ | തമ്മു | | |

൭൩. എൻ, നിൻ, തൻ ഈ മൂന്നിനും നിർദ്ദേശികയുടേയും ഉദ്ദേശികയുടേയും ഏകവചനങ്ങളിൽ സാധാരണരൂപമല്ല; താഴെ കാണിച്ച വിശേഷരൂപമാകുന്നു.

| സർവ്വനാമം | വിഭക്തിയും | വചനവും | രൂപം |
|---|---|---|---|
| എൻ | നിർദ്ദേശിക | ഏകവചനം | ഞാൻ |
| ടി | ഉദ്ദേശിക | ടി | എനിക്കു |
| നിൻ | നിർദ്ദേശിക | ടി | നീ |
| ടി | ഉദ്ദേശിക | ടി | നിനക്കു |
| തൻ | നിർദ്ദേശിക | ടി | താൻ |
| ടി | ഉദ്ദേശിക | ടി | തനിക്കു് |

## ൪൩ സർവ്വനാമരൂപാവലി

### എ- ഉത്തമപുരുഷൻ ഞാൻ (എൻ)

| വിഭക്തി | ഏകവചനം | ബഹുവചനം |
|---|---|---|
| നിർദ്ദേശിക | ഞാൻ | ഞങ്ങൾ നമ്മൾ |
| പ്രതിഗ്രാഹിക | എന്നെ | ഞങ്ങളെ നമ്മളെ |
| സാമയോജിക | എന്നൊടു<br>എന്നോടു | ഞങ്ങളൊടു<br>ഞങ്ങളോടു |
| ഉദ്ദേശിക | എനിക്കു<br>ഇനിക്കു | ഞങ്ങൾക്കു നമ്മൾക്കു |
| പ്രയോജിക | എന്നാൽ | ഞങ്ങളാൽ നമ്മളാൽ |
| സംബന്ധിക | എന്റെ എന്നുടെ | ഞങ്ങളുടെ നമ്മളുടെ |
| ആധാരിക | എന്നിൽ<br>എങ്കൽ | ഞങ്ങളിൽ നമ്മളിൽ |

### ബി. മധ്യമപുരുഷൻ നീ (നിൻ)

| വിഭക്തി | ഏകവചനം | ബഹുവചനം |
|---|---|---|
| നിർദ്ദേശിക | നീ | നിങ്ങൾ |
| പ്രതിഗ്രാഹിക | നിന്നെ | നിങ്ങളെ |
| സാമയോജിക | നിന്നൊടു നിന്നോടു | നിങ്ങളൊടു നിങ്ങളോടു |
| ഉദ്ദേശിക | നിനക്കു | നിങ്ങൾക്കു |
| പ്രയോജിക | നിന്നാൽ | നിങ്ങളാൽ |
| സംബന്ധിക | നിന്റെ നിന്നുടെ | നിങ്ങളുടെ |
| ആധാരിക | നിന്നിൽ നിങ്കൽ | നിങ്ങളിൽ |

### സി. പ്രഥമപുരുഷൻ

പുല്ലിംഗം അവൻ; സ്ത്രീലിംഗം അവൾ.

| വിഭക്തി. | ഏകവചനം പും. | ഏകവചനം സ്ത്രീ. | അലിംഗ — ബഹുവചനം. |
|---|---|---|---|
| നിർദ്ദേശിക | അവൻ | അവൾ | അവർ |
| പ്രതിഗ്രാഹിക | അവനെ | അവളെ | അവരെ |
| സംയോജിക | { അവനോടു<br>അവനൊടു | { അവളോടു<br>അവളൊടു | അവരോടു, അവരൊടു |
| ഉദ്ദേശിക | അവന്നു | അവൾക്കു | അവൎക്കു |
| പ്രയോജിക | അവനാൽ | അവളാൽ | അവരാൽ |
| സംബന്ധിക | { അവന്റെ<br>അവനുടെ | അവളുടെ | അവരുടെ |
| ആധാരിക | { അവനിൽ<br>അവങ്കൽ | അവളിൽ<br>അവളിങ്കൽ | അവരിൽ |

## പ്രഥമപുരുഷൻ; നപുംസകം:
## ഇതു്. അതു്.

| വിഭക്തി | ഏകവചനം | ബഹുവചനം |
|---|---|---|
| നിർദ്ദേശിക | ഇതു<br>അതു | ഇവ, ഇതുകൾ<br>അവ, അതുകൾ |
| പ്രതിഗ്രാഹിക | ഇതിനെ *<br>അതിനെ | ഇവയെ, ഇതുകളെ<br>അവയെ, അതുകളെ |
| സംയോജിക | ഇതിനോടു, ഇതിനൊടു<br>അതിനോടു, അതിനൊടു | ഇവയോടു, ഇവയൊടു<br>ഇതുകളോടു, ഇതുകളൊടു<br>അവയോടു, അവയൊടു<br>അതുകളോടു, അതുകളൊടു |
| ഉദ്ദേശിക | ഇതിന്നു<br>അതിന്നു | ഇവറ്റെക്കു, ഇതുകൾക്കു<br>അവറ്റെക്കു, അതുകൾക്കു |
| പ്രയോജിക | ഇതിനാൽ<br>അതിനാൽ | ഇവയാൽ, ഇതുകളാൽ<br>അവയാൽ, അതുകളാൽ |
| സംബന്ധിക | ഇതിന്റെ, (ഇതിനുടെ)<br>അതിന്റെ (അതിനുടെ) | ഇവയുടെ, ഇതുകളുടെ<br>അവയുടെ, അതുകളുടെ |
| ആധാരിക | ഇതിൽ, ഇതിങ്കൽ<br>അതിൽ, അതിങ്കൽ | ഇവയിൽ, ഇതുകളിൽ<br>അവയിൽ, അതുകളിൽ |

---

* ഒരു വ്യഞ്ജനത്തിൽ അവസാനിക്കുന്ന ശബ്ദത്തിന്റെ പിമ്പു ആധാരിക 'ഇൽ' ഒഴിച്ചുള്ള ഏതു പ്രത്യയം വന്നാലും, 'ഇൻ' എന്ന ഒരു ആഗമം ഏകവചനത്തിൽ വരും. അതുകൊണ്ടാണ 'ഇതിനെ, അതിനെ' എന്ന രൂപം സിദ്ധിച്ചതു. ആധാരികയിൽ ഈ ആഗമം ഇല്ല 'ഇതിനാൽ' എന്നിങ്ങനെ പറയാറില്ലല്ലൊ. വ്യഞ്ജനാന്തങ്ങളായ പാക്കു, പാക്കിനെ, പാക്കിൽ; പെൺ, പെണ്ണിനോടു, പെണ്ണിൽ ഇത്യാദി കാൺക.

മദ്ധ്യ-ൻ

൪൩. (ക) ഒരിക്കൽ പറഞ്ഞ നാമത്തെപ്പററിത്തന്നെയാണ പിന്നെയും പ്രസ്താവിക്കുന്നതെന്ന് അറിയിക്കാനും, വക്താവു ശ്രോതാവു ശേഷമുള്ളവർ എന്നുള്ള ഭേദം വെളിപ്പെടുത്താനും വേണ്ടി നാമങ്ങൾക്കു പകരം ഉപയോഗിക്കുന്ന പദങ്ങളാണ് സർവ്വനാമങ്ങൾ. 'രാമസ്വാമി ഇന്നാൾ ഇവിടെ വന്നിരുന്നു; അവൻ ഒരു പുസ്തകം വേണമെന്ന് എന്നോടു ചോദിച്ചു' എന്നു പറയുന്നിടത്ത് 'അവൻ' എന്ന സർവ്വനാമത്തിന്റെ സ്ഥാനത്ത് 'രാമസ്വാമി' എന്നുതന്നെ ആവർത്തിച്ചു പറഞ്ഞാൽ മുൻചൊന്ന രാമസ്വാമിതന്നെ ആണ രണ്ടാമത്തെ രാമസ്വാമിയും എന്ന് അറിയാൻ മാർഗ്ഗമില്ല. 'അവൻ' എന്നുപയോഗിച്ചാൽ മുൻചൊന്ന ആൾതന്നെ എന്നു സ്പഷ്ടമാകും. അതുപോലെതന്നെ 'എനിക്ക് അവന്റെ നടത്ത ഒട്ടും ബോധിച്ചിട്ടില്ലെന്നു നീ കൃഷ്ണനോടു പറയണം' എന്ന് ഒരു വാദ്ധ്യാർ കൃഷ്ണനോടു പറവാൻ രാമനെ പറഞ്ഞയയ്ക്കുന്നിടത്തു വാദ്ധ്യാർക്കു കൃഷ്ണന്റെ നടത്ത ഒട്ടും ബോധിച്ചിട്ടില്ലെന്നു രാമൻ കൃഷ്ണനോടു പറയണം, എന്നു അതാതു നാമങ്ങളെത്തന്നേ ഉപയോഗിച്ചാൽ ആർ ആരോട് ആരെക്കുറിച്ചു പറയുന്നതാണെന്നുള്ള വിചാരമൊന്നും വെളിപ്പെടുകയില്ല.

ഇങ്ങനെ നാമത്തിനു പകരം ഉപയോഗിക്കാനുള്ള പദമാണ സർവ്വനാമം എന്നാൽ എല്ലാനാമങ്ങളേയും ഒന്നുപോലെ ഒരേനിലയിൽ ഗണിച്ചാൽപോര. നാമം കുറിക്കുന്ന ആളുകൾക്ക് അവസ്ഥയിൽ താരതമ്യമുണ്ട്. മഹാരാജാവു, ഭൃത്യൻ, എന്നതു രണ്ടും നാമമാണെങ്കിലും അതുകളുടെ അർത്ഥമായ ആളുകളുടെ അവസ്ഥ ഒന്നുപോലെയല്ലല്ലൊ. ഭൃത്യനോടു നേരെ സംസാരിക്കുമ്പോൾ അവനെ നീ, എന്നു മദ്ധ്യമപുരുഷനേക്കൊണ്ടു വിളിക്കുന്നതുപോലെ മഹാരാജാവിനെ സംബോധനം ചെയ്തു പറഞ്ഞാൽ രണ്ടുപേരുടേയും പേരിൽ വക്താവിനുള്ള ആദരവും ബഹുമാനവും തുല്യമെന്നുവന്നുപോകും; അതു മര്യാദയുമല്ല. അതിനാൽ ആദരബഹുമാനാദികൾ കാണിക്കുന്നതിലേയ്ക്കു ചില നാമങ്ങളെത്തന്നെ സർവ്വനാമങ്ങളുടെ സ്ഥാനം കൊടുത്തുവച്ചിരിക്കുന്നു.

## ൧ പ്രഥമപുരുഷൻ

| അവൻ അവരം എന്നതിനു | ഇവൻ ഇവരം എന്നതിനു |
|---|---|
| ൧ അയാരം | ൧ ഇയാരം |
| ൨ അദ്ദേഹം | ൨ ഇദ്ദേഹം |
| ൩ അങ്ങുന്നു (അങ്ങുനിന്നു) | ൩ ഇങ്ങുന്നു (ഇങ്ങുനിന്നു) |
| ൪ അവിടുന്നു (അവിടെനിന്നു) | ൪ ഇവിടുന്നു(ഇവിടെനിന്നു) |

## ൨ മധ്യമപുരുഷൻ

'നീ' എന്നതിനു പകരം 'താൻ' എന്ന സ്വവാചി സർവ്വനാമത്തെയും മധ്യമപുരുഷന്റെ സ്ഥാനത്തുപയോഗിക്കാറുണ്ടു.

| | |
|---|---|
| ൧ അങ്ങു | ഇങ്ങു |
| ൨ അങ്ങുന്നു | ഇങ്ങുന്നു |
| ൩ അവിടുന്നു | ഇവിടുന്നു |
| ൪ തിരുമേനി | |
| ൫ കല്പിച്ചു | |
| ൬ തിരുമനസ്സുകൊണ്ടു | |
| ൭ സമക്ഷം | |
| ൮ സന്നിധാനം | |

## ൩ ഉത്തമപുരുഷൻ

ഞാൻ എന്നതിനു പകരം

| ഏകവചനം | ബഹുവചനം |
|---|---|
| അടിയൻ | അടിയങ്ങൾ |

പ്രഥമമധ്യമപുരുഷന്മാരിൽ ബഹുവചനം അധികം ദിക്കിലും ഉപയോഗിക്കാറില്ല: 'അവർ', 'ഇവർ', 'നിങ്ങൾ' എന്നു സാക്ഷാൽ സർവ്വനാമങ്ങളെത്തന്നെ ഉപചാരവാക്കുകളിലും ആവശ്യപ്പെട്ടാൽ ഉപയോഗിക്കുകയാണു പതിവ്.

ബഹുമാനം കൂടിവരുന്ന മുറയ്ക്കാണ് ഇവിടെ ശബ്ദങ്ങളെ കാണിച്ചിരിക്കുന്നത്. ഒന്നാമത്തേതിനേക്കാൾ രണ്ടാമത്തേതിനു ബഹുമാനം കൂടും; അതിനേക്കാൾ മൂന്നാമത്തേതിന്, ഇത്യാദി അതാതു പദങ്ങളുടെ അക്ഷരാർത്ഥം നോക്കിയാൽ ഈ

സംഗതി വ്യക്തമാകും. 'അയാൾ' എന്നതിനു ആ ആൾ എന്നൎത്ഥം. 'അദ്ദേഹം=ആ ദേഹം' ശരീരം. 'അയാൾ'ക്കും 'അദ്ദേഹം'ത്തിനും ഏറെ ഭേദം അൎത്ഥം കൊണ്ടു തോന്നുന്നില്ലെങ്കിലും, 'ദേഹ' എന്നു സംസ്കൃതപദം ഉപയോഗിക്കുന്നതുകൊണ്ടും ദേഹിയെ പറയാതെ ദേഹത്തെ മാത്രം എടുത്തു കാണിക്കുന്നതുകൊണ്ടും 'അദ്ദേഹം' 'അയാളെ'ക്കാൾ പൂജ്യത കൂടുന്നതാണു്. അങ്ങനു=അങ്ങുനിന്നു=ആ ആൾ ഇരിക്കുന്ന സ്ഥലത്തു നിന്നു. വക്താവിനു ആ ആളെപ്പററി നേരെ പറവാൻകൂടി യോഗ്യതയില്ല; ആ ആൾ ഇരിക്കുന്ന സ്ഥലത്തെപ്പററി പറവാനേ യോഗ്യതയുള്ളു എന്നു കാണിക്കുന്നു. 'അവിടുന്നു' എന്നതിനും അൎത്ഥം ഇതുപോലെതന്നെ. 'അവിടം' എന്നതു ആ സ്ഥലം മുഴുവനും എന്നൎത്ഥമാകയാൽ ആ ആൾ വസിക്കുന്ന ഗൃഹം എന്നോ മറെറാരു വ്യക്തി (ആളെ) യെ പററിയുള്ള പരാമൎശം കുറച്ചുകൂടി [illegible]ആകുന്നതിനാൽ ഇതിനു മുൻചൊന്നതിനെക്കാൾ യോഗ്യതകൂടുന്നു. ഒടുവിൽ പറഞ്ഞ 'സമക്ഷം', 'സന്നിധാനം' ഇതു രണ്ടും ഒരു സമൂഹത്തെ സംബോധനം ചെയ്യുന്നതിൽ ആണു പ്രയോഗിക്കുന്നതു്. അടിയൻ=അടിമയായ ആൾ. ഇതിൽ വക്താവു് ആത്മാവിനെ സംബോധ്യന്റെ അടിമയാക്കി അവനു ബഹുമാനംകൊടുക്കുന്നു.

ഇവയ്ക്കു പുറമേ 'അവർ' 'ഇവർ' 'നിങ്ങൾ' എന്നു പൂജകബഹുവചനവും സംസ്കൃതത്തിലെ 'ഭവാൻ', 'ഭവാന്മാർ', 'ഭവതി', 'ഭവതിമാർ', 'അത്രഭവാൻ', 'തത്രഭവാൻ' മുതലായവയേയും ഉപയോഗിക്കാറുണ്ടു്. ഉപചാരവാക്കുകളെ വേണ്ടും വണ്ണം ഉപയോഗിക്കുന്നതു നല്ല പരിചയമുള്ളവൎക്കേ സാധിക്കയുള്ളൂ.

---

## കൃതി

൬൧. ഒരു ക്രിയ അൎത്ഥമായ ശബ്ദം കൃതി എന്നു മുൻ പറഞ്ഞിട്ടുണ്ടല്ലോ. (൨ കുറിപ്പ് ൧൭). എന്നാൽ ക്രിയകൾ രണ്ടുതരമായാണെന്നു മനസ്സിലാക്കണം. ഉറങ്ങുക, നില്ക്കുക ഇത്യാ-

ദികൾ പോലെ ഒരു വസ്തു ഏതുവിധത്തിലിരിക്കുന്നു എന്നു കാണിക്കുന്നവയും ഉണ്ണുക, അടിക്കുക മുതലായവയെപ്പോലെ ഒരു വസ്തുവിന്റെ പ്രവൃത്തികളെ കുറിക്കുന്നവയും, ഈ രണ്ടു തരം ശബ്ദങ്ങളും ക്രിയ അൎത്ഥമായിട്ടുള്ളവ തന്നെ. അതിനാൽ, ഒന്നു ഒരുവിധമിരിക്കുന്നുവെന്നോ, ഒരു പ്രവൃത്തി ചെയ്യുന്നു എന്നോ ഉള്ള ഒരു ക്രിയയെ കുറിക്കുന്നതു കൃതി.

൪൮. കൃതികളുടെ ഉൾപ്പിരിവുകൾ പ്രധാനമായി ൪ എണ്ണമുണ്ടു്.

(൧). ഒന്നു് ഒരുവിധമിരിക്കുന്നു എന്നു കാണിക്കുന്ന കൃതികൾക്കു കൎമ്മമില്ല ഇവയ്ക്കു് അകൎമ്മകങ്ങൾ എന്നു പേർ പറയും. എന്നാൽ 'അടിക്കുന്നു', 'തിന്നുന്നു' മുതലായ കൃതികളുടെ അൎത്ഥം പൂൎത്തിയാകണമെങ്കിൽ 'ആരെ' അല്ലെങ്കിൽ 'എന്തിനെ' എന്ന ചോദ്യത്തിനു മറുപടിയായി ഒരു നാമംകൂടി ഉണ്ടായിരിക്കണം. 'അടിക്കുന്നു', 'തിന്നുന്നു' ഇത്യാദികൾ തനിയേ നില്ക്കുന്നവയല്ല; 'രാമനെ അടിച്ചു', 'പലഹാരത്തെ തിന്നു' എന്നിങ്ങനെ പ്രതിഗ്രാഹികാവിഭക്തിയിലുള്ള ഒരു നാമം ചേൎന്നുവരും. ഈ പ്രതിഗ്രാഹികാനാമം കൃതിയുടെ കൎമ്മമായിരിക്കുകയാൽ ഈ വക കൃതികൾ സകൎമ്മകങ്ങൾ. ഇങ്ങനെ അൎത്ഥപ്രമാണിച്ചു കൃതികളെ 'സകൎമ്മകം', 'അകൎമ്മകം, എന്നു രണ്ടുവകയായി വിഭാഗിക്കാം.

(൨) 'ഓടുക, 'കാണുക, 'പൊങ്ങുക, എന്നീ കൃതികൾ കൎത്താവു തനിയേ ചെയ്യുന്ന ക്രിയകളെ കാണിക്കുന്നു. 'രാമൻ ഓടുന്നു' എന്നുപറഞ്ഞാൽ തനിയേ ഓടുന്നു എന്നല്ലാതെ ഓടുന്നതു പരന്മാരുടെ പ്രേരണ അനുസരിച്ചാണെന്നോ മറ്റോ അൎത്ഥം ധ്വനിക്കുന്നില്ല 'രാമൻ ഓടിക്കുന്നു' എന്നുപറഞ്ഞാൽ അൎത്ഥം മാറിപ്പോയി. ഇവിടെ 'ഓടുന്നതു രാമനല്ല, എന്നുള്ളതു തീൎച്ചയാണ്. ഓടുന്നതു് ഒരു കുതിരയാണെന്നിരിക്കട്ടെ. 'രാമൻ

കുതിരയെ ഓടിക്കുന്നു' എന്നുള്ളതിൽ 'ഓടുക' എന്നുള്ള ക്രിയ ചെയ്യുന്ന കർത്താവു കുതിരയാണ്. രാമൻ കുതിരയെ ഓടാൻ പ്രേരിപ്പിക്കുന്നു എന്നേയുള്ളു. ഇങ്ങനെ ഒന്നു മറ്റൊന്നിനെ പ്രേരിപ്പിക്കുന്നു എന്നർത്ഥമുള്ള ക്രിതിരൂപം എല്ലാ മലയാള-കൃതികൾക്കുമുണ്ട്. 'പൊങ്ങുക' 'പൊക്കുക'; 'നീങ്ങുക' 'നീക്കു-ക'; 'കാണുക' 'കാണിക്കുക' ഇങ്ങനെ ദൃഷ്ടാന്തങ്ങൾ. പരന്മാരെ പ്രേരിപ്പിക്കുക എന്ന അർത്ഥം കൂടിയുള്ള കൃതി. ഓടുക, ചാടുക, മുതലായി പരപ്രേരണാർത്ഥം കാണിക്കാത്ത വെറും കൃതി കേവലകൃതി. കൃതികളുടെ പ്രകൃതി പ്രമാണിച്ചുണ്ടാകുന്ന ഒരു വിഭാഗമാണ് ഇതു്.

(൩) 'ക്കു' എന്ന പ്രത്യയം കണ്ടാൽ അതു് ഒരു പ്രയോ-ജകകൃതിയാണെന്നനുമാനിക്കാമെന്നു മുൻ പറഞ്ഞതുകൊണ്ടു തോന്നും. പൊക്കുക, നീക്കുക, കാണിക്കുക ഇതൊക്കെയും 'ക്കു' ഉള്ളതാണല്ലോ. 'ക്കു' ഉള്ളതു് പ്രയോജകകൃതിയാണെന്നുള്ള അനുമാനം പലപ്പോഴും ശരിയായിരിക്കുമെങ്കിലും എപ്പോഴും ശരിയായിരിക്കുകയില്ല. ഒരു കൃതി പ്രയോജകകൃതി ആണോ എന്നു നിശ്ചയിക്കേണ്ടതു അതു പരപ്രേരണയെ ആചരിക്കു-ന്നുണ്ടോ എന്നു നോക്കിയാണ്. അല്ലാതെ 'ക്കു' ഉണ്ടോ എന്നു നോക്കിയല്ല. ഓടിക്കുക, പാടിക്കുക, എന്നിതുകൾ പരപ്രേ-രണാർത്ഥമുള്ളവയാകയാൽ പ്രയോജകകൃതികൾ തന്നെ. കേൾ-ക്കു, നിൽക്കു, പറക്കു, പഠിക്കു, എന്നിത്യാദികൾ 'ക്കു' ഉള്ളവ-യാണെങ്കിലും പരപ്രേരണാർത്ഥമുള്ളവയല്ലാത്തതിനാൽ പ്ര-യോജകകൃതികളല്ല. പരപ്രേരണകൂടാതെ കേവലകൃതിയിൽ തന്നെ 'ക്കു' ഉള്ള കൃതി കാരിതം അല്ലാത്തതു അകാരിതം. ഈ വിഭാഗം കൃതിയുടെരൂപത്തെ അടിസ്ഥാനമാക്കിച്ചെയ്തിരിക്കുന്നു.

(൪) നമ്മുടെ ശരീരത്തിൽ ഉടൽ പ്രധാനമാണെന്നും അംഗങ്ങൾ അപ്രധാനങ്ങളാണെന്നും ഒരു ന്യായം ആർക്കും പ്ര-ത്യക്ഷമായി തോന്നുന്നതാണ്. അംഗങ്ങൾ ഉടലിനെ ആശ്രയി

ച്ചു നിൽക്കുന്നു എന്നും ഉടൽ പ്രധാനമാകയാൽ ഒന്നിനേയും ആശ്രയിക്കാതെ നിൽക്കുന്നു എന്നും പറയാവുന്നതാണല്ലോ. ഇതുപോലെതന്നെ വാക്യമാകുന്ന ശരീരത്തിൽ ഒന്നിനേയും ആശ്രയിക്കാതെ ഉടൽപോലെ നിൽക്കുന്ന കൃതിയും മറെറാന്നിനെആശ്രയിച്ച് അംഗങ്ങൾപോലെ അപ്രധാനമായിനിൽക്കുന്ന കൃതിയുമുണ്ടായിരിക്കാം. 'തിരുവനന്തപുരത്തേക്കു പോകുന്ന വള്ളം ഇതാകുന്നു' എന്നുള്ളതിൽ 'പോകുന്ന' എന്ന കൃതി വള്ളം എന്നതിനെ അർത്ഥംകൊണ്ടു പററി ആശ്രയിച്ചു നിൽക്കുന്നു. എന്നാൽ, 'ഈ വള്ളം തിരുവനന്തപുരത്തേക്കു പോകുന്നു' എന്നതിൽ 'പോകുന്നു' എന്നതു് ഒന്നിനോടുംചേന്നു പററാതെ സ്വതന്ത്രമായി നിൽക്കുന്നു. ഇതുപോലെതന്നെ 'രാമൻ പഠിച്ചു ജയിച്ചു' എന്നുള്ളതിൽ 'പഠിക്ക', 'ജയിക്ക' എന്നതു രണ്ടും രാമൻെറ ക്രിയകളാകുന്നു. എങ്കിലും 'പഠിച്ചു' എന്നതു 'ജയിച്ചു' എന്നതിനെ ആശ്രയിക്കുന്നതും 'ജയിച്ചു' എന്നതു ഒന്നിനേയും ആശ്രയിക്കാതെ സ്വതന്ത്രമായി നിൽക്കുന്നതും എന്നു പ്രത്യക്ഷം. മററു പദങ്ങൾക്കൊന്നിനും കീഴടങ്ങാതെ നിൽക്കുന്ന കൃതി കരോതികൃതി. ഇതിനെത്തന്നെ മുററിയവിന, അതായതു പ്രധാനപ്പെട്ട കൃതി എന്ന അർത്ഥത്തിൽ **മുററവിന** എന്നു തമിഴു വൈയാകരണന്മാർ പറയും. മറെറാന്നിനു കീഴടങ്ങി അതിനെ ആശ്രയിച്ചു നിൽക്കുന്ന കൃതി കുവ്ൽകൃതി. 'പററന്നവിന' എന്ന അർത്ഥത്തിൽ **പററവിന** എന്നാണു തമിഴു വ്യാകരണത്തിൽ ഇതിൻെറ പേർ. ഈ വിഭാഗം പ്രാധാന്യത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു പ്രത്യക്ഷമാണല്ലോ.

ഉദാ:— 

| കരോതികൃതി (മുററവിന) | കുവ്ൽകൃതി (പററവിന) |
|---|---|
| ചെയ്യുന്നു | ചെയ്യുന്ന |
| ഉണ്ടു | ഉള്ള |
| പോകുന്നു | പോകുന്ന |
| പോകാവുന്നു | പോകാവുന്ന |
| പോകണം | പോകേണ്ടു |

## ൭൯. കൃതിവിഭാഗപ്പട്ടിക

- അർത്ഥം
  - സകർമ്മകം
  - അകർമ്മകം
- പ്രകൃതി
  - കേവലം
  - പ്രയോജകം
- രൂപം
  - കാരിതം
  - അകാരിതം
- പ്രാധാന്യം
  - കരോതി (മുററുവിന)
  - കവ്ൽ (പററുവിന)

൮൦. കൃതികളുടെ പ്രകൃതിയായ ശബ്ദരൂപത്തിനു **ധാതു** എന്നൊരു പേരുകൂടി ഉപയോഗിക്കാറുണ്ട്. കാണുന്നു, ചെയ്യുന്നു, പറയണം ഈ കൃതികളുടെ രൂപങ്ങൾ കൺ, ചെയ്യ്, പറ, പ്രകൃതികളിൽനിന്നു് ഉണ്ടായവയാണ്; അതിനാൽ, കൺ, ചെയ്യ്, പറ എന്നവ ഈ കൃതിരൂപങ്ങളുടെ ധാതുക്കളാകുന്നു. കാലവും പ്രകാരവും കുറിക്കുന്നതിനായിട്ടാകുന്നു, മുഖ്യമായി ധാതുക്കളിൽ രൂപഭേദം ചെയ്യുന്നതു്.

---

## കാലം

൮൧. ഒരു ക്രിയയെപ്പററി വിചാരിക്കുമ്പോൾ അതു് എപ്പോൾ(ഏതുസമയത്തു) നടന്നതെന്നുകൂടെ വിചാരണ ചെയ്യാ

തിരിപ്പാൻ നമുക്കു നിവ്വാഹമില്ല. അതു നടന്നുകഴിഞ്ഞതോ, നടക്കാനുള്ളതോ, നടക്കുന്നതോ എന്നു് അന്വേഷണമുണ്ടാകുന്നു. ഇങ്ങനെ ക്രിയ നടന്ന സമയത്തെ കുറിക്കുന്നതിനു കൃതിയിൽ ചെയ്യുന്ന രൂപഭേദത്തെ **കാലം** എന്നു വ്യാകരണത്തിൽ പറയുന്നു. നടന്നുകഴിഞ്ഞു എന്നു കാണിക്കുന്നതു ഭൂതം; നടക്കുന്നതു വത്തമാനം; നടക്കാനുള്ളതു ഭാവി.

൫൨. ധാതുവിൽ 'ഉന്നു' എന്ന പ്രത്യയം ചേത്താൽ അതു വത്തമാനകാലത്തെ കുറിക്കും.

ഉദാ:—പറ+ഉന്നു ൪൪-ാം വകുപ്പുപ്രകാരം 'യ്' ആഗമം വരുന്നു
അപ്പോൾ പറ+യ്+ഉന്നു=പറയുന്നു.
പോ+ഉന്നു ൪൪-ാം വകുപ്പുപ്രകാരം 'വ്' ആഗമം.
പോ+വ്+ഉന്നു=പോവുന്നു.
വര്+ഉന്നു=വരുന്നു.
* മടങ്ങ്+ഉന്നു=മടങ്ങുന്നു.
തല്+ഉന്നു=തല്ലുന്നു.

൫൩. ഭൂതകാലത്തെക്കുറിക്കുന്നതിനു (൧) സ്വരാന്തങ്ങൾക്കും യകാരാന്തങ്ങൾക്കും ചില്ലന്തങ്ങൾക്കും, 'തു' എന്ന പ്രത്യയം; (൨) വ്യഞ്ജനാന്തങ്ങൾക്കും, റാന്തങ്ങൾക്കും 'ഇ' എന്ന പ്രത്യയം.

| | | |
|---|---|---|
| ഉദാ:—തൊഴ | തൊഴുതു | സ്വരാന്തം |
| പിഴ | പിഴുതു | ടി |
| ചെയ | ചെയ്തു | യകാരാന്തം |
| പെയ് | പെയ്തു | ടി |
| കേൾ | കേൾ+തു (കേട്ടു) | ചില്ലന്തം |
| ഇളക് | ഇളകി | വ്യഞ്ജനാന്തം |
| തട്ട് | തട്ടി | ടി |
| അമറ് | അമറി | റാന്തം |
| കയർ | കയറി | ടി |

* ങ, ഞ, ണ, ന, മ എന്ന അനുനാസികങ്ങളും, യ, ല, ള എന്ന മദ്ധ്യമങ്ങളും ഒരു സ്വരം അപ്പുറമുള്ളു വരുമ്പോൾ സാധാരണയായി ഇരട്ടിക്കും.

൫൮. ഭാവിയെ കുറിക്കുന്നതിന്നു 'ഉം' എന്നും 'ഊ' എന്നും പ്രത്യയങ്ങൾ.

| | | | | |
|---|---|---|---|---|
| ഉദാ:—പറ | പറയും | | പറയൂ | |
| തൊഴ | തൊഴവും | തൊഴകും | * തൊഴവൂ | തൊഴകൂ |
| പോ | പോവും | പോകും | പോവൂ | പോകൂ |
| മടങ്ങ് | മടങ്ങും | | മടങ്ങൂ | |
| ചെയ് | ചെയ്യും | | ചെയ്യൂ | |
| തല് | തല്ലും | | തല്ലൂ | |

ഭാവിയുടെ രണ്ടു രൂപങ്ങൾക്കും അൎത്ഥത്തിൽ ഭേദമുണ്ടു്. 'അതേ ഉള്ളു' എന്നൎത്ഥമുള്ള 'ഏ' എന്ന നിപാതം പ്രയോഗിക്കുമ്പോഴും, അലങ്കാരത്തിന്നുവേണ്ടി ചോദ്യരൂപമായി എഴുതുന്ന വാക്യങ്ങളിലുമാണു് 'ഊ' എന്ന പ്രത്യയമുപയോഗിക്കുന്നതു്.

| | |
|---|---|
| ഉദാ:—രാമനേ രാവണനെക്കൊല്ലൂ— | 'ഏ', എന്ന നിപാതത്തിന്റെ യോഗം. |
| സൎപ്പം വളഞ്ഞേ നടക്കൂ | ടി |
| എങ്ങനെ കൊടുപ്പൂ ഞാൻ | അലങ്കാരമായ ചോദ്യം. |
| എന്തു ചെയ്‌വൂ ഞാനിന്നഹോ | ടി |

൫൯. കാരിതം, അകാരിതം എന്നു രൂപം പ്രമാണിച്ചു ക്രിയകളെ രണ്ടുവകയായി മുൻ വിഭാഗിച്ചല്ലോ. ഈ രണ്ടു വകയിലും പ്രത്യയം ചേരുന്നരീതിയെ പ്രത്യേകം സൂക്ഷിച്ചു കാണേണ്ടതാണു്. സ്വരാദിയായ ഒരു പ്രത്യയം കാരിതധാതുവിനോടു ചേരുമ്പോൾ 'ക്ക്' എന്നു് ഒരു ഇടനില ചേരും.

| | | | |
|---|---|---|---|
| ഉദാ:—ധാതു | വൎത്ത | ഭാവി | |
| കട | കടക്കുന്നു | കടക്കും | കടക്കൂ |
| പിടി | പിടിക്കുന്നു | പിടിക്കും | പിടിക്കൂ |
| കേൾ | കേൾക്കുന്നു | കേൾക്കും | കേൾക്കൂ |
| പാർ | പാൎക്കുന്നു | പാൎക്കും | പാൎക്കൂ |
| നിൽ | നിൽക്കുന്നു | നിൽക്കും | നിൽക്കൂ |

* ൪൮-ാം വകുപ്പിൽ പറഞ്ഞ വകാരാഗമം ധാതുക്കളിൽ വരുമ്പോൾ കകാരമായിട്ടും ആവാം. അതിനാൽ പോകുന്നു പോകും ഇത്യാദി രൂപവും ന്യായം.

൫൩. ഏതെങ്കിലും ഒരു സ്വരാദിയായ പ്രത്യയം കാരിതധാതുവിനോടു ചേരുമ്പോൾ 'ക്ക്' എന്ന ഇടനില ചേരണമെന്നാണു പറഞ്ഞതു്. അല്ലാതെ കാലപ്രത്യയം ചേരുമ്പോൾ മാത്രമാണു 'ക്ക്' ചേരുന്നതു എന്നതു് ഓൎക്കരുതു്.

| ഉദാ:—ധാതു | ആൻ | ഇൻ | ഉക | അണം |
|---|---|---|---|---|
| കട | കടക്കാൻ | കടക്കിൻ | കടക്കുക | കടക്കണം |
| പിടി | പിടിക്കാൻ | പിടിക്കിൻ | പിടിക്കുക | പിടിക്കണം |
| കേൾ | കേൾക്കാൻ | കേൾക്കിൻ | കേൾക്കുക | കേൾക്കണം |

൫൪. അകാരിതങ്ങൾക്കു ഇടനില ആവശ്യമില്ല. ധാതുവിൽ പ്രത്യയം നേരേ ചേൎത്താൽ മതി. ഉദാ:—പറ+ഉന്നു=പറയുന്നു, പറ+ഉം=പറയും. ഇവിടെ സന്ധിയുടെ ന്യായമനുസരിച്ചു് 'യ' കാരം ആഗമിച്ചിട്ടുണ്ടു്; അല്ലാതെ പ്രത്യേകം ഇടനില ആവശ്യപ്പെട്ടിട്ടില്ല വ്യഞ്ജനാദിയായ പ്രത്യയം ചേരുമ്പോൾ കാരിതധാതുവിനും 'ക്ക്' എന്ന ഇടനില വരുന്നില്ല. ആയതിനാൽ കേൾ+തു, അതായതു, കേട്ടു എന്നതിനു 'ക്ക്' എന്ന ഇടനിലയുടെ യോഗമില്ല.

൫൫. ഓഷ്ഠ്യാകാരാന്തങ്ങളായ എല്ലാ ധാതുക്കളിലും, ഉകാരാന്തങ്ങളെ ഒഴിച്ചുള്ള അകാരിതധാതുക്കളിലും, 'തു്' പ്രത്യയത്തിനു മുമ്പായി 'ൻ' എന്നു ആഗമം (ഇടനില) വരും.

ഉദാ:—ഓഷ്ഠ്യാകാരാന്തങ്ങൾ —

കട+തു=കട+ൻ+തു=കടന്തു=കടന്നു

നട+തു=നട+ൻ+തു=നടന്തു=നടന്നു

* ഒരു ഖരാക്ഷരം ചേൎന്ന പ്രത്യയം അനുനാസികത്തിനു പിമ്പായി വന്നാൽ ഖരം കൂടി അനുനാസികമായിത്തീരും.

അനുനാസികം ഖരം

ങ് + ക = ങ്ങ്

ഞ് + ച = ഞ്ഞ

(ണ + ട = ണ്ണ എന്നില്ലതാനും, ണ്ട് എന്നായിരിക്കും)

ന് + ത = ന്ന

മ് + പ = മ്മ

ആയതിനാൽ കടന്തു, എന്നതു കടന്നു, എന്നായി.

പറ+തു=പറ+ൻ+തു=പറന്തു=പറന്നു
മറ+തു=മറ+ൻ+തു=മറന്തു=മറന്നു

ഉകാരാന്തങ്ങളെ ഒഴിച്ചുള്ള അകാരിതധാതുക്കൾ.

ചേർ+തു=ചേർ+ൻ+തു=ചേർന്തു=ചേർന്നു
നേർ+തു=നേർ+ൻ+തു=നേർന്തു=നേർന്നു

ഉകാരാന്തമായ അകാരിതധാതുവായാൽ,

തൊഴു+തു=തൊഴുതു
പിഴു+തു=പിഴുതു

൭൯. അകാരിതധാതു ഒരു താലവ്യസ്വരത്തിൽ അവസാനിക്കുന്ന പക്ഷം 'ന്തു' എന്നതുംകൂടി താലവ്യമായിട്ടു 'ഞ്ചു' എന്നു മാറും.

| ഉദാ:—അകാരിതധാതു | വർത്തമാനം | ഭൂതം |
|---|---|---|
| ഇഴ | ഇഴയുന്നു | ഇഴ+ൻ+തു=ഇഴന്തു=ഇഴഞ്ചു=ഇഴഞ്ഞു |
| പണി | പണിയുന്നു | പണി+ൻ+തു=പണിന്തു=പണിഞ്ചു=പണിഞ്ഞു |
| ചീ | ചീയുന്നു | ചീ+ൻ+തു=ചീന്തു=ചീഞ്ചു=ചീഞ്ഞു |
| തേ | തേയുന്നു | തേ+ൻ+തു=തേന്തു=തേഞ്ചു=തേഞ്ഞു |

൮൦. അകാരിതധാതു സംവൃതഉകാരത്തിൽ അവസാനിക്കുന്നപക്ഷം 'തു' കാരം ധാതുവിന്റെ അന്ത്യവ്യഞ്ജനമായി മാറിപ്പോകും.

| ഉദാ:—ധാതു | വർത്തമാനം | ഭൂതം |
|---|---|---|
| പെറു | പെറുന്നു | പെറു+തു=പെറ്റു. |
| തറു് | തറുന്നു | തറു+തു=തറ്റു. |
| ഇറു് | ഇറുന്നു | ഇറു്+തു=ഇറ്റു. |
| പുകു് | —— | പുകു്+തു=പുക്കു. |

ഈ വക ധാതുക്കൾ അപൂർവ്വമാണു്.

൬൧. പ്രത്യയം അകാരിതധാതുക്കളോടു ചേരുന്നതിനെക്കുറിച്ചാണു കഴിഞ്ഞ വകുപ്പിൽ പറഞ്ഞതു്. 'തു' പ്രത്യയം കാരിതധാതുക്കളോടു ചേരുമ്പോൾ:—

(എ) 'ത' കാരം ഇരട്ടിക്കും.

ഉദാ:—കൊടു+തു=കൊടുത്തു,
പാർ+തു=പാർത്തു,
എടു+തു=എടുത്തു.

(ബി) താലവ്യസ്വരാന്തമായ ധാതുവിന്റെ പിൻവരുന്ന 'ത്തു' എന്നതുംകൂടി താലവ്യമായിട്ടു് 'ച്ചു' എന്നാകും.

| ഉദാ:—കാരിതധാതു | വൎത്തമാനം | ഭൂതം | |
|---|---|---|---|
| കഴ | കഴയ്ക്കുന്നു | കഴ + തു= | കഴത്തു<br>കഴച്ചു |
| അറ | അറയ്ക്കുന്നു | അറ + തു= | അറച്ചു<br>അറത്തു |
| പിടി | പിടിക്കുന്നു | പിടി + തു= | പിടിത്തു<br>പിടിച്ചു |
| കടി | കടിക്കുന്നു | കടി + തു= | കടിത്തു<br>കടിച്ചു |

൬൨. ഭൂതകാലത്തിലെ രൂപങ്ങൾ അറിയുന്നതിനു് അറിഞ്ഞിരിക്കേണ്ട ചില സന്ധികാൎയ്യങ്ങളെക്കൂടെ ഇവിടെ പറയുന്നു. (എ) തവൎഗ്ഗവും ചവൎഗ്ഗവും കൂട്ടിച്ചേൎത്താൽ പൊരുത്തക്രമത്തിനു തവൎഗ്ഗംകൂടി ചവൎഗ്ഗമാകും; തവൎഗ്ഗവും ടവൎഗ്ഗവും കൂട്ടിച്ചേൎത്താൽ തവൎഗ്ഗംകൂടി ടവൎഗ്ഗമായി പൊരുത്തക്രമത്തിനു മാറും. എങ്ങനെ എന്നാൽ:—

| തവൎഗ്ഗം | ചവൎഗ്ഗം | | തവൎഗ്ഗം | ടവൎഗ്ഗം | |
|---|---|---|---|---|---|
| ത | ച | ആവും | ത | ട | ആവും |
| ഥ | ഛ | ടി | ഥ | ഠ | ടി |
| ദ | ജ | ടി | ദ | ഡ | ടി |
| ധ | ഝ | ടി | ധ | ഢ | ടി |
| ന | ഞ | ടി | ന | ണ | ടി |

ഉദാ:—തേൻ = (തവൎഗ്ഗം)+ചോറും=തേഞ്ചോറും (ചവൎഗ്ഗമായ ഞകാരം)
എൻ=(ടവൎഗ്ഗം)+നൂറ=എണ്ണൂറ (ത വൎഗ്ഗമായ) ന ടവൎഗ്ഗമായി; ണകാരമായി,)

ഈ നിയമം അനുസരിച്ച 'തു്' പ്രത്യയത്തിനു വരുന്ന മാററങ്ങൾ

കൺ+തു=കണ്ടു (തവൎഗ്ഗതകാരം ടവൎഗ്ഗത്തിലെ ടകാരമായി)

| | | |
|---|---|---|
| ഇട+തു=ഇട്ടു | ടി | ടി |
| പൂൺ+തു=പൂണ്ടു | ടി | ടി |
| കെടു+തു=കെട്ടു | ടി | ടി |

ബി. തവൎഗ്ഗത്തിനു മുമ്പിലിരിക്കുന്ന ലകാരം * തവൎഗ്ഗമായും ളകാരം ടവൎഗ്ഗമായും മാറും—

ഉദാ:—വില്+തു=വിത്തു ('ത്തു്' എന്നതു 'ററു്' എന്നായി മാറുന്നതിനാൽ)=വിററു.

അകല്+തു=അകല്+ൻ+തു (വകുപ്പു ഭിവ്വ) =അകൽ+ന്തു (തവൎഗ്ഗത്തിൽപ്പെട്ട നകാരത്തിനു മുമ്പിലിരിക്കുന്ന ലകാരം തവൎഗ്ഗമാകുന്നതിനാൽ)

അകൻ+ന്തു=അകൻ+†ന്നു=അകന്നു.

കേൾ+തു=(തവൎഗ്ഗത്തിനു മുമ്പിരിക്കുന്ന ളകാരം ടവൎഗ്ഗമായി മാറി)
കേട്+തു=കേട്ടു.

ഉരുൾ+തു=ഉരുൾ+ൻ+തു=ഉരുൾ+ന്തു= (തവൎഗ്ഗത്തിൽ അനുനാസികമായ നകാരത്തിനു മുമ്പുള്ള ളകാരം ടവൎഗ്ഗത്തിൽ അനുനാസികമായ ണകാരമായി വരും) ഉരുൺന്തു=(തവൎഗ്ഗത്തിൽപ്പെട്ട 'ന്' ടവൎഗ്ഗത്തിൽ പെട്ട 'ണ്' എന്നു മാറി) ഉരുൺൺതു=(ടി ന്യായംകൊണ്ടുതന്നെ ഉരുൺൺടു=ഉരുണ്ടു.)

ന്വര. 'ഴ്ന്തു്' എന്ന കൂട്ടക്ഷരം വന്നാൽ അതു 'ണ്' കാരമായി മാറും.

ഉദാ:—വീഴ്=വീഴ്+ൻ+തു (വകുപ്പു് ഭിവ്വ)=വീഴ ന്തു=വീണു.
കേഴ്=കേൾ+ൻ+തു=കേഴ്ന്തു=കേണു.

---

* ള് കാരം ടവൎഗ്ഗത്തിൽ ഏതക്ഷരമാവുമെന്നു ഒരു ചോദ്യമുണ്ട്. പിന്നിരിക്കുന്ന തവൎഗ്ഗാക്ഷരം ഏതോ ലകാരം അതായിത്തന്നെ മാറും. പിമ്പെ തകാരം വന്നാൽ തകാരമായും നകാരം വന്നാൽ നകാരമായും വരും.

† ഒരേവൎണ്ണം രണ്ടിലധികം ചേൎന്നാൽ ഉച്ചാരണത്തിൽ ഇരട്ടിച്ചതിനെക്കാൾ ഭേദമില്ലാത്തതിനാൽ ഒന്നു ലോപിച്ചുപോകുന്നു.

## പ്രകാരം

൹൨. (എ) ഒരു ക്രിയ നടക്കുന്നതു പലമാതിരിയിലാവാം. (൧) ഒരു ക്രിയ നടന്നു എന്നോ, നടക്കുന്നു എന്നോ, നടക്കും എന്നോ വെറും ഒരു ക്രിയയെപ്പററി പ്രസ്താവിക്കുന്നതായിട്ടാവാം. (൨) നീ അതു ചെയ്യ്, അവൻ അതു ചെയ്യട്ടെ എന്നും മററും ഒരു വരുതികൊടുക്കുന്നതായിട്ടാവാം. (൩) ഒരു സംഗതി അങ്ങനെ വേണം, തന്റെ അപേക്ഷയോ അനുഗ്രഹമോ അങ്ങനെയാണ് എന്നു അന്യനെ ഗ്രഹിപ്പിക്കുന്നതായിട്ടാവാം. (൪) ഒരു സംഗതി ഒരുവിധം സംഭവിക്കാവുന്നതാണ, താൻ ഒരു സംഗതിയുടെ നടപ്പു സമ്മതിച്ചിരിക്കുന്നു എന്നും മററും കാണിക്കുന്നതായിട്ടാവാം. ഈവിധം ക്രിയ നടക്കുന്ന മാതിരിയെ കുറിക്കാനായി ധാതുവിൽ ചെയ്യുന്ന രൂപഭേദമാണ **പ്രകാരം** ഇതിൽ ൧-ാം മാതിരി നിർദ്ദേശകപ്രകാരം: ൨-ാം മാതിരി നിയോജകപ്രകാരം: ൩-ാം മാതിരി വിധായകപ്രകാരം: ൪-ാം മാതിരി അനുജ്ഞായകപ്രകാരം.

(ബി) കാലം എന്നുള്ള അംശം ഇതിൽ നിർദ്ദേശകപ്രകാരത്തിനേ സ്പഷ്ടമായിട്ടുള്ളു. ശേഷം മൂന്നെണ്ണത്തിൽ നിയോജകം സ്വഭാവേന ഭാവികാലത്തിൽ മാത്രം യോജിക്കുന്നതാണ്. 'അവൻ അതു ചെയ്യട്ടെ', 'നീ അതു ചെയ്യ' എന്നും മററും പറയുമ്പോൾ ആ ക്രിയ മേലാൽ നടക്കാനുള്ളതായിട്ടല്ലയോ തൽക്കാലം ഇരിക്കുന്നത്. ഒന്നു ഒരുവിധം വേണം അല്ലെങ്കിൽ ഒരുവിധമാവാം എന്നും മററും പറയുന്നിടത്തു കാലത്തിന്റെ അംശത്തെ തീരെ വകവെക്കുന്നതേ ഇല്ല. അതിനാൽ വിധായകം അനുജ്ഞായകം എന്ന ശേഷം രണ്ടുപ്രകാരങ്ങൾക്കു കാലഭേദമേ ഇല്ല. അവ മൂന്നുകാലത്തിലും തുല്യങ്ങളാകയാൽ **ത്രൈകാലികങ്ങൾ** എന്നോ **അകാലകങ്ങൾ** എന്നോ പറയാം. എങ്കിലും അവയുടെ രൂപത്തിന്റെയും അൎത്ഥത്തിന്റെയും സ്വഭാവത്തെ സൂക്ഷിച്ചുനോക്കുന്ന പക്ഷം അതുകളും ഭാവിയിൽ തന്നെ അധികം യോജിക്കുന്നു

എന്നു സമർത്ഥിക്കാം. എന്നാൽ ഈ വിധായകനിയോജകങ്ങൾക്കുള്ള ഏതാനും വിശേഷാർത്ഥങ്ങളെ കാണിപ്പാൻ കാലഭേദങ്ങളെ കുറിക്കുന്നതിനു രൂപഭേദവും ചെയ്യുംവന്നതാണെന്നു മേൽ സ്പഷ്ടമാവും.

൩൪. **നിർദ്ദേശകം**—ഇതു ധാത്വർത്ഥത്തെ കേവലമായ പ്രകാരത്തിൽ കാണിക്കുന്നു. ഒരു കൃതിരൂപം നിർദ്ദേശകം എന്നു കാണിക്കുന്നതിനു വിശേഷിച്ച് ഒരു പ്രത്യയവുമില്ല.

ബാലന്മാർ കളിക്കുന്നു
രാമൻ രാവണനെക്കൊന്നു
ഉത്സാഹമുള്ള കുട്ടികൾ ജയിക്കും.

എന്നീ വാക്യങ്ങളിലുള്ള, കളിക്കുന്നു ഇത്യാദി രൂപങ്ങളിൽ ധാതുക്കളോടു കാലപ്രത്യയമല്ലാതെ മററൊന്നും ചേർന്നിട്ടില്ല. ആയതിനാൽ ഈ രൂപങ്ങളിൽ ഓരോന്നും കാലം മാത്രമല്ലാതെ മററ് വിശേഷാർത്ഥമൊന്നും കാണിക്കുന്നില്ല. കളിക്കുന്നു, കൊന്നു, ജയിക്കും ഇവ നിർദ്ദേശകപ്രകാരങ്ങൾതന്നെ.

ബാലന്മാർ, ബാലികമാർ, ബാലൻ, ഞാൻ, നീ ഇവയിൽ ഏതുതന്നെ ആഖ്യയായി നിന്നാലും 'കളിക്കുന്നു' എന്ന ആഖ്യാതം ഇപ്പോൾ മലയാളത്തിൽ സാധുവാണ്. നിർദ്ദേശകപ്രകാരത്തെ കാണിക്കുന്ന കൃതിരൂപത്തിനു ലിംഗപുരുഷവചനഭേദം ഇപ്പോൾ മലയാളത്തിൽ നടപ്പില്ല. ഇതിനെ അല്പം വിവരിക്കേണ്ടതുണ്ട്.

൩൫. സംസാരിക്കുന്ന ആൾ (ഞാൻ) ഉത്തമപുരുഷൻ; ആരോടു സംസാരിക്കുന്നുവോ ആ ആൾ (നീ) മധ്യമപുരുഷൻ; ആരെക്കുറിച്ചു സംസാരിക്കുന്നു ആ ആൾ (അവൻ, അവൾ,) അല്ലെങ്കിൽ വസ്തു (അത്,) പ്രഥമപുരുഷൻ എന്നു പുരുഷന്മാർ മൂന്നുവിധം. ക്രിയയുടെ കർത്താവ് ഈ മൂന്നുപുരുഷരിൽ ഏതെങ്കിലും ഒന്നായിരിക്കണമല്ലോ. കർത്താ പ്രഥമപുരുഷനെങ്കിൽ ക്രിയാപദത്തിനും പുരുഷൻ പ്രഥമൻ; മധ്യമനെങ്കിൽ മധ്യമൻ; ഉത്തമനെങ്കിൽ ഉത്തമൻ. ഇങ്ങനെ കർത്താവിനുള്ള പുരുഷഭേ-

ദംതന്നെ ക്രിയാപദത്തിനും പുരുഷഭേദം. ലിംഗവചനങ്ങളും അതുപോലെതന്നെ. കൎത്താ പുല്ലിംഗമെങ്കിൽ ക്രിയാപദവും പുല്ലിംഗം; സ്ത്രീലിംഗമെങ്കിൽ സ്ത്രീലിംഗം; നപുംസകമെങ്കിൽ നപുംസകം. അതുപോലെതന്നെ കൎത്താ ഏകവചനമെങ്കിൽ ക്രിയയും ഏകവചനം; ബഹുവചനമെങ്കിൽ ബഹുവചനം.

ഉദാ:—൧. ധരണിഭഗവതീ വിരിഞ്ചലോകേ
വിരവൊടുചെന്നു വണങ്ങി നിന്നു ചൊന്നാൾ.
൨. കണ്ടായോ കനിവൊടു ചൂതവൃക്ഷമേ നീ.
൩. അടിയിണപണിയുന്നേനടിയൻ.
൪. ഇന്നുഞങ്ങളതിൽ നിന്നുമുയരുന്നോം.

ഇതിൽ ൧-ൽ 'ചൊന്നാൾ' എന്ന ക്രിയാപദം 'ധരണിഭഗവതി' എന്ന കൎത്താവനുസരിച്ച് സ്ത്രീലിംഗം, പ്രഥമപുരുഷൻ, ഏകവചനം. ൨-ൽ 'കണ്ടായോ' എന്നതു ചൂതവൃക്ഷത്തോടു പറയുന്നതാകയാൽ നപുംസകം, മധ്യമപുരുഷൻ, ഏകവചനം. ൩-ൽ 'പണിയുന്നേൻ' നളന്റെ വാക്കാകയാൽ പുല്ലിംഗം, ഉത്തമപുരുഷൻ, ഏകവചനം. ൪-ൽ 'ഉയരുന്നോം' എന്നുള്ളതു സപ്തൎഷികളുടെ വാക്കാകയാൽ പുല്ലിംഗം, ഉത്തമപുരുഷൻ ബഹുവചനം.

൩൩. നിൎദ്ദേശകരൂപത്തിനു ലിംഗപുരുഷവചനഭേദം ഇന്നും മററ ദ്രാവിഡഭാഷകളിൽഉള്ളതുപോലെ പണ്ടു മലയാളത്തിൽ നടപ്പുണ്ടായിരുന്നു. എന്നാൽ അതു കാലക്രമത്തിൽ പ്രചാരക്കുറവുവന്ന് ഇപ്പോൾ നാടോടിയായി സംസാരിക്കുന്ന ഭാഷയിൽ ഉപയോഗമേ ഇല്ലാത്തതായി. കവികൾ മാത്രം സൌകൎയ്യംപോലെ അവയെ ഉപയോഗിക്കാറുണ്ട്. നിൎദ്ദേശകപ്രകാരത്തിൽ ലിംഗപുരുഷവചനഭേദങ്ങളെ കുറിക്കാനുള്ള പ്രത്യയങ്ങളെ താഴെ കാണിച്ചിരിക്കുന്നു.

പ്രഥമപുരുഷൻ

| | ഏക | | ബഹു | |
|---|---|---|---|---|
| ലിംഗം | പ്രത്യയം | ഉദാ. | പ്രത്യ | ഉദാ |
| പും | ആൻ | ചൊന്നാൻ | ആർ | ചൊന്നാർ |
| സ്ത്രീ | ആൾ | ചൊന്നാൾ | | |
| നപും | ഉതു(തു) | ചൊന്നതു | | |

മദ്ധ്യമപുരുഷൻ

ആയ് — ചൊന്നായ് ആർ — ചൊന്നാർ.

ഉത്തമപുരുഷൻ

ഏൻ — ചൊന്നേൻ ഓം — ചൊന്നോം

ഇപ്പോൾ ഈ ഭേദം കാണിക്കുക നടപ്പില്ലാത്തതിനാൽ

| | | |
|---|---|---|
| ഞാൻ, ഞങ്ങൾ | } | ചൊന്നു |
| നീ, നിങ്ങൾ | | |
| അവൻ, അവൾ | | |
| അവ, അതുകൾ | | |

എന്നേയുള്ളു. നിയോജകപ്രകാരത്തിൽ പുരുഷവചനഭേദം ഇന്നും നടപ്പുണ്ട്; അതിൽ ലിംഗഭേദമില്ല. വിധായകാനുജ്ഞായകപ്രകാരങ്ങളിൽ ലിംഗപുരുഷവചനഭേദം പണ്ടുമില്ലായിരുന്നു.

൯൭ (എ) നിയോജകം — ഇതു കൃതിയുടെ അൎത്ഥമായ ക്രിയയെ നിയോഗിക്കുന്ന (ആജ്ഞചെയ്യുന്ന, വരുതികൊടുക്കുന്ന) മട്ടിൽ കാണിക്കുന്നു. പുരുഷവചനഭേദം നിയോജകപ്രകാരത്തിനു മലയാളത്തിൽ നടപ്പുണ്ടെന്നു മുൻ പറഞ്ഞതല്ലോ. പ്രഥമപുരുഷന്റെയും മദ്ധ്യമപുരുഷന്റെയും രണ്ടു വചനങ്ങൾക്കും 'അട്ടെ' എന്ന പ്രത്യയം. മദ്ധ്യമപുരുഷൈകവചനത്തിന് വിശേഷാൽ പ്രത്യയമില്ല; ശബ്ദരൂപംതന്നെ. മദ്ധ്യമപുരുഷബഹുവചനത്തിന് 'ഇൻ' എന്ന പ്രത്യയം. ഇതുതന്നെ പട്ടികയായി കാണിക്കാം: —

| | ഏക | ബഹു |
|---|---|---|
| പ്രഥമപുരുഷൻ | അട്ടെ | അട്ടെ |
| മദ്ധ്യമ ടി | ശബ്ദരൂപം | ഇൻ |
| ഉത്തമ ടി | അട്ടെ | അട്ടെ |

മദ്ധ്യമപുരുഷൈകവചനം ശബ്ദരൂപം തന്നെ. ആകയാൽ പ്രത്യയമൊന്നുമില്ലെങ്കിലും ധാതു വ്യഞ്ജനാന്തമായാൽ സംവൃത ഉകാരം ചേൎക്കേണ്ടിവരുമെന്നു മുൻ പ്രസ്താവിച്ചിട്ടുള്ളതാണ്. ആകയാൽ വ്യഞ്ജനാന്തങ്ങളായ ധാതുക്കളുടെ നിയോജകമദ്ധ്യമപുരുഷൈകവചനത്തിനു സംവൃത ഉകാരം ഒരു

പ്രത്യയമാണെന്നു പറയാം ഉ്, ഉൻ, ക്കട്ടെ ഈ മൂന്നും സ്വരാദിയാകയാൽ കാരിതധാതുക്കളിൽ 'ക്ക്' എന്നു് ഇടനില ചേർക്കേണ്ടതാണെന്നു് ൧൫-ാം വകുപ്പിലും, താലവ്യസ്വരാന്തങ്ങളായ ധാതുക്കൾക്കു 'യ്'കാരവും ഓഷ്ഠ്യസ്വരാന്തങ്ങളായ ധാതുക്കൾക്കു് 'വ്' കാരവും ആഗമം വേണ്ടതാണെന്നു് ൧൪-ാം വകുപ്പിലും കാണിച്ചിട്ടുള്ളതിനെ ഓർക്കണം.

ഉദാ:—

| ധാതു. | മധ്യമ. | മധ്യമ. ഏക | പ്രഥമ. ബഹു | ഉത്തമ. ഏകബഹു |
|---|---|---|---|---|
| കാരിതം | കളി | കളിക്ക | കളിക്കിൻ | കളിക്കട്ടെ |
| ടി | കേൾ | കേൾ<br>കേൾക്ക് | കേൾക്കിൻ | കേൾക്കട്ടെ |
| ടി | നില് | നില്<br>നില്ക്കു് | നിൽക്കിൻ | നിൽക്കട്ടെ |
| താലവ്യസ്വരാന്തം | പറ | പറ | പറയിൻ | പറയട്ടെ |
| ടി | അണി | അണി | അണിയിൻ | അണിയട്ടെ |
| ഓഷ്ഠ്യസ്വരാന്തം | പോ | പോ | പോവിൻ | പോവട്ടെ |
| അകാരിതവ്യഞ്ജനാന്തം | ഇളക് | ഇളക | ഇളകിൻ | ഇളകട്ടെ |

(ബി) മധ്യമബഹുവചനപ്രത്യയമായ 'ഇൻ' ചേരുമ്പോൾ കാരിതങ്ങൾക്കു വിധിച്ചിട്ടുള്ള 'ക്ക്' എന്നതിനെ 'പ്പ്' എന്നും പാഠമുണ്ടു്.

ഉദാ:—നടക്കിൻ — നടപ്പിൻ
വലിക്കിൻ — വലിപ്പിൻ
പാർക്കിൻ — പാർപ്പിൻ

(സി) പൂജിച്ചു പറയുന്നതിനായി ഭൂതരൂപത്തോടു 'ആലും' എന്ന പ്രത്യയം ചേർത്തു നിയോജകമധ്യമന്റെ ഏകവചനവും ബഹുവചനവും ഉണ്ടാകാറുണ്ടു്.

ഉദാ:—കേട്ടാലും, തന്നാലും, ഇരുന്നാലും

൯൮. (എ) വിധായകം, വിധി, കൃത്യം, ശീലം എന്ന അൎത്ഥങ്ങളിൽ ഒന്നിനെക്കുറിക്കുന്ന ക്രിയയുടെ അൎത്ഥത്തിൽ ചേൎത്തു കാണിക്കുന്നു. 'വേൺ' എന്ന ധാതുവിന്റെ ത്രികാലരൂപങ്ങളായ 'വേണ്ടുന്നു', 'വേണ്ടി', 'വേണം', 'വേണ്ടു', എന്നിവയുടെ 'വ' കാരമായ ആദിവൎണ്ണം വിട്ടിട്ട് 'ഏണ്ടുന്നു', 'ഏണ്ടി', 'ഏണം', 'ഏണ്ടും' എന്നവ ധാതുവിൽ ചേൎത്തു വിധായകപ്രകാരത്തിന്റെ ത്രികാലങ്ങളെ ഉണ്ടാക്കുന്നു.

ഉദാ:—

| ധാതു | വൎത്ത | ഭൂതം | ഭാവി |
|---|---|---|---|
| പറ | പറ + യ് + ഏണ്ടുന്നു = പറയേണ്ടുന്നു | പറ + യ് + ഏണ്ടി = പറയേണ്ടി | പറ + യ് + ഏണ്ടു = പറയേണ്ടു; പറ + യ് + ഏണം = പറയേണം |
| ഇളക് | ഇളക്കേണ്ടുന്നു | ഇളകേണ്ടി | ഇളകേണ്ടു; ഇളകേണം |
| നട് (കാരിതം) | നടക്കേണ്ടുന്നു | നടക്കേണ്ടി | നടക്കേണ്ടു; നടക്കേണം |

(ബി) ഭാവിപ്രത്യയമായ 'ഏണം' എന്നതിനെ ഹ്രസ്വം ചെയ്തു 'പറയെണം', 'പോകെണം', 'നടക്കെണം' എന്നിങ്ങനെ ലഭിക്കുന്ന രൂപങ്ങളിൽ നിന്നു 'പറയണം', 'പോകണം', 'നടക്കണം' എന്നു സിദ്ധമായി.

വിധായകപ്രകാരത്തിന്റെ ത്രികാലരൂപങ്ങൾ മറ്റുവിനയിൽ അധികം ഉപയോഗിക്കാറില്ല. 'ഏണം', അല്ലെങ്കിൽ 'എണം', 'അണം' എന്നു ചേൎന്ന ഭാവിരൂപം മാത്രമാണു സാധാരണ നടപ്പ (വകുപ്പ ൯൭— ബി)

൯൯. (എ) അനുജ്ഞായകം—ഇതു ധാത്വൎത്ഥത്തെ അനുജ്ഞ (സമ്മതം) ചെയ്യുന്നമട്ടിൽ കാണിക്കുന്നു. അനുജ്ഞായകത്തിനു പ്രത്യയം 'ആം' എന്നാണ്.

ഉദാ:—ധാതു

| | | |
|---|---|---|
| പറ | പറയാം | (പറക സമ്മതിക്കപ്പെട്ടിരിക്കുന്നു) |
| പോം | പോകാം | (പോകുക ടി ടി ) |
| കേൾ | കേൾക്കാം | (കേൾക്കുക ടി ടി ) |

'ആം' എന്നതു 'ആവുക' ധാതുവിന്റെ ഭാവരൂപമായ 'ആവും' സംകോചിച്ചുണ്ടായതാകുന്നു.

(ബി) ആവുക ധാതുവിന്റെ വത്തമാനവും ഭൂതവുമായ 'ആവുന്നു', 'ആയി' എന്നിതുകളെ ധാതുരൂപത്തോടു ചേത്തു അനുജ്ഞായകം വത്തമാനവും അനുജ്ഞായകഭൂതവുമുണ്ടാകാം—

| ഉദാ:— | വത്തമാനം | ഭൂതം |
| --- | --- | --- |
| | പറയാവുന്നു | പറയായി |
| | ചെയ്യാവുന്നു | ചെയ്യായി |

ഈ രൂപങ്ങൾ സാധാരണ നടപ്പില്ല. (വകുപ്പ് ൯൬. ബി)

---

# പ്രയോഗം

൬൦. ഒരു ക്രിയയാൽ കുറിഞ്ഞപക്ഷം അതിനെ നടത്തുന്നവനായിട്ടെങ്കിലും ഒരുവൻ വേണം. ഉറങ്ങുന്നു, പഠിക്കുന്നു എന്നു മാത്രം പറഞ്ഞാൽ പോരാ; രാമൻ എന്നോ, ഞാൻ എന്നോ ക്രിയയെ പ്രവത്തിക്കുന്നതായി ഒന്നിനെക്കൂടെ പറയേണ്ടതാണ്. ചില കൃതികൾക്കു ക്രിയാഫലത്തെ സഹിക്കുന്നതായി ഒന്നുകൂടെ ഉണ്ടായിരിക്കേണ്ടതാകുന്നു. രാമൻ പഠിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു മതിയാകുന്നില്ല, എന്തിനെ പഠിക്കുന്നു എന്നുകൂടെ പറയേണ്ടതായിരിക്കുന്നു. ഇങ്ങനെ വേറെ എണ്ണങ്ങളും ക്രിയകൾ നടത്തുന്നതിൽ ആവശ്യമായിട്ടുണ്ടു. ക്രിയനടത്തുന്നതിൽ ആവശ്യപ്പെട്ട എണ്ണങ്ങൾക്കു കാരകം എന്നുപേർ. കാരകങ്ങളിൽ പ്രധാനം കത്താ, രണ്ടാമത്തേതു കമ്മം; കാരണം, സാക്ഷി മുതലായ കാരകങ്ങൾ പ്രാധാന്യത്തിൽ ഇവയ്ക്കുപുറമേ നിൽക്കുന്നതേയുള്ളു.

൬൧. കത്താ, കമ്മം എന്നീ രണ്ടു കാരകങ്ങളിൽ കത്താ പ്രധാനമെന്നു പറഞ്ഞെങ്കിലും, കമ്മവും പ്രധാനമായി വരാവു-

ന്നതാണ. കൃഷ്ണൻ രാമനെ അടിക്കുകയുണ്ടായി എന്നിരിക്കട്ടെ. ആരാണ് അടിച്ചതെന്ന് അറിയണമെങ്കിൽ കൎത്താ പ്രധാനമായി വരും, ആരെയാണ് അടിച്ചത് എന്നാണ് അറിയാനുള്ളതെങ്കിൽ കൎമ്മം പ്രധാനമായി വരും. ഈ ഭേദം സകൎമ്മകകൃതികളിലേ ഉള്ളു എന്നു വിശേഷിച്ചു പറയേണ്ടതില്ലാ. സകൎമ്മകകൃതികളെ കൎത്താവിനെ പ്രധാനമാക്കീട്ടും, കൎമ്മത്തെ പ്രധാനമാക്കീട്ടും പ്രയോഗിക്കാം. ഇതാണ് കൃതികൾക്കു പ്രയോഗഭേദം. പ്രയോഗത്തിൽ ഏതു കാരകം പ്രധാനമോ അതു നിൎദ്ദേശികാവിഭക്തിയിൽ വരും.

ഉദാ—രാമനെ കൃഷ്ണൻ അടിച്ചു=കൎത്തരിപ്രയോഗം.
രാമൻ കൃഷ്ണനാൽ അടിക്കപ്പെട്ടു=കൎമ്മണിപ്രയോഗം.

'രാമനെ കൃഷ്ണൻ അടിച്ചു' എന്നു പറയുമ്പോൾ 'അടിച്ചു' എന്ന ക്രിയ കൎത്താവിനെ ആശ്രയിച്ചു നില്ക്കുന്നതായിട്ടാണ് നമുക്കു തോന്നുന്നത്; രാമൻ അടികൊണ്ടു എന്നതിനെ അല്ല കൃഷ്ണൻ അടിച്ചു എന്നതിനെയാണ ഈ വാക്യം മുഖ്യമായി കാണിക്കുന്നത്. 'രാമൻ കൃഷ്ണനാൽ അടിക്കപ്പെട്ടു' എന്നു പറയുമ്പോൾ രാമൻ അടികൊണ്ടു എന്നുള്ള സംഗതിയാണ പ്രധാനം; അല്ലാതെ കൃഷ്ണൻ അടിച്ചു എന്നുള്ളതല്ല. ഇവിടെ കൎമ്മത്തെയാണ ക്രിയ പ്രധാനമായി ആശ്രയിക്കുന്നത്.

ലക്ഷണം: കൎത്താവിനെ പ്രധാനമാക്കീട്ടുള്ള പ്രയോഗം **കൎത്തരിപ്രയോഗം**. കൎമ്മത്തെ പ്രധാനമാക്കീട്ടുള്ള പ്രയോഗം **കൎമ്മണിപ്രയോഗം**.

൯൨. കൎമ്മണിപ്രയോഗത്തിൽ ധാതുവിന്മേൽ പറയാൻ പോകുന്ന 'അ' എന്ന പ്രത്യയം ചേൎത്തുണ്ടാകുന്ന നടുവിനയെച്ചരൂപത്തിൽ 'പെടു' എന്ന ധാതുവിനെ ചേൎക്കണം. (വകുപ്പ്-൯൩-൩)

| | | |
|---|---|---|
| ഉദാ:— | അടി | അടിക്കപ്പെടു. |
| | കൊടു | കൊടുക്കപ്പെടു. |
| | പറ | പറയപ്പെടു. |

പിന്നീട്ട ആവശ്യംപോലെ കാലവും പ്രകാരവും 'പെട്ട' എന്നതിൽ ചേൎത്തുപയോഗിക്കുക—അടിക്കപ്പെടുന്നു, അടിക്കപ്പെട്ടു, അടിക്കപ്പെടും, അടിക്കപ്പെടട്ടെ, അടിക്കപ്പെടണം ഇത്യാദി. കൎമ്മണിപ്രയോഗത്തിൽ കൎത്താവിനു പ്രയോജികാവിഭക്തിയും കൎമ്മത്തിനു നിൎദ്ദേശികാവിഭക്തിയുംഉ പയോഗിക്കണം.

ഉദാ:—

| കൎത്തരി | കർമ്മണി |
|---|---|
| കാളിദാസൻ ശാകുന്തളം ചമച്ചു. | കാളിദാസനാൽ ശാകുന്തളം ചമയ്ക്കപ്പെട്ടു. |
| എല്ലാവരും സത്യം പറയണം. | എല്ലാവരാലും സത്യം പറയപ്പെടണം. |
| നീ രാമനെക്കണ്ടോ? | നിന്നാൽ രാമൻ കാണപ്പെട്ടോ? |
| ഞാൻ അവനെ അടിക്കും. | എന്നാൽ അവൻ അടിക്കപ്പെടും. |

---

## പ്രയോജകരൂപം

൧൭. ഒരാൾ ഒരു ക്രിയചെയ്യുന്നതു സ്വന്ത മനസ്സാലെ ആവാം; മറെറാരുവൻെറ പ്രേരണയാലും ആവാം 'രാജാവു രാജ്യം ഭരിക്കുന്നു' എന്നു പറയുന്നിടത്തു ഭരണക്രിയ രാജാവു സ്വന്ത മനസ്സാലെ ചെയ്യുന്നതാണു്; 'രാജാവു മന്ത്രിയെക്കൊണ്ടു രാജ്യം ഭരിപ്പിക്കുന്നു' എന്നാണ് പറയുന്നതെങ്കിൽ അവിടെ മന്ത്രി രാജ്യം ഭരിക്കുന്നതു രാജാവിൻെറ പ്രേരണയാലാണു എന്നു വരുന്നു. 'ഭരിക്കുന്നു' എന്നുള്ള കേവലമായ കൃതി കൎത്താവു സ്വയം ചെയ്യുന്ന പ്രവൃത്തിയെ കാണിക്കുന്നു; 'ഭരിപ്പിക്കുന്നു' എന്നുള്ള പ്രയോജകരൂപം കൎത്താവു മറെറാരുവനെക്കൊണ്ടു നടത്തിക്കുന്നതായിട്ടാണു ക്രിയയേ കാണിക്കുന്നതു്.

ലക്ഷണം—കൎത്താവു ക്രിയ മറെറാരുവനെക്കൊണ്ടു ചെയ്യിക്കുന്നതായി കാണിക്കുന്ന കൃതിരൂപം പ്രയോജകം; കൎത്താവു തനിയേ സ്വേച്ഛയായിചെയ്യുന്നതായികാണിക്കുന്നതു കേവലം.

രെ്. കൃതിയുടെ സ്വന്തരൂപംതന്നെ കേവലരൂപം. അതിൽ ചില പ്രത്യയങ്ങൾ ചേൎത്താം മററം പ്രയോജകരൂപത്തെ ഉണ്ടാക്കുന്നു.

ദ്ദ. പ്രയോജകത്തിൽ ഒരുവൻ മററൊരുവൻെറ പ്രേരണയാൽ ക്രിയ ചെയ്യുകയാണല്ലോ. അപ്പോൾ പ്രേരണ ചെയ്യുന്നവനും പ്രേരണപ്രകാരം നേരേ ക്രിയ നടത്തുന്നവനും ഒരുവിധം നോക്കുമ്പോൾ കൎത്താവുതന്നെ. രണ്ടും തിരിച്ചറിവാനായി സാക്ഷാൽ ക്രിയ നടത്തുന്നവൻ പ്രയോജ്യകൎത്താ; അവനെപ്രേരിപ്പിക്കുന്നവൻ പ്രയോജകകൎത്താ; എന്നു ഭേദംകല്പിച്ചിരിക്കുന്നു. 'രാജാവു മന്ത്രിയെക്കൊണ്ടു രാജ്യം ഭരിപ്പിക്കുന്നു' എന്നു മുന്നെടുത്ത ഉദാഹരണത്തിൽ രാജാവും മന്ത്രിയും ഒരുപോലെവിശേഷബുദ്ധിയുള്ളവരാണ്. എന്നാൽ പല സ്ഥലങ്ങളിലും പ്രയോജ്യകൎത്താ വിശേഷബുദ്ധിയില്ലാത്തവനായിവരും. വെപ്പുകാരൻ കറിക്കു തേങ്ങാ അരയ്ക്കുന്നു, എന്നു പറഞ്ഞാൽ അവിടെ പ്രയോജകകൎത്താവായ വെപ്പുകാരൻെറ പ്രേരണപ്രകാരം പ്രയോജ്യകൎത്താവായ തേങ്ങ അരയുകയാണു ചെയ്യുന്നതു്. അതിനാൽ ഇതിൽ പ്രയോജ്യകൎത്താ വിശേഷബുദ്ധിയില്ലാത്ത ഒരുവസ്തുവാകുന്നു. ഏതു കൃതിക്കു പ്രയോജ്യകൎത്താ വിശേഷബുദ്ധിയുള്ളവനായിരിക്കുന്നോ ആ കൃതി സചേതനകൎത്തൃകം; ഏതിനു പ്രയോജ്യകൎത്താ വിശേഷബുദ്ധിയില്ലാത്ത ഒരു നപുംസകമായിരിക്കുന്നുവോ അതു അചേതനകൎത്തൃകം. അകാരിതധാതുക്കളിൽ സചേതനകൎത്തൃകങ്ങൾക്കും അചേതനകൎത്തൃകങ്ങൾക്കും തമ്മിൽ രൂപഭേദമുണ്ടു്.

ന്ന. പ്രയോജകരൂപമുണ്ടാക്കുന്നതിനുള്ള മാൎഗ്ഗങ്ങൾ:—

(൧) അകാരിതങ്ങളിൽ (എ) അചേതനകൎത്തൃകങ്ങളെ കാരിതങ്ങളാക്കിയാൽ മതി.

| ഉദാ:—ധാതു | കേവലരൂപം | | പ്രയോജകരൂപം | |
|---|---|---|---|---|
| ഉട | ഉടയുന്നു | ഉടഞ്ഞു, | ഉടയ്ക്കുന്നു | ഉടച്ചു. |
| പിരി | പിരിയുന്നു | പിരിഞ്ഞു, | പിരിയ്ക്കുന്നു | പിരിച്ചു |
| ചേര | ചേരുന്നു | ചേൎന്നു, | ചേൎക്കുന്നു | ചേൎത്തു |
| തേ | തേയുന്നു | തേഞ്ഞു, | തേയ്ക്കുന്നു | തേച്ചു |

(ബി) സചേതനകൎത്തൃകങ്ങളെ 'ഇ്' എന്ന പ്രത്യയം കൂടിച്ചേൎത്തു കാരിതമാക്കണം.

| | | | | |
|---|---|---|---|---|
| ഉദാ:—കള | കളയുന്നു | കളഞ്ഞു, | കളയിക്കുന്നു | കളയിച്ചു |
| പണി | പണിയുന്നു | പണിഞ്ഞു, | പണിയിക്കുന്നു | പണിയിച്ചു |
| അറി | അറിയുന്നു | അറിഞ്ഞു, | അറിയിക്കുന്നു | അറിയിച്ചു |
| ചൊല് | ചൊല്ലുന്നു | ചൊന്നു, | ചൊല്ലിക്കുന്നു | ചൊല്ലിച്ചു |

(സി) ര, ഴ, ല, എന്ന വൎണ്ണങ്ങളിലൊന്നിലവസാനിക്കുന്ന ധാതുക്കൾക്കു 'ത്ത' എന്ന പ്രത്യയം ചേൎക്കണം.

| ഉദാ:—ധാതു | കേവലം | | പ്രയോജകം | |
|---|---|---|---|---|
| പകര് | പകരുന്നു | പകൎന്നു, | പകൎത്തുന്നു | പകൎത്തി |
| വിടിര് | വിടിരുന്നു | വിടിൎന്നു, | വിടിൎത്തുന്നു | വിടിൎത്തി |
| താഴ് | താഴുന്നു | താണു, | താഴ്ത്തുന്നു | താഴ്ത്തി |
| വീഴ് | വീഴുന്നു | വീണു, | * വീഴ്ത്തുന്നു | വീഴ്ത്തി |
| അകല് | അകലുന്നു | അകന്നു, | അകത്തുന്നു | അകത്തി |
| അനല് | അനലുന്നു | അനന്നു | അനത്തുന്നു | അനത്തി |

(ഡ) കാരിതങ്ങളിൽ എല്ലാവക കൃതികൾക്കും 'പ്പി' എന്ന പ്രത്യയം ചേൎത്തു കാരിതങ്ങൾക്കുള്ള രൂപം ചെയ്യണം.

ഉദാ:—

| ധാതു | കേവലം | | പ്രയോജകം | |
|---|---|---|---|---|
| ഉടു | ഉടുക്കുന്നു | ഉടുത്തു, | ഉടുപ്പിക്കുന്നു | ഉടുപ്പിച്ചു |
| വിളി | വിളിക്കുന്നു | വിളിച്ചു, | വിളിപ്പിക്കുന്നു | വിളിപ്പിച്ചു |
| കേൾ | കേൾക്കുന്നു | കേട്ടു, | കേൾപ്പിക്കുന്നു | കേൾപ്പിച്ചു |
| തണു | തണുക്കുന്നു | തണുത്തു, | തണുപ്പിക്കുന്നു | തണുപ്പിച്ചു |

(ഫ) വ്യഞ്ജനാന്തധാതുക്കളിൽ (എ) അന്ത്യവ്യഞ്ജനം അനുനാസികമായാൽ അതു പൊരുത്തം നോക്കി ഖരമാക്കണം.

* വീഴിക്കുന്നു, വീഴിച്ചു, എന്നും പ്രയോജകരൂപങ്ങളുണ്ട്. കുട്ടിയെ വീഴിക്കുന്നു എന്നൊക്കെയല്ലാതെ ജലത്തെ വീഴിക്കുന്നു എന്നുപറയുക നടപ്പില്ലാത്തതിനാൽ വീഴിക്കുന്നു എന്നതു സചേതനകൎത്തൃകമാണ്. സചേതനകൎത്തൃകങ്ങൾക്കു വിധിച്ചിട്ടുള്ള 'ഇ്' കാരം ചേൎന്നാണ വീഴിക്കുന്നു, വീഴിച്ചു, വാഴിക്കുന്നു, വാഴിച്ചു എന്നൊക്കെ സിദ്ധിക്കുന്നതു്.

| ഉദാ:—ധാതു | കേവലം | | പ്രയോജകം | |
|---|---|---|---|---|
| പൊങ്ങു | പൊങ്ങുന്നു | പൊങ്ങി, | പൊക്കുന്നു | പൊക്കി |
| കാൺ | കാണുന്നു | കണ്ടു, | കാട്ടുന്നു | കാട്ടി |
| തീറ് | തിന്നുന്നു | തിന്നു, | തീറ്റുന്നു | തീറ്റി |

അനുനാസികങ്ങൾക്കു അതതു വൎഗ്ഗത്തിലെ ആദ്യാക്ഷരംതന്നെ പൊരുത്തം ഒത്ത ഖരമെന്നറിക.

(ബി) അന്ത്യവ്യഞ്ജനം ഖരമായാൽ ഇരട്ടിക്കണം

| ഉദാ:—ധാതു | കേവലം | | പ്രയോജകം | |
|---|---|---|---|---|
| ഇളക | ഇളകുന്നു | ഇളകി, | ഇളക്കുന്നു | ഇളക്കി |
| ആട | ആടുന്നു | ആടി | ആട്ടുന്നു | ആട്ടി |
| മാറ | മാറുന്നു | മാറി, | മാറ്റുന്നു | മാറ്റി |

(സി) അന്ത്യവ്യഞ്ജനം അനുനാസികവും ഖരവും ഒഴിച്ചുള്ളൊന്നായിരുന്നാൽ 'ഇ' എന്നു പ്രത്യയം ചേൎത്തു കാരിതമാക്കണം.

| ഉദാ:—ധാതു | കേവലം | | പ്രയോജകം | |
|---|---|---|---|---|
| മേവ് | മേവുന്നു | മേവി, | മേവിക്കുന്നു | മേവിച്ചു |
| അലസ് | അലസുന്നു | അലസി, | അലസിക്കുന്നു | അലസിച്ചു |
| പൂശ് | പൂശുന്നു | പൂശി | പൂശിക്കുന്നു | പൂശിച്ചു |

---

## ഖിലധാതുക്കൾ

൧൦. ചില കാലങ്ങളിലും പ്രകാരങ്ങളിലും മാത്രമുപയോഗപ്പെടുന്ന കൃതികൾക്കു ഖിലധാതുക്കൾ എന്നു പേർ.

എൻ, ഉള്, വെൺ, അൽ, ഇൽ, തക് ഇത്യാദികൾ ഖിലധാതുക്കളാകുന്നു. ഇവയിൽ 'എൻ' എന്നതിനു 'എന്നാൻ', 'എന്നാൽ' എന്നു ഭൂതകാലം നിൎദ്ദേശകപ്രകാരത്തിൽ അപൂൎവമായി കവിതകളിൽ പ്രയോഗമുണ്ടു. ശേഷം കാലങ്ങളിലും പ്രകാരങ്ങളിലും പ്രയോഗമില്ല. ഇതിന്റെ പററുവിനയിലുള്ള 'എന്ന',

'എന്നു,' 'എങ്കിൽ' ഇത്യാദി രൂപങ്ങൾ അവ്യയങ്ങളായിത്തീൎന്നു ഘടകങ്ങളായിട്ടുപയോഗപ്പെടുന്നു. 'ഉള്' ധാതുവിന്റെ നിൎദ്ദേശകപ്രകാരത്തിലെ ഭൂതരൂപമായ 'ഉണ്ട്' എന്നതു വൎത്തമാനകാലത്തിൽ പ്രയോഗിച്ചുവരുന്നു. ഇതിനു 'ഉള്ളു' എന്നു ഭാവിയും 'ഉള്ള' എന്നു പേരെച്ചവുമുണ്ട്; വേറെ ഒന്നിലും രൂപങ്ങളില്ല- 'വേൺ' എന്നതു *'വേണം' എന്നു ഭാവികാലത്തിൽ പ്രയോഗിക്കപ്പെടുന്നു. 'അൽ', 'ഇൽ' കൾ ഭാവിനിഷേധത്തിൽ 'അല്ല, ഇല്ല' എന്നു അവ്യയമായിട്ടു ഉപയോഗിക്കപ്പെടുന്നു. 'തകു' എന്നതിനു 'തകും', 'തക്ക' എന്നു പറവിന രൂപങ്ങളിൽ മാത്രം പ്രയോഗമുണ്ട്. ഇതുപോലെ വേറെയും ചിലധാതുക്കൾ കാണും.

---

## അനുപ്രയോഗധാതുക്കൾ

൨൭൭. മറെറാരുധാതുവിന്റെ രൂപത്തെയോ അൎത്ഥത്തെയോ പരിഷ്കരിക്കാൻ വേണ്ടി. അതിന്റെ പിന്നാലെ പ്രയോഗിക്കപ്പെടുന്നതു് **അനുപ്രയോഗധാതു.** ഏതു ധാതുവിന്റെ പിന്നാലെ അനുപ്രയോഗം വരുന്നുവോ അതു **പ്രാക്പ്രയോഗം.**

(൧) പൂരണാനുപ്രയോഗം, (൨) ഭേദകാനുപ്രയോഗം (൩) കാലാനുപ്രയോഗം, (൪) നിഷേധാനുപ്രയോഗം എന്നു

---

* വെൺ+ഉം=വേണും എന്നതിനുതന്നെ ഉകാരസ്ഥാനത്തിൽ അകാരം ചെയ്തുണ്ടായ രൂപമാണ 'വേണം' എന്നതു്. ഹീനജാതിക്കാർ ഇന്നും 'വേണും' എന്നുതന്നെ ഉച്ചരിക്കുന്നതും. ആദ്യത്തിൽ ചെയ്യവേണും എന്നിരുന്നതു, ഉകാരത്തിനു അകാരം വന്നു 'ചെയ്യവേണം' എന്നും; പിന്നെ വകാരം ലോപിച്ചു 'ചെയ്യേണം' എന്നും; 'എ' കുറകി 'ചെയ്യണം' എന്നും; ഒടുവിൽ 'ദെയ, എന്നാണുച്ചരിക്കുന്നതെങ്കിലും 'ദയ, എന്നാണല്ലോ എഴുതേണ്ടതു അതുപോലെ ഇതിനിവിടെയും എന്നു ഭ്രമിച്ചു എകാരത്തിനു പകരം അകാരം എഴുതി 'ചെയ്യണം, എന്നു ഇപ്പോൾ കാണുന്ന രൂപം ഉണ്ടായി.

നാലുവിധം അനുപ്രയോഗങ്ങളുണ്ടു്. ഓരോന്നിൻേറയും സ്വഭാവവും ഉദാഹരണവും താഴെ കാണിക്കുന്നു.

## ൧. പൂരണാനുപ്രയോഗം.

ഖിലധാതുക്കളുടെ രൂപങ്ങളെ പൂർത്തിയാക്കുന്നതു പൂരണാനുപ്രയോഗം—

| ഉദാ:—ധാതു | ഭൂതം | ഭാവി | വർത്തമാനം |
|---|---|---|---|
| ഉൾ | ഉണ്ടായി | ഉണ്ടാകും | ഉണ്ടാകുന്നു. |

ഇവിടെ 'ഉൾ' ഖിലമാകയാൽ അതിനു ഭൂതാദികളിൽ രൂപമില്ലാത്തതിനെ 'ആകുന്നു' എന്ന ധാതുവിൻെറ രൂപംകൊണ്ടു പൂർത്തിയാക്കിയിരിക്കുന്നു. പൂരണാനുപ്രയോഗങ്ങൾ എണ്ണത്തിൽ വളരെച്ചുരുങ്ങും.

## ൨. ഭേദകാനുപ്രയോഗം.

ഭേദകാനുപ്രയോഗം പ്രാക്പ്രയോഗധാതുവിൻെറ അർത്ഥത്തിൽ ചില വിശേഷാംശങ്ങളെ ചേർക്കുന്നു.

ഉദാ:—'അടിയൻ വിവരം തിരുമനസ്സറിയിച്ചുകൊള്ളുന്നു'

എന്നുള്ളതിൽ 'കൊള്ളുന്നു' എന്നുള്ളതു തിരുമനസ്സറിയിക്കുക' എന്ന ക്രിയയെ നടത്തുന്നതു താഴ്മയായിട്ടാണു് എന്നു കാണിക്കുകമാത്രംചെയ്യുന്നു. 'തിരുമനസ്സറിയിക്കുന്നു' എന്ന പ്രാക്പ്രയോഗത്തിൻെറ അർത്ഥത്തോടു ഒരു വിശേഷാംശം കൂടെ ചേർക്കേണ്ടതാണെന്നു 'കൊള്ളുന്നു' എന്നുള്ളതു കാണിക്കുന്നു. ഭേദകാനുപ്രയോഗങ്ങളായിവരുന്ന ധാതുക്കളിൽ പ്രധാനമായിട്ടുള്ളവയെ ഉദാഹരണസഹിതം താഴെ കാണിച്ചിരിക്കുന്നു.

| | ധാതു | അർത്ഥം | ഉദാഹരണം |
|---|---|---|---|
| ൧ | കൊൾ | വിനയാദി | പറഞ്ഞുകൊള്ളുന്നു |
| ൨ | ഇടു | സ്വാർത്ഥത്തിൽ | പറഞ്ഞിടുന്നു |
| ൩ | വെ | ലാഘവം | പറഞ്ഞുവെക്കുന്നു (പറഞ്ഞേയ്ക്കുന്നു) |
| ൪ | കള | സാഹസം | പറഞ്ഞുകളഞ്ഞു |

| | | | |
|---|---|---|---|
| ൬ | കൊട്ടു | പരാൎത്ഥപ്രവൃത്തി | പറഞ്ഞുകൊടുക്കുന്നു |
| ൭ | പോ | ഓൎക്കാതെപ്രവൃത്തി | പറഞ്ഞുപോയി |
| ൮ | പോരു | പതിവു | പറഞ്ഞുപോരുന്നു |
| ൯ | അരുൾ | ബഹുമാനം | പറഞ്ഞരുളുന്നു |

## ൩. കാലാനുപ്രയോഗം

കാലാനുപ്രയോഗം കാലത്തിൽ ചില താരതമ്യങ്ങളെ കുറിക്കുന്നു. കാലം ആദിയും അന്തവും ഇല്ലാത്തതാകയാൽ ഭൂതഭാവികൾക്കു വളരെ ദൂരം വരാം. ഭൂതഭാവികളെ അധികം കൃത്തിച്ചു നോക്കിയാൽ വൎത്തമാനം ഇല്ലാതെതന്നെയാകും. ഒരു അടുത്ത ഭൂതത്തിനു മുമ്പുള്ള ഭൂതം; ഒരു അടുത്ത ഭാവിക്കു അപ്പുറമുള്ള ഭാവി; ഭൂതഭാവികൾക്കു അടുത്ത വൎത്തമാനം ഇത്യാദി പല അവാന്തരവിഭാഗങ്ങളും കാലത്തിനുണ്ടു്. ഇവയെ കാണിക്കുന്നതിനാണു കാലാനുപ്രയോഗം ഉപകരിക്കുന്നതു്.

ഉദാ:—

ധാതു  കാലം  ഉദാഹരണം

(൧) ‘ഇരി, (ഭൂതത്തിൽ) ഒരു കപ്പൽ വന്നിരിക്കുന്നു. (സ്വല്പകാലംമുമ്പു വന്നു ഇതുവരെ പോയിട്ടില്ലെന്നൎത്ഥം)

(൨) ‘ഇട്ടുള്ളു; (ഭൂതത്തിൽ) ഒരു വ്യാപാരി വന്നിട്ടുണ്ടു. (മുൻപറഞ്ഞ അൎത്ഥം തന്നെ സ്വല്പഭേദത്തോടെ)

(൩) ‘ഉള്ളു, (വൎത്തമാനത്തിൽ) മഴ പെയ്യുന്നുണ്ടു. (അടുത്ത ഭൂതഭാവികളെ കൂടി വ്യാപിക്കുന്ന വൎത്തമാനം)

(൪) ‘കൊണ്ടിരി, (ഭൂതത്തിൽ) രാമൻ പഠിച്ചുകൊണ്ടിരിക്കുന്നു. (പഠിപ്പിൽ നിരന്തരമായി പ്രവൎത്തിക്കുന്നു എന്നൎത്ഥം)

(൫) ‘ആയിരുന്നു; (ഭാവിയിൽ) മഴപെയ്യുമായിരുന്നു. (പക്ഷെ പെയ്തില്ലെന്നൎത്ഥം)

## ൪. നിഷേധാനുപ്രയോഗം

നിഷേധാനുപ്രയോഗം ക്രിയയെ ഇല്ലെന്നോ അരുതെന്നോ നിഷേധിക്കുന്നു. ഇല്ല (ഇൽ), അല്ല (അൽ), അരുതു (അരു), വഹിയാ (വഹി), ആ, ഓലാ (ഒൽ) എന്ന ആറുവിധം ധാതുരൂപങ്ങളാണു് നിഷേധാനുപ്രയോഗങ്ങൾ.

എ. 'അല്ല, ഇല്ല' രണ്ടും നിർദ്ദേശകപ്രകാരത്തെ നിഷേധിക്കുന്നു.

ബി. 'ആ' നിർദ്ദേശകപ്രകാരത്തെയും നിയോജകമദ്ധ്യമ ബഹുവചനത്തെയും നിഷേധിക്കുന്നു.

സി. 'ഒലാ', 'അരുതു്' നിയോജകവിധായകങ്ങളെ നിഷേധിക്കുന്നു.

ഡി. 'വഹിയാ' അനുജ്ഞായകത്തെ നിഷേധിക്കുന്നു.

| | | |
|---|---|---|
| ഉദാ:—നിർദ്ദേശകനിഷേധം | ഇല്ല | വന്നില്ല |
| ടി | അല്ല | മടിയനല്ല |
| ടി | ആ | വരാ |
| നിയോജകമദ്ധ്യമബഹുവചനനിഷേധം | ആ | * പറയായ്വിൻ |
| നിയോജകവിധായകനിഷേധം | ഒലാ | പോകൊലാ |
| ടി | അരുതു | പോകരുതു് |
| അനുജ്ഞായകനിഷേധം | വഹിയാ | പറകവഹിയാ |

---

## പറവിന

൯. കൃതിയുടെ ഉൾപ്പിരിവുകൾ നാലാണെന്നു (വ-൪വ) മുൻ കാണിച്ചിട്ടുണ്ടു്. അവിടെ 'മുററുവിന', 'പറവിന' എന്നു രണ്ടുവർഗ്ഗം കൃതിയെക്കുറിച്ചു പറഞ്ഞിട്ടുണ്ടല്ലോ. പറവിനകളെക്കുറിച്ചു നാം ഇതുവരെയും ഒന്നും വിസ്തരിച്ചിട്ടില്ല. 'തിരുവനന്തപുരത്തേക്കു പോകുന്ന വള്ളം', 'രാമൻ പള്ളിക്കൂടത്തിൽ പോയി പഠിക്കുന്നു'; എന്നിതുകളിൽ 'പോകുന്ന', 'പോയി' എന്നവ 'വള്ളം', 'പഠിക്കുന്നു' എന്നിവയെപ്പററി, ആശ്രയിച്ചു

---

* 'ആ' എന്നതിനെ പ്രയോഗിക്കുന്നതിൽ ചില വിശേഷങ്ങളുണ്ടു്. വർത്തമാനനിഷേധത്തിനു 'ആയുന്നു, 'ആഞ്ഞു', (പറയായുന്നു, പറയാഞ്ഞു) എന്നും ഭൂതനിഷേധത്തിനു ആഞ്ഞു (പറയാഞ്ഞു) എന്നും ഭാവിനിഷേധത്തിനു ആ ആയ്ക, ആയും (പറയാ പറയായ്ക പറയായും) എന്നും നിയോജകമദ്ധ്യബഹുവചനത്തിനു ആയ്വിൻ എന്നും വരും.

നിൽക്കുന്നു. ആയതിനാൽ ഇവ രണ്ടും പറവിനകൾ തന്നെ. എന്നാൽ 'പോകുന്ന' എന്നതു ഒരു നാമത്തിൽ പറ്റുന്നതാണെന്നും, 'പോയ്', എന്നതു ഒരു കൃതിയിൽ പറ്റുന്നതാണെന്നും ഒരു ഭേദം സൂക്ഷിച്ചാൽ കാണാം. ആയതിനാൽ നാമത്തിന് അംഗമാകുന്ന പറവിന, അതായതു, നാമാംഗം അല്ലെങ്കിൽ പേരെച്ചം*; ക്രിയയ്ക്കു അംഗമാകുന്ന പറവിന, അതായതു ക്രിയാംഗം അല്ലെങ്കിൽ വിനയെച്ചം† എന്നു പറവിനകൾ രണ്ടുവിധമുണ്ട്.

---

## പേരെച്ചം

൮൦. ഒരു നാമത്തിൽ അന്വയിക്കുന്ന പറവിനയ്ക്കു **പേരെച്ചം** എന്നു പേർ.

മുറവിനയിൽ 'അ', 'ഒരു' ‡ എന്ന ചുട്ടെഴുത്തിൽ ഒന്നിനെ ചേർത്താൽ അതു പേരെച്ചമാകുന്നു.

ഉദാ:—

| മുറവിന | | പേരെച്ചം | കാലം | |
|---|---|---|---|---|
| പറയുന്നു | പറയുന്ന | പറയുന്നൊരു | വർത്തമാനം | ശുദ്ധരൂപം |
| പറഞ്ഞു | പറഞ്ഞ | പറഞ്ഞൊരു | ഭൂതം | |
| പറയും | പറയുമ | പറയുമൊരു | ഭാവി | |
| (പറയാവുന്നു) | പറയാവുന്ന | പറയാവുന്നൊരു | വർത്തമാനം | അനുജ്ഞാരൂപം |
| (പറയായി) | പറയായ | പറയായതൊരു | ഭൂതം | |
| പറയാം | പറയാമ | —— | ഭാവി | |
| പറയേണ്ടുന്നു | പറയേണ്ടുന്ന | പറയേണ്ടുന്നൊരു | വർത്തമാനം | വിധിരൂപം |
| പറയേണ്ട | പറയേണ്ടിയ | പറയേണ്ടിയൊരു | ഭൂതം | |
| പറയണം | പറയേണ്ടും | പറയേണ്ടുമൊരു | ഭാവി | |

---

* പേരിന്റെ (നാമത്തിന്റെ) എച്ചം (അംഗം)

† വിനയുടെ (കൃതിയുടെ) എച്ചം (അംഗം)

‡ വ്യ൭-ാ വകുപ്പു നോക്കുക.

| | | | | |
|---|---|---|---|---|
| പറയാഞ്ഞു | പറയാത്ത | പറയാത്തൊരു | വത്ത | നിർദ്ദേശകം നിഷേധം |
| പറയാഞ്ഞു | പറയാഞ്ഞ | പറയാഞ്ഞൊരു | ഭൂതം | |
| പറയാം | പറയാ | ——— | ഭാവി | |
| പറയേണ്ടാഞ്ഞു | പറയേണ്ടാത്ത | പറയേണ്ടാത്തൊരു | വത്ത | വിധായകം നിഷേധം |
| പറയേണ്ടാഞ്ഞു | പറയേണ്ടാഞ്ഞ | പറയേണ്ടാഞ്ഞൊരു | ഭൂതം | |
| പറയേണ്ടാ | പറയേണ്ടാ | ——— | ഭാവി | |

| മുററുവിന | | പേരെച്ചം | കാലം |
|---|---|---|---|
| പറയുന്നില്ല | പറയുന്നില്ലാത്ത | പറയുന്നില്ലാത്തൊരു | നിർദ്ദേ–നിഷേ–വത്ത |
| പറയരുത് | പറയരുതാത്ത | പറയരുതാത്തൊരു | നിയോ–നിഷേ |
| പറയവഹിയാ | പറയവഹിയാത്ത | പറയവഹിയാത്തൊരു | അനു–നിഷേധം |
| പറയൊലാ | പറയൊലാത്ത | പറയൊലാത്തൊരു | വിധാ–നിഷേ |

മുററുവിനകൾക്കു നിഷേധത്തിൽ വിധായകാനുജ്ഞായക പ്രകാരങ്ങൾ നടപ്പില്ല; എന്നാൽ ഈ രൂപങ്ങളും പററുവിനകൾക്കുണ്ടു്. ആയതിനാൽ സാധാരണ നടപ്പില്ലാത്ത മുററുവിനയുടെ വിധായകാനുജ്ഞായകപ്രകാരങ്ങളോടു പററുവിനയുടെ പ്രത്യയങ്ങളായ 'അ', 'ഒരു' എന്നിവയെ ചേർക്കുന്നു. മുററുവിനയുടെ നടപ്പില്ലാത്ത രൂപങ്ങളെ വലയത്തിനകത്തു കാണിച്ചിരിക്കുന്നു. 'വേൺ', 'ആവുക' എന്ന ധാതുക്കളെ ചേർത്താണു് മുററുവിനയുടെ വിധായകവും അനുജ്ഞായകവും ഉണ്ടാകുന്നതു എന്നു (നുവ്യ-എ-നൻ-എ-) കാണിച്ചിട്ടുണ്ടല്ലോ. ആയതിനാൽ ഈ ധാതുക്കളുടെ പേരെച്ചരൂപങ്ങളാണു് ഈ പേരെച്ചങ്ങളുടെ പ്രകാരരൂപങ്ങൾ എന്നുള്ളതു പ്രത്യക്ഷമാണല്ലൊ.

മേൽക്കാണിച്ച ഉദാഹരണപ്പട്ടികയിൽ മൂന്നുപ്രകാരങ്ങൾക്കു മാത്രമേ ഉദാഹരണങ്ങളുള്ളു. നിയോജകപ്രകാരത്തിനു പേരെച്ചരൂപമില്ല.

വ്യ.ഫ. ഭാവിയിൽ മുററുവിനതന്നെ പേരെച്ചമായുപയോഗിക്കാം. 'വരുമക്കാലം', 'പോകുമപ്പോൾ' എന്നിങ്ങനെ പേരെച്ചപ്രത്യയമായ 'അ' ചേൎന്നോ, 'വരുംകാലം' 'പോകുമ്പോൾ' എന്നിങ്ങനെ പ്രത്യയം ചേരാതെ ഭാവിരൂപം തന്നെയോ പേരെച്ചമായിക്കാണും.

വ്യ. അവൻ, അവൾ, അതു് എന്ന സവ്നാമങ്ങളേ-ചേത്തു പേരെച്ചങ്ങളെ നാമങ്ങളാക്കാം. അവൻ, അവൾ എ-ന്നതു ചുരുങ്ങി ചിലപ്പോൾ 'ഓൻ, ഓൾ' എന്നും കാണും.

| | | | |
|---|---|---|---|
| ഉദാ:—അറിയുന്നവൻ | അറിയുന്നോൻ | പും | വത്തമാനം |
| അറിയുന്നവൾ | അറിയുന്നോൾ | സ്ത്രീ | |
| അറിയുന്നതു | ——— | നപും | |
| അറിഞ്ഞവൻ | അറിഞ്ഞോൻ | പും | ഭൂതം |
| അറിഞ്ഞവൾ | അറിഞ്ഞോൾ | സ്ത്രീ | |
| അറിഞ്ഞതു് | ——— | | |
| അറിയുമവൻ / അറിവവൻ | അറിയുവോൻ / അറിവോൻ | പും | ഭാവി |
| അറിയുമവൾ / അറിവവൾ | അറിയുവോൾ / അറിവോൾ | സ്ത്രീ | |
| അറിയുവതു് | അറിവതു് | നപും | |

| | | | |
|---|---|---|---|
| അറിയാവുന്നവൻ | അറിയാവുന്നോൻ | പും | അനുജ്ഞായക വത്തമാനം |
| അറിയാവുന്നവൾ | അറിയാവുന്നോൾ | സ്ത്രീ | |
| അറിയാവുന്നതു് | ——— | നപും | |
| അറിയേണ്ടുന്നവൻ | അറിയേണ്ടുന്നോൻ | പും | വിധായക വത്തമാനം |
| അറിയേണ്ടുന്നവൾ | അറിയേണ്ടുന്നോൾ | സ്ത്രീ | |
| അറിയേണ്ടുന്നതു് | ——— | നപും | |
| അറിയാത്തവൻ,-ൾ,-തു് | അറിയാത്തോൻ,-ൾ. | വത്ത | നിഷേധകം |
| അറിയാഞ്ഞവൻ,-ൾ,-തു് | അറിയാഞ്ഞോൻ,-ൾ. | ഭൂതം | |
| അറിയായവൻ,-ൾ,-തു് | | ഭാവി | |

---

# വിനയെച്ചം

വ്യ. ഒരു ക്രിയയിൽ അന്വയിക്കുന്ന പറവിനയ്ക്കു വിനയെച്ചം എന്നുപേർ.

(൧) മുൻവിനയെച്ചം, (൨) പിൻവിനയെച്ചം, (൩) നടു-വിനയെച്ചം, (൪) പാക്ഷികവിനയെച്ചം, (൫) തൻവിനയെച്ചം എന്നു വിനയെച്ചത്തിനു് അഞ്ചു വകഭേദങ്ങളുണ്ടു്.

## ൧ മുൻവിനയെച്ചം

(എ) ഭൂതകാലത്തെക്കുറിക്കുന്ന വിനയെച്ചം മുൻവിനയെച്ചം. ഇതിനു ഭൂതകാലത്തിലെ മുററുവിനരൂപം 'തു' പ്രത്യയത്തിൽ അവസാനിക്കുന്നെങ്കിൽ അതിലെ ഉകാരത്തെ സംവൃതമാക്കുക; 'ഇ' പ്രത്യയത്തിലവസാനിക്കുന്നെങ്കിൽ ഭേദമൊന്നും ചെയ്യേണ്ട; പക്ഷേ അടുത്തുവരുന്ന പദം ദൃഢാക്ഷരത്തിൽ ആരംഭിക്കുന്നെങ്കിൽ അതിനെ ഇരട്ടിക്കണം.

| ഉദാ:— | ധാതു | ഭൂതം | മുൻവിനയെച്ചം |
|---|---|---|---|
| ഭൂതപ്രത്യയം 'തു' | തൊഴു | തൊഴുതു | തൊഴുതു് |
| | കേൾ | കേട്ടു | കേട്ടു് |
| | പറ | പറഞ്ഞു | പറഞ്ഞു |
| | കൊടു | കൊടുത്തു | കൊടുത്തു് |
| ഭൂതപ്രത്യയം 'ഇ' | ഓടു് | ഓടി | ഓടി(പ്പോയി) |
| | കയറു് | കയറി | കയറി(ച്ചെന്നു) |
| | മുങ്ങ് | മുങ്ങി | മുങ്ങി(ക്കിടക്കുന്നു) |
| | തള്ള് | തള്ളി | തള്ളി(ക്കളഞ്ഞു) |

(ബി) നിഷേധമുൻവിനയെച്ചത്തിനു പ്രായേണ 'ഇട്ട്' എന്ന ധാതുവിനെ അനുപ്രയോഗിക്കാറുണ്ട്.

ഉദാ.—

| ധാതു | ഭൂതം | നിഷേധമുൻവിനയെച്ചം | |
|---|---|---|---|
| പറ | പറയാഞ്ഞു | പറയാഞ്ഞിട്ടു, | പറയാഞ്ഞു് |
| ചെയ്യ് | ചെയ്യാഞ്ഞു | ചെയ്യാഞ്ഞിട്ടു, | ചെയ്യാഞ്ഞു |

## ൨. പിൻവിനയെച്ചം

(എ) ഭാവികാലത്തെ കുറിക്കുന്നതു പിൻവിനയെച്ചം; അതിനു ഭാവിരൂപത്തിലോ നേരേ ധാതുവിൽതന്നെയോ 'ആൻ' എന്ന പ്രത്യയം ചേരണം.

ഉദാ:—

| ധാതു | ഭാവി | പിൻവിനയെച്ചം |
|---|---|---|
| പോ | പോകും | പോകാൻ, പോകും+ആൻ *= ഓടാൻ, പോകുവാൻ |
| കേൾ | കേൾക്കും | ✝ കേൾക്കാൻ, കേൾക്കും+ആൻ= കേൾപ്പാൻ, കേൾക്കുവാൻ |
| നിൽ | നിൽക്കും | നിൽക്കാൻ, നിൽക്കും+ആൻ= നില്പാൻ, നിൽക്കുവാൻ |
| ഓടു | ഓടും | ഓടാൻ, ഓടും+ആൻ= ഓടുവാൻ |

(ബി) നിഷേധപിൻവിനയെച്ചത്തിനു പ്രത്യയം 'ആതെ' എന്നാണ്.

| ഉദാ:— ധാതു | ഭാവി | നി-പിൻവിനയെച്ചം |
|---|---|---|
| പോ | പോകും | പോകാതെ |
| കേൾ | കേൾക്കും | കേൾക്കാതെ |

## ൩. നടുവിനയെച്ചം

(എ) മുൻപിൻവിനയെച്ചങ്ങൾ ഭൂതഭാവികാലങ്ങളെക്കുറിക്കുന്ന സ്ഥിതിക്ക് ആ മുറ നോക്കുമ്പോൾ നടുവിനയെച്ചം വർത്തമാനകാലത്തെ കുറിക്കേണ്ടതാണ്; എന്നാൽ അത് ഒരു കാലത്തേയും പ്രത്യേകമായി കുറിക്കുന്നില്ല. നടുവിനയെച്ചം കാലഭേദം ഒന്നും കൂടാതെ കേവലക്രിയയെ കാണിക്കുന്നു. 'അ', 'ക' 'ഉക' എന്ന പ്രത്യയങ്ങളിൽ ഒന്നു നേരേ ധാതുവിൽ ചേർത്താൽ നടുവിനയെച്ചമുണ്ടാകും

* ഭാവിപ്രത്യയമായ 'ഉം' എന്നതിന്റെ അനുസാരത്തിന് ഒരു സ്വരാദിപ്രത്യയത്തിനുമുമ്പ് 'വ' കാരാഗമം വരും എന്നുള്ള സന്ധിന്യായപ്രകാരമാണ് ഈ രൂപം.

✝ ൩൭-ാം വകുപ്പിൽ നിയോജകമധ്യമബഹുവചനമായ 'ഇൻ' എന്നതിനുമുമ്പ് കാരിതങ്ങളുടെ 'ക്ക' എന്നതു വികല്പമായി 'പ്പ്' എന്നാകും എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ അതു പിൻവിനയെച്ചമായ 'ആൻ' ഭാവി പ്രത്യയമായ 'ഉം' ഇതു രണ്ടിന്റെ മുമ്പിലും കൂടി ഉണ്ട് —

| | |
|---|---|
| ഉദാ:—നടക്കാൻ | നടപ്പാൻ |
| നടക്കും | നടപ്പു |

| ഉദാ:—ധാതു | നടുവിനയെച്ചം | |
|---|---|---|
| പറ | പറയ | |
| ചെയ് | ചെയ്യ | |
| പറ | പറക | പറയുക |
| ചെയ്യ് | ചെയ്യു | ചെയ്യുക |
| കേൾ | കേൾക്ക, | കേൾക്കുക |
| പിടി | പിടിക്ക, | പിടിക്കുക |

(ബി) അ, ക, ഉക, എന്നു മൂന്നു പ്രത്യയമുള്ളതിൽ 'അ' എന്നതു 'പറയപ്പെട്ടു' മുതലായ ഉദാഹരണങ്ങളിലേപ്പോലെ പ്രാക്പ്രയോഗമായി വരുന്ന ധാതുവിലേ ഉപയോഗിക്കാറുള്ളു. 'ക' 'ഉക' രണ്ടും വികല്പമായി ഒരേ ധാതുവിന്നുതന്നേ ഉപയോഗിക്കാം.

(സി) ഇതിൽ നിഷേധരൂപം 'ആ' എന്ന നിഷേധാനുപ്രയോഗത്തിനു മുമ്പുള്ള രൂപംതന്നെ.

| ഉദാ:—ധാതു | വിധി | നിഷേധം |
|---|---|---|
| പറ | പറക | പറയാതെ |
| ചെയ് | ചെയ്ക | ചെയ്യാതെ |
| കേൾ | കേൾക്ക | കേൾക്കാതെ |
| പിടി | പിടിക്ക | പിടിക്കാതെ |

## ൪. പാക്ഷികവിനയെച്ചം

(എ) ഒന്നു് ഒരുപ്രകാരം വരുന്നപക്ഷം എന്നു അർത്ഥത്തിലുള്ളതു പാക്ഷികവിനയെച്ചം. ധാതുവിലോ നടുവിനയെച്ചത്തിലോ 'ഇൽ' എന്ന പ്രത്യയം ചേർത്താൽ പാക്ഷികവിനയെച്ചം ഉളവാകും.

| ഉദാ:—ധാതു | പാക്ഷികവിനയെച്ചം | |
|---|---|---|
| പോ | പോകിൽ, | പോവുകിൽ |
| വര് | വരിൽ, | വരുകിൽ |
| കേൾ | കേൾക്കിൽ, | കേൾക്കുകിൽ |

(ബി) ഇതിന്റെ നിഷേധരൂപം 'ആ' എന്ന നിഷേധാനുപ്രയോഗധാതുവിൽനിന്നു മുമ്പു വരേണ്ടുന്നതുതന്നെ.

ഉദാ:—ധാതു നിഷേധപാക്ഷികവിനയെച്ചം

പോ { പോകാഞ്ഞിൽ, പോകുന്നില്ലാഞ്ഞിൽ
പോകേണ്ടാഞ്ഞിൽ, പോകവഹിയാഞ്ഞിൽ }

'എൻ' എന്ന ഖിലധാതുവിന്റെ പാക്ഷികവിനയെച്ച-മായ 'എങ്കിൽ' എന്ന അവ്യയത്തെ വിധിരൂപത്തിൽ ചേൎത്തും നിഷേധാൎത്ഥം വരുത്താം. പോകുന്നു എങ്കിൽ, പോയി എങ്കിൽ പോകണം എങ്കിൽ, പോകാം എങ്കിൽ — ഇത്യാദി

൫. തൻവിനയെച്ചം

ഒന്നു ഒരുവിധമിരിക്കുമ്പോൾ എന്നു കാണിക്കുന്നതു തൻ-വിനയെച്ചം ധാതുവിൽ 'എ' എന്നോ 'അവേ' എന്നോ പ്ര-ത്യയം ചേൎത്താൽ തൻവിനയെച്ചമുണ്ടാകും.

| ഉദാ:—ധാതു | തൻവിനയെച്ചം | |
|---|---|---|
| പോ | പോകെ | പോകവേ |
| നിൽ | നിൽക്കേ | നിൽക്കവേ |
| വര് | വരേ, | വരവേ |
| കേൾ | കേൾക്കേ, | കേൾക്കവേ |

'എ' 'അവെ' എന്നു ഹ്രസ്വമായിട്ടുമാവാം പ്രത്യയം. ഇ-തിനു നിഷേധരൂപമുപയോഗിക്കാറില്ല.

വ്യ. പാക്ഷികവിനയെച്ചവും തൻവിനയെച്ചവും നടു-വിനയെച്ചത്തിന്റെ വകഭേദങ്ങളാണ്. നടുവിനയെച്ചം കേ-വലക്രിയയെ കുറിക്കുന്നതാകയാൽ അതു നാമമായിട്ടും ഉപ-യോഗിക്കാം.

| | | |
|---|---|---|
| ഉദാ:—കള്ളംപറക ശരിയല്ല, | | നാമം നിൎദ്ദേശികാവിഭക്തി |
| പാപംചെയ്കയാൽ പ്രാണികൾ തപിക്കുന്നു | | ടി പ്രയോജിക |
| മോഷ്ടിക്കയോടു തുല്യം ഭവറെ ഒരു ദുഷ്പ്രവൃത്തിയില്ല | | ടി സംയോജികം |

ഈ ഉദാഹരണങ്ങളുടെ മട്ടിൽ നടുവിനയെച്ചത്തിന്റെ അൎത്ഥധാരികയിലുള്ള രൂപം തന്നെ പാക്ഷികവിനയെച്ചം, 'ക'

എന്ന പ്രത്യയത്തിന്റെ അന്ത്യമായ അകാരം ലോപിച്ചിരിക്കുന്നു എന്നു മാത്രമേ ഉള്ളൂ. പറക+ഇൽ=പറക+ഇൽ=പറകിൽ. അകാരം ലോപിക്കാഞ്ഞാൽ 'പറകയാൽ' എന്ന പ്രയോജികാ വിഭക്തിപോലെ ആധാരിക 'പറകയിൽ' എന്നു വരുമായിരുന്നു. തൻവിനയെച്ചം നടുവിനയെച്ചത്തിൽ 'ഏ' എന്ന നിപാതം ചേർത്തുണ്ടാകുന്നതാണെന്ന് എളുപ്പം തെളിയും. പറക+ഏ=പറകവേ. ഇതിൽ സന്ധികാര്യം യകാരാഗമത്തിനു പകരം 'വ' കാരാഗമം വരുത്തിരിക്കുന്നു എന്നുമാത്രം വിശേഷം. അതു പോലെ പലദിക്കുകളിലും കാണുന്നുമുണ്ട്. പറ+ആൻ= പറയാൻ അല്ലെങ്കിൽ പറവാൻ എന്നു രണ്ടു രൂപവും സാധാരണ ആകും.

---

## വൃത്തി, കൃതിരൂപാവലി

പറ

(എ) മുറ്റുവിന

വിധി

കർത്തരിപ്രയോഗം.

കേവലപ്രകൃതി

| | | | | |
|---|---|---|---|---|
| പ്രകാരം | വർത്തമാനം | ഭൂതം | ഭാവി | |
| നിർദ്ദേശകം | പറയുന്നു | പറഞ്ഞു | പറയും, പറയു | |
| പ്രകാരം | പ്രഥമ | ഉത്തമ | മദ്ധ്യമ | |
| നിയോജകം | പറയട്ടെ | ഏക. പറ | ബഹു പറയിൻ | |
| | വർത്ത | ഭൂത | ഭാവി | ത്രൈകാലികം |
| വിധായകം | പറയേണ്ടുന്നു | പറയേണ്ടി | പറയേണ്ടും | പറയണം |
| അനുജ്ഞാ | പറയാവുന്നു | പറയായി | പറയാം | പറയാം |

പ്രയോജകപ്രകൃതി

| | | | | |
|---|---|---|---|---|
| നിർദ്ദേ | പറയിക്കുന്നു | പറയിച്ചു | പറയിക്കും | പറയിക്കു |
| | | ഏക. പറയിക്കു, | | |

നിയോ  പറയിക്കട്ടെ (പ്ര-ഉ) മധ്യമ

ബഹു - പറയിക്കിൻ

വിധാ  പറയിക്കേണ്ടുന്ന പറയിക്കേണ്ടി പറയിക്കേണ്ടും, പറയിക്കണം

അനുജ്ഞാ  പറയിക്കാവുന്ന പറയിക്കായി പറയിക്കാം, പറയിക്കാം.

## കർമ്മണിപ്രയോഗം

### കേവലപ്രകൃതി

| | വർത്ത | ഭൂതം | ഭാവി | ത്രൈകാലികം |
|---|---|---|---|---|
| നിർദ്ദേ | പറയപ്പെടുന്നു (പ്ര-ഉ) | പറയപ്പെട്ടു | പറയപ്പെടും (മധ്യ) | പറയപ്പെട്ടു |

നിയോ  പറയപ്പെടട്ടെ { ഏക  പറയപ്പെട്ട് ; ബഹു  പറയപ്പെടിൻ }

വിധാ  പറയപ്പെടേണ്ടുന്ന പറയപ്പെടേണ്ടി പറയപ്പെടേണ്ടും  പറയപ്പെ-ടണം.

അനു  പറയപ്പെടാവുന്ന പറയപ്പെടായി പറയപ്പെടാം  പറയപ്പെടാം.

### പ്രയോജകപ്രകൃതി

നിർദ്ദേ  പറയിക്കപ്പെടുന്നു പറയിക്കപ്പെട്ടു പറയിക്കപ്പെടും പറയിക്കപ്പെട്ടു
(പ്ര-ഉ)  (മധ്യ)

നിയോ  പറയിക്കപ്പെടട്ടെ { ഏക.  പറയിക്കപ്പെട്ട് ; ബഹു.  പറയിക്കപ്പെടിൻ }

വിധാ  പറയിക്കപ്പെടേണ്ടുന്ന – പറയിക്കപ്പെടേണ്ടി – പറയിക്കപ്പെടേണ്ടും പറയിക്കപ്പെടേണം.

അനു  പറയിക്കപ്പെടാവുന്ന - പറയിക്കപ്പെടായി- പറയിക്കപ്പെടാം-പറ-യിക്കപ്പെടാം.

## നിഷേധം

### കർത്തരിപ്രയോഗം

### കേവലപ്രകൃതി

നിർദ്ദേശകം  പറയായുന്ന / പറയാത്തു } പറയാഞ്ഞു പറയാ, പറയായ്വു

നിയോ  (മധ്യ-ബഹു) പറയായ്വിൻ

വിധാ  പറയേണ്ടാത്തു  പറയേണ്ടാഞ്ഞു  പറയേണ്ടാ,  പറയേണ്ടാ

അനു  പറയരുതാത്തു  പറയരുതാഞ്ഞു  പറയരുതു.

## പ്രയോജകപ്രകൃതി

നിദ്ദേ — പറയിക്കായുന്നു / പറയിക്കാത്തു } പറയിക്കാഞ്ഞു പറയിക്ക പറയിക്കായ്വു

നിയോ (മദ്ധ്യ-ബഹു) പറയപ്പെടായ്വിൻ

വിധാ പറയിക്കേണ്ടാത്തു പറയിക്കേണ്ടാഞ്ഞു പറയിക്കേണ്ടാ

അനു പറയിക്കരുതാത്തു പറയരുതാഞ്ഞു പറയിക്കരുതു.

## കർമ്മണിപ്രയോഗം

## കേവലപ്രകൃതി

നിദ്ദേ — പറയപ്പെടായുന്നു / പറയപ്പെടാത്തു } പറയപ്പെടാഞ്ഞു പറയപ്പെടാ പറയപ്പെ-ടായ്വു

നിയോ (മദ്ധ്യ ബഹു) പറയിക്കായ്വിൻ

വിധാ പറയപ്പെടേണ്ടാത്തു പറയപ്പെടേണ്ടാഞ്ഞു പറയപ്പെടേണ്ടാ

അനു പറയപ്പെടരുതാത്തു പറയപ്പെടരുതാഞ്ഞു പറയപ്പെടരുതു.

## പ്രയോജകപ്രകൃതി

നിദ്ദേ — പറയിക്കപ്പെടായുന്നു / പറയിക്കപ്പെടാത്തു } പറയിക്കപ്പെടാഞ്ഞു { പറയിക്കപ്പെടാ / പറയിക്കപ്പെ-ടായ്വു

നിയോ (മദ്ധ്യ ബഹു) പറയിക്കപ്പെടായ്വിൻ

വിധാ പറയിക്കപ്പെടേണ്ടാത്തു പറയിക്കപ്പെടേണ്ടാഞ്ഞു പറയിക്കപ്പെടേണ്ടാ.

അനു പറയിക്കപ്പെടരുതാത്തു പറയിക്കപ്പെടരുതാഞ്ഞു പറയിക്കപ്പെടരുതു

## (ബി) പറവിനാ

## പേരെച്ചം

## വിധി

## കർത്തരിപ്രയോഗം

## കേവലപ്രകൃതി

| | വർത്ത | ഭൂതം | ഭാവി |
|---|---|---|---|
| നിദ്ദേ | പറയുന്ന | പറഞ്ഞ | പറയും |

| | വർത്ത | ഭൂതം | ഭാവി |
|---|---|---|---|
| വിധാ | പറയേണ്ടുന്ന | പറയേണ്ടിയ | പറയേണ്ടും |
| അനു | പറയാവുന്ന | പറയായ | പറയാം |

## പ്രയോജകപ്രകൃതി

| | | | |
|---|---|---|---|
| നിർദ്ദേ | പറയിക്കുന്ന | പറയിച്ച | പറയിക്കും |
| വിധാ | പറയിക്കേണ്ടുന്ന | പറയിക്കേണ്ടിയ | പറയിക്കേണ്ടും |
| അനു | പറയിക്കാവുന്ന | പറയിക്കായ | പറയിക്കാം |

## കർമ്മണിപ്രയോഗം — കേവലപ്രകൃതി

| | | | |
|---|---|---|---|
| നിർദ്ദേ | പറയപ്പെടുന്ന | പറയപ്പെട്ട | പറയപ്പെടും |
| വിധാ | പറയപ്പെടേണ്ടുന്ന | പറയപ്പെടേണ്ടിയ | പറയപ്പെടേണ്ടും |
| അനു | പറയപ്പെടാവുന്ന | പറയപ്പെടായ | പറയപ്പെടും |

## പ്രയോജകപ്രകൃതി

| | | | |
|---|---|---|---|
| നിർദ്ദേ | പറയിക്കപ്പെടുന്ന | പറയിക്കപ്പെട്ട | പറയിക്കപ്പെടും |
| വിധാ | പറയിക്കപ്പെടേണ്ടുന്ന | പറയിക്കപ്പെടേണ്ടിയ | പറയിക്കപ്പെടേണ്ടും |
| അനു | പറയിക്കപ്പെടാവുന്ന | പറയിക്കപ്പെടായ | പറയിക്കപ്പെടാം |

## നിഷേധം — കർത്തരി — കേവലപ്രകൃതി

| | | | |
|---|---|---|---|
| നിർദ്ദേ | പറയാത്ത | പറയാഞ്ഞ | പറയാ |
| വിധാ | പറയേണ്ടാത്ത | പറയേണ്ടാഞ്ഞ | പറയേണ്ടാ |
| അനു | പറയരുതാത്ത | പറയരുതാഞ്ഞ | ——— |

## പ്രയോജകപ്രകൃതി

| | | | |
|---|---|---|---|
| നിർദ്ദേ | പറയിക്കാത്ത | പറയിക്കാഞ്ഞ | പറയിക്കാ |
| വിധാ | പറയിക്കേണ്ടാത്ത | പറയിക്കേണ്ടാഞ്ഞ | പറയിക്കേണ്ടാ |
| അനു | പറയിക്കരുതാത്ത | പറയിക്കരുതാഞ്ഞ | ——— |

## കർമ്മണി — കേവലപ്രകൃതി

| | | | |
|---|---|---|---|
| നിർദ്ദേ | പറയപ്പെടാത്ത | പറയപ്പെടാഞ്ഞ | പറയപ്പെടാ |
| വിധാ | പറയപ്പെടേണ്ടാത്ത | പറയപ്പെടേണ്ടാഞ്ഞ | പറയപ്പെടേണ്ടാ |
| അനു | പറയപ്പെടരുതാത്ത | പറയപ്പെടരുതാഞ്ഞ | ——— |

### പ്രയോജകപ്രകൃതി

| | | | |
|---|---|---|---|
| നിഷേ | പറയിക്കപ്പെടാത്ത | പറയിക്കപ്പെടാഞ്ഞ | പറയിക്കപ്പെടാ |
| വിധാ | പറയിക്കപ്പെടേണ്ടാത്ത | പറയിക്കപ്പെടേണ്ടാഞ്ഞ | പറയിക്കപ്പെ-ടേണ്ടാ |
| അനു | പറയിക്കപ്പെടരുതാത്ത | പറയിക്കപ്പെടരുതാഞ്ഞ | ——— |

---

# വിനയെച്ചം

## മുൻവിനയെച്ചം—വിധി

| | | വിധായകം | | അനുജ്ഞായകം |
|---|---|---|---|---|
| കർത്തരി | കേവലം | പറഞ്ഞ് | പറയേണ്ടി | പറയായി |
| | പ്രയോജകം | പറയിച്ച് | പറയിക്കേണ്ടി | പറയിക്കായി |
| കർമ്മണി | കേവലം | പറയപ്പെട്ട്, | പറയപ്പെടേണ്ടി, | പറയപ്പെടായി |
| | പ്രയോജകം | പറയിക്കപ്പെട്ട്, | പറയിക്കപ്പെടേണ്ടി, | പറയി-ക്കപ്പെടായി. |

(നിഷേ)

| | | | | |
|---|---|---|---|---|
| കർത്തരി | കേവലം | പറയാഞ്ഞ് | പറയേണ്ടാഞ്ഞ് | പറയരുതാഞ്ഞ് |
| | പ്രയോ | പറയിക്കാഞ്ഞ് | പറയിക്കേണ്ടാഞ്ഞ് | പറയിക്കരു-താഞ്ഞ്. |
| കർമ്മണി | കേ | പറയപ്പെടാഞ്ഞ് | പറയപ്പെടേണ്ടാഞ്ഞ്, | പറയപ്പെടരു-താഞ്ഞ് |
| | പ്ര | പറയിക്കപ്പെടാഞ്ഞ് | പറയിക്കപ്പെടേണ്ടാഞ്ഞ് | പറയിക്ക-പ്പെടരുതാഞ്ഞ്. |

## പിൻവിനയെച്ചം

| | | വിധി | നിഷേധം |
|---|---|---|---|
| കർത്തരി | കേവലം | പറയാൻ | പറയാസ്സാൻ |
| | പ്രയോ | പറയിക്കാൻ | പറയിക്കാസ്സാൻ |
| കർമ്മണി | കേവലം | പറയപ്പെടാൻ | പറയപ്പെടാസ്സാൻ |
| | പ്രയോ | പറയിക്കപ്പെടാൻ | പറയിക്കപ്പെടാസ്സാൻ |

### നടുവിനയെച്ചം

| | | വിധി | നിഷേധം |
|---|---|---|---|
| കത്തൃരി | കേ | പറക | പറകാഴ്ക |
| | പ്ര | പറയിക്ക | പറയിക്കാഴ്ക |
| കമ്മണി | കേ | പറയപ്പെടുക | പറയപ്പെടാഴ്ക |
| | പ്ര | പറയിക്കപ്പെടുക | പറയിക്കപ്പെടാഴ്ക |

### പാക്ഷികവിനയെച്ചം

| | | വിധി | നിഷേധം |
|---|---|---|---|
| കത്തൃരി | കേ | പറകിൽ | പറകാഴ്കിൽ |
| | പ്ര | പറയിക്കിൽ | പറയിക്കാഴ്കിൽ |
| കമ്മണി | കേ | പറയപ്പെടുകിൽ | പറയപ്പെടാഴ്കിൽ |
| | പ്ര | പറയിക്കപ്പെടുകിൽ | പറയിക്കപ്പെടാഴ്കിൽ |

### തൻവിനയെച്ചം

| | | വിധി | നിഷേധം |
|---|---|---|---|
| കത്തൃരി | കേ | പറകവേ | പറയാഴ്കവേ |
| | പ്ര | പറയിക്കവേ | പറയിക്കാഴ്കവേ |
| കമ്മണി | കേ | പറയപ്പെടവേ | പറയപ്പെടാഴ്കവേ |
| | പ്ര | പറയിക്കപ്പെടവേ | പറയിക്കപ്പെടാഴ്കവേ |

---

## ഭേദകം

വ്യന്ത. മററ പദങ്ങളുടെ അത്ഥത്തെ ഭേദിപ്പിക്കുന്നതു **ഭേദകം**. 'ഭേദിപ്പിക്ക' എന്നാൽ അത്ഥത്തിൽ വിശേഷം കൂട്ടിച്ചേക്കുക, അല്ലെങ്കിൽ, ചുരുക്കത്തിൽ **വിശേഷിപ്പിക്കുക**. വിശേഷിപ്പിക്കുന്നതു **വിശേഷണം** എന്നത്ഥത്തിൽ ഭേദകത്തിനു 'വിശേഷണം' എന്നും പേർ ഉപയോഗിക്കാറുണ്ട്. പശു എന്നു പറഞ്ഞാൽ ആ ജാതിയിൽ ഉൾപ്പെട്ട ഓരോ പ്രാണിക്കും ഒന്നുപോലെ ചേരും. 'വെളുത്ത പശു' എന്നു

ഒരു ഭേദകം ചേൎത്തു പറയുമ്പോൾ 'വെളുത്ത്' എന്ന വിശേഷഗുണം കൂടി ചേൎന്ന പശു മാത്രമേ ആ ശബ്ദത്തിന്നു* വാച്യമാകുന്നുള്ളു. കറുത്ത പശുവിനേയും ചുവന്ന പശുവിനേയും എല്ലാം തള്ളേണ്ടിവരുന്നു. ആകയാൽ 'വെളുത്ത' എന്ന ഭേദകം 'പശു' എന്ന നാമത്തിന്റെ അൎത്ഥത്തിൽ 'വെളുപ്പ്' എന്നു് ഒരു വിശേഷം ചേൎത്തു നാമത്തിന്റെ വിഷയവ്യാപ്തി†യെ ചുരുക്കുന്നു.

വിശേഷിപ്പിക്കുന്ന ശബ്ദമാണല്ലോ വിശേഷണം, അല്ലെങ്കിൽ ഭേദകം. അതു് ഏതിനെ വിശേഷിപ്പിക്കുന്നുവോ ആ ശബ്ദം **വിശേഷ്യം**

വിശേഷ്യത്തിന്റെ മാററം പ്രമാണിച്ച ഭേദകങ്ങളെ മൂന്നായി വിഭജിക്കാം.

൧. **നാമവിശേഷണം**—നാമത്തെ വിശേഷിപ്പിക്കുന്നതു്.

൨. **കൃതിവിശേഷണം**, അല്ലെങ്കിൽ **ക്രിയാവിശേഷണം**—കൃതിയെ വിശേഷിപ്പിക്കുന്നതു്.

൩. **ഭേദകവിശേഷണം**—മറെറാരു ഭേദകത്തെ വിശേഷിപ്പിക്കുന്നതു്.

ഉദാ:—൧ ചെറുപയറ്—പയറ് എന്ന നാമത്തിനു വിശേഷണം
നെടുങ്കാൽ—കാൽ ടി ടി
നാലുരൂപാ—രൂപ ടി ടി

൨ മുഖം പൊററ വിയൎത്തു—വിയൎത്തു എന്ന കൃതിക്കു വിശേഷണം.
ഉടൻ നടന്ന സംഗതി—നടന്ന ടി
മുറുകെപ്പിടിക്കുന്നു—പിടിക്കുന്നു ടി

൩ ഏററം കറുത്തപശു—കറുത്ത നാമവിശേഷണം.
അല്പം വളഞ്ഞവടി—വളഞ്ഞ ടി
വളരെ കുറച്ചു് ഉറങ്ങി—കുറച്ചു ക്രിയാവിശേഷണത്തിനു

---

* വാച്യം (Denotation)

† വിഷയവ്യാപ്തി (Connotation)

൨൭. വ്യുല്പത്തി പ്രമാണിച്ച ഭേദകങ്ങളെ ൧. ശുദ്ധം, ൨. സാർവ്വനാമികം, ൩. സാംഖ്യം ൪. പാരിമാണികം, ൫. വിഭാവകം. ൬. നാമാംഗജം, ൭. ക്രിയാംഗജം, എന്നു ഏഴു വിധമായി പിരിക്കാം.

൧. ശുദ്ധം

ഇതു പ്രത്യയം ഒന്നും ചേർക്കാതെ പ്രകൃതിരൂപമായിത്തന്നെ ഇരിക്കുന്ന ഭേദകമാകുന്നു

| | |
|---|---|
| ഉദാ:—നൽ | നന്മുത്തു |
| ചെം | ചെങ്കനൽ |
| ചെറു | ചെറുപയറ് |
| വൻ | വൻതേറ് |

ഇതു പ്രകൃതിരൂപം തന്നെ ആകയാൽ വിശേഷ്യമായ നാമത്തോടു ചേർന്നു സമാസ*മായിട്ടേ നിൽക്കയുള്ളൂ. ഉവയിൽ മിക്കതിനും കൃതിയാക്കിട്ടു പേരെച്ചരൂപത്തിലും പ്രയോഗിക്കാം. അപ്പോൾ സമാസമായി ചേർക്കയും വേണ്ട.

---

* സമാസമെന്നാൽ പല പദങ്ങളെ തങ്ങളിൽ കൂട്ടി ച്ചേർത്തു ഒരൊറ്റപദമാക്കിത്തീർക്കുന്ന സമ്പ്രദായമാകുന്നു. മലയാളത്തിൽ നാലുമാതിരി സമാസം നടപ്പുണ്ടു്.

| | പേർ | സ്വഭാവം | ഉദാഹരണം |
|---|---|---|---|
| ൧ | തൽപുരുഷൻ | ഉത്തരപദാർത്ഥപ്രധാനം | തലവേദന<br>കൊടിമരം |
| ൨ | ബഹുവ്രീഹി | അന്യപദാർത്ഥപ്രധാനം | മുക്കണ്ണൻ<br>നെടുകണ്ണിയാൾ<br>പുള്ളിപ്പേടമൃഗാക്ഷി |
| ൩ | ദ്വന്ദ്വൻ | സർവ്വപദാർത്ഥപ്രധാനം | കൈകാലുകൾ<br>അച്ഛനമ്മമാർ |

തൽപുരുഷന്റെ വകഭേദമായിട്ടു കർമ്മധാരയൻ എന്നൊരു സമാസം കൂടിയുണ്ടു്. ഇതിന്റെ സ്വഭാവം വിശേഷണം വിശേഷ്യത്തോടു ചേർന്നിരിക്കയാണ്. ശുദ്ധഭേദകങ്ങൾ അവയുടെ വിശേഷ്യത്തോടു ചേർന്നു വരുമെന്നു ഇവിടെ പറഞ്ഞ സമാസം, മിക്കതും കർമ്മധാരയൻ എന്ന ഇനത്തിൽ ഉൾപ്പെട്ടതായിരിക്കും.

| | | |
|---|---|---|
| ഉദാ:—നൽ | നല്ല | നല്ലമുത്തു |
| ചെം | ചെ(ച്ചു)വന്ന | ചെ(ച്ചു)വന്ന കനൽ |
| ചെറു | ചെറിയ | ചെറിയ പയറ് |
| വൻ | വലിയ | വലിയ തേൻ |

രണ്ടുമാതിരി പ്രയോഗത്തിലും അത്ഥഭേദമുണ്ടെന്നു കാൺക. തിരു (തിരുവോണം,) തൃ (തൃമെഴി,) അണി(അണികുഴൽ) മുതലായവയ്ക്കു് ഈ രൂപഭേദമില്ല; അവ സമാസമായിട്ടേ നില്ക്കയുമുള്ളൂ.

## ഛ. സാർവ്വനാമികം

ഭേദകമായിട്ടുപയോഗിക്കുന്ന സർവ്വനാമംതന്നെ 'സാർവ്വനാമികം'. സർവ്വനാമത്തിൽ നിന്നു് ഉണ്ടാക്കിയതു് എന്നു ശബ്ദാത്ഥം. സർവ്വനാമത്തിൽ ലിംഗഭേദമുള്ളവയ്ക്കു ലിംഗപ്രത്യയം ചേക്കണം. ഭേദകമാകുമ്പോൾ അതു വേണ്ടെന്നു വിശേഷം. 'എൻ', 'നിൻ', 'തൻ', 'ആർ' എന്ന നാലെണ്ണമൊഴികെ എല്ലാസർവ്വനാമങ്ങളു ഭേദകമായി വരും.

| | | |
|---|---|---|
| ഉദാ:—അ | അക്കാലം | അവിടം |
| ഇ | ഇക്കാലം | ഇവിടം |
| ഒരു | ഒരു മനുഷ്യൻ | ഒരാൾ |
| എ(വ്യാപേക്ഷകം) | എക്കാലം | എട്ടിക്കു് |
| എ(ചോദ്യം) * | എതു സംഗതി എതു മനുഷ്യൻ, എതു സ്ത്രീ | |
| എന്തു | എന്തുകാര്യം | എന്തു ദുഷ്ടൻ |
| ചില | ചില | ചിലത്തളുകൾ |

ഇവയിൽ 'അ, ഇ, ഒരു' എന്ന ആദ്യത്തെ മൂന്നെണ്ണത്തിനു **വിവേചകം** അല്ലെങ്കിൽ **ചുട്ടെഴുത്തു** എന്നു ഒരു പേർ ഉണ്ടു്. ചൂണ്ടുന്ന എഴുത്തു ചുട്ടെഴുത്തു് എന്നു അക്ഷരാത്ഥം.

---

* ഇതു മാത്രം എല്ലാ ലിംഗത്തിലും നപുംസകരൂപത്തിലാണുപയോഗിക്കുന്നതു്. ലിംഗപ്രത്യയം കൂടാതെയും ഉപയോഗിക്കാരുതെന്നില്ല.

ഉദാ:—എ മനുഷ്യൻ. എ സ്ത്രീ, ഇത്യാദി.

## ൩. സാംഖ്യം

സാംഖ്യാരൂപമായ ഭേദകംതന്നെ സാംഖ്യം. ഇതു നാമത്തിന്റെ സംഖ്യയെ കാണിക്കുന്നു.

| | | |
|---|---|---|
| ഉദാ:—* ഒരു | ഒരു മനുഷ്യൻ | |
| ഇരു | ഇരുപതു, | ഇരുപുറം |
| മു | മുപ്പതു്, | മുക്കണ്ണൻ |
| നാൽ | നാല്പതു്; | നാല്ക്കാലികൾ |
| ഐം | ഐംപതു്, | ഐയമ്പൻ |
| അറു | അറുപതു്, | ആറുമുഖൻ |
| എഴു | എഴുപതു്, | എഴിലംപാല |
| എൺ | എൺപതു്, | |
| പതിൻ | പതിനഞ്ചു്, | |

ശുദ്ധഭേദകത്തിനു പറഞ്ഞതുപോലെ ഈ രൂപങ്ങളെ സമാസമായിട്ടേ ഉപയോഗിക്കാറുള്ളു. സംഖ്യയെ കുറിക്കുന്ന നാമങ്ങളെത്തന്നെ ഭേദകമായിട്ടുപയോഗിക്കയും ചെയ്യാറുണ്ടു്.

ഉദാ:— നാലു പശു. പത്തു മാങ്ങാ. നൂറു രൂപാ,

ഈ മാതിരി ഉപയോഗിക്കുന്ന സംഖ്യാശബ്ദങ്ങൾക്കു സാംഖ്യേയം എന്നു പേർ. അപ്പോൾ സംഖ്യയെ കുറിക്കുന്ന ശബ്ദങ്ങൾക്കെല്ലാം സംഖ്യ എന്നും സാംഖ്യേയം എന്നും രണ്ടർത്ഥമുണ്ടു്. ആദ്യത്തെ അർത്ഥത്തിൽ നാമം, രണ്ടാമത്തേതിൽ ഭേദകം; സംഖ്യ അർത്ഥത്തിലുള്ള നാമം എപ്പോഴും ഏകവചനവും ആകുന്നു. 'എട്ടു അഞ്ചിനെക്കാൾ വലുതാകുന്നു' എന്നു പറയുന്നിടത്തു് എട്ടു സംഖ്യാവാചകമാകയാൽ ഏകവചനമെന്നു കാൺക.

## ൪. പാരിമാണികം.

പരിമാണം എന്നു പറയുന്ന അളവിനെക്കുറിക്കുന്നതു പാരിമാണികം;

---

* ചുട്ടെഴുത്തായ 'ഒരു' ജാതിഭേദത്തെ കാണിക്കുന്നു. ഒരു പശു എന്നു പറഞ്ഞാൽ പശുജാതിയിലുള്ള വ്യക്തി എന്നർത്ഥം. സാംഖ്യമായ 'ഒരു' ഒന്നു എന്ന സംഖ്യയെ കാണിക്കുന്നു. ഒരു പശു എന്നു പറഞ്ഞാൽ രണ്ടില്ല, ഒന്നേ ഉള്ളു എന്നർത്ഥം.

| | |
|---|---|
| ഉദാ:—എത്ര | എത്ര നാഴി |
| നാഴി | നാഴിനെല്ല് |
| ഇടങ്ങഴി | ഇടങ്ങഴി എണ്ണ |
| പലം | ഒരു പലം പഞ്ചസാര |

പാരിമാണികങ്ങൾ മിക്കവയും പരിമാണവാചകങ്ങളായ നാമങ്ങളേത്തന്നെ ഭേദകങ്ങളാക്കി ഉപയോഗിക്കുന്നവയാകുന്നു. സ്വയം പാരിമാണികങ്ങളായി 'അത്ര', 'ഇത്ര', 'എത്ര' മുതലായി അപൂൎവ്വം ചില ശബ്ദങ്ങളേ ഉള്ളു. പരിമാണവാചികളായ നാമങ്ങൾക്കു നാമമായിട്ടുപയോഗിക്കുമ്പോഴും ഭേദകമായിട്ടുപയോഗിക്കുമ്പോഴും അൎത്ഥം ഭിന്നമാകുന്നു. നാഴി, ഇടങ്ങഴി, തുടം മുതലായ നാമങ്ങൾ മരം കൊണ്ടോ ലോഹം കൊണ്ടോ ഉണ്ടാക്കിട്ടുള്ള പാത്രങ്ങളുടെ പേരുകളാകുന്നു. ഈ പദങ്ങൾ തന്നെ ഭേദകങ്ങളാകുമ്പോൾ 'അത്രയും അളവുള്ള' എന്ന അൎത്ഥത്തെ കുറിക്കുന്നു. ഒരേ പദം തന്നെ രൂപഭേദം കൂടാതെ രണ്ടൎത്ഥത്തിലും ഉപയോഗിക്കപ്പെടുന്നു എന്നേയുള്ളു.

## ൭. വിഭാവകം.

ഒരു വസ്തുവിന്റെ (സൗന്ദൎയ്യാദി) ഗുണങ്ങളെ വൎണ്ണിക്കുന്നതു വിഭാവകം. വിഭാവകഭേദങ്ങൾക്കു മാത്രം ലിംഗഭേദം കൂടിയുണ്ട്. അവയെ നാമങ്ങളോടു നേരെ ചേൎക്കുന്നില്ല. വിഭാവകഭേദകത്തിനും നാമത്തിനും മദ്ധ്യേ രണ്ടിനേയും കൂട്ടിച്ചേൎക്കാനായി 'ആയ' * എന്ന പേരെച്ചരൂപം കൂടിയുപയോഗിക്കുന്നു.

ഉദാ:—ശബ്ദം

| | | | |
|---|---|---|---|
| തടിയ | തടിയൻ | ആയ | മനുഷ്യൻ |
| | തടിച്ചി | ആയ | സ്ത്രീ |
| മിടുക്ക് | മിടുക്കൻ | ടി | മനുഷ്യൻ |
| | മിടുക്കി | ടി | സ്ത്രീ |
| ദോഷ | ദോഷൻ | ടി | മനുഷ്യൻ |
| | ദോഷി | ടി | സ്ത്രീ |
| പൊട്ട | പൊട്ടൻ | ടി | മനുഷ്യൻ |
| | പൊട്ടി | ടി | സ്ത്രീ |

* ക്രിയാവിശേഷണമായിട്ടുപയോഗിക്കുമ്പോൾ കൃതിക്കും ഭേദകത്തിനും മദ്ധ്യേ രണ്ടിനേയും കൂട്ടിച്ചേൎക്കാനായിട്ട് 'ആയി' എന്ന് ഒരു വിനയെച്ചരൂപം പ്രയോഗിക്കണം. ഉദാ:—മധുരം ആയി പാടുന്നു, സ്പഷ്ടം ആയി കാണുന്നു, ഗൂഢം ആയി ആലോചിക്കുന്നു.

ശുദ്ധമലയാളപദങ്ങളായ വിഭാവകഭേദകങ്ങളിൽ 'അം' എന്ന നപുംസകപ്രത്യയം ചേൎക്കപതിവില്ല. ഇവയെ നപും-സകത്തിൽ പ്രയോഗിക്കേണ്ടിവന്നാൽ പുല്ലിംഗരൂപം തന്നെ പ്രയോഗിച്ചുവരുന്നു—'തടിയൻ ആയ മരം','പൊണ്ണൻ ആയ കല്ലു്' ഇത്യാദി. നപുംസകത്തിൽ 'ആയ' എന്നു മദ്ധ്യേ ചേൎക്ക-യും കൂടിയേതീരു എന്നില്ല. 'തടിയൻമരം', 'പൊണ്ണൻകല്ലു്' എന്നും പ്രയോഗിക്കാം. വിഭാവകഭേദകം സംസ്കൃതത്തിൽ നി-ന്നും എടുത്തതായാൽ നപുംസകത്തിൽ 'അം' എന്ന ലിംഗ-പ്രത്യയവും 'ആയ' എന്ന അവ്യയവും വേണം: 'സമൎത്ഥം ആ-യ ഉത്തരം','അനഘം ആയ രത്നം'—ഇത്യാദി.

വിഭാവകഭേദകങ്ങൾ ഒരുവിധം നോക്കുമ്പോൾ വിശേഷ-ണങ്ങളായ നാമങ്ങൾ എന്നുതന്നെ പറയേണ്ടിവരുന്നു.

## ൬. നാമാംഗജം

നാമാംഗം എന്നു കൂടി പേർ പറയുന്ന പേരെച്ചം തന്നെ ഭേദകമായി ഉപയോഗിക്കപ്പെടുന്നതു നാമാംഗജം.

| | | | | |
|---|---|---|---|---|
| ഉദാ:—കെട്ടിയ | (കെട്ടു് | പേരെച്ചം) | | കെട്ടിയപെൺ |
| പെററ | (പേർ | ടി | ) | പെററമ്മ |
| വെളുത്ത | (വെളു | ടി | ) | വെളുത്തപട്ടു |
| ചെറിയ | (ചെറു | ടി | ) | ചെറിയപാത്രം |

പേരെച്ചം അല്ലെങ്കിൽ നാമാംഗജം ഓൎത്താൽ തന്നെ നാമത്തിനു വിശേഷണ-മാണ്. എന്നാൽ സാധാരണ പേരെച്ചങ്ങൾ നാമത്തെ വിശേഷിപ്പിക്കുന്ന-തായാലും തനിക്കുള്ള കൃതിസ്വഭാവം വിടുന്നില്ല. "രാമൻ കൃഷ്ണനോടു പറഞ്ഞ കഥ", എന്നു പറയുന്നിടത്തു 'പറഞ്ഞ'എന്ന പേരെച്ചം 'കഥ'യുടെ വിശേഷണ-മായാലും 'രാമൻ' എന്ന കൎത്താവിനോടും 'കൃഷ്ണനോടു്' എന്ന സാക്ഷിയോടും അന്വയിച്ചു ഒരു പ്രധാനക്രിയാപദത്തിന്റെ സ്ഥാനമൊക്കെയും നടത്തുന്നു. നാമത്തിനു കീഴടങ്ങിപ്പോയാലും പേരെച്ചം ഒരു ക്രിയാപദം തന്നെ. പേരെ-ച്ചം ഒരു ആഖ്യാതംതന്നെ; പക്ഷെ ഒരു വിശേഷണവാക്യത്തിൽ ആണെന്നു മാത്രമേ ഉള്ളു. ഒരു സാമന്തരാജാവു് ചക്രവൎത്തിക്കു കീഴടങ്ങിയാലും തന്റെ രാജ്യത്തിൽ എങ്ങനെ സ്വതന്ത്രനായിരിക്കുന്നുവോ, അങ്ങനെ പേരെച്ചം മഹാ-വാക്യത്തിലെ ഒരു വാക്യത്തിനു കീഴടങ്ങിയാലും വിശേഷണവാക്യത്തിൽ പ്ര-ധാനം തന്നെ. അതിനാൽ പേരെച്ചത്തെ കൃതിയുടെ പക്ഷഭേദമായി ഗണിക്ക-

ന്നതിനാണു അധികം ന്യായം. അതിനാൽത്തന്നെയാണ പേരെച്ചം പറവിനകളിൽ ചേൎക്കപ്പെട്ടതും.

നാമാംഗജം എന്നു് ഇവിടെ എടുത്തവയാകട്ടെ കൃതിസ്വഭാവത്തെ നിശ്ശേഷം ഉപേക്ഷിച്ചവയാണു്. 'കെട്ടിയപെൺ' എന്നിടത്തു രാമന്റെ കെട്ടിയപെൺ എന്നല്ലാതെ 'രാമൻ കെട്ടിയപെൺ' എന്നു പറയുന്നില്ല. 'കെട്ടിയ' എന്നതു പേരെച്ചമായാലും അതിനു കൎത്താ മുതലായ കാരകങ്ങളുടെ യോഗം ഒന്നും വരുന്നില്ല. 'രാമന്റെ കെട്ടിയപെൺ' എന്നുള്ളതിനു രാമന്റെ വലതു കൺ' എന്നു പറയുന്നതിനെക്കാൾ ഒരു ഭേദവുമില്ല. ഇതിൽ 'കെട്ടിയ' എന്ന പേരെച്ചം ക്രിയാധൎമ്മം വിട്ടു കേവലം ഒരു ഭേദകമായി ചമഞ്ഞിരിക്കുന്നു. 'രാമൻ കെട്ടിയപെൺ' എന്നുതന്നെയാണു പ്രയോഗിക്കേണ്ടവനെങ്കിൽ 'കെട്ടിയ' എന്നതു് അവിടെ പേരെച്ചംതന്നെ ആകയും ചെയ്യും. 'വെളുത്ത, കറുത്ത' ഇത്യാദികളാകട്ടെ ഇത്രത്തോളം കൂടി ക്രിയാധൎമ്മമല്ലാത്തവയാണു്. എന്നാൽ അവ 'വെളുക്കുന്നു, വെളുത്തു, വെളുത്ത, കറുക്കുന്നു, കറുത്തു, കറുത്ത' എന്നു കൃതികളുടെ പേരെച്ചരൂപങ്ങളാണെന്നു സ്പഷ്ടവുമാണു്. 'വലിയ, ചെറിയ' ഇത്യാദികളിലാകട്ടെ ക്രിയാത്വം ഒട്ടുമേതന്നെ ഇല്ല. കേവലം പേരെച്ചത്തിനു തുല്യമായ രൂപം മാത്രമേ ഇതുകൾക്കുള്ളു.

## ൨. ക്രിയാംഗജം

ക്രിയാംഗം എന്നുകൂടി പേർപറയുന്ന വിനയെച്ചം തന്നെ ഭേദകമായിട്ടു് ഉപയോഗിക്കപ്പെടുന്നതു ക്രിയാംഗജം.

| | | | | |
|---|---|---|---|---|
| ഉദാ:—ഉറക്കെ | (ഉറക്കുന്നു. | തൻവിനയെച്ചം) | | ഉറക്കെ പറയുന്നു. |
| മുറകെ | (മുറുകുന്നു | ടി | ) | മുറുകെ നടക്കുന്നു, |
| നീളെ | (നീളുന്നു | ടി | ) | നീളെ ഓടുന്നു. |
| കൂടെ | (കൂടുന്നു | ടി | ) | കൂടെപ്പോകുന്നു. |
| ഏറെ | (ഏറുന്നു | ടി | ) | ഏറെവലിയമരം. |

പേരെച്ചങ്ങളിൽ ഭൂതപേരെച്ചമാണു് ഭേദകമായി വരുന്നതു്. അതിന്മണ്ണം വിനയെച്ചങ്ങളിൽ തൻവിനയെച്ചമാണു ഭേദകമാകുന്നതു്. എന്നാൽ 'ഉറച്ചു പറയുന്നു' 'മുറുക്കിപ്പിടിക്കുന്നു' എന്നു മുൻവിനയെച്ചവും അപൂൎവ്വമായി ഉപയോഗിച്ചുകാണും.

നാമാംഗജത്തിൽ പറഞ്ഞതുപോലെ ക്രിയാധൎമ്മംവിട്ട വിനയെച്ചമേ ഭേദകമാകയുള്ളു. 'രാമൻ താളം മുറുകെ പാടുന്നു' എന്നോ മറ്റോ വിനയെച്ചത്തിനു് ഒരു കൎത്താവിനെ കൂടി ചേൎത്തു പറകയാണെങ്കിൽ അവിടെ അതു ഭേദകമാകുന്നതല്ല. കൃതിയുടെ സ്ഥാനത്തിൽ തന്നെ ചേൎന്നുപോകുന്നു.

൮൮. ഭേദകങ്ങളെ ഏഴിനമായി വിഭജിച്ചതിൽ * വിഭാഗോപാധി (വിഭജിക്കുന്നതിന് ആധാരമായ ധൎമ്മം) ഭേദപ്പെട്ടുപോയിട്ടുണ്ട്. വിഭാവകവും പാരിമാണികവും കേവലം അൎത്ഥം പ്രമാണിച്ചുള്ള വിഭാഗമാകുന്നു. നാമാംഗജവും ക്രിയാംഗജവും കേവലം വ്യുല്പത്തിപ്രമാണിച്ചുള്ളതാണ്. ഈ വക വിഭാഗങ്ങളൊക്കെയും തന്നെ സൌകൎയ്യത്തിനുവേണ്ടി ചെയ്യുന്നവയാകയാൽ കഠിനമായ തൎക്കന്യായത്തിനു യോജിച്ചവ അല്ലായിരിക്കും.

൮൯. ഭേദകങ്ങളിൽ അധികം എണ്ണവും നാമവിശേഷണങ്ങളാണ്. നാമാംഗജം നാമവിശേഷണമായിട്ടേ വരൂ. § ക്രിയാംഗജം നാമവിശേഷണമായിട്ടുമാത്രം വരികയില്ല. മററു ഭേദകത്തിനും കൃതിക്കും വിശേഷണമാകും. വിഭാവകം നാമത്തിനും കൃതിക്കും വിശേഷണമാവാം.

### ൯൦. ഭേദകവിഭാഗപ്പട്ടിക.

| | | |
|---|---|---|
| ൧. ശുദ്ധം | നാമവിശേഷണം | |
| ൨. സാൎവ്വനാമികം | | |
| ൩. സാംഖ്യം | | |
| ൪. പാരിമാണികം | | |
| ൫. നാമാംഗജം | | |
| ൬. ക്രിയാംഗജം | ൧. ക്രിയാവിശേഷണം. | |
| | ൨. ഭേദകവിശേഷണം. | |
| ൭. വിഭാവകം | ൧. നാമവിശേഷണം. | |
| | ൨. ക്രിയാവിശേഷണം. | |

---

* *Fundamentum Divisionis* Principle of division

§ കുറെ തണുത്തു, വളരെ ഉണ്ണും, ഇരിക്കുന്നു ഇത്യാദി പ്രയോഗങ്ങളിൽ ഭേദകം വാക്യത്തിൽ ക്രിയയെയാണ് വിശേഷിപ്പിക്കുന്നതെന്നു നോക്കിയറിയുക.

## നിപാതം

൯൭. നാമം, കൃതി, ഭേദകം, എന്നു മൂന്നു വിധം ശബ്ദങ്ങളെ വിവരിച്ചുവല്ലൊ. ഇവ എല്ലാം ഒരംശത്തിൽ യോജിക്കുന്നു. ഇവയ്ക്കു വാച്യമായ അൎത്ഥമുണ്ടു്. നാമങ്ങൾ ദ്രവ്യങ്ങളുടെ പേരാകുന്നു; കൃതികൾ ക്രിയ അൎത്ഥമാകുന്നു; ഭേദകം ഗുണത്തിന്റെ വാചകമാണു്. നിപാതം എന്നു നാലാമതു ഒരിനം കൂടി ഉണ്ടു്; അതിനു് ഈ മാതിരിയിൽ ഒരു വാച്യാൎത്ഥമില്ല. അതു ഒററശബ്ദങ്ങൾക്കോ വാക്യങ്ങൾക്കോ തങ്ങളിലുള്ള സംബന്ധത്തെ ആണു് കാണിക്കുന്നതു്. 'രാമനും കൃഷ്ണനും മിടുക്കന്മാരാകുന്നു' എന്ന വാക്യത്തിൽ 'രാമൻ', 'കൃഷ്ണൻ', 'ആകുന്നു' എന്ന ഈ പദങ്ങളെല്ലാം ഓരോ അൎത്ഥത്തെ കുറിക്കുന്നുണ്ടു്. 'രാമൻ' ഒരു മനുഷ്യന്റെ പേരാകുന്നു; 'കൃഷ്ണനും' അതുപോലെ തന്നെ; 'മിടുക്കൻ' മിടുക്കു് എന്ന ഗുണമുള്ള ഒരു പുരുഷൻ എന്ന അൎത്ഥം കുറിക്കുന്നു 'ആകുന്നു' സ്ഥിതിരൂപമായ ക്രിയയെ കാണിക്കുന്നു. 'ഉം' എന്നതിനു് ഈ മാതിരിയിൽ ഒരൎത്ഥവുമില്ല; ഒരു വസ്തുവിനെയും അതു നേരെ സ്വതന്ത്രാൎത്ഥമായിട്ടു കുറിക്കുന്നില്ല. അതിന്റെ പ്രവൃത്തി രാമകൃഷ്ണന്മാർ 'മിടുക്കന്മാരാവുക' എന്ന ക്രിയയിൽ യോജിക്കുന്നു എന്നു കാണിക്കുക മാത്രമാകുന്നു. അതിനാൽ 'ഉം' ഒരു വാചകശബ്ദമല്ല; അതു് ഒരു സംബന്ധത്തെ* ദ്യോതിപ്പിക്കുക (തോന്നിക്കുക) ആണു് ചെയ്യുന്നതു്. ഇങ്ങനെ ഉള്ള ശബ്ദത്തിനു ദ്യോതകം എന്നു പേർ. അതിനാൽ ശബ്ദങ്ങൾക്കു് ആദ്യമായ വിഭാഗം വാചകം, ദ്യോതകം എന്നു രണ്ടു വകയായിട്ടാണു്. നാമകൃതിഭേദകങ്ങൾ, വാചകങ്ങൾ, നിപാതം, ദ്യോതകം.

---

* സംബന്ധത്തെ ദ്യോതിപ്പിക്കയല്ലാതെ വചിക്കുന്നില്ല. നാമാദികൾ ദ്രവ്യാൎത്ഥങ്ങളെ കുറിക്കുന്നതുപോലെ നിപാതം സംബന്ധത്തെ കുറിക്കുന്നില്ല. ഉം, എന്നതിനു 'യോജിപ്പു്' എന്നൎത്ഥമല്ലല്ലൊ. നിപാതം ദ്യോതിപ്പിക്കുന്നതിനാൽ ദ്യോതകം; നാമാദികൾ വചിക്കുന്നതിനാൽ വാചകം.

൯൨. നിപാതം സംബന്ധത്തെ ദ്യോതിപ്പിക്കുന്നതാണല്ലോ. സംബന്ധം രണ്ടു പദങ്ങൾക്കു തങ്ങളിലോ, രണ്ടു വാക്യങ്ങൾക്കു തങ്ങളിലോ ആകാം. അതിൽ പദങ്ങൾക്കു തങ്ങളിലുള്ള സംബന്ധത്തെ ദ്യോതിപ്പിക്കുന്നതു ഗതി, വാക്യങ്ങൾക്കു തങ്ങളിലുള്ള സംബന്ധത്തെ ദ്യോതിപ്പിക്കുന്നതു ഘടകം എന്നു നിപാതം രണ്ടുവിധം.

൯൩. ഒരു നാമത്തിൽ ചേൎന്നുകൊണ്ടു് അതിനെ മറെറാരു ശബ്ദത്തോടു സംബന്ധിപ്പിക്കുന്നതു ഗതി.

ഉദാ:— വാതലിൽ ഊടെ ഇറങ്ങുന്നു.

ഇവിടെ 'ഊടെ' വാതലിൽ എന്ന ആധാരികാന്തനാമത്തിൽ ചേൎന്നു നിന്നുകൊണ്ടു് അതിനെ 'ഇറങ്ങുന്നു' എന്ന ക്രിയാപദത്തോടു സംബന്ധിപ്പിക്കുന്നു.

൯൪. വാക്യങ്ങൾക്കു മദ്ധ്യേ നിന്നുകൊണ്ടു് അവയെ സംബന്ധിപ്പിക്കുന്നതു (ഘടിപ്പിക്കുന്നതു) ഘടകം.

ഉദാ:— ൧ രാമനും കൃഷ്ണനും വന്നു.
൨ രാമനോ കൃഷ്ണനോ വരും.

൧-ാം ഉദാഹരണത്തിലെ 'ഉം' 'രാമൻവന്നു', 'കൃഷ്ണൻവന്നു' എന്നീ രണ്ടു വാക്യങ്ങളെ സംബന്ധിപ്പിക്കുന്നു. ഇതു് ഒരുവാക്യമായി തോന്നുന്നെങ്കിലും വാസ്തവത്തിൽ രണ്ടു വാക്യങ്ങളുടെ ഫലം ചെയ്യുന്നുണ്ടെന്നും സൂക്ഷിച്ചുനോക്കിയാൽ അറിയാം. 'ഉം' എന്നതു 'രാമൻ' 'കൃഷ്ണൻ' എന്ന രണ്ടു പദങ്ങളും 'വന്നു' എന്നതിനോടു് അന്വയിക്കണമെന്നു കാണിക്കുന്നു. അപ്പോൾ 'രാമൻവന്നു' 'കൃഷ്ണൻവന്നു' എന്നായല്ലോ വാക്യം. 'ഉം' രണ്ടെണ്ണങ്ങൾക്കു് ഒരു സംഗതിയിൽ യോജിപ്പിനെ കാണിക്കുന്നു. ഈ അൎത്ഥത്തിനു സമുച്ചയം എന്നുപേർ. അതിനാൽ 'ഉം' എന്ന ഘടകത്തിനു സമുച്ചയനിപാതം എന്നു പേർ.

൨-ാം ഉദാഹരണത്തിൽ 'ഓ' 'രാമൻവരും' അല്ലെങ്കിൽ 'കൃഷ്ണൻവരും' എന്നു രണ്ടു വാക്യങ്ങളെ സംബന്ധിപ്പിക്കുന്നു. ഈ ഒന്നല്ലെങ്കിൽ മററതു് എന്നുള്ള അൎത്ഥതിനു വിതൎക്കം എന്നുപേർ. അതിനാൽ 'ഓ' വിതൎക്കനിപാതം

൱൫. ദ്യോതകശബ്ദത്തിനാണല്ലോ നിപാതം എന്നു പേരിട്ടതു്. അതിൽ പദങ്ങൾക്കു തങ്ങളിലെന്നും വാക്യങ്ങൾക്കു തങ്ങളിലെന്നും രണ്ടുവകയായി വരാവുന്ന സംബന്ധത്തെ ദ്യോതിപ്പിക്കുന്ന വസ്തു മുറയ്ക്കു ഗതി എന്നും, ഘടകം എന്നും പേർ കൊടുത്തു. ഇതിനു രണ്ടിനും പുറമേ ഒരുവക നിപാതമുണ്ടു്. അതു് ഒരു സംബന്ധത്തെ ദ്യോതിപ്പിക്കയല്ല. ഒരു മനോവികാരത്തെ ഒരുവാക്യംപോലെ ദ്യോതിപ്പിക്കയാണു ചെയ്യുന്നതു്.

<u>മററു പദങ്ങളോടു സംബന്ധിക്കാതെ ഒററവാക്യംപോലെ നിൽക്കുന്നതു വ്യാക്ഷേപകം.</u>

ഉദാ:—വാദ്ധ്യാർ-രാമാ! നീ പാഠം പഠിച്ചോ?
രാമൻ—ഉവ്വ്', ഞാൻ രാത്രിമുഴുവൻ പഠിക്കയായിരുന്നു.
വാദ്ധ്യാർ—ആ്ഹാ; കള്ളംപറയുന്നോ? നിന്നെ ഞാൻ ഉത്സവസ്ഥലത്തു കണ്ടല്ലോ.
രാമൻ—അയ്യോ! ഇന്നലെ ഞാൻ ഉത്സവസ്ഥലത്തു പോയതേ ഇല്ല.

ഈ ഉദാഹരണത്തിൽ 'ഉവ്വ്'എന്ന വ്യാക്ഷേപകം 'ഞാൻ പാഠം പഠിച്ചു' എന്നു സമ്മതത്തെ കാണിക്കുന്ന ഒരു വാക്യത്തിനു സമമാകുന്നു. 'ആ്ഹാ' എന്നതു് 'അത്യാശ്ചൎയ്യം' എന്നോ മററോ ഒരു അസഹനതയെ സൂചിപ്പിക്കുന്ന വാക്യത്തിന്ന് സമമാണു്. 'അയ്യോ' എന്നതു് 'എന്താണിങ്ങനെ പറയുന്നതു്' എന്നോ മററോ ദുഃഖസൂചകമായ വാക്യത്തിനു സമമാകുന്നു, ഇപ്പടങ്ങൾ വാക്യങ്ങളിലെ മററ് ഒരു പദത്തോടും സംബന്ധിക്കുന്നുമില്ല.

൱൬. ഗതി, ഘടകം, വ്യാക്ഷേപകം എന്ന ഈ മൂന്നി-

ലും ഉൾപ്പെടാത്ത ചില അൎത്ഥവിശേഷങ്ങളെ ദ്യോതിപ്പിക്കുന്നതു **കേവലനിപാതം.**

ഉദാ—൧ രാമൻ വന്നുവോ? (വന്നോ)
൨ രാമനേ രാവണനെക്കൊല്ലൂ.

ഇവിടെ ൧-ൽ 'ഓ' എന്ന നിപാതം ചോദ്യം ദ്യോതിപ്പിക്കുന്നു. അതിനാൽ ഇതിന്നു **ചോദ്യനിപാതം** എന്നു പേരിടാം. ൨-ൽ 'ഏ' എന്ന നിപാതം രാമനല്ലാതെ മറ്റൊരുവൻ ഇക്കാൎയ്യം ചെയ്യുകയില്ലെന്നു വ്യവച്ഛേദം അൎത്ഥത്തെ ദ്യോതിപ്പിക്കുന്നു. ഇതിന്നു **വ്യവച്ഛേദനിപാതം** എന്നു പേർ.

൯൭. നിപാതവിഭാഗപ്പട്ടിക.

നിപാതം {
൧. ഗതി
൨. ഘടകം
൩. വ്യാക്ഷേപകം
൪. കേവലം

---

## അവ്യയം

൯൮. ഇതുവരെ പ്രസ്താവിച്ചതിൽ നിന്നു നാം ഗ്രഹിക്കുന്നതു നാമം, കൃതി, ഭേദം, നിപാതം, എന്നു ശബ്ദം നാലുവിധം എന്നാണല്ലൊ: അതിൽ നാമകൃതിഭേദകങ്ങളെന്ന ആദ്യത്തെ മൂന്നെണ്ണങ്ങൾ വാചകങ്ങൾ. ഒടുവിൽ പറഞ്ഞ നിപാതം മാത്രം ദ്യോതകം. എന്നാൽ നാമകൃതിഭേദകങ്ങളിലും ചിലതു ദുഷിച്ചു ദ്യോതകങ്ങളായിത്തീൎന്നിട്ടുണ്ടു്. ഇവയുടെ ആഗമവും രൂപവും നോക്കിയാൽ ഇവ നാമകൃതിഭേദകങ്ങളിൽ ഒന്നിൽ ചേൎന്നവ ആണെന്നു സ്പഷ്ടമായിരിക്കും. എന്നാൽ അൎത്ഥം നോക്കുമ്പോൾ ഇവ ഒരു സംബന്ധത്തെ ദ്യോതിപ്പിക്കുന്നതല്ലാതെ ഒരൎത്ഥത്തെ നേരെ ധരിക്കാത്തതിനാൽ നിപാത-

ത്തിന്റെ കൂട്ടത്തിൽ ഗണിക്കപ്പെടേണ്ടവയാണെന്നും നിസ്സംശയമായിട്ടിരിക്കും.

എങ്ങനെ എന്നാൽ—'രാമൻ മാളികയിൽ നിന്നു നോക്കുന്നു' എന്ന വാക്യത്തെ ഉദാഹരണത്തിനെടുക്കാം. ഇവിടെ 'നിന്നു' എന്നതു 'നിൽ' (നില്ക്കുന്നു—നിന്നു—നില്ക്കും) എന്നകൃതിയുടെ മുൻവിനയെച്ചരൂപമാണ്; 'നോക്കുന്നു' എന്ന വേറെ കൃതിയിൽ അന്വയിക്കയും ചെയ്യുന്നു എന്നതിനു സംശയമില്ല. അപ്പോൾ മറ്റു ഈ വാക്യത്തിൽ നിന്നുണ്ടാകുന്ന അർത്ഥം 'രാമൻ മാളികയിൽകയറിനിന്നതിന്റെശേഷം നോക്കുന്നു' എന്നാകുന്നു; എന്നാൽ അത്രത്തോളം നമുക്കു വിവക്ഷയില്ല. രാമനു നോക്കുന്നതിനു അനുകൂലമായ സ്ഥലം മാളികയാണെന്നു മാത്രമേ നാം അർത്ഥം ആവശ്യപ്പെടുന്നുള്ളൂ. എന്നുമാത്രമല്ല, 'നിന്നു' എന്നതിൽ 'നിൽക്കുക' എന്നുള്ള ക്രിയയുടെ അക്ഷരാർത്ഥംപോലും വിവക്ഷിതമല്ല. രാമൻ നോക്കിയ സമയം കിടക്കുക ആയിരുന്നാലും ഇരിക്ക ആയിരുന്നാലും 'മാളികയിൽ നിന്നു' എന്നുതന്നെ പ്രയോഗിക്കാറുണ്ടു്. 'പുസ്തകം കയ്യിൽ നിന്നു വീണു' ഇസ്സംഗതി മനസ്സിൽ നിന്നു കളഞ്ഞേക്കണം, ഇത്യാദ്യുദാഹരണങ്ങൾ കൊണ്ടു 'നിൽക്കുക' എന്നർത്ഥത്തിനു വിവക്ഷയില്ലെന്നു സ്പഷ്ടമാണല്ലോ. അതിനാൽ 'നിന്നു' എന്നതു് ഒരു കൃതിരൂപമാണെങ്കിലും അതിന്റെ അർത്ഥമായ ക്രിയയ്ക്കു തിരോഭാവം (മറവു) വന്നു് ഇപ്പോൾ ഒരു വിശ്ലേഷരൂപമായ (ഒന്നിൽ നിന്നു പിരിയുക എന്നുള്ള) സംബന്ധത്തെ ദ്യോതിപ്പിക്കുന്നതേയുള്ളൂ. ഇങ്ങനെ വാചകശബ്ദം ദ്യോതകമായിത്തീർന്നിട്ടുള്ളതിനു **അവ്യയം** എന്നു പേർ.

ലക്ഷണം:—<u>വാചകമായ ശബ്ദം ദുഷിച്ചു ദ്യോതകമായിത്തീർന്നാൽ അതു അവ്യയമാകുന്നു.</u>

൧൧. സ്വയമേ ദ്യോതകമായ ശബ്ദം നിപാതം; വാചകമായിരുന്നു പിന്നീടു ദുഷിച്ചു ദ്യോതകമായിത്തീർന്നതു അവ്യയം എന്നു് ഇവയ്ക്കു തങ്ങളിൽ ഭേദം.

നാമങ്ങളുടേയും കൃതികളുടേയും പല രൂപങ്ങളും ദുഷിച്ചു അവ്യയങ്ങളായിത്തീൎന്നിട്ടുണ്ടു്. സ്വയമേ ദ്യോതകങ്ങളായ നിപാതങ്ങൾ എണ്ണത്തിൽ വളരെച്ചുരുങ്ങും. ദ്യോതകശബ്ദങ്ങളിൽ അധികവും നാമകൃതികൾ ദുഷിച്ചുണ്ടായ അവ്യയങ്ങളാകുന്നു.

൨൦൦. ഗതി, ഘടകം, വ്യാക്ഷേപകം, കേവലം എന്നു നിപാതങ്ങൾക്കു പറഞ്ഞ നാലുവിധമായ വിഭാഗം അവ്യയങ്ങൾക്കും ഉണ്ടു്. ലക്ഷണമെല്ലാം മുൻ ചൊന്നതുതന്നെ.

ഗതി.

൨൦൧. ഗതികളിൽ മിക്കവയും അവ്യയങ്ങളാകുന്നു. 'ഊടെ'എന്ന നിപാതം ഒരു ഉദാഹരണത്തിനെടുത്തതല്ലാതെ വേറെ ഒന്നുംതന്നെ നിപാതമായിട്ടു കാണുന്നില്ല. അവ്യയങ്ങളിലും ഗതികളായുള്ളവ കൃതി ദുഷിച്ചുളുകളാണു് അധികം എണ്ണവും, നാമം ദുഷിച്ചുണ്ടായവ രണ്ടോ മൂന്നോ എണ്ണമേ ഉള്ളു.

൨൦൨. വാചകപദങ്ങളുടെ അന്യോന്യസംബന്ധം കാണിക്കുന്ന ദ്യോതകമാണല്ലോ ഗതി. വാചകങ്ങളായ പദങ്ങൾ നാമം, കൃതി, ഭേദകം എന്നു മൂന്നു വിധമുണ്ടു്. ഇവയ്ക്കു സംഭവിക്കാവുന്ന സംബന്ധങ്ങൾ (൧) നാമങ്ങൾക്കു തങ്ങളിൽ, (൨) കൃതികൾക്കു തങ്ങളിൽ, (൩) ഭേദകങ്ങൾക്കു തങ്ങളിൽ, (൪) നാമത്തിനും കൃതിക്കും; (൫) നാമത്തിനും ഭേദകത്തിനും, (൬) കൃതിക്കും ഭേദകത്തിനും.

(൧) നാമങ്ങൾ തമ്മിലുള്ളതു—രാമന്റെ പിതാവായ ദശരഥൻ. ഇതിൽ പിതാവു്, എന്നും ദശരഥൻ എന്നും ഉള്ള നാമങ്ങൾക്കുള്ള സംബന്ധം, പിതാവായവനും ദശരഥൻ എന്നു പറയപ്പെടുന്നവനും ഒരാൾ തന്നെ ആകുന്നു എന്നാണു. പിതൃത്വവും ദശരഥത്വവും ഒരു വസ്തുവിനെത്തന്നെ ആശ്രയിച്ചിരിക്കുന്നു എന്നു കാണിക്കുന്ന ഈ സംബന്ധത്തിനു **സാമാനാധികരണ്യം** എന്നു പേർ. സമാനം തുല്യം, ഒന്നുതന്നെ അധികരണം, ആശ്രയം, ഒരേ ആശ്രയത്തോടുകൂടിയതു സാമാനാധികരണം; ഇങ്ങനെ ഇരിക്കുന്ന അവസ്ഥ സാമാനാധികരണ്യം. സാമാനാധികരണമല്ലാതേയും നാമങ്ങൾക്കു സംബന്ധം വരാം. (a) രാമന്റെ പുസ്തകം (b) രാമന്റെ കണ്ണ് ഇത്യാദി. ഇതിൽ (a)-ൽ രാമനും പുസ്തകത്തിനും ഉള്ള സംബന്ധം സ്വസ്വാമിഭാവമാണു്. പുസ്തകം രാമന്റെ സ്വത്തു; രാമൻ അതിന്റെ സ്വാമി (ഉടമസ്ഥൻ); രാമത്വ-

മയ്യു ഫന്ന

വും പുസ്തകത്വവും രണ്ടു വസ്തുക്കളിലാണിരിക്കുന്നതു്; രാമൻ ഒരു വസ്തു, പുസ്തകം വേറെ ഒരു വസ്തു. പിതാവും ദശരഥനും ഒരു വസ്തുതന്നെ; ആയതുപോലെ അല്ല ഇവിടെ. (b)-ൽ രാമനും കണ്ണിനുമുള്ള സംബന്ധം അംഗാംഗിഭാവം. ഇവിടെയും രണ്ടു വസ്തുക്കളും വേറെയാണ്; രാമനിൽ കൺകൂടി ഉൾപ്പെട്ടുപോകുന്നെങ്കിലും രണ്ടും ഒരു വസ്തുവല്ലല്ലൊ. ഇങ്ങനെയുള്ള സംബന്ധത്തിനു **വൈയധികരണ്യം** എന്നു പേർ. വിഭിന്നമായ അധികരണത്തോടുകൂടിയതു വ്യധികരണം.- വ്യധികരണമായിരിക്കുന്ന അവസ്ഥ വൈയധികരണ്യം. ഇങ്ങനെ നാമങ്ങൾക്കു അന്യോന്യമുള്ള സംബന്ധം സാമാനാധികരണ്യം, വൈയധികരണ്യം എന്നു രണ്ടുവിധമാണ; അതിൽ വൈയധികരണ്യസംബന്ധത്തെ സംബന്ധികാവിഭക്തി കുറിക്കുന്നു. സാമാനാധികരണ്യസംബന്ധത്തെ കുറിക്കുന്നതിനു 'ആയ' എന്ന ഗതി ('ആകുന്നു' എന്ന കൃതിയുടെ ഭൂതപേരെച്ചം ദുഷിച്ചതു്) ഉപയോഗിക്കപ്പെടുന്നു.

അഭേദസംബന്ധം എന്നു പറയുന്നതും സാമാനാധികരണ്യത്തിന്റെ വകഭേദമായി ഗണിക്കപ്പെടാം. 'മുഖമാകുന്ന താമര'. ഇതിൽ മുഖമെന്നു പറയുന്നതും ഒരു താമരതന്നെ എന്നു രണ്ടിനും അഭേദം (ഭേദമില്ലായ്മ) കല്പിക്കപ്പെട്ടിരിക്കുന്നു. ഈ സംബന്ധത്തെ 'ആകുന്ന' എന്ന അവ്യയം (ആകുന്നു എന്ന കൃതിയുടെ വർത്തമാനപേരെച്ചം) കാണിക്കുന്നു. രാവണൻ എന്ന രാക്ഷസൻ എന്നിടത്തു രാവണനും രാക്ഷസനും തമ്മിലുള്ള നിരൂപണം എന്ന സംബന്ധത്തെ 'എന്ന' എന്ന ഗതി (എൻ ധാതുവിന്റെ പേരെച്ചം) ദ്യോതിപ്പിക്കുന്നു. ഇതും സാമാനാധികരണ്യത്തിന്റെ ഒരു വകഭേദംതന്നെ. ഇങ്ങനെ 'ആയ', 'ആകുന്ന', 'എന്ന', എന്നീ മൂന്നു പേരെച്ചം ദുഷിച്ച ഗതികൾ നാമങ്ങൾക്കു തങ്ങളിലുള്ള സാമാനാധികരണ്യസംബന്ധത്തെ കുറിക്കുന്നു.

(൨) കൃതികൾ തങ്ങളിലുള്ളതു്—ഇതിനെ കാണിക്കുന്നതിനു ദ്യോതകശബ്ദങ്ങളുടെ ആവശ്യമില്ല.

(൩) ഭേദകങ്ങൾക്കു തമ്മിലുള്ളതു്—ഇതു് ആവശ്യപ്പെടുന്നതേയില്ല.

(൪) നാമത്തിനും കൃതിക്കും ഉള്ളതു്—ഇതിനെ കുറിക്കുന്നതു വിഭക്തികളുടെ പ്രവൃത്തിയാണു്. ഈ സംബന്ധത്തെ കർത്താ, കർമ്മം, കരണം, കാരണം സാക്ഷി, സ്വാമി, അധികരണം എന്നു ഏഴായി വിഭജിച്ചു ഓരോ വിഭക്തികളുടെ അർത്ഥമായിട്ടു മുമ്പിൽ കാണിച്ചിട്ടുണ്ടു. എന്നാൽ ഇവയ്ക്കു പുറമേയും ചില സംബന്ധങ്ങൾ ആവശ്യപ്പെടാറുണ്ടു. അവയെ കുറിക്കയാണു ഗതികളുടെ പ്രവൃത്തി. 'മാളികയിൽ നിന്നു നോക്കുന്നു' എന്നു മുൻ ചൊന്ന ഉദാഹരണം നോക്കുക. 'മാളികയിൽ നോക്കുന്നു' എന്നു ആധാരികമാത്രം പ്രയോഗിച്ചാൽ ഉണ്ടാകുന്ന അർത്ഥവും 'മാളികയിൽ നിന്നു നോക്കുന്നു' എന്നു ഗതിചേർത്തു പ്ര-

യോഗിച്ചാലുണ്ടാകുന്ന അൎത്ഥവും തമ്മിൽ ഭേദമുണ്ടല്ലോ. അപ്പോൾ വിഭക്തികളുടെ അൎത്ഥത്തെ പരിഷ്കരിക്കയാണു ഗതികൾ ചെയ്യുന്നതെന്നു വെളിപ്പെടുന്നു.

ഓരോരോ വിഭക്തിയുടേയും അൎത്ഥം പരിഷ്കരിക്കുന്നതിനു ഗതികൾ ഉണ്ട്. ഈ ഗതികൾ കൃതികൾ ദുഷിച്ചുണ്ടായ രൂപങ്ങളാണെന്നും നാം കണ്ടുവല്ലോ. അപ്പോൾ നാമത്തിനും കൃതിരൂപത്തിനും തമ്മിൽ വിഭക്തിമുഖേന സ്വയമേ കൎത്താ. കൎമ്മം, കരണം മുതലായതിൽ ഒരു സംബന്ധമുണ്ട്. പക്ഷെ കൃതിരൂപം ദുഷിച്ചുപോയതിനാൽ ആ കൎത്തൃകൎമ്മാദി സംബന്ധത്തിനു സാധാരണ ഉദാഹരണങ്ങളിൽ ഉള്ളതിനേക്കാൾ ബലക്കുറവ് വന്നിട്ടുണ്ടെന്നു ഉള്ളു. അതിനാൽ ഇന്ന ഗതി ഇന്ന വിഭക്തിയിൽ ചേൎക്കണമെന്നു നിശ്ചയിക്കുന്നതു, ഗതി ഏതു കൃതിയിൽ നിന്ന് ഉത്ഭവിച്ചുവോ ആ കൃതിക്കും നാമത്തിനും യോജിക്കുന്ന കാരകസംബന്ധത്തെ നോക്കീട്ടു വേണ്ടതാകുന്നു. നിൽക്കുക, എന്ന കൃതിക്ക് അധികരണം പ്രധാനമാകയാൽ 'നിന്നു' എന്ന ഗതി ആധാരികയിൽ ചേരേണ്ടതു്. 'കുറിക്കുക' എന്ന ക്രിയ സകൎമ്മകമാകയാൽ 'കുറിച്ചു' എന്ന ഗതി പ്രതിഗ്രാഹികയിൽ ചേരേണ്ടതു്. 'കൂടുക. എന്ന ക്രിയക്കു സാക്ഷമുഖ്യമാകയാൽ 'കൂടെ' എന്ന ഗതി സംയോജികയിൽ ചേരേണ്ടതു്. മറ്റൊരു കാരകവും വിശേഷിച്ച് പ്രധാനമായിട്ട് ഇല്ലെങ്കിൽ അതിനു കൎത്താവ് തന്നെ. അതിനാൽ 'വരെ' എന്ന ഗതി നിൎദ്ദേശികയിൽ ചേരേണ്ടതു്. ഇത്യാദി.

ഉദാ:—

൧ നിൎദ്ദേശിക—രാമൻ കൃഷ്ണനെ **അടിമുതൽ മുടിവരെ** നോക്കുന്നു

൨ പ്രതിഗ്രാഹിക—എന്നെ**ക്കുറിച്ചു്** ആലോചിക്കേണ്ട.

൩ സംയോജിക—പിതാ പുത്രനോടു **കൂടെ** വന്നു.

൪ ഉദ്ദേശിക—ഞാൻ നിനക്കു **വേണ്ടി** ശ്രമപ്പെട്ടു.

൫ പ്രയോജിക—(ഇതിൽ ഒരു ഗതിയും ചേരുന്നതായിട്ടില്ല)

൬ സംബന്ധിക-( ടി ടി ടി )

൭ ആധാരിക—പ്രാണികളിൽ **വച്ചു** മനുഷ്യൻ ഉത്തമനാകുന്നു.

ഗതികൾ വിഭക്തികളുടെ അൎത്ഥത്തെ പരിഷ്കരിക്കയാണു ചെയ്യുന്നതെന്നു പറഞ്ഞല്ലോ. ഈ പരിഷ്കരിക്കുക എന്നതിനു **വിളക്കുക** എന്നു പേർ ചെയ്തിരിക്കുന്നു. **വിഭക്തികളുടെ അൎത്ഥത്തിൽ ഗതി ചെയ്യുന്ന പരിഷ്കാരമാകുന്നു വിളക്കുക,** എന്നു ലക്ഷണവും ചെയ്യാം. പ്രധാനപ്പെട്ട ഗതികളേയും അവ വിളക്കുന്ന വിഭക്തികളേയും കൂടെ താഴെ കാണിച്ചിരിക്കുന്നു

## നിർദ്ദേശികയിൽ ചേരുന്നവ

| | | | | |
|---|---|---|---|---|
| ൧ | വളരെ | ൬ | ചേരുന്നവ | നാമങ്ങളെ സംബന്ധിപ്പിക്കുന്നവ |
| ൨ | തുടങ്ങി | ൭ | ആയ | |
| ൩ | മുതൽ | ൮ | ആകുന്ന | |
| ൪ | ആയി | ൯ | എന്ന | |
| ൫ | ഓളം | ൧൦ | ഒഴികെ | |

## പ്രതിഗ്രാഹികയിൽ ചേരുന്നവ

൧ കൊണ്ട്, ൨ കുറിച്ച്, ൩ തൊട്ട്, ൪ പററി, ൫ ചൊല്ലി, ൬ { കായിൽ, കാൾ, കാട്ടിൽ }, ൭ പോലെ, ൮ ഒഴിച്ചു

## സംയോജികയിൽ ചേരുന്നവ

൧ { കൂടെ, കൂടി, കൂട } ൨ ചേർന്നു, ൩ ഒത്തു, ൪ ഒരുമിച്ചു, ൫ ഒപ്പം.

## ഉദ്ദേശികയിൽ ചേരുന്നവ

൧ ആയി, ൨ ആയിക്കൊണ്ട്, ൩ വേണ്ടി.

## ആധാരികയിൽ ചേരുന്നവ

൧ നിന്നു, ൨ വെച്ചു. ൩ ഇരുന്നു.

൫ നാമത്തിനും ഭേദകത്തിനും തമ്മിലുള്ളതു് —നാമവിശേഷണങ്ങളിൽ വിഭാവകം ഒഴികെ എല്ലാ ഭേദകവും നേരെ നാമത്തിൽ അന്വയിക്കുന്നു. വിഭാവകത്തിനു മാത്രം 'ആയ' എന്ന ഗതി ചേർക്കണം. ഇതു ഭേദകത്തെപ്പററി പ്രസ്താവിച്ച ദിക്കിൽ തന്നെ പറഞ്ഞിട്ടും ഉണ്ട്.

൬ ക്രിയക്കും ഭേദകത്തിനും തമ്മിലുള്ളതു്—ഇവിടെയും വിഭാഗത്തിനു മാത്രമേ ഒരു ദ്യോതകത്തിന്റെ ആവശ്യമുള്ളൂ. അതിന് 'ആയി' എന്ന വിനയെച്ചരൂപം ധരിച്ച ഗതി ഉപയോഗിക്കണം എന്നു മുമ്പു തന്നെ ഉദാഹരിച്ചിട്ടുണ്ട്. വേറെ ഉള്ള ക്രിയാവിശേഷണങ്ങൾ ക്രിയകളിൽ നേരെ യോജിക്കുന്നു; ഗതിയുടെ അപേക്ഷയില്ല.

## ഘടകം.

൧൦൩ 'എൻ' എന്ന ഖിലധാതുവിൻെറ പററുവിനരൂ-പങ്ങളെല്ലാം അവ്യയങ്ങളായിത്തീന്നിരിക്കുന്നു. അതിൻെറ പേരെച്ചരൂപമായ 'എന്ന' എന്നതു നിദ്ദേശികയെ വിളിക്കുന്ന ഒരു ഗതിയാണെന്നു മുൻ പ്രസ്താവിച്ചല്ലോ. അതിൻെറ വിനയെച്ചരൂപങ്ങൾ ഘടകങ്ങളാകുന്നു.

| വിനയെച്ചം | രൂപം | അത്ഥം |
|---|---|---|
| മുൻവിനയെച്ചം | എന്നു് | വിവരണം |
| പാക്ഷിക ,, | എങ്കിൽ | അങ്ങനെയാകുന്നപക്ഷം |
| പാക്ഷികത്തിൻെറ വേറ രൂപം | എന്നാൽ | വ്യത്യാസം |

ഉദാ—൧. എല്ലാവരും സത്യം പറയണം എന്നു് ഈശ്വരൻ വിധിച്ചിരിക്കുന്നു.

൨. മോക്ഷം കിട്ടണം എങ്കിൽ ഈശ്വരനെ സേവിക്കണം.

൩. മഴപെയ്തു; എന്നാൽ ഉഷ്ണം ശമിച്ചില്ല.

ഇവിടെ ൧-ൽ 'എന്നു്' എന്ന ഘടകം 'എല്ലാവരും സത്യം പറയണം' 'ഈശ്വരൻ വിധിച്ചിരിക്കുന്നു' എന്ന രണ്ടു വാക്യങ്ങളെ ഘടിപ്പിക്കുന്നു; ഈ ഘടകം വിധിച്ചിരിക്കുന്നതിൻെറ സ്വരൂപത്തെ വിവരിക്കുന്നതിനാൽ ഇതിനത്ഥം വിവരണം ആകുന്നു.

൨-ൽ 'എങ്കിൽ' എന്നതു 'മോക്ഷം കിട്ടണം' 'ഈശ്വരനെ സേവിക്കണം' എന്ന വാക്യങ്ങളെ ഘടിപ്പിക്കുന്നു. 'കിട്ടണമെങ്കിൽ' എന്നതിനു് 'കിട്ടുന്നപക്ഷം' എന്നത്ഥവുമാകുന്നു.

൩-ൽ 'എന്നാൽ' എന്നതു 'മഴപെയ്തു' 'ഉഷ്ണം ശമിച്ചില്ല' എന്ന വാക്യങ്ങളെ ഘടിപ്പിക്കുന്നു. മഴപെയ്താൽ ഉഷ്ണം ശമിക്കേണ്ടതാണു്, അതുണ്ടായില്ല എന്ന വ്യത്യാസത്തെ ഈ ഘടകം കാണിക്കുന്നു.

'എന്നാൽ' എന്നതു 'എന്നാകിൽ' ചുരുങ്ങിയുണ്ടായ രൂപമാകുന്നു. 'വന്നാൽ' 'പോയാൽ' ഇത്യാദി ഭൂതകാലക്രിയാപദത്തിൽ നിന്നൊക്കെയും ഒരു പാക്ഷികവിനയെച്ചരൂപമുണ്ടാകും.

ഈ ഉദാഹരണങ്ങളിൽ നിന്നു ഘടകങ്ങൾ രണ്ടു വിധം വരാമെന്നു തെളിയുന്നു. ൧-ാം ൨-ാം പോലെ ഒരു അപ്രധാനവാക്യത്തെ പ്രധാനവാക്യത്തോടു ചേർക്കുന്നതു ഒന്നാമതു; ഇതിന്നു *സന്ധായകം എന്നു പേർ ചെയ്യാം. ൩-ാം ഉദാഹരണം പോലെ രണ്ടു സമപ്രധാനവാക്യങ്ങളെ ഘടിപ്പിക്കുന്നതു †സംസർജ്ജകം.

൧൦൪. ഇതിന്നു പുറമെ ഒററയായിട്ടും, ഒന്നു രണ്ടെണ്ണം ചേൎന്നു നാമങ്ങൾ ദുഷിച്ചവ ആയിട്ടും ഘടകങ്ങളുണ്ടു്.

| | | |
|---|---|---|
| എന്നാലും | പിന്നെ | എന്നിട്ടു് |
| എങ്കിലും | പിന്നീടു് | എന്തുകൊണ്ടെന്നാൽ |
| എന്നിങ്ങനെ | അനന്തരം | അപ്പോൾ |
| ഇങ്ങനെ | പിന്നാലെ | ഉടനെ—ഇത്യാദി. |

## വ്യാക്ഷേപകം.

൧൦൫. നാമങ്ങളുടേയും കൃതികളുടേയും പല രൂപങ്ങൾ വ്യാക്ഷേപകങ്ങളായിത്തീൎന്നിട്ടുണ്ടു്.

| | | | |
|---|---|---|---|
| അതേ | പോട്ടേ | നല്ലതു | ശിവശിവ |
| തന്നേ | വരട്ടെ | കൊള്ളാം | രാമരാമ |
| നോക്കു് | ഇരിക്കട്ടെ | എന്തു് | എൻറീശ്വരാ |
| കണ്ടോ | സത്യം | എന്തോ | അല്ലയോ |
| ഉവ്വ് | ശരി | ഹരിഹരി | മതി——ഇത്യാദി. |

## കേവലം.

൧൦൬. നിപാതത്തിൻെറ സംഗതിയിൽ പറഞ്ഞതു പോലെ അവ്യയങ്ങളിലും ഗതി, ഘടകം, വ്യാക്ഷേപകം എന്ന ഈ മൂന്നിനത്തിൽ ഉൾപ്പെടാത്തവ കേവലങ്ങൾ.

---

* സന്ധാനം ചെയ്യുന്നതു, തൈച്ചുചേൎക്കുന്നതു് എന്നൎത്ഥം

† സംസർജ്ജകം-സംസൎഗ്ഗത്തെ കാണിക്കുന്നതു്.

ഉദാ:—ഈശ്വരൻതന്നെ ശരണം: ഇതിൽ 'തന്നേ' എന്നതു് ഒരു സംബന്ധത്തെയും സ്പഷ്ടമായിട്ടു കാണിക്കുന്നില്ല. 'ഈശ്വരൻ ഒരാൾ മാത്രം' എന്നു് അവധാരണം അൎത്ഥത്തെ നാമത്തിൽ ചേൎക്കുന്നതേയുള്ളു.

'ഞാൻ മാത്രം സമ്മതിച്ചില്ല' ഇത്യാദികളിൽ 'മാത്രം' എന്ന അവ്യയവും ഇതുപോലെ തന്നെ അവധാരണാൎത്ഥത്തെ കുറിക്കുന്നതേ ഉള്ളു.

൧൦൧. എല്ലാകാലങ്ങളിലും പ്രകാരങ്ങളിലും പ്രയോഗമില്ലാത്ത കൃതികൾക്കു 'ഖിലധാതുക്കൾ' എന്ന പേർ പറഞ്ഞതുപോലെ നാമങ്ങളിലും എല്ലാ വിഭക്തികളിലും പ്രയോഗമില്ലാത്ത ചില ഏണ്ണങ്ങളുള്ളതിനു വേണമെങ്കിൽ 'ഖിലനാമങ്ങൾ' എന്നു പേർ പറയാം. അവയെ എല്ലാം കേവലാവ്യയങ്ങളുടെ കൂട്ടത്തിൽ ചേൎക്കയാണു നല്ലതു്. ഒരു ക്രിയാപദത്തിന്റെ കൎത്താവായി നില്ക്കാത്ത നാമത്തെ നാമം എന്നു പറയുന്നതിനു വൈയാകരണന്മാൎക്കു സമ്മതമില്ല. നാമത്തിന്റെ ലക്ഷണത്തെ നിഷ്കൎഷിക്കുമ്പോൾ ക്രിയാപദത്തിനു കൎത്താവാകുന്നതു നാമം എന്നുതന്നെ ലക്ഷണം ചിലർ ചെയ്യുന്നുണ്ടു്. അതിനാൽ ഖിലനാമങ്ങളെ എല്ലാം ഇവിടെ കേവലാവ്യയങ്ങളായിത്തന്നെ ഗണിച്ചിരിക്കുന്നു. ഇവയ്ക്കു മറവുള്ള അവ്യയങ്ങളോളം ദ്യോതകത്വമില്ലെന്നു മാത്രമേ ഉള്ളു. ഇവയിൽ മിക്കവയും ആധാരികാവിഭക്തിയുടെ അൎത്ഥത്തിൽ മാത്രം പ്രയോഗിക്കുന്ന നാമങ്ങളും, അതിനാൽതന്നെ ഒരു കൃതിയിൽ അന്വയിക്കുന്നവയും ആകുന്നു. ഇതുകളെ (൧) കാലവാചികൾ, (൨) ദേശവാചികൾ, (൩) ദിഗ്വാചികൾ, (൪) പ്രകാരവാചികൾ എന്നു നാലായി വിഭജിക്കാം. കാലത്തെ കാണിക്കുന്നവ കാലവാചികൾ; ദേശത്തെ കാണിക്കുന്നവ ദേശവാചികൾ; ദിക്കി

ന്നെ കാണിക്കുന്നവ ദിഗ്വാചികൾ; ഇതു മൂന്നും ഒഴികെ ഉള്ളവ എല്ലാം പ്രകാരവാചികൾ.

ഉദാ:—

| കാലവാചികൾ | ദേശവാചികൾ | ദിഗ്വാചികൾ | പ്രകാരവാചികൾ |
|---|---|---|---|
| അന്നു് | അങ്ങു് | അങ്ങോട്ടു | അങ്ങനെ |
| എന്നു് | എങ്ങു് | എങ്ങോട്ടു് | എങ്ങനെ |
| ഇന്നു് | ഇങ്ങു് | ഇങ്ങോട്ടു | ഇങ്ങനെ |
| നാളെ | അവിടെ | അവിടെയ്ക്കു് | അകപ്പാടെ |
| മററന്നാൾ | എവിടെ | എവിടേയ്ക്കു | ഉദ്ദേശം |
| ഇന്നലെ | ഇവിടെ | ഇവിടെയ്ക്കു് | സാമാന്യം |
| അപ്പോൾ | — | താഴോട്ടു് | കുറഞ്ഞൊന്നു |
| എപ്പോൾ | — | മേലോട്ടു് | വിരവോടു് |
| ഇപ്പോൾ | — | കീഴോട്ടു | ചെമ്മേ |
| — | — | എടത്തോട്ടു് | പുടനനവെ |
| — | — | വലത്തോട്ടു് | അഴകോടു് |
| — | — | — | ഓർത്താൽ |
| — | — | — | പാർത്താൽ. |

൧൦. വ്യ. ഭേദകത്തിന്റെ ഒരു വിഭാഗമായ ക്രിയാംഗജം എന്ന വകുപ്പിൽപ്പെടുന്ന പദങ്ങളും അവ്യയങ്ങളാണെന്നു് അഭിപ്രായപ്പെടാം. ക്രിയാധർമ്മം വിട്ട വിനയെച്ചത്തിൽ നിന്നാണ ക്രിയാംഗജഭേദകം ഉണ്ടാകുന്നതെന്നു് (വകുപ്പു വ്യ-൭-ൽ) പറഞ്ഞിട്ടുണ്ടല്ലോ. ക്രിയാധർമ്മം വിട്ടു വാചകത്വം എന്നുള്ളതിനു തിരോഭാവം വന്നു, ദ്യോതകമായിത്തീർന്നിട്ടുള്ള ഭേദകം അവ്യയമാണെന്നുള്ളതു് അവ്യയം എന്നതിന്റെ ലക്ഷണത്തിൽ നിന്നും സ്പഷ്ടമാകുന്നുണ്ടു്. 'രാമൻ വഴിനീളെ നടന്നു', എന്നതിൽ 'നീളെ', എന്നതു 'നീളുന്നു' എന്നതിന്റെ ഒരു രൂപമാകയാൽ ഒരു വാചകശബ്ദം തന്നെ. എന്നാൽ 'വഴിനീളെ നടന്നു' എന്നുള്ളതിൽ 'നീളെ' എന്നതിന്റെ മുഴുവനായ അർത്ഥത്തെ വക്താവാകട്ടെ ശ്രോതാവാകട്ടെ ഗണിക്കാതിരിക്കുന്നതിനാൽ, അതു് ഒരു ദ്യോതകമായിട്ടുണ്ടു് എന്നു പറയാം. ക്രിയാംഗജങ്ങളെ അവ്യയമായി ഗണിക്കുക അബദ്ധമല്ല.

## ൧൦൯. അവ്യയവിഭാഗപ്പട്ടിക

- അവ്യയം
  - ൧ ഗതി
  - ൨ ഘടകം
    - സന്ധായകം
    - സംസജ്ജകം
  - ൩ വ്യാക്ഷേപകം
  - ൪ കേവലം
    - ൧ കാലവാചി
    - ൨ ദേശവാചി
    - ൩ ദിഗ്വാചി
    - ൪ പ്രകാരവാചി

## ശബ്ദവിഭാഗപ്പട്ടിക

- ൧ വാചകം
  - ൧ നാമം
    - ൧ ദ്രവ്യനാമം
      - ൧ സംജ്ഞാനാമം
      - ൨ സാമാന്യനാമം
      - ൩ സർവ്വനാമം
      - ൪ മേയനാമം
    - ൨ ഗുണനാമം
    - ൩ ക്രിയാനാമം
  - ൨ കൃതി
    - ൧ സകർമ്മകം, അകർമ്മകം
    - ൨ കേവലം, പ്രയോജകം
    - ൩ കാരിതം, അകാരിതം
    - ൪ മുറ്റുവിന, പറ്റുവിന
  - ൩ ഭേദകം
    - ൧ ശുദ്ധം
    - ൨ സാർവ്വനാമികം
    - ൩ സാംഖ്യം
    - ൪ പാരിമാണികം
    - ൫ നാമാംഗജം
      - (൧) നാമവിശേഷണം
    - ൬ ക്രിയാംഗജം
      - ൧ ക്രിയാവിശേഷണം
      - ൨ ഭേദകവിശേഷണം
    - ൭ വിഭാവകം
      - ൧ നാമവിശേഷണം
      - ൨ ക്രിയാവിശേഷണം
- ൨ ദ്യോതകം
  - നിപാതം അല്ലെങ്കിൽ അവ്യയം
    - ൧ ഗതി
    - ൨ ഘടകം
      - സന്ധായകം
      - സംസജ്ജകം
    - ൩ വ്യാക്ഷേപകം
    - ൪ കേവലം
      - കാലവാചി
      - ദേശവാചി
      - ദിഗ്വാചി
      - പ്രകാരവാചി

# വാക്യവിഭാഗം

൧൧൦. ശബ്ദങ്ങളെ വിഭജിച്ചതുപോലെ വാക്യങ്ങളേയും വിഭജിക്കാം. **വാക്യം** എന്നാൽ ഒരു പരിപൂർണ്ണമായ അർത്ഥത്തെ പ്രതിപാദിക്കുന്ന പദസമൂഹമാകുന്നു. വാക്യത്തിന് **ആഖ്യ** എന്നും, **ആഖ്യാതം** എന്നും രണ്ടു ഭാഗങ്ങളുണ്ട്. നാം ഏതിനെപ്പററിപ്പറയുന്നുവോ അതു് **ആഖ്യ**; ആ ആഖ്യയെപ്പററി എന്തു പറയുന്നുവോ അതു് **ആഖ്യാതം**

ഉദാ:—൧ പശുക്കൾ | മേയുന്നു.

൨ രാമൻ | സമർത്ഥനാകുന്നു.

൩ രാമൻ | കൃഷ്ണനെ അടിച്ചു.

൪ ദശരഥന്റെ പുത്രനായ രാമൻ | ൧൪ വർഷം കാട്ടിൽ വസിച്ചു.

ഇവയിൽ കീഴ്മേൽ ആയി വരയിട്ടിട്ടുള്ളതിന്റെ ഇടത്തുവശമുള്ളതു ആഖ്യയും വലത്തുവശമുള്ളതു് ആഖ്യാതവും ആകുന്നു.

൧൧൧. ആഖ്യയുടെ വിശേഷണമായി നിൽക്കുന്നതെല്ലാം ചേർന്നതിനു **ആഖ്യാപരിഷ്കൃതം** എന്നും, ആഖ്യാതത്തിന്റെ വിശേഷണമായി നിൽക്കുന്നതെല്ലാം ചേർന്നതിനു **ആഖ്യാതപരിഷ്കൃതം** എന്നും പേരുകൾ.

മുൻ കാണിച്ച ൧-ം ൨-ം ഉദാഹരണങ്ങളിൽ മറെറാരു 'സമർത്ഥൻ' എന്ന ഭേദകവും 'കൃഷ്ണൻ' എന്ന കർമ്മവും ആഖ്യാതപരിഷ്കൃതങ്ങളാകുന്നു. ൪-ൽ കീഴ്വരയിട്ടഭാഗം മുഴുവൻ ആഖ്യയുടേയും ആഖ്യാതത്തിന്റെയും പരിഷ്കൃതങ്ങളാകുന്നു.

൧൧൨. വേറെ ഒന്നിനേയും ആശ്രയിക്കാതെ പ്രധാനമായി നിൽക്കുന്ന വാക്യം **അംഗിവാക്യം**. മറെറാന്നിനെ ആശ്രയിച്ചു നിൽക്കുന്ന വാക്യം **അംഗവാക്യം**

ഉദാ:—രാമൻ കാട്ടിൽ വസിക്കുമ്പോൾ ശൂർപ്പണഖ എന്ന രാക്ഷസി അവിടെച്ചെന്നു.

ഇതിൽ 'ശൂൎപ്പണഖ എന്ന രാക്ഷസി അവിടെച്ചെന്നു' എന്നതു് അംഗി—'രാമൻ കാട്ടിൽ വസിക്കുമ്പോൾ' എന്ന വാക്യം ആ അംഗിവാക്യത്തെ ആശ്രയിച്ചു നിൽക്കുന്നതാകയാൽ അതിന്റെ അംഗം.

൧൧൩. ഒരു വസ്തുവിന്റെ പേരായ ശബ്ദം **നാമം** ആകുന്നുവെന്നു പറഞ്ഞുവല്ലോ. അതുപോലെ ഒരു സംഗതിയുടെ പേരായ വാക്യം **നാമവാക്യം** എന്നു പറയപ്പെടുന്നു. ഒരു നാമത്തിനു തുല്യമായ വാക്യം നാമവാക്യം എന്നു വന്നുകൂടുന്നു. അതുപോലെതന്നെ ഭേദകവാക്യങ്ങളുമുണ്ടു്:—നാമത്തെ വിശേഷിപ്പിക്കുന്ന വാക്യം നാമവിശേഷണവാക്യം; കൃതിയെ വിശേഷിപ്പിക്കുന്നതു ക്രിയാവിശേഷണവാക്യം.

ഉദാ—

(എ) ൧ അവൻ എന്നോടു പറഞ്ഞതു സത്യമാണു. നാമവാക്യം. കൎത്താ

൨ അവൻ പറഞ്ഞതിനെ ഞാൻ വിശ്വസിച്ചില്ല ,, കൎമ്മം

൩ അവൻ പറഞ്ഞതിനാൽ എനിക്കു് ആ കാൎയ്യത്തിൽ സംശയമില്ല ,, കാരണം

൪ അവൻ പറഞ്ഞതിൽ തെററുണ്ടു്. ,, അധികരണം

൫ ഖാണ്ഡവദാഹത്തിൽ അഗ്നിഭഗവാൻ കൊടുത്ത വില്ലുകൊണ്ടു് അൎജ്ജുനൻ കൎണ്ണനെ ജയിച്ചു } ഭേദകവാക്യം നാമവിശേഷണം

൬ കാൎയ്യം ഫലിക്കിൽ രസമുണ്ടു്. ,, ക്രിയാവിശേഷണം

(ബി) ൧ ഏവൻ അസത്യം പറയുന്നുവോ അവൻ ശിക്ഷിക്കപ്പെടണം } ഭേദകവാക്യം ,, നാമവിശേഷണം

൨ മഴപെയ്യുമെങ്കിൽ വിത്തു വിതയ്ക്കാം. ,, ക്രിയാവിശേഷണം

൧൧൪. ഈ ഉദാഹരണങ്ങളിൽ നിന്നു പല സംഗതികളും ഗ്രഹിക്കേണ്ടതുണ്ടു്.

൧. ഒരു വാക്യം അംഗവാക്യമാണെങ്കിൽ ഒന്നുകിൽ (ഏ) ഇതിന്റെ ആഖ്യാതം ഒരു പററുവിന ആയിരിക്കും; അല്ലെ-

ങ്കിൽ (ബി) അതു് ഒരു സമ്മായകഘടകത്താൽ ഘടിപ്പിക്കപ്പെട്ടിരിക്കും; അല്ലെങ്കിൽ (സി) അതിൽ ഒരു വ്യപക്ഷേകസർവ്വനാമം പ്രയോഗിച്ചിരിക്കുന്നു.

൨. ആഖ്യാതം (എ) പേരെച്ചമെങ്കിൽ വാക്യം നാമവിശേഷണം; (ബി) പേരെച്ചത്തിന്റെ തന്നെ നാമരൂപമെങ്കിൽ നാമം; (സി) വിനയെച്ചമെങ്കിൽ ക്രിയാവിശേഷണം.

൩. വ്യപക്ഷേകസർവ്വനാമം ചേൎന്ന വാക്യം നാമവിശേഷണമായിരിക്കും.

൧൧൫. അംഗവാക്യങ്ങളില്ലാത്ത ഒററയായവാക്യം **ചൂൎണ്ണിക**

ഉദാ:—രാമൻ കളിക്കുന്നു.
കുട്ടികൾ പാഠം പഠിച്ചു.
വെളുത്ത കുതിരയ്ക്കു വേഗം അധികം ഉണ്ടു്.

൧൧൬. അംഗവാക്യത്തോടുചേൎന്ന അംഗിവാക്യം **സങ്കീൎണ്ണകം**

ഉദാ:—വാദ്ധ്യാർ ക്ലാസിൽ വന്നപ്പോൾ കുട്ടികൾ ഹാജരില്ലായിരുന്നു.
രാമൻ പരീക്ഷയിൽ തോററു എന്നു വാദ്ധ്യാർ പറഞ്ഞു.

൧൧൭. സമപ്രധാനങ്ങളായ വാക്യങ്ങൾ ചേൎന്നുണ്ടാകുന്ന വാക്യം **മഹാവാക്യം**

ഉദാ:—ഇപ്പുസ്തകം കേരളപാണിനീയത്തിന്റെ ഒരു സംഗ്രഹമാണു്. എന്നാൽ ഇടയ്ക്കിടയ്ക്കു ചില ഭേദഗതികളും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഇതു വിദ്യാൎത്ഥികൾക്കു കൂറേക്കൂടി ഉപകരിക്കുന്നതാണു്.

൧൧൮. അന്യോന്യം അന്വയമുള്ളതും എന്നാൽ ഒരു ക്രിയാപദത്തിൽ ചേൎന്നു് അൎത്ഥപൂൎത്തി വരാത്തതുമായ പദസമൂഹത്തിനു **വാചകം** എന്നുപേർ.

(എ) (ബി)

ഉദാ:—ദശരഥന്റെ പുത്രനായ രാമൻ പൌരവാസികളുടെ അപേക്ഷയെ

സി

ഗണിക്കാതെ സത്യം ഒന്നിനെത്തന്നെ പ്രമാണീകരിച്ചു വനവാസം അംഗീകരിച്ചു.

ഇതിൽ കീഴ്വരയിട്ട ഭാഗങ്ങൾ വാചകങ്ങളാകുന്നു. അതിലും (എ) നാമവിശേഷണവും, (ബി) (സി) രണ്ടും ക്രിയാവിശേഷണങ്ങളും ആണെന്നു കാൺക.

൧൧൯. മുമ്പു് (൧൧൮-ാം വകുപ്പിൽ) പറഞ്ഞപ്രകാരം വിനയെച്ചങ്ങൾ അംഗവാക്യങ്ങളിൽ ആഖ്യാതസ്ഥാനം തന്നെ വഹിക്കുന്നു. എന്നാൽ അതിൽ ചില വിശേഷങ്ങൾ ധരിക്കേണ്ടതുണ്ടു് —

(൧) മുൻവിനയെച്ചവും പിൻവിനയെച്ചവും അംഗവാക്യങ്ങളെ ഉണ്ടാക്കുന്നതു് അവയുടെ കർത്താവും അവ വിശേഷിപ്പിക്കുന്ന കൃതിയുടെ കർത്താവും വേറെ ആണെങ്കിലേ ഉള്ളു.

ഉദാ:—(൧) നൈമിശാരണ്യത്തിൽ വെച്ചു ഋഷികൾ ചോദിച്ചിട്ടു സൂതൻ പറഞ്ഞ കഥകൾ ആകുന്നു പുരാണങ്ങൾ.

(൨) ദശരഥനു സന്തതി ഉണ്ടാകാൻ ഋശ്യശൃംഗൻ യാഗം ചെയ്തു.

ഇവിടെ ൧-ൽ ചോദിച്ചതു ഋഷികളും പറഞ്ഞതു സൂതനും ആകയാൽ കർത്താ രണ്ടിനും വേറെ ആകുന്നു. ൨-ലും ഉണ്ടാകുന്നതിന്റെ കർത്താ സന്തതിയും യാഗം ചെയ്തതിന്റെ കർത്താ ഋശ്യശൃംഗനും എന്നു ഭിന്നങ്ങളാകുന്നു. അതിനാൽ ഇവിടെ വിനയെച്ചങ്ങൾ അംഗവാക്യങ്ങളെ ഉണ്ടാക്കുന്നു.

'രാമൻ രാവിലെ എഴുനേററു കുളിച്ചു ഊണുകഴിച്ചു പഠിക്കാൻ പോയി'.

ഇത്യാദികളിലാകട്ടെ, കൃതികൾക്കെല്ലാം കർത്താവൊന്നാകയാൽ വാക്യഭേദം ഇല്ല.

ഈ വിനയെച്ചങ്ങൾക്കു കർത്താ മാറിവരുന്നതു വളരെ അപൂർവ്വമായിട്ടേ ഉള്ളു. അതിനാൽ ഇവ മിക്കദിക്കിലും അംഗവാക്യത്തെ അല്ല, വാചകത്തെ ആണു് ഉണ്ടാക്കുന്നതു്.

(൨) നടുവിനയെച്ചം ഉണ്ടാക്കുന്നതു പ്രധാനവാക്യം തന്നെ ആണു്.

ഉദാ:—ആയ്യ്, വേഷം ധരിച്ചുകഴിഞ്ഞാൽ ഇങ്ങോട്ടു വരികതന്നെ.

(൩) തൻവിനയെച്ചവും പാക്ഷികവിനയെച്ചവും മാത്രമേ എപ്പോഴും അംഗവാക്യങ്ങളെ ഉണ്ടാക്കുന്നുള്ളൂ.

"ജ്യേഷ്ഠനിരിക്കെ കുരുവംശത്തിൽ ശ്രേഷ്ഠൻ ഞാനെന്നവനുടെ ഭാവം"—
തൻവിനയെച്ചം

"ക്ലേശം ഹനിക്കിലതുതാൻ പുതുതായ സൌഖ്യം"—പാക്ഷികം

## വ്യാകരിപ്പ്.

൨൮൦. പല ജാതികളിലുമുള്ള പദങ്ങളെ ഒന്നോടൊന്നു തൊടുത്തു സന്ധിചെയ്തു മിക്കവാറും ഒററയായി തോന്നത്തക്കവിധത്തിൽ നാം ഉച്ചരിക്കുന്ന ഒരു ശബ്ദസമുദായത്തെ ആകുന്നുവല്ലോ വാക്യം എന്നു പറയുന്നതു- വാക്യത്തിൽപ്പെട്ട ഓരോ പദവും മററ ഏതു പദത്തോട് അർത്ഥംകൊണ്ടു യോജിക്കുന്നു എന്ന് ആലോചിക്കുന്നതായി, പദങ്ങളെ വേർപെടുത്തുകയാകുന്നു വൈയാകരണൻ ഒന്നാമതായി ചെയ്യുന്നതു്. ഇതിനു **പദച്ഛേദം** എന്ന പേർ പറയാം. പദച്ഛേദം കഴിഞ്ഞാൽ ഓരോ ഒററപ്പദത്തിന്റെയും ജാതി നിർണ്ണയിക്കേണ്ടതാണ്; എന്നു പറഞ്ഞാൽ അതു നാമമോ, ഭേദകമോ, കൃതിയോ, നിപാതമോ, അവ്യയമോ എന്നു നിർണ്ണയിക്കേണ്ടതാണ്. ഓരോ പദത്തിന്റെ ജാതി സൂക്ഷ്മമായി നിശ്ചയിച്ചശേഷം ആ പദം ആ ജാതിയുടെ ഏതു് ഉൾപ്പിരിവിൽ പെടുന്നതാകുന്നു എന്ന് വിചാരണ ചെയ്യേണ്ടതാണ്; എന്നു പറഞ്ഞാൽ ഏതു ലിംഗം വചനം വിഭക്തിയെന്നും കൃതിയാണെങ്കിൽ കേവലമൊ, പ്രയോജകമോ കാരിതമോ, അകാരിതമോ, സകർമ്മകമോ, അകർമ്മകമോ എന്നും; ഏതുപ്രകാരം കാലം എന്നും, മുററുവിനയോ പറററുവിനയോ എന്നും, ഭേദകമാണെങ്കിൽ കൃതിവിശേഷണമോ, നാമവിശേഷണമോ, ഭേദകവിശേഷണമോ എന്നും, നിപാതമോ, അവ്യയമോ എങ്കിൽ ഗതിയോ, ഘടകമോ, വ്യാക്ഷേപകമോ കേവലമോ, എന്നും നിർണ്ണയം ചെയ്യേണ്ടതാണ്. ഇങ്ങനെ **ജാതിവിഭാഗം** കഴിഞ്ഞാൽ പദങ്ങൾക്കു് അന്യോന്യമുള്ള സംബന്ധത്തെ വിവരിച്ചു കാണിക്കണം. ഇതിന് **അന്വയം** എന്നു പേർ. ഇങ്ങനെ ഒരു വാക്യത്തിൽ നിൽക്കുന്ന പദത്തിനു സാങ്കേതികങ്ങളായും അന്യപദങ്ങളോടുള്ള സംബന്ധത്തിന്റെ ഫലങ്ങളായും ഉള്ള വ്യാകരണകാര്യത്തിന്റെ ഒരു വിവരണത്തിനു **വ്യാകരിപ്പ്** എന്നു പേർ.

## ൨൮൧. വ്യാകരിപ്പിന്റെ സമ്പ്രദായം.

നേരും മറച്ചു ചിലതെന്നൊടുരച്ചതൊ-
മെന്നുന്നിച്ചിരിതിരിച്ചു ചതിച്ചുകൊൾവാൻ

പദച്ഛേദം. നേര്, ഉം, മറച്ചു, ചിലതു്, എന്നോട്, ഉരച്ചു, അതാം, എന്നെ, ഉന്നിച്ചിരി, തിരിച്ചു, ചതിച്ചുകൊൾവാൻ.

## ജാതിവിഭാഗവും അന്വയവും

**നേരു**—സാമാന്യനാമം, നപുംസകം (ലു.പ്ര.) പ്രതിഗ്രാഹികൈകവചനം, 'മറച്ചു' എന്നതിന്റെ കർമ്മം.

**ഉം**—സന്ധായകനിപാതം *

**മറച്ചു**—കൃതി, പ്രയോജകം, കാരിതം, സകർമ്മകം, ഭൂതം, പരവിന, വിനയെച്ചം ഉരച്ചു എന്നതിന്റെ അംഗം.

**ചിലതു**—സർവനാമം, നപുംസകം (ലു.പ്ര.) പ്രതിഗ്രാഹികൈകവചനം, ഉരച്ചു എന്നതിന്റെ കർമ്മം.

**ഉരച്ചു**—കൃതി, കേവലം, കാരിതം, സകർമ്മകം, ഭൂതം, പരവിന, വിനയെച്ചം, തിരിച്ചു എന്നതിന്റെ അംഗം.

**തഞ്ചം**—സാമാന്യനാമം, നപുംസകം, നിർദ്ദേശികൈകവചനം, ഏറന്ന എന്നതിന്റെ കർത്താ.

**ഏറന്ന**—കൃതി, കേവലം, അകാരിതം, അകർമ്മകം, നിർദ്ദേശകം, വർത്തമാനം, പരവിന, പേരെച്ചം ഉണിച്ചിരി എന്നതിന്റെ അംഗം.

**ഉണിച്ചിരി**—സംജ്ഞാനാമം, സ്ത്രീലിംഗം, നിർദ്ദേശകൈകവചനം തിരിച്ചു എന്നതിന്റെ കർത്താ.

**തിരിച്ചു**—കൃതി, കേവലം, കാരിതം, അകർമ്മകം, നിർദ്ദേശകം, ഭൂതം, മുറവിന, ഉണിച്ചിരി എന്ന കർത്താവിനോടു യോജിക്കുന്നു.

**ചതിച്ചുകൊടാംവാൻ**—കൃതി, കേവലം, അകാരിതം, സകർമ്മകം, ഭാവി, പാരവിന, വിനയെച്ചം തിരിച്ചു എന്നതിന്റെ അംഗം, (ചതിപ്രാക്‌പ്രയോഗം, കോള്ള, അനുപ്രയോഗം).

### അപോദ്ധാരം

൧൨൨ വാക്യങ്ങളെ ആഖ്യാഖ്യാതങ്ങളായി പിരിക്കുകയും അവയുടെ അംഗാംഗിഭാഗത്തെ എടുത്തു കാണിക്കുകയും ചെയ്യുന്ന സമ്പ്രദായത്തിനു അപോദ്ധാരം എന്നു പേർ.

### ൧൨൩ അപോദ്ധാരത്തിന്റെ സമ്പ്രദായം

#### (എ) ചൂർണ്ണിക

൧ രാമൻ പാഠംപഠിക്കുന്നു. **കർത്താ**—രാമൻ. **കർമ്മം**—പാഠം. **ക്രിയാപദം** പഠിക്കുന്നു.

൨. രാമസ്വാമിയുടെ വലിയ സ്ലേറ്റ ഇന്നലെ അയാൾ പൊട്ടിച്ചുകളഞ്ഞു.

**കർത്താ**—അയാൾ. **കർമ്മം**—സ്ലേറ്റ്. **കർമ്മവിശേഷണം**—രാമസ്വാമിയുടെ വലിയ. **ക്രിയാപദം**—പൊട്ടിച്ചുകളഞ്ഞു. **ക്രിയാവിശേഷണം**—ഇന്നലെ.

---

* ഈ സന്ധായകനിപാതത്തെ വാക്യാലങ്കാരത്തിനു മാത്രമായി പലപ്പോഴും പ്രയോഗിക്കാറുണ്ട്. ഇവിടെയും അങ്ങനെതന്നെ.

## (ബി) സങ്കീർണ്ണകം:—

൧ നീ രാമസ്വാമിയെ ഉപദ്രവിച്ചാൽ ഞാൻ നിന്നെ ശിക്ഷിക്കും.

| വാക്യം | ജാതി | കർത്താ | കർത്തൃവിശേഷണം | കർമ്മം | കർമ്മവിശേഷണം | ക്രിയാപദം | ക്രിയാവിശേഷണം |
|---|---|---|---|---|---|---|---|
| ൧ നീ രാമസ്വാമിയെ ഉപദ്രവിച്ചാൽ | അംഗം ഭേദകം ൨-ൽ 'ശിക്ഷിക്കും' എന്ന ക്രിയയ്ക്കു വിശേഷണം | നീ | | രാമസ്വാമിയെ | | ഉപദ്രവിച്ചു | അൽ ആകിൽ |
| ൨ ഞാൻ നിന്നെ ശിക്ഷിക്കും | അംഗി | ഞാൻ | | നിന്നെ | | ശിക്ഷിക്കും | |

൨. തപസ്സിനേതും തടവില്ല സജ്ജനാൻ
വിപത്തുകൾ തീർത്തു ഭവാൻ ഭരിക്കവെ

| വാക്യം | ജാതി | കർത്താ | കർത്തൃവിശേഷണം | കർമ്മം | കർമ്മവിശേഷണം | ക്രിയാപദം | ക്രിയാവിശേഷണം |
|---|---|---|---|---|---|---|---|
| ൧ തപസ്സിനേതും തടവില്ല | അംഗി | തടവ് | ഏതും | ൦ | | ഇല്ല | തപസ്സിന് |
| ൨ സജ്ജനാൻ വിപത്തുകൾ തീർത്തു ഭവാൻ ഭരിക്കവെ | അംഗം ഭേദകം ൧-ൽ ഇല്ല എന്നതിന്റെ അംഗം | ഭവാൻ | | സജ്ജനാൻ | | ഭരിക്കവെ | വിപത്തുകൾ തീർത്തു |